KOTTAYAM PUBLIC LIBRARY

Call No. M08 E.K   Acc. No. 81842

Author [illegible]

Title [illegible]

KOTTAYAM PUBLIC LIBRARY
KOTTAYAM.

KOTTAYAM PUBLIC LIBRARY
KOTTAYAM
81842

# കർമ്മയോഗി

(പെ. ബ ചാവറക്കുറിയാക്കോസ് ഏലിയാസച്ചൻ)

*All rights reserved*
**Book-A-Month Club.**

---

To

The Syro-Malabar Carmelite
Congregation

in grateful appreciation of
the services rendered to

The Malabar Catholic Students'
League

**THE AUTHOR**
*(for the M. C. S. L)*

# പ്രതിമാസഗ്രന്ഥക്ലബ്ബ്

THE KOTTAYAM PUBLIC LIBRARY
KOTTAYAM.
TRAVANCORE.

വാർഷികവരിസംഖ്യ 18 രൂപ

ആയുഷ്ക്കാല മെമ്പർ 200 രൂപ മാത്രം

മുൻപ്രസിദ്ധീകരണങ്ങളുടെ കാററലോഗിന് എഴുതുക.

എല്ലാ മാസവും ഇതുപോലെ
ഒരു ഗ്രന്ഥം നിങ്ങളുടെ മുമ്പിൽ

10 രൂപയോ 18 രൂപയോ മണിയോർഡർ അയച്ചു ആവശ്യപ്പെടുക.

സെക്രട്ടറി
പ്രതിമാസഗ്രന്ഥക്ലബ്ബ്
എറണാകുളം

ടിസറങ്ങ് ഗ്രന്ഥാവലി

---

# ഏഴകളുടെ തോഴർ

(മൂന്നാംപതിപ്പ്)

P.P. 196. വില അണ എട്ട്

തൊഴിലാളി പ്രവൎത്തനത്തിന്റെ നാനാ വശങ്ങളെയും ക്രോഡീകരിച്ചെഴുതിയ രസകരവും വിജ്ഞാനപ്രദവുമായ ഈ പുസ്തകത്തിന്റെ രണ്ടുപതിപ്പുകളും തീൎന്നുപോയി ഇതാ 3-ാം പതിപ്പ്.

*Apply* to

SECRETARY
**BOOK-A-MONTH CLUB**
**Ernakulam**

**OR**

*Manager*
**The Assissi Press**
**Tillary**
**QUILON**

# ചിത്രങ്ങൾ


| | | Pages |
|---|---|---|
| 1. | മുഖചിത്രം (മൂന്നു നിറത്തിൽ) | 1 |
| 2. | ചാവറ ഭവനം | 35 |
| 3. | മൂന്നു മഹാരഥന്മാർ | 59 |
| 4. | മാന്നാനം കുന്നു | 67 |
| 5. | പ്രഥമ വ്രതവാഗ്ദാനം | 99 |
| 6. | കൂനമ്മാവു ആശ്രമം (ചാവറ അച്ചൻെറ മുറി) | 107 |
| 7. | ആദ്യത്തെ മരപ്രസ്സ് | 137 |
| 8. | ആദ്യമായി ഏലിയാസച്ചൻ നട്ടതും പിന്നീടു പ്രിയോർമാവ് എന്നു പ്രസിദ്ധി ആർജ്ജിച്ചതുമായ മാവ് | 161 |
| 9. | മാന്നാനം ആശ്രമദേവാലയം | 189 |

പ്രതിമാസഗ്രന്ഥക്കൂട്ട്

എറണാകുളം

**Series 4 No. 1**

1956

January

(ജനുവരി 1956)

# കർമ്മയോഗി

പ്രൊഫ: **പി. ററി. തോമസ്സ്**

# അവതാരിക

സുറിയാനി കമ്മലീത്താസഭ അതിൻെറ ശതാബ്ദ ജൂബിലി ആഘോഷിക്കുന്ന ഈ ശുഭാവസരത്തിൽ എറണാകുളത്തെ പ്രതിമാസ ഗ്രന്ഥക്ലബ്ബുകാർ പ്രസ്തുത സഭയുടെ സഹസ്ഥാപകനും പുണ്യചരിതനുമായ ചാവറ കുര്യാക്കോസച്ചൻെറ ഒരു ജീവചരിത്രം കൈരളിക്കു സമപ്പിക്കുന്നതു് ഏററവും സമീചീനമായിരിക്കുന്നു എന്നു പ്രസ്താവിക്കുവാൻ നമുക്കു അതിയായ സന്തോഷമുണ്ടു്.

സുഭഗസ്മരണാഹനും കേരളത്തിൻെറ ഒരു വീര സന്താനവുമായ ചാവറയച്ചൻെറ പല ജീവചരിത്രങ്ങൾ ഇതിനകം പുറത്തുവന്നിട്ടുണ്ടു്. പണ്ഡിതനും സമുദായാഭിമാനിയും അനുഗൃഹീത സാഹിത്യകാരനുമായ പ്രൊഫസർ പി. ററി. തോമസിനാൽ വിരചിതമായ ഈ ഗ്രന്ഥം എവിടെയും സഹഷം സ്വാഗതം ചെയ്യപ്പെട്ടുമെന്നാണു എൻെറ വിശ്വാസം.

സന്യാസസഭാസ്ഥാപനം, ശീശ്മപ്രതിരോധനം, ആരാധനക്രമസംവിധാനം, തുടങ്ങി അദ്ദേഹം ചെയ്തിട്ടുള്ള നിരവധി സേവനങ്ങളുടെ വെളിച്ചത്തിൽക്കൂടി നോക്കിയാൽക്കാണാം കേരളീയ ക്രിസ്ത്യാനികൾക്കു എന്നും അഭിമാനംകൊള്ളത്തക്ക ഒരാചാര്യശ്രേഷ്ഠനാണു അദ്ദേഹമെന്നു്. പണ്ഡിതൻ, പ്രസംഗകൻ, സാഹിത്യകാരൻ, ഭരണാധിപൻ എന്ന നിലകളിലും ചാവറയച്ചൻ പത്തൊമ്പതാം നൂററാണ്ടിലെ വൈദികസത്തമന്മാരിലൊരാളാണു്. സ്ഥയ്യപുരുഷൻെറ ബഹുമുഖങ്ങളായ ബാഹ്യപ്രവത്തനങ്ങൾക്കെല്ലാം ഇത്രവലിയ വിജയം നൽകിയ, ആ മഹാരഹസ്യത്തെപ്പററി സാധാരണക്കാർ അധികമൊന്നും ചിന്തിക്കാറില്ലായിരിക്കാം. ആ

കർമ്മധീരൻ അജയ്യനായ ഒരു ധ്യാനയോഗി ആയിരുന്നു. നിരന്തരധ്യാനത്തിൽനിന്നു അദ്ദേഹം പ്രാപിച്ച അദ്ധ്യാത്മശക്തിയാണു അദ്ദേഹത്തിനു മഹൽക്കാര്യസാദ്ധ്യത്തിനു കരുത്തേകിയത്.

ആ പുണ്യശ്ലോകനെ വിശുദ്ധപദത്തിലേക്കുയർത്തിക്കാണുവാൻ വേണ്ടി കേരളത്തിലെങ്ങും പ്രാർത്ഥനകൾ നടത്തപ്പെട്ടുന്നുണ്ട്. അചിരേണ അദ്ദേഹം പുണ്യപദവിയിലേക്കുയർത്തപ്പെട്ടുമെന്നു നമുക്കു പ്രതീക്ഷിക്കാം. ആ പുണ്യപുരുഷൻെറ ജീവചരിത്രത്തിന് പ്രചുരപ്രചാരമുണ്ടാകട്ടെ എന്ന് ആശംസിക്കുന്നു. ഗ്രന്ഥകർത്താവിനും പ്രസാധകർക്കും ഹൃദയപൂർവ്വകമായ ആശീർവ്വാദം.

† **Mathew Kavukatt**

*Bishop of Changanachery.*

*27 – 11 – '55*

# ചരിത്രപശ്ചാത്തലം

## I

### കേരള സുറിയാനി കമ്മലീത്താ സഭ

THE KOTTAYAM PUBLIC LIBRARY
KOTTAYAM.
TRAVANCORE.

1855 ഡിസംബർ 8—അമലോത്ഭവ പ്രഖ്യാപനത്തിൻെറ പ്രഥമ വാഷികം — ഭാരത ക്രൈസ്തവസഭാചരിത്രത്തിലെ അവിസ്മരണീയമായ ഒരു സംഭവത്തിന് സാക്ഷ്യംവഹിച്ചു. ആഷ്ഭാരതത്തിലെ 18 ശതാബ്ദത്തേ പാരമ്പയ്യമുള്ള ക്രൈസ്തവസഭക്ക് അന്നാണ് പ്രതനിഷ്ഠയും ഔദ്യോഗികമായ അംഗീകാരവുമുള്ള ഒരു സന്യാസസംഘത്തിൻെറ ജന്മം ദശിക്കുവാൻ ഭാഗ്യമുണ്ടായതു്. അന്ന് ചാവറ കുര്യാക്കോസ് ഏലിയാസച്ചൻെറ നേതൃത്വത്തിൽ പതിനൊന്നു് വൈദികർ ചേന്ന് മാന്നാനം കുന്നിലെ ആശ്രമദേവാലയത്തിൽവച്ച് ദാരിദ്ര്യം, ബ്രഹ്മചയ്യം, അനുസരണം എന്നീ വ്രതങ്ങൾ മുറപ്രകാരം സ്വീകരിച്ചുകൊണ്ടു് സന്യാസജീവിതത്തിൽ പ്രവേശിച്ചു. അതോടുകൂടി ഭാരതത്തിലെ പ്രഥമ ഏതദ്ദേശീയ ക്രൈസ്തവ സന്യാസസഭ രൂപമെടുക്കുകയും ചെയ്തു.

'അമലോത്ഭവകന്യകയുടെ ദാസന്മാർ' എന്ന പേരാണ് ആരംഭഘട്ടത്തിൽ ഈ സന്ന്യാസസംഘം സ്വീകരിച്ചത്. മേരീഭക്തന്മാരായ യതിവര്യന്മാക്ക് ഏററവും അനുയോജ്യമായ ഒന്നായിരുന്നു ഈ പേരു്. സന്ന്യാസസഭയുടെ ഉൽഘാടനം ഡിസംബർ 8-ാംതീയതി എന്ന് അതിൻെറ വിധാതാക്കൾ നിശ്ചയിച്ചതും പ്രസ്തുത സഭയ്ക്കു് അമലോത്ഭവനാഥയോടുള്ള ഉററബന്ധത്തിന് സ്ഥായീഭാവം നല്കി. പുണ്യശ്ലോകനും സർവ്വജനാരാദ്ധ്യനും സന്ന്യാസാദർശ്യഗ്രനുമായിരുന്ന ചാവറ കുരിയാക്കോസ് ഏലിയാസച്ചനെ സഭയുടെ പ്രഥമ പ്രിയോർ ജനറാളായി ലഭിച്ചതും അതിൻെറ ഭാസുരമായ ഭാവിക്കു നിദാനമായി ഭവിച്ചു. 1855-ൽ പരിശുദ്ധ സിംഹാസനം സഭയുടെ നിയമാവലിക്ക് താല്ക്കാലികമായ അംഗീകാരം നൽകുകയും 1906 മാർച്ച് 2-ാംതീയതി വി. പത്താംപീയൂസ് മാർപ്പാപ്പാ അതിനു ശാശ്വതപ്രതിഷ്ഠ നൽകി അനുഗ്രഹിക്കുകയും ചെയ്തു. ഇങ്ങനെ കേരള കർമ്മലീത്താസഭ യൂറിസ് പൊന്തിഫീച്ചിയി (Juris Pontificii) എന്ന ഉന്നത പദവിയിൽ എത്തിച്ചേരുകയുണ്ടായി. പ്രസ്തുത സ്ഥാനലബ്ധിമൂലം ഈ സന്ന്യാസസഭ പരിശുദ്ധ സിംഹാസനത്തോടു നേരിട്ടു ബന്ധപ്പെട്ടിരിക്കുന്നതിനും പുറമേ ഭരണസംബന്ധമായ കാര്യങ്ങളിൽ രൂപതാടിസ്ഥാനത്തിലുള്ള സന്ന്യാസസമൂഹങ്ങളെക്കാൾ കൂടുതൽ സ്വാതന്ത്ര്യത്തിന് അവകാശിയായിത്തീരുകയും ചെയ്തിരിക്കുന്നു. ഭാരതത്തിലെ വിവിധദേശീയ വൈദിക സന്ന്യാസസമൂഹങ്ങളിൽ കേരള സുറിയാനി കർമ്മലീത്താസഭയ്ക്കുമാത്രമേ ഈ ബഹുമതി ലഭിച്ചിട്ടുള്ളു എന്ന സംഗതിയും പ്രത്യേകം പരിഗണനാർഹമാകുന്നു.

1855-ാമാണ്ടു് മന്നാനം കുന്നിൽ നട്ട കടുകുമണി അനവധി തപോധനന്മാരുടെ ഒരു ശതാബ്ദക്കാലത്തെ നിഷ്കാമയജ്ഞത്താൽ പരിപോഷിപ്പിക്കപ്പെട്ടു് ഫലസമൃദ്ധമായ ഒരു മഹാവൃക്ഷമായി ഇന്നു വളൎന്നു വികസിച്ചിരിക്കുന്നു. ഒന്നാം ശതാബ്ദജൂബിലിയുടെ ആമോദത്തിൽ ഈ കൎമ്മലവൃക്ഷം ഇന്നു സഹൎഷം ചാഞ്ചാടുകയാണു്. അതിൻെറ തണലിൽ കൎമ്മബദ്ധരായി അണിനിരന്നിട്ടുള്ള ബഹുശതം സന്യാസികൾ ദൈവസ്നേഹത്തെ ലക്ഷ്യമാക്കിയുള്ള മനുഷ്യസേവനത്തിൽ അഹോരാത്രം വ്യാപൃതരായിരിക്കുന്നു.

ഒരു ശതാബ്ദക്കാലംകൊണ്ടു് ഈ സംഘടനയ്ക്കു കൈവന്നിട്ടുള്ള വളൎച്ച അത്ഭുതാവഹമെന്നേ പറയേണ്ടു. 11 പേർ മാത്രം ചേൎന്നു് സമാരംഭിച്ച സഭയിൽ ഇന്നു് 331 വൈദികരും, 85 വൈദികവിദ്യാൎത്ഥികളും, 38 നവസന്യാസികളും, 137 യോഗാൎത്ഥികളും, 78 സഹായസഹോദരന്മാരുമുണ്ടു്. മാന്നാനത്തെ മാതൃഭവനത്തിനും പുറമേ കേരളത്തിൻെറ വിവിധഭാഗങ്ങളിൽ സഭയുടേതായി 34 ആശ്രമങ്ങളുണ്ടു്. വിസ്തൃതമായ ഭാരതഭൂമിയിലെ വിവിധ മിഷൻ രംഗങ്ങളിലും സുറിയാനി കൎമ്മലീത്തർ ത്യാഗനിർഭരമായ സേവനം അനുഷ്ഠിച്ചുകൊണ്ടിരിക്കുന്നു. 54 മിഷൻ സ്റ്റേഷനുകൾ സഭവകയായിട്ടുണ്ടു്. 40 സഭാംഗങ്ങൾ മിഷനറിമാരായി സേവനം നടത്തുന്നുമുണ്ടു്. പാശ്ചാത്യ സൎവ്വകലാശാലകളിൽനിന്നും വേദശാസ്ത്രവിഷയങ്ങളിലും ലൗകികവിജ്ഞാനശാഖകളിലും ഉന്നതബിരുദങ്ങൾ നേടിയിട്ടുള്ള സഭാംഗങ്ങളുടെ എണ്ണവും ഒട്ടുംകുറവല്ല. അംഗസംഖ്യകൊണ്ടും സേവനവൈപുല്യംകൊണ്ടും കേരള സുറിയാനി കൎമ്മലീത്താസഭ ഭാരതത്തിലെ ഏതദ്ദേശീയ സ

ന്യാസസഭകളുടെ മുന്നണിയിൽ നില്ക്കുന്നു എന്നുള്ളതു് തക്കമററ സംഗതിയത്രെ.

ആരംഭംമുതൽ സഭാംഗങ്ങളുടെ ആത്മവിശുദ്ധീകരണവും കേരള ക്രൈസ്തവസമുദായത്തിൻെറ ആദ്ധ്യാത്മികവും സാമൂഹ്യവുമായ ഉത്കഷവുമായിരുന്നു സഭയുടെ ലക്ഷ്യം. ഇവയിൽ ആദ്യത്തേതിനു് പരമപ്രാധാന്യം കല്പിച്ചുകൊണ്ടാണു് കർമ്മലീത്താസന്യാസികളുടെ ജീവിതചര്യയും ശിക്ഷണരീതിയും ക്രമപ്പെടുത്തിയിട്ടുള്ളതു്. സാമൂഹ്യരംഗത്തു് എന്തെല്ലാം വൻകാര്യങ്ങൾ നേടിയാലും സ്വവിശുദ്ധീകരണം എന്ന മഹോന്നത ലക്ഷ്യത്തിൽനിന്നു വ്യതിചലിക്കുന്ന സന്യാസിയുടെ ജീവിതം ഒരു പരാജയമാണെന്നുള്ള ബോദ്ധ്യം സഭാനാഥന്മാക്കു് എന്നാളും മാഗ്ഗദർശകമായിരുന്നിട്ടുണ്ടു്. നിരന്തരമായ പ്രാത്ഥനയും, ധ്യാനവും, ഏകാന്തതയിൽ ദൈവവുമായുള്ള ആത്മസമ്പക്കവും കർമ്മലീത്താ സന്യാസികളുടെ അനുദിന ജീവിതചര്യയിൽ സവ്വപ്രധാനമായ ഒരു സ്ഥാനം വഹിക്കുന്നു. പ്രഭാതത്തിലുള്ള ദിവ്യബലിക്കു പുറമേ, പൊതുപ്രാത്ഥനാലയത്തിൽവച്ചു് രണ്ടു നേരത്തെ ധ്യാനവും, രണ്ടുനേരത്തെ ആത്മപരിശോധനയും, കാനോൻ ജപങ്ങളും, ദിവസേന നടത്തപ്പെടുന്നു. സ്വകാര്യമുറിയുടെ ഏകാന്തതയിൽ കഴിച്ചുകൂട്ടുന്ന സമയവും സന്യാസി ധ്യാനനിരതനായിക്കഴിക്കുന്നു. ദേവാലയം നിത്യവും സഭാംഗങ്ങളുടെ ശ്രദ്ധാകേന്ദ്രമാണു്. അങ്ങിനെ വിവിധങ്ങളായ ദിനകൃത്യങ്ങളിൽ വ്യാപരിക്കുമ്പോഴും ഒരു കർമ്മലീത്താ സന്യാസിയുടെ ജീവിതം പ്രാത്ഥനാനിമഗ്നമായിരിക്കുന്നു. ഇക്കഴിഞ്ഞ ഒരു ശതാബ്ദക്കാലം കേരള സുറിയാനി കർമ്മലീത്താ ആശ്രമങ്ങൾക്കുള്ളിൽ എത്ര എത്ര സന്യാസവര്യന്മാരാണു് പ്രാത്ഥനയിലും, ധ്യാനത്തിലും തപശ്ചര്യകളിലും കേന്ദ്രീകൃ

തമായ ധന്യജീവിതം നയിച്ചിട്ടുള്ളതു്. ഇന്നും ആ മഹായജ്ഞം അന്യൂനമായി തുടൎന്നുകൊണ്ടിരിക്കുന്നു.

പ്രാൎത്ഥനാനിർഭരമായ സന്യാസജീവിതം സ്വാൎത്ഥതാനിഷ്ഠമായ ഒരു പരിമിത വൃത്തത്തിൽ മാത്രം ഒതുങ്ങിനിൽക്കുന്നില്ല. അതിൽനിന്നും പ്രസരിക്കുന്ന ആദ്ധ്യാത്മികസ്ഫുലിംഗങ്ങൾ പരഹൃദയങ്ങളിൽ വിശ്വാസദീപം കൊളുത്തുകയും അവയെ പുണ്യാഭ്യസനത്തിൽ തീഷ്ണമാക്കുകയും ചെയ്യുന്നു. കേരളത്തിൻെറ ഓരോ ഭാഗങ്ങളിൽ സ്ഥാപിതമായിട്ടുള്ള കർമ്മലീത്താ ആശ്രമങ്ങൾ മുഖേന അതാതിടങ്ങളിലെ ജനങ്ങൾക്കുണ്ടായിട്ടുള്ള ആത്മീയോല്ക്കർഷം ഒട്ടും അഗണ്യമല്ല. ഇടവകകൾതോറുമുള്ള പൊതുധ്യാനങ്ങൾ, പ്രാൎത്ഥനായജ്ഞങ്ങൾ, ആരാധനാപരിപാടികൾ, ഭക്തസംഘപ്രവൎത്തനങ്ങൾ മുതലായവ നടത്തുന്നതിൽ കർമ്മലീത്താ സന്യാസികൾ സദാ ജാഗരൂകരായിരിക്കുന്നു.

ഈ നാട്ടിൽ വിശ്വാസത്തിൻെറ പ്രചാരണത്തിനും സംരക്ഷണത്തിനുമായി കർമ്മലീത്താസഭ ചെയ്തിട്ടുള്ള സേവനങ്ങൾ മഹനീയങ്ങളത്രെ. 19-ാം നൂററാണ്ടിൻെറ ഉത്തരാൎദ്ധത്തിൽ കേരളസുറിയാനി സഭയിൽ നിർഭാഗ്യകരമായ പിളൎപ്പിനും വിശ്വാസശൈഥില്യത്തിനും ഇടയാക്കിയ ശീശ്മകൾക്കെതിരായി സുശക്തമായ പ്രതിരോധനിരയുറപ്പിച്ചുകൊണ്ടു് ധീരസമരം നടത്തി വിജയംവരിച്ചതു് സുറിയാനി കർമ്മലീത്താസഭയുടെ വീരസന്താനങ്ങളാകുന്നു. കർമ്മലീത്തരുടെ നേതൃത്വമില്ലാതിരുന്നു എങ്കിൽ കേരള സുറിയാനി കത്തോലിക്കസഭയിൽ പുതിയൊരു ശീശ്മയ്ക്കു സ്ഥിരപ്രതിഷ്ഠ ലഭിക്കുമായിരുന്നില്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

കേരള സുറിയാനി കർമ്മലീത്താസഭ അതിൻെറ ആരംഭകാലം മുതൽ ആദ്ധ്യാത്മികകാൎയ്യങ്ങളിലെന്ന

പോലെതന്നെ സമുദായോദ്ധാരണ പരിപാടികളിലും ബദ്ധശ്രദ്ധയായിരുന്നു. അധഃകൃതോദ്ധാരണം, വിദ്യാഭ്യാസം, പത്രപ്രവൎത്തനം, പ്രസിദ്ധീകരണം മുതലായ തുറകളിൽ സഭയ്ക്കുണ്ടായിട്ടുള്ള നേട്ടങ്ങൾ ക്രൈസ്തവരുടെ മാത്രമല്ല, കേരളത്തിലെ സൎവ്വജാതിമതസ്ഥരുടേയും കൃതജ്ഞതയെ അൎഹിക്കുന്നു. കേരളത്തിന്റെ വിദ്യാഭ്യാസപരമായ പുരോഗതിയിൽ സഭ വഹിച്ചിട്ടുള്ള പങ്ക് ഗവൎമ്മെന്റുകളുടേയും പൊതുജനങ്ങളുടേയും മുക്തകണ്ഠമായ പ്രശംസയ്ക്കു വിഷയീഭവിച്ചിട്ടുണ്ട്. വിവിധവിജ്ഞാനശാഖകളോടുകൂടിയ ഒരു ഒന്നാംഗ്രേഡ് കോളജിനും പുറമെ 8 ഹൈസ്കൂളുകൾ, 4 മിഡിൽ സ്കൂളുകൾ, 8 പ്രൈമറിസ്കൂളുകൾ, ഒരു സിവിൽ എൻജിനീയറിങ്ങ് സ്കൂൾ, ഒരു ട്രെയിനിങ്ങ് സ്കൂൾ, 14 ഹോസ്റ്റലുകളും ബോർഡിങ്ങ് മന്ദിരങ്ങളും സഭവകയായി നടത്തപ്പെടുന്നു. ആസന്നഭാവിയിൽ സഭവകയായി രണ്ടു കോളജുകൾകൂടി സമാരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. അദ്ധ്യാപനത്തിന്റെ കാൎയ്യക്ഷമതയിലും വിദ്യാൎത്ഥികളുടെ മാതൃകാപരമായ ശിക്ഷണത്തിലും ഈ സ്ഥാപനങ്ങൾ ഏററവും സമുന്നതമായ ഒരു തോതു് പാലിച്ചുകൊണ്ടു പോകുന്നുണ്ട്.

പത്രപ്രവൎത്തനത്തിലും പ്രസിദ്ധീകരണത്തിലും സഭയുടെ നേട്ടങ്ങൾ പ്രശസ്തങ്ങളാണ്. സഭവകയായി 4 അച്ചടിശാലകൾ ഇന്നു പ്രവൎത്തനം നടത്തുന്നുണ്ട്. അവയിൽനിന്ന് ഒരു ദിനപ്പത്രവും രണ്ടു മാസികകളും പ്രസിദ്ധം ചെയ്യപ്പെടുന്നു. ഭാരതത്തിലെ ആദ്യത്തെ നാട്ടുഭാഷാദിനപ്പത്രമായ 'ദീപികയ്ക്കു' എഴുപതു സംവത്സരത്തെപ്പഴക്കമുണ്ട്. സാൎവ്വലൗകികമായ കത്തോലിക്കസഭയിൽ ഒരു ദിനപ്പത്രം നടത്തുന്ന ഏക സന്യാസ

സഭ കേരള സുറിയാനി കർമ്മലീത്താസഭയാണെന്നുള്ള തു് കേരളീയക്കാകമാനം അഭിമാനകരമായ ഒരു വസ്തു തയത്രേ. പത്രപ്രവർത്തനത്തിൻെറ സാങ്കേതികവശ ത്തു് നടപ്പിൽവന്നിട്ടുള്ള കാലാനുസൃതമായ പരിഷ്കാ രങ്ങൾ ഏറിയപങ്കും 'ദീപിക' സ്വായത്തമാക്കിയിട്ടു ണ്ടു്. ഒരു ക്രിസ്തീയപത്രമെന്നുള്ള നിലയിൽ രാഷ്ട്ര ത്തോടും സ്വസമുദായത്തോടും അതിനുള്ള സമുന്ന തമായ കർത്തവ്യങ്ങൾ യഥായോഗ്യം 'ദീപിക' നി ർവ്വഹിക്കുന്നുണ്ടെന്നുള്ളതിൽ സംശയമില്ല. ഇന്നു് ക ത്തോലിക്കസമുദായത്തിൽ പ്രകടമായിരിക്കുന്ന രാഷ്ട്രീ യപ്രബുദ്ധതയുടെയും, നിരീശ്വരപരവും വിപ്ലവാത്മക വുമായ പ്രസ്ഥാനങ്ങളോടുള്ള സംഘാതമായ എതിർപ്പി ൻെറയും പിന്നിൽ 'ദീപിക'യുടെ വിദഗ്ദ്ധമായ തൂലിക അനുസ്യൂതം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതായി നിഷ്പ ക്ഷബുദ്ധികൾക്കു് കാണുവാൻ കഴിയും. കർമ്മലീത്താ സഭയുടെ ആഭിമുഖ്യത്തിൽ പ്രസിദ്ധംചെയ്യപ്പെടുന്ന മാ സികകൾക്കുമുണ്ടു് അനവദ്യമായ ഒരു ആകർഷകത്വം. 'കർമ്മലകുസുമ'ത്തിൻെറ സൗരഭ്യവും 'കുടുംബദീപ' ത്തിൻെറ പ്രകാശവും എത്രയോ ഹൃദയങ്ങളെ നന്മയി ലേക്കും, സത്യത്തിലേക്കും ആകർഷിച്ചിട്ടുണ്ടു്. മതപര വും മതേതരവുമായ ഉത്തമ സാഹിത്യകൃതികളുടെ പ്ര സിദ്ധീകരണത്തിലും കർമ്മലീത്താസഭവകയായ മുദ്ര ണാലയങ്ങൾ ഗണ്യമായ പങ്കുവഹിക്കുന്നു.

അധഃകൃതരുടെ ഇടയിൽ കർമ്മലീത്താസന്യാസി കൾ നടത്തുന്ന പ്രേഷിതപ്രവർത്തനങ്ങൾ ഫലപ്രദമാം വിധം പുരോഗമിക്കുന്നുണ്ടു്. മതബോധനവും സൗജന്യ മായ വിദ്യാഭ്യാസവും നൽകി അവരെ സാമൂഹ്യമായും ആത്മീയമായും ഉദ്ധരിക്കുന്നതിൽ സഭ സദാ ജാഗരൂക യായിരിക്കുന്നു. ദുർമ്മാർഗ്ഗചാരികളായ ആളുകളെ സദ്

പന്ഥാവിലേക്ക പ്രത്യാനയിക്കുന്നതിലും ശിഥിലമായ കുടുംബബന്ധങ്ങളെ ക്രിസ്തീയസമാധാനത്തിൽ പുന: സ്ഥാപിക്കുന്നതിലും സഭാംഗങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന സേവനങ്ങൾ ഏററവും മഹനീയമത്രെ.

ഇങ്ങനെ കേരള സുറിയാനി കർമ്മലീത്താസഭ അതിൻെറ സ്ഥാപനം മുതൽ ഇന്നോളം രാജ്യത്തിനു പൊതുവേയും കത്തോലിക്കസമുദായത്തിനു പ്രത്യേകിച്ചും ചെയ്തിട്ടുള്ള ബഹുമുഖമായ സേവനങ്ങളെ അകമഴിഞ്ഞ കൃതജ്ഞതാബോധത്തോടുകൂടിയല്ലാതെ ആൎക്കും സ്മരിക്കുവാൻ സാദ്ധ്യമല്ല. ഇക്കഴിഞ്ഞ ഒരു ശതാബ്ദകാലത്തിനുള്ളിൽ കേരള കത്തോലിക്കസമുദായത്തിനുണ്ടായിട്ടുള്ള സാമൂഹ്യവും, വിദ്യാഭ്യാസപരവും, സാംസ്കാരികവും, ആദ്ധ്യാത്മികവുമായ അഭിവൃദ്ധിയിൽ ഒരു ഗണ്യമായ പങ്ക് സുറിയാനി കർമ്മലീത്തരുടെ പ്രയത്നഫലമാണെന്നുള്ളത് അനിഷേദ്ധ്യമായ ഒരു വസ്തുതയാകുന്നു. ഇന്ന് ക്രിസ്തീയസന്ന്യാസത്തിൻെറ രാജപാതയിൽക്കൂടി സേവനനിർഭരമായ നൂറു സംവത്സരങ്ങളെ പിന്നിട്ടുകൊണ്ടു കർമ്മലീത്താസഭ മുന്നേറുകയാണ്.

ചരിത്രമർമ്മജ്ഞനും പണ്ഡിതാഗ്രേസരനുമായ ശ്രീ. ഐ. സി. ചാക്കോ എഴുതിയിട്ടുള്ള 'മാർ ളൂയീസ് പഴേപറമ്പിൽ-ജീവിതവും കാലവും' എന്ന ഗ്രന്ഥത്തിൽ കേരള സുറിയാനി കർമ്മലീത്താസഭയെപ്പററി സന്ദർഭവശാൽ ഇപ്രകാരം പ്രസ്താവിക്കുന്നു: "അന്ത്യവിധിദിവസത്തിൽ ജഗൽപ്രാഡ്വിവാകനായ ക്രിസ്തു, വ്യക്തികളെ എന്നതുപോലെ സമുദായങ്ങളെയും വിചാരണ ചെയ്യുമെങ്കിൽ "കർത്താവെ, ഞങ്ങളെ ഏല്പിച്ച തലേന്തു് ഞങ്ങൾ ഇത്രയും വർദ്ധിപ്പിച്ചിരിക്കുന്നു" എന്ന് നമുക്ക് നമ്മുടെ കർമ്മലീത്താസഭയെമാത്രം ചൂണ്ടിക്കാണിച്ചുകൊണ്ടു പറയാവുന്നതാകുന്നു. സുറിയാനി കർമ്മലീ

ത്താസഭ നമ്മുടെ മഹാപുരുഷന്മാരുടെ ദീഘദൃഷ്ടിയുടെയും പരിശ്രമത്തിൻെറയും സ്മാരകവും നമ്മുടെ ത്യാഗത്തിൻെറ ഫലവുമാകുന്നു. നിസ്വാത്ഥന്മാരും പരമാത്ഥികളുമായ മഹാരഥന്മാക്ക് സമുദായത്തെക്കൊണ്ട് എന്തെല്ലാം മഹാകൃത്യങ്ങഠം നിവ്വഹിപ്പിക്കാമെന്നുള്ളതിന് അതു് ഒരുദാഹരണമാകുന്നു."

സഭാസ്ഥാപകന്മാരായ മഹാപുരുഷന്മാരുടെ വ്യക്തിപ്രഭാവം ഇന്നും അതിൻെറ പ്രശസ്തമായ സേവന പരിപാടികഠംക്കു പ്രചോദനം നൽകിക്കൊണ്ടാണിരിക്കുന്നതു്. ഓരോ സന്യാസസഭകളുടേയും ആദശ്ങ്ങളിലും പ്രവത്തനപരിപാടികളിലും അതാതിൻെറ സ്ഥാപകന്മാരുടെ വ്യക്തിമുദ്ര ഗാഢമായി പതിഞ്ഞിരിക്കുന്നതു കാണാം. സുറിയാനി കമ്മലീത്താസഭയുടെ കാര്യത്തിലും ഇതു ശരിയാണെന്ന് അതിൻെറ ചരിത്രം തെളിയിക്കുന്നു. 19-ാം നൂററാണ്ടിൻെറ ഉത്തരാദ്ധത്തിൽ ജീവിച്ചിരുന്ന മഹാശയന്മാരും പുണ്യശ്ലോകന്മാരുമായ ചില സുറിയാനി വൈദികരുടെ പരിശ്രമഫലമായി രൂപമെടുത്ത ഏതദ്ദേശീയ സന്യാസപ്രസ്ഥാനം നിയമബദ്ധവും അംഗീകൃതവുമായ ഒരു സന്യാസസഭയായി സ്ഥാപിക്കപ്പെട്ട കാലഘട്ടത്തിൽ അതിൻെറ നേതൃത്വം വഹിച്ചിരുന്നതു് ചാവറ കുരിയാക്കോസ് ഏലിയാസച്ചനായിരുന്നു. സഭയുടെ പ്രഥമ പ്രിയോർ ജനറാളായി അവരോധിക്കപ്പെട്ട ഏലിയാസച്ചൻ അതിനെ 16 സംവത്സരക്കാലം പ്രശസ്തമാംവണ്ണം ഭരിച്ചു. ഇന്ന് കമ്മലീത്താസഭയിൽ നാം കാണുന്ന പ്രാത്ഥനാനിർഭരമായ ജീവിതക്രമത്തിനും, വ്രതനിഷ്ഠയ്ക്കും, സേവനതല്പരതയ്ക്കും അടിസ്ഥാനമിട്ടതു് അദ്ദേഹമാണ്. ചാവറ അച്ചൻെറ വ്യക്തിവൈശിഷ്ട്യത്തിൻെറ പ്രതിഫലനമാണ് സഭയിൽ ഇന്നും ഉടനീളം ദൃശ്യമായിരിക്കുന്ന

ത്ത്. സുകൃതാഭ്യസനത്തിലും സമുദായോദ്ധാരണത്തിലും അദ്ദേഹം ഒരു നൂററാണ്ടുമുമ്പ് സംവിധാനംചെയ്ത പദ്ധതികളെ ഇന്നും സഭ സ്ഥിരനിഷ്ഠയോടുകൂടി പിന്തുടൎന്നുപോരുന്നു. ചുരുക്കിപ്പറഞ്ഞാൽ കേരള സുറിയാനി കൎമ്മലീത്താസഭയുടെ ഇതഃപൎയ്യന്തമുള്ള ചരിത്രം അതിൻെറ പ്രഥമ നിയന്താവായ നമ്മുടെ കഥാപുരുഷൻെറ പ്രത്യാശകളുടെ സഫലീകരണവും വ്യക്തിമാഹാത്മ്യത്തിൻെറ സാക്ഷാത്കരണവുമാകുന്നു.

# II

## ക്രിസ്തീയ സന്യാസജീവിതം

ഇന്ന് കത്തോലിക്കാസഭയുടെ ആഭിമുഖ്യത്തിൽ പ്രവൎത്തനം നടത്തുന്ന അനവധി സന്യാസസഭകൾ ഭൂമുഖത്തുണ്ട്. കൎമ്മലീത്താസഭ, ബനഡിക്ടൻസഭ, ഡൊമിനിക്കൻസഭ, ഫ്രാൻസിസ്കൻസഭ, ഈശോസഭ, സലേഷ്യൻസഭ മുതലായവ ഭുവനപ്രസിദ്ധങ്ങളാണ്. ലോകത്തിൻെറ ആദ്ധ്യാത്മികവും സാമൂഹ്യവുമായ സുസ്ഥിതിക്കുവേണ്ടിയും ആധുനികഭൗതിക പരിഷ്കാരം വരുത്തിയിട്ടുള്ള കെടുതികളിൽനിന്നു മനുഷ്യജാതിയെ ഉദ്ധരിക്കുന്നതിനുവേണ്ടിയും സന്യാസസഭകൾ അനുഷ്ഠിക്കുന്ന സേവനങ്ങൾ അനൎഘങ്ങളാകുന്നു.

സന്യാസസഭകൾ പലതരത്തിലുള്ള സാമൂഹ്യ സേവന പരിപാടികളിൽ വ്യാപരിക്കുന്നുണ്ടെങ്കിലും അവയുടെ പരമമായ ലക്ഷ്യം ആത്മവിശുദ്ധീകരണമാണ്. അതുകൊണ്ട് നിരന്തരമായ പ്രാർത്ഥന, ധ്യാനം, സുകൃതാഭ്യാസം, തപശ്ചര്യകൾ എന്നിവയ്ക്ക് സന്യാസ ജീവിതത്തിൽ പ്രാമുഖ്യം നൽകപ്പെട്ടിരിക്കുന്നു. സമുദായസേവന വ്യഗ്രതമൂലം ആത്മവിശുദ്ധീകരണത്തെ ലക്ഷ്യമാക്കിയുള്ള സുകൃതാഭ്യാസങ്ങളിൽ സന്യാസികൾ അശ്രദ്ധരായിത്തീരുവാൻ തിരുസഭ ഒരിക്കലും അനുവദിക്കുകയില്ല. അതിനാൽ സന്യാസജീവിതം ഏററവും കർശനമായ നിയമങ്ങളാൽ നിയന്ത്രിക്കപ്പെടുകയും പരിരക്ഷിക്കപ്പെടുകയും ചെയ്യുന്നു. സന്യാസസഭയിലേക്കുള്ള പ്രവേശനം യോഗാർത്ഥികളുടെ ബുദ്ധിപരമോ മാനസികമോ ആയ കഴിവിനേക്കാൾ കൂടുതലായി സുകൃതജീവിതം നയിക്കുന്നതിനുള്ള അവരുടെ സന്നദ്ധതയേയും അതിലേയ്ക്കുള്ള ആന്തരികമായ പ്രചോദനത്തേയും ആശ്രയിച്ചിരിക്കുന്നു.

വിവിധ സന്യാസസഭകൾ അനുസരിച്ചുപോരുന്ന ജീവിതക്രമങ്ങളും നിയമാവലികളും തമ്മിൽ ചില വ്യത്യാസങ്ങളുണ്ടായിരിക്കാമെങ്കിലും പൊതുവിൽ എല്ലാ സന്യാസികളും അവശ്യം അനുഷ്ഠിക്കേണ്ടതായ ചില വ്രതങ്ങളുണ്ട്. ദാരിദ്ര്യം, ബ്രഹ്മചര്യം. അനുസരണം എന്നിവയാകുന്നു ഈ വ്രതത്രയം. ദാരിദ്ര്യവ്രതം മുഖേന സന്യാസി വ്യക്തിപരമായ എല്ലാ സാമ്പത്തികബന്ധങ്ങളിൽനിന്നു വിമുക്തനാകുന്നു. ജീവിതസുഖാനുഭോഗങ്ങൾക്കാവശ്യമായ ഉപാധികളെ സ്വായത്തമാക്കുവാനുള്ള നൈസർഗ്ഗികമായ വാസനകളെ എല്ലാം അതുമൂലം സന്യാസി ബലിയർപ്പിക്കുന്നു. ദൈവസേവനത്തിനായി തൻെറ ജീവിതത്തെ പൂർണ്ണമായി ഉഴിഞ്ഞുവ

യ്ക്കുവാൻ ഇതു സഹായിക്കുന്നു. ബ്രഹ്മചര്യം ജഡിക സക്തികളുടെ ബലിയാകുന്നു. മനസാ, വാചാ, കർമ്മണാ, ഇന്ദ്രിയനിഗ്രഹം അനുഷ്ഠിക്കുന്ന ഒരു സന്യാസിയുടെ മനഃശ്ശരീരങ്ങൾ വിശുദ്ധിയുടെ നികേതനമായിത്തീരുന്നു. മൂന്നാമത്തെ വ്രതം അനുസരണമാണ്. സ്വന്തം ഇഷ്ടാനിഷ്ടങ്ങളെ പൂർണ്ണമായി നിയന്ത്രിച്ചുകൊണ്ട് സംഘനിയമങ്ങളെയും സഭാധികാരികളുടെ ആജ്ഞകളെയും അക്ഷരംപ്രതി അനുസരിക്കുന്നതിലാണ് ഈ നിഷ്ഠ അടങ്ങിയിരിക്കുന്നതു്. താരതമ്യേന ഈ വ്രതാനുഷ്ഠാനം പ്രയാസം കുറഞ്ഞതാണെന്നു തോന്നിയേക്കാമെങ്കിലും പരമാർത്ഥം അങ്ങനെയല്ല. അതു കൂടുതൽ ദുഷ്കരവും ശ്രമസാദ്ധ്യവുമാണ്. മനുഷ്യൻെറ ഏററവും മഹത്തായ ഒരംശമാണ് അവൻെറ സ്വതന്ത്രമായ ഇഛാശക്തി (Free will). സന്യാസജീവിതത്തിൽ പ്രവേശിക്കുന്ന ഒരു വ്യക്തി ഈ മൗലികമായ മനസ്വാതന്ത്ര്യത്തെപ്പോലും അനുസരണം എന്ന വ്രതനിഷ്ഠയാൽ സ്വയം ബലി അർപ്പിക്കുന്നു. സംഘനിയമങ്ങളിൽക്കൂടിയും ശ്രേഷ്ഠൻെറ ആജ്ഞകളിൽക്കൂടിയും പ്രകാശിതമാകുന്ന ദൈവഹിതത്തെയാകുന്നു സന്യാസി അനുസരിക്കുവാൻ സന്നദ്ധനാകുന്നതു്.

കേവലം ലൗകികമായ തോതുകൾ വച്ചുനോക്കുമ്പോൾ ഈ വ്രതനിഷ്ഠകൾ മനുഷ്യനെ അയവില്ലാത്ത ഒരു ചട്ടക്കൂട്ടിൽ അടിമയാക്കി ബന്ധിക്കുന്നു ഒരേപ്പാടായിതോന്നിയേക്കാം. എന്നാൽ വ്രതാനുഷ്ഠാനം മുഖേന സന്യാസി ലൗകികവും ജഡികവും മാനസികവുമായ ബന്ധങ്ങളിൽനിന്നു സ്വയം വിമുക്തനായിത്തീരുകയാണു ചെയ്യുന്നതു്. ലൗകികവ്യാപാരങ്ങളിൽ നിമഗ്നരായിരിക്കുന്നവരുടെ സ്വാതന്ത്ര്യബോധം വെറും മിഥ്യയാകുന്നു. സർവ്വസംഗപരിത്യാഗികളായ സന്യാസികളാ

ണ യഥാത്ഥമായ സ്വാതന്ത്ര്യം അനുഭവിക്കുന്നവർ.

നിഷ്കൃഷ്ടമായ വ്രതാനുഷ്ഠാനം മുഖേന സന്യാസജീവിതം ക്രിസ്തുവിൻെറ ജീവിതത്തിൻെറ പ്രതിരൂപമായിത്തീരുന്നു. ദാരിദ്ര്യം, ബ്രഹ്മചര്യം, അനുസരണം എന്നീ നിഷ്ഠകളെ ഏററവും പൂണ്ണരൂപത്തിൽ നാം കാണുന്നതു് ക്രിസ്തുവിൻെറ ജീവിതത്തിൽ മാത്രമാകുന്നു. കാലിത്തൊഴുത്തിൽ സമാരംഭിച്ചു് കുരിശിൽ പര്യവസാനിച്ച ആ ജീവിതം ദാരിദ്ര്യത്തിനു മകുടം ചാത്തിയ ഒന്നായിരുന്നു. അവിടുന്നു് ജിതേന്ദ്രിയനായി ജീവിച്ചു. സവ്വ ചരാചരങ്ങൾക്കും ആജ്ഞാകാരനായ അവിടുന്നു് അനുസരണയുടെ മാതൃകയുമായിരുന്നു. ഇങ്ങനെ ദാരിദ്ര്യം, ബ്രഹ്മചര്യം, അനുസരണം എന്നീ വ്രതങ്ങൾ അനുഷ്ഠിക്കുന്ന ഒരു സന്യാസി ക്രിസ്തുവിൻെറ അനവദ്യമായ ജീവിതത്തെ സ്വജീവിതത്തിലേക്കു പകത്തുവാൻ ശ്രമിക്കുകയാണു ചെയ്യുന്നതു്. യഥാത്ഥത്തിൽ ക്രിസ്തീയ സന്യാസം മഹത്തായ ക്രിസ്ത്വാനുകരണയജ്ഞമാകുന്നു. വ്രതാനുഷ്ഠാനങ്ങളെ വെറും ശിക്ഷണപരിപാടികളായിട്ടല്ല തിരുസ്സഭ പരിഗണിക്കുന്നതു്, പ്രത്യുത അനർഘങ്ങളായ സുകൃതങ്ങളായിട്ടാണു്.

എന്നാൽ വ്രതാനുഷ്ഠാനംകൊണ്ടു ക്രിസ്ത്വാനുകരണം അവസാനിക്കുന്നില്ല; ആരംഭിക്കുന്നതേയുള്ളു. വ്രതങ്ങളുടെ അവിഛിന്നമായ അനുഷ്ഠാനം മുഖേന സവ്വസംഗവിമുക്തനായിത്തീരുന്ന സന്യാസി പ്രാത്ഥന, ധ്യാനം, തപക്രിയകൾ എന്നിവയിൽക്കൂടി ദൈവത്തോടു കൂടുതൽ കൂടുതൽ അടുക്കുന്നു. ദൈവസ്നേഹത്തിലും ആത്മവിശുദ്ധിയിലും ആ ധന്യമായ ജീവിതം നാൾക്കുനാൾ അഭിവൃദ്ധി പ്രാപിക്കയും ചെയ്യുന്നു.

ദൈവസ്നേഹത്തിൽ വളരുന്ന ഒരാത്മാവിനു് തൻെറ അയൽക്കാരനെ വിസ്മരിക്കുവാൻ സാദ്ധ്യമല്ല.

ദൈവസ്നേഹത്തിൻെറ അവിഭാജ്യഘടകമാകുന്ന മനുഷ്യസ്നേഹം. 'ഒരുവൻ ദൈവത്തെ സ്നേഹിക്കുന്നു എന്നു പറയുകയും അതേസമയം തൻെറ അയൽക്കാരനെ വെറുക്കുകയും ചെയ്യുന്നു എങ്കിൽ അവൻ പറയുന്നതു് വെറും വ്യാജമാണു്. എന്തുകൊണ്ടെന്നാൽ കാണപ്പെടുന്ന തൻെറ സഹോദരനെ സ്നേഹിക്കാത്ത ഒരുവനു് കാണപ്പെടാത്ത ദൈവത്തെ എങ്ങിനെ സ്നേഹിക്കുവാൻ കഴിയും? സാധാരണ മനുഷ്യരെ സംബന്ധിച്ചിടത്തോളം സൃഷ്ടവസ്തുക്കളോടുള്ള സ്നേഹവും സ്വാത്ഥപൂരണത്തിനുള്ള അഭിനിവേശവുമാണു് ക്രിസ്തീയ പരസ്നേഹത്തിനു പ്രതിബന്ധമായി നില്ക്കുന്നതു്. എന്നാൽ സവ്വസംഗപരിത്യാഗികളായ സന്യാസിമാക്കു് ഈദൃശമായ പ്രതിബന്ധങ്ങൾ ഒന്നുംതന്നെയില്ല. പ്രാത്ഥനയാലും സുകൃതാഭ്യാസങ്ങളാലും പ്രവൃദ്ധമായിത്തീരുന്ന അവരുടെ ദൈവസ്നേഹം മനുഷ്യസ്നേഹപരമായ പ്രവത്തികളിൽ ക്കൂടി ബഹിർഗമിക്കുന്നു. അങ്ങനെ സന്യാസജീവിതം ക്രിസ്തു മനുഷ്യവഗ്ഗത്തിനുവേണ്ടി അപ്പിച്ച സ്നേഹബലിയുടെ പ്രതിഛായയായിത്തീരുകയും ചെയ്യുന്നു.

ദൈവസ്നേഹത്തിനും മനുഷ്യസ്നേഹത്തിനും പ്രായോഗികരൂപം നൽകുന്നതിൽ സന്യാസസഭകൾ വിഭിന്നരീതികളാണു് അവലംബിക്കുന്നതു്. ജീവിതക്രമത്തിൻെറയും കമ്മപരിപാടികളുടെയും സ്വഭാവമനുസരിച്ചു സന്യാസസഭകളെ മൂന്നായി തരംതിരിക്കാം. (1) ധ്യാനാത്മകസഭകൾ. പ്രാത്ഥന, ധ്യാനം, മൗനവ്രതം. പ്രായശ്ചിത്തം തുടങ്ങിയ ആദ്ധ്യാത്മികപദ്ധതികൾക്കാണു് ഇത്തരം സഭകളുടെ ജീവിതക്രമത്തിൽ പ്രാധാന്യം നല്കപ്പെട്ടിരിക്കുന്നതു്. ബാഹ്യലോകവുമായുള്ള ബന്ധങ്ങൾ പൂണ്ണമായി വിഛേദിച്ചു് ആശ്രമത്തിനുള്ളിൽ അഹോരാത്രം പ്രാത്ഥനധ്യാനാദികളിൽ നിമ

ഗരായി അവർ കഴിച്ചുകൂട്ടുന്നു. ഈദൃശമായ ജീവിതക്രമത്തിൽ മനുഷ്യസേവനത്തിനു യാതൊരു സ്ഥാനവും നൽകപ്പെടുന്നില്ല എന്നൊരു വിമർശം ചിലപ്പോൾ കേൾക്കാറുണ്ട്. എന്നാൽ ഈ ആശ്രമങ്ങളുടെ ഉള്ളിൽ അനുസ്യൂതമായി അർപ്പിക്കപ്പെടുന്ന പ്രാർത്ഥനകളും തപക്രിയകളുംമൂലം ലോകത്തിന് അളവററ നന്മകൾ ലഭിക്കുന്നുയെന്നു വിശ്വസിക്കുന്നവർക്ക് അവർ നിർവ്വഹിക്കുന്ന നിശ്ശബ്ദമായ മനുഷ്യസേവനത്തിൻെറ മാഹാത്മ്യം ബോദ്ധ്യമാകുന്നതാണ്. ഈ ലോകത്തിനു വിഭാവനം ചെയ്യുവാൻ സാധിക്കുന്നതിൽ കൂടുതൽ കാര്യങ്ങൾ പ്രാർത്ഥനകൊണ്ടു നേടുന്നു എന്ന കവിവാക്യം ഈ സഭകളെ സംബന്ധിച്ചിടത്തോളം തികച്ചും അന്വർത്ഥമാണ്. (2) കർമ്മാത്മകസഭകൾ. ഇവ സന്ന്യാസവ്രതങ്ങളെ യഥാവിധി അനുഷ്ഠിച്ചുകൊണ്ടു വിദ്യാഭ്യാസം, പ്രേഷിതവൃത്തി, ആതുരസംരക്ഷണം, മുതലായ ക്രിയാത്മകമായ സേവനങ്ങളിൽ ഏർപ്പെടുന്നു. (3) മേൽ പറയപ്പെട്ട രണ്ടുതരം പദ്ധതികൾക്കും തുല്യപ്രാധാന്യം നല്കിക്കൊണ്ടുള്ള ജീവിതക്രമം സ്വീകരിച്ചിരിക്കുന്ന സഭകളാകുന്നു മൂന്നാമത്തേതു്. പ്രാർത്ഥന, ധ്യാനം, തപശ്ചര്യകൾ എന്നിവയിൽ അധിഷ്ഠിതമായ ധ്യാനാത്മകജീവിതത്തിലെന്നതുപോലെതന്നെ ജനങ്ങളുടെ ആദ്ധ്യാത്മികവും സാമൂഹ്യവുമായ ഉത്കർഷത്തിനുവേണ്ടിയുള്ള കർമ്മപരിപാടികളിലും അവർ നിത്യം വ്യാപൃതരായിരിക്കുന്നു.

ഇങ്ങനെ സന്ന്യാസസഭകൾ കത്തോലിക്കാസഭയുടെ സുശിക്ഷിതമായ സേനാവ്യൂഹമായും ആദ്ധ്യാത്മികശക്തികേന്ദ്രങ്ങളായും വർത്തിക്കുന്നു. ക്രിസ്തീയസുകൃതത്തിൻെറ ദിവ്യപരിമളം ലോകമെങ്ങും പരത്തുന്ന വിശിഷ്ടകുസുമങ്ങൾ നിരവധി വിടർന്നുവികസിച്ചുനില്ക്കുന്ന ആരാമങ്ങളാകുന്നു സന്ന്യാസസഭകൾ. ആശ്രമങ്ങളി

ലെ ധ്യാനാത്മകവും കമ്മാത്മകവുമായ ആദ്ധ്യാത്മിക യജ്ഞത്തിൽക്കൂടി പുണ്യപരിപൂൎണ്ണതയുടെ ഉത്തുംഗശൃംഗങ്ങളെ പ്രാപിച്ചിട്ടുള്ള എണ്ണമററ വിശുദ്ധന്മാർ പാപപങ്കിലമായ ലോകത്തിൻെറ മുമ്പിൽ മണിവിളക്കുകളായി പ്രശോഭിക്കുന്നു.

ചാവറ കുര്യാക്കോസച്ചൻ തുടങ്ങിയ മഹാരഥന്മാരുടെ നേതൃത്വത്തിൽ കേരളത്തിൽ സമാരംഭിച്ച സന്യാസപ്രസ്ഥാനം ധ്യാനവും സാമൂഹ്യപ്രവത്തനവും ഒന്നിച്ചുചേൎന്ന ഒരു സമ്മിശ്ര ജീവിതമുറയാണു സ്വീകരിച്ചതു്. കർമ്മലീത്താ നിഷ്പാദുക മൂന്നാംസഭയെന്ന പേരിലാണു ഇതറിയപ്പെടുന്നതെങ്കിലും ഈ സമൂഹം തിരുസിംഹാസനവുമായി നേരിട്ടു ബന്ധപ്പെട്ടിരിക്കുന്ന ഒരു സ്വതന്ത്ര സന്യാസസഭയാകുന്നു. ലോകത്തിലെ പ്രസിദ്ധങ്ങളായ സന്യാസസഭകളോടു വ്രതനിഷ്ഠയിലും പ്രേഷിതയത്നങ്ങളിലും സാദൃശ്യംവഹിക്കുന്ന ഒരു ഏതദ്ദേശീയ സന്യാസസഭ ഭാരതത്തിൽ വളൎന്നു പുഷ്ടിപ്രാപിച്ചിട്ടുണ്ടെന്നുള്ള വസ്തുത ഭാരതീയരായ ഏവൎക്കും അഭിമാനകരമാണ്.

## III

## കേരള സുറിയാനി സഭയിലെ പ്രതിസന്ധിഘട്ടം

ലോകമെങ്ങുമുള്ള സന്യാസസഭകളുടെ ഉത്ഭവസാഹചര്യങ്ങൾ തമ്മിൽ ചരിത്രപരമായ ഒരു പൊരുത്തം കാണാവുന്നതാണ്. തിരുസ്സഭയ്ക്കു നേരിടേണ്ടിവന്നിട്ടു

ള്ള ഓരോ പ്രതിസന്ധിഘട്ടങ്ങളിലാണു അവ മിക്കവാറും ഉദയംചെയ്തിട്ടുള്ളതു്. ശീശ്മകളോ പാഷണ്ഡതകളോ പ്രബലപ്പെടുക, ജനങ്ങളുടെ ഇടയിൽ വിശ്വാസത്തിനും സുകൃതത്തിനും ക്ഷയം സംഭവിക്കുക, അല്ലെങ്കിൽ സാമൂഹ്യരംഗത്തു സംജാതമാകുന്ന പരിവത്തനങ്ങൾ മൂലം ധാർമ്മികമായ അധഃപതനം നേരിടുക, എന്നിങ്ങനെയുള്ള ഘട്ടങ്ങളിൽ തിരുസഭയുടെ സംരക്ഷണത്തിനായി സമരസജ്ജമായ ഓരോ സന്യാസസമൂഹങ്ങൾ അമാനുഷപ്രഭാവന്മാരായ ഓരോപുണ്യവാന്മാരുടെ നേതൃത്വത്തിൽ രംഗപ്രവേശം ചെയ്യുന്നതു കാണാം.

5-ാംനൂററാണ്ടിൽ ജർമ്മൻ കിരാതവഗ്ഗങ്ങളുടെ ആക്രമണംമൂലം പുരാതന റോമാസാമ്രാജ്യവും സംസ്കാരവും മിക്കവാറും മൃതപ്രായമായിത്തീൎന്നു. ഈ കിരാതപ്രവാഹം തിരുസ്സഭയുടെയും വിശ്വാസത്തിന്റെയും നില അപകടത്തിലാക്കി. ഈ ഘട്ടത്തിലാണ് വി. ബനഡിക്ടും തന്റെ ശിഷ്യന്മാരും രംഗപ്രവേശം ചെയ്തതു്. യൂറോപ്പിന്റെ സാമ്പത്തികവും സാമൂഹ്യവും ആദ്ധ്യാത്മികവുമായ പുനരുജ്ജീവനത്തിനു വഴിതെളിച്ചതു ബനഡിക്ടൈൻ സന്യാസസഭയാകുന്നു. 13-ാം നൂററാണ്ടിൽ ആൽബീജേൻസ്യൻ പാഷണ്ഡത ഫ്രാൻസിൽ ശക്തിപ്രാപിക്കുകയും വിശ്വാസത്തെ അപകടത്തിലാക്കുകയും ചെയ്ത കാലഘട്ടത്തിലാണു വി. ഡോമിനിക്കും വി. ഫ്രാൻസീസ്സും ഓരോ സന്യാസസഭകളുടെ നേതൃത്വം വഹിച്ചുകൊണ്ടു പ്രവത്തനം ആരംഭിച്ചതു്. 16-ാം നൂററാണ്ടിലെ മതപരിഷ്ക്കരണക്കൊടുങ്കാററിനെ പ്രതിരോധിച്ചുകൊണ്ടു സഭാസംരക്ഷണം നിവ്വഹിച്ചതു പടയാളിയും പുണ്യവാനുമായ വി. ഇഗ്നേഷ്യസ് ലെയോളയും അദ്ദേഹം സംഘടിപ്പിച്ച ആദ്ധ്യാത്മിക സൈ

ന്യവ്യൂഹവും ആകുന്നു. ആധുനിക ഭൗതിക പരിഷ്കാരം തെരുവീഥികളിലേക്കു വലിച്ചെറിഞ്ഞ അനാഥരായ ബാലികാബാലന്മാരേയും യുവതീയുവാക്കന്മാരെയും വീണ്ടെടുത്ത് അവരിൽ വിശ്വാസദീപം കൊളുത്തിയതു വി. ഡോൺ ബോസ്കോയാകുന്നു. അദ്ദേഹം സ്ഥാപിച്ച സലേഷ്യൻസഭ ഇന്നും ആ മഹനീയസേവനം തുടൎന്നു കൊണ്ടുപോകുന്നു. ഇങ്ങനെ തിരുസഭ ഗുരുതരങ്ങളായ വിപത്ഘട്ടങ്ങളെ നേരിടേണ്ടിവന്നിട്ടുള്ളപ്പോഴൊക്കെയും ഓരോരോ സന്യാസസഭകൾ രൂപംപ്രാപിക്കുന്നതും വിശ്വാസത്തെ സംരക്ഷിക്കുന്നതും കാണാം.

19-ാം നൂററാണ്ടിലെ കേരള സുറിയാനി കത്തോലിക്കസഭയുടെ കാൎയ്യത്തിലും ചരിത്രം സ്വയം ആവൎത്തിക്കുന്നതായി തോന്നുന്നു. ചരിത്രപരമായ കാരണങ്ങളാൽ കേരളത്തിലെ സുറിയാനിസഭ ആന്തരികമായ അസ്വസ്ഥതയും കാൎയ്യക്ഷമമായ ആത്മപരിപാലനത്തിന്റെ അഭാവവും മൂലം അധഃപതിച്ചുകൊണ്ടിരുന്ന ഒരു കാലസന്ധിയായിരുന്നു അതു്. ആ സന്ധിയിൽ അന്യാദൃശനായ ഒരു യതിവൎയ്യൻ തന്റെ നേതൃത്വത്തിലുള്ള ഒരു സന്യാസസഭയുടെ പിൻതുണയോടുകൂടി സ്വസമുദായത്തെ ഉദ്ധരിക്കുന്നതിനായി രംഗപ്രവേശം ചെയ്തു. അദ്ദേഹത്തിന്റെ ജീവിതവും നേട്ടങ്ങളുമാണു ഈ ഗ്രന്ഥത്തിലെ പ്രതിപാദ്യം. എന്നാൽ ആ കഥ സുഗ്രാഹ്യമാകണമെങ്കിൽ സുറിയാനി സമുദായത്തിനു നേരിട്ട അധഃപതനത്തിന്റെ കാരണങ്ങൾകൂടി നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു.

ക്രിസ്തുവിന്റെ പന്ത്രണ്ടു ശിഷ്യന്മാരിൽ ഒരുവനായ മാർതോമ്മാശ്ലീഹായാൽ സ്ഥാപിതമായ കേരളത്തിലെ ക്രൈസ്തവസഭ ലോകത്തിലെ ഏററവും പുരാതനമായ ഒരു ക്രൈസ്തവസമൂഹമാകുന്നു. അപ്പോസ്തലനിൽ

നിന്നു സുറിയാനിറീത്തനുസരിച്ചുള്ള ആരാധനക്രമം സ്വീകരിച്ച ഈ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ സമൂഹം കേരള സുറിയാനിസഭ എന്ന പേരിൽ അറിയപ്പെടുന്നു.

പുരാതനകാലംമുതൽ മാർത്തോമ്മാ ക്രിസ്ത്യാനികൾ കേരളത്തിലെ ഒരു പ്രമുഖ സമുദായമായിരുന്നു. മററു സമുദായങ്ങളുടെ ഇടയ്ക്കു് അവക്ക മാന്യമായ ഒരു സ്ഥാനമുണ്ടായിരുന്നു. കച്ചവടം, കൃഷി, വിദേശവാണിജ്യം, സൈന്യസേവനം മുതലായ തുറകളിൽ അസൂയാഹമായ ഒരു നില അവർ കരസ്ഥമാക്കിയിരുന്നു. രാജ്യസേവനത്തിലും അവർ ആരുടെയും പിന്നിലായിരുന്നില്ല. വിദേശങ്ങളിലേക്കു കയററി അയച്ചിരുന്ന കുരുമുളക തുടങ്ങിയ പ്രകൃതിവിഭവങ്ങളുടെ ഉടമസ്ഥന്മാർ സുറിയാനിക്രിസ്ത്യാനികളായിരുന്നു. കച്ചവടസാധനങ്ങൾ തൂക്കുന്ന പബ്ലിക്കു ആഫീസുകളിലെ അധിപന്മാരും അവർതന്നെ. "ഒരു നാട്ടുവാഴിയുടെ കീഴിൽ എത്ര നാട്ടുക്രിസ്ത്യാനികൾ ഉണ്ടായിരുന്നോ അത്രയ്ക്കു മററു നാട്ടുവാഴികൾ അദ്ദേഹത്തെ ഭയപ്പെട്ടിരുന്നു." നസ്രാണിസമുദായത്തിലെ പുരുഷന്മാർ ആയുധധാരികളായിട്ടാണ് വെളിയിൽ സഞ്ചരിച്ചിരുന്നതു്. 8വയസ്സുമുതൽ 25 വയസ്സുവരെയും അവർ ആയുധപരിശീലനം നടത്തിയിരുന്നു. ചേരമാൻ പെരുമാൾ 72 പ്രത്യേക പദവികൾ നൽകി നസ്രാണികളെ ബഹുമാനിച്ചു എന്നതും ചരിത്രപ്രസിദ്ധമത്രെ. 10-ാം നൂററാണ്ടു മുതൽ 15-ാം നൂററാണ്ടുവരെ ഉദയംപേരൂർ തലസ്ഥാനമാക്കിക്കൊണ്ടു് വില്ല്യാർവട്ടം എന്നു പേരായ ഒരു നസ്രാണി രാജവംശം ഭരണം നടത്തിയിരുന്നു എന്നുള്ളതും നസ്രാണികളുടെ രാഷ്ട്രീയപ്രതാപത്തിനു സാക്ഷ്യംവഹിക്കുന്നു.

വിശ്വാസസംബന്ധമായ കാൎയ്യങ്ങളിൽ മാർതോമ്മാ ക്രിസ്ത്യാനികൾ അപ്പോസ്തലപാരമ്പൎയ്യം അന്യൂനമായി പുലൎത്തിക്കൊണ്ടുപോന്നു. ആദ്യത്തെ മൂന്നുറുവൎഷം മാർതോമ്മാശ്ലീഹായിൽനിന്ന് അധികാരം സിദ്ധിച്ച സ്വദേശി മെത്രാന്മാരും അവരുടെ അനന്തരന്മാരും സഭാഭരണം നിൎവ്വഹിച്ചിരുന്നു. അതിനുശേഷം പൌരസ്ത്യ ബാബേൽ പാത്രിയൎക്കീസിനാൽ നിയുക്തരായവരും റോമാമാൎപ്പാപ്പായ്ക്കു കീഴ്പ്പെട്ടവരുമായ സുറിയാനി മെത്രാന്മാർ ആയിരുന്നു ഈ സഭയുടെ നാഥന്മാർ. ഇവർ വിദേശികളായിരുന്നു എങ്കിലും ആരാധനക്രമം, ഭാഷ എന്നീ കാൎയ്യങ്ങളിൽ കേരള നസ്രാണികളുടെ പുരാതന പാരമ്പൎയ്യത്തെ അവർ അഭംഗുരം പരിപാലിച്ചുകൊണ്ടു പോന്നതിനാൽ അവരെ നമ്മുടെ പൂൎവ്വികന്മാർ സജാതീയരായിത്തന്നെ കരുതി ആദരിച്ചും അനുസരിച്ചും പോന്നു. തിരുസ്സഭാകേന്ദ്രമായ റോമയിൽനിന്നും അനേകായിരം മൈൽ ദൂരത്തിൽ സ്ഥിതിചെയ്തിരുന്ന ഈ ക്രൈസ്തവസമൂഹം, തിരുസിംഹാസനവുമായുള്ള ആശയവിനിമയവും സമ്പൎക്കവും എത്രയും ദുഷ്കരമായിരുന്നിട്ടും മാർതോമ്മാശ്ലീഹായിൽനിന്നും അവൎക്കു ലഭിച്ച വിശ്വാസദീപം അണയാതെയും ശീശ്മയാലും പാഷണ്ഡതയാലും നിഷ്പ്രഭമാകാതെയും നൂററാണ്ടുകളിൽക്കൂടി കാത്തുസൂക്ഷിച്ചുപോന്നു എന്നുള്ളതു് ഏററവും അഭിമാനകരവും അത്ഭുതാവഹവുമായ ഒരു ചരിത്രവസ്തുതയത്രെ. 4-ാംശതാബ്ദം മുതൽ യൂറോപ്പിലും സമീപപൌരസ്ത്യദേശങ്ങളിലും പ്രചണ്ഡമായ ശീശ്മകൾ ഒന്നിനുപുറകേ ഒന്നായി രംഗപ്രവേശംചെയ്തു് തിരുസ്സഭയുടെ ഐക്യത്തെ ശിഥിലമാക്കി എങ്കിലും കേരള സുറിയാനി സഭ അതിന്റെ പുരാതനമായ പൌരസ്ത്യ സുറിയാനി (കൽദായ) റീത്തിലും തിരുസിംഹാസനവുമാ

യുള്ള ഐക്യത്തിലും സ്ഥിരമായി നില്ക്കുകയാണുണ്ടായത്.

എന്നാൽ 16-ാം നൂററാണ്ടിൽ കേരളത്തിൽ സംഭവിച്ച രാഷ്ട്രീയവും സാമൂഹ്യവുമായ ചില പരിവത്തനങ്ങൾ കേരള സുറിയാനി സഭയെ സംബന്ധിച്ചിടത്തോളം നിർഭാഗ്യകരമായ ചില പരിണാമങ്ങൾക്കു വഴിതെളിച്ചു: ഈ നൂററാണ്ടിൽ പോർട്ടുഗീസുകാരുടെ രാഷ്ട്രീയാധികാരം കേരളത്തിൽ സ്ഥാപിതമായി. ഈ നൂതനബന്ധത്തിൻെറ ആദ്യഘട്ടത്തിൽ പോർട്ടുഗീസ് ഭരണകത്താക്കളും മിഷനറിമാരും സുറിയാനി ക്രിസ്ത്യാനികളോട്ട് വളരെ അനുഭാവപൂവ്വമാണ് പെരുമാറിയിരുന്നത്. രാഷ്ട്രീയമായും സാമ്പത്തികമായും മതപരമായും അവരെ ഉന്നമിപ്പിക്കുവാൻ പോർട്ടുഗീസുകാർ കഴിവതു ശ്രമിക്കയും ചെയ്തു.

എന്നാൽ ഏറെനാൾ കഴിയുംമുമ്പു ഈ നയത്തിന് ഒരു മാററം സംഭവിച്ചു. ലത്തീൻ റീത്തുകാരായ പോർട്ടുഗീസ് വൈദികാധികാരികൾ സുറിയാനിസഭയുടെ ആഭ്യന്തരഭരണത്തിൽ കൂടുതൽ കൂടുതൽ ഇടപെടുവാൻ തുടങ്ങി. അക്കാലത്ത് ഈ സഭയെ ഭരിച്ചിരുന്ന സുറിയാനി മെത്രാന്മാരെ മാററി തൽസ്ഥാനത്ത് പോർട്ടുഗീസ് മെത്രാന്മാരെയും പുരാതനമായ സുറിയാനി റീത്തിനു പകരം ലത്തീൻ റീത്തും പ്രതിഷ്ഠിക്കണമെന്നുള്ളതായിരുന്നു അവരുടെ ഉദ്ദേശ്യം. കേരള സഭയിൽ നൂററാണ്ടുകളായി നിലനിന്നുപോന്നിട്ടുള്ള പൗരസ്ത്യ റീത്തിനെപ്പററിയുള്ള അജ്ഞതയും അധീശശക്തിക്ക് ഏതദ്ദേശീയസ്ഥാപനങ്ങളെപ്പററി സ്വാഭാവികമായി തോന്നാവുള്ള അവജ്ഞയുമായിരിക്കാം അവരെ ഈ സംരംഭത്തിനു പ്രേരിപ്പിച്ചതു്. കേരളത്തിലെ ക്രൈസ്തവരെ മുഴുവൻ ഒരേ റീത്തിൻെറയും ഒരേ വൈദി

കാധികാരത്തിൻെറയും കീഴിൽ ഏകീകരിക്കുന്നതു് സഭയുടെ ശക്തിക്കും സുസ്ഥിതിക്കും സഹായകമായിരിക്കുമെന്നുള്ള ആത്മാത്ഥമായ വിശ്വാസവും അവക്കു പ്രചോദനം നല്കിയിരിക്കാം.

ഏതായാലും വിദേശ മിഷനറിമാരുടെ ഈ പുറപ്പാടു് കേരള സുറിയാനിസഭയിൽ സാവ്വത്രികമായ അസ്വസ്ഥതയ്ക്കും ക്ഷിദ്രത്തിനും കാരണമായിഭവിക്കുകയാണുണ്ടായതു്. രാഷ്ട്രീയമണ്ഡലത്തിലെന്നപോലെതന്നെ സഭാഭരണമണ്ഡലത്തിലും സംഭവിക്കുന്ന സ്വാതന്ത്ര്യനഷ്ടം പ്രശസ്തവും ഉൽകൃഷ്ടവുമായ പാരമ്പയ്യമുള്ള ഒരു സമുദായത്തിൻെറ വികാരങ്ങളെ വ്രണപ്പെടുത്തുകയും അവരിൽ തീവ്രമായ അസംതൃപ്തി വളത്തുകയും ചെയ്യുമെന്നുള്ളതിനു സംശയമില്ല. 1599-ാമാണ്ടു നടന്ന ഉദയംപേർ സൂനഹദോസ് സുറിയാനിവിഭാഗത്തിൻെറ പാരതന്ത്ര്യത്തെ ദൃഢീകരിച്ചു.

സമുദായഹൃദയത്തിൽ നീറിപ്പുകഞ്ഞുകൊണ്ടിരുന്ന അസംതൃപ്തി കൂനൻകുരിശു സത്യത്തിൽചെന്നു കലാശിച്ചു. ഈ നിർഭാഗ്യകരമായ സംഭവത്തോടുകൂടി സുറിയാനിക്കാർ രണ്ടുചേരികളായിത്തിരിഞ്ഞു. വിദേശീയ ഭരണത്തോടുള്ള വിദ്വേഷം കാരണത്താൽ ഒരു വിഭാഗം സ്വാതന്ത്ര്യംപ്രഖ്യാപനം ചെയ്തുകൊണ്ടു അവരുടെ അധികാരസീമയിൽനിന്നു സ്വയം വിമുക്തരായി. നിർഭാഗ്യവശാൽ അധികകാലം കഴിയുംമുമ്പു ഇക്കൂട്ടർ പാഷണ്ഡതയിൽ ചെന്നു പതിക്കുകയാണുണ്ടായതു്. സ്വാതന്ത്ര്യവാഞ്ഛ അവരെ വിപത്തിലേക്കു നയിച്ചു. മറേറവിഭാഗം സ്വാതന്ത്ര്യനാശത്തിൽ അസംതൃപ്തരായിരുന്നു എങ്കിലും അക്കാരണത്താൽ വൈദികാധികാരത്തോടുള്ള ബന്ധം വിടത്തുവാൻ സന്നദ്ധരായില്ല. വിദേശീയമായിരുന്നെങ്കിലും സാഹചയ്യങ്ങളുടെ

ആനുകൂല്യംകൊണ്ടു് വ്യവസ്ഥാപിതമായിത്തീർന്ന വൈദികാധികാരത്തോടു് ആത്മീയവിധേയത്വവും അനുസരണയും പുലത്തിക്കൊണ്ടു് സ്വസമുദായത്തിൻെറ സ്വാതന്ത്ര്യത്തിനും ഉൽക്കഷ്ത്തിനുംവേണ്ടി പരിശ്രമിക്കുക എന്നതായിരുന്നു അവരുടെ നയം. മതപരമായ കാൎയ്യങ്ങളിൽ അന്ധമായ വികാരതീവ്രത അപകടകാരിയാണെന്നു് അവർ ധരിച്ചിരുന്നു. ഭരണസ്വാതന്ത്ര്യത്തിനും റീത്തിനുംവേണ്ടി വിശ്വാസത്തെ അപകടത്തിലാക്കാതിരിക്കുവാൻ വേണ്ടുന്ന ആത്മനിയന്ത്രണം ആ പരീക്ഷണഘട്ടത്തിൽ അവർ പ്രകടിപ്പിച്ചു. അങ്ങിനെ പുരാതനമായ റീത്തും ശ്ലൈഹികമായ വിശ്വാസവും കേരളക്കരയിൽ നിലനില്ക്കുവാൻ ഇടയായി.

അന്യ റീത്തുകാരും വിദേശികളുമായ വൈദികമേലദ്ധ്യക്ഷന്മാരുടെ ഭരണം സുറിയാനി വിഭാഗത്തിൻെറ അധഃപതനത്തിനു വഴിതെളിച്ചു. അവരുടെ അധികാരത്തിൽനിന്നു വിട്ടുപോകാതെനിന്ന സുറിയാനിക്കാരും പാരതന്ത്ര്യബോധത്താൽ അസ്വസ്ഥരായിരുന്നു. തങ്ങളുടെ ഭരണത്തിൽ അസംതൃപ്തരായിക്കഴിയുന്ന ഒരു ജനവിഭാഗത്തിനു് എന്തെങ്കിലും നന്മചെയ്യണമെന്നുള്ള കാൎയ്യത്തിൽ ഭരണാധികാരികൾ അനാസ്ഥ പ്രകടിപ്പിക്കുക എന്നുള്ളതു് സ്വാഭാവികമാണു്. ഈ പരിതസ്ഥിതിയിൽ അവരുടെ അധികാരത്തിനു് ഇളക്കംതട്ടാതെ നോക്കുന്നതിലാണു് അവർ ശ്രദ്ധിച്ചിരുന്നതു്. സുറിയാനി സമുദായത്തിലെ വൈദികരും അവൈദികരുമായ നേതാക്കന്മാർ കക്ഷിമത്സരങ്ങളിലും വ്യാപൃതരായി. ജനങ്ങളുടെ ആത്മീയാഭിവൃദ്ധിയിൽ വേണ്ടുന്ന ശ്രദ്ധചെലുത്തുവാൻ ആരുംതന്നെ കൂട്ടാക്കിയില്ല. അധീശശക്തിയുടെ അനുഭാവം നഷ്ടപ്പെട്ടതുമൂലം സുറിയാനിസമുദായത്തിൻെറ സാമൂഹ്യമായ പ്രാബല്യവും ക്രമേ

ണ ക്ഷയിച്ചു. ഇങ്ങനെ 17-ാം നൂററാണ്ടിൻെറ അവസാനഘട്ടമായപ്പോഴേക്കും കേരള കത്തോലിക്ക സുറിയാനിസമുദായം സാമൂഹ്യമായും മതപരമായും അധ:പതനത്തെ പ്രാപിച്ചു.

നിർഭാഗ്യകരമായ ഈ അവസ്ഥയിൽനിന്നും സമുദായത്തെ ഉദ്ധരിക്കുവാൻ പ്രഗത്ഭമതികളും സമുദായസ്നേഹികളുമായ നേതാക്കന്മാർ 17-ഠ 18-ഠ നൂററാണ്ടുകളിൽ രംഗപ്രവേശം ചെയ്തു. പറമ്പിൽ ചാണ്ടി മെത്രാൻ, കരിയാററിൽ യൗസേപ്പു മല്പാൻ, പാറേമ്മാക്കൽ തോമ്മാക്കത്തനാർ മുതലായ മഹാരഥന്മാർ ശീശ്മയ്ക്കു പയ്യവസാനം വരുത്തി സമുദായത്തെ വിശ്വാസ ഐക്യത്തിൽ പുന:സംഘടിപ്പിക്കുവാൻ വേണ്ടി ഭഗീരഥപ്രയത്നംചെയ്തു. പ്രതികൂല സാഹചയ്യങ്ങൾ മൂലം അവരുടെ പരിശ്രമങ്ങൾ വിജയപയ്യവസായിയായില്ലെങ്കിലും, അവരുടെ ത്യാഗബുദ്ധിയും, സേവനതൃഷ്ണയും, സമുദായാഭിമാനവും സുറിയാനി സമുദായത്തിൻെറ സ്മരണാമണ്ഡലത്തിൽ അവക്ക് ആരാദ്ധ്യമായ ഒരു സ്ഥാനം നേടിക്കൊടുത്തു.

ശീശ്മയ്ക്ക് അറുതിവരുത്തി സമുദായത്തിൻെറ നഷ്ടപ്പെട്ടുപോയ സ്വയംഭരണാവകാശം വീണ്ടെടുക്കുന്നതിലായിരുന്നു മേൽപ്പറയപ്പെട്ട നേതാക്കന്മാരുടെ ശ്രദ്ധ മുഴുവൻ കേന്ദ്രീകരിച്ചിരുന്നതു്. സമുദായോദ്ധാരണത്തെ ലക്ഷ്യമാക്കിയുള്ള പദ്ധതികൾ ആസൂത്രണംചെയ്തു നടപ്പിൽ വരുത്തുന്നകാര്യം അന്നത്തെ സാഹചയ്യങ്ങളിൽ അവരുടെ ശ്രദ്ധയിൽ പെട്ടതേയില്ല. തദ്ഫലമായി 19-ാം നൂററാണ്ടിൻെറ ആരംഭ ഘട്ടത്തിൽപോലും സുറിയാനി സമുദായം പാരതന്ത്ര്യത്തിലും അപകർഷത്തിലുമാണു് കഴിഞ്ഞുകൂടിയിരുന്നതു്.

 D.H.2147

സർവ്വജനാരാദ്ധ്യനും പ്രഗത്ഭമതിയുമായ ഒരു നേതാവിനു മാത്രമെ സമുദായത്തെ ഈ ദുരവസ്ഥയിൽനിന്നു രക്ഷിക്കുവാൻ സാധിക്കുമായിരുന്നുള്ളു. കേരള ക്രൈസ്തവരുടെ, പ്രത്യേകിച്ചും സുറിയാനി സമുദായത്തിൻെറ ഭാഗ്യാതിരേകം എന്നേപറയേണ്ടു, താദൃശനായ ഒരു നേതാവിനെ ദൈവം ഈ കാലഘട്ടത്തിൽ അവർക്കു നൽകി. കേരള ക്രൈസ്തവ സഭാമാതാവിൻെറ അവിസ്മരണീയനായ ആ വീര സന്താനമാണ് നമ്മുടെ കഥാനായകനായ ചാവറ കുരിയാക്കോസ് ഏലിയാസച്ചൻ. ക്രാന്ത ദർശിയായ ഈ മഹാപുരുഷൻ സ്വ സമുദായത്തിൻെറ ആത്മീയവും സാമൂഹ്യവുമായ ഉൽകർഷത്തെ ലക്ഷ്യമാക്കി കരുപ്പിടിപ്പിച്ച ബഹുമുഖങ്ങളായ പദ്ധതികളെ പ്രയോഗക്ഷമമാക്കുവാൻവേണ്ടി അദ്ദേഹം സ്വീകരിച്ച മാർഗ്ഗമാണ് സന്യാസ സഭാസ്ഥാപനം. കേരള സുറിയാനി കർമ്മലീത്താസഭയുടെ സ്ഥാപകന്മാരിലൊരാളും അതിൻെറ പ്രഥമ പ്രിയോർ ജനറാളുമായിരുന്ന ഈ യതിവര്യനാകുന്നു 19-ാം നൂററാണ്ടിൽ കേരളത്തിൽ സമാരംഭിച്ച ക്രിസ്തീയ നവോത്ഥാനത്തിൻെറ ഉപജ്ഞാതാവ്.

KOTTAYAM PUBLIC LIBRARY KOTTAYAM 81842

## IV

## അന്യാദൃശനായ നേതാവ്

നേതാക്കന്മാർ സാഹചര്യങ്ങളെ സൃഷ്ടിക്കുന്നു എന്നും സാഹചര്യങ്ങൾ നേതാക്കന്മാരെ സൃഷ്ടിക്കുന്നു എന്നും സാധാരണ രണ്ടുപക്ഷമുണ്ട്. ഈ രണ്ടഭിപ്രായങ്ങളും

ഏറെക്കുറെ ശരിയാണ്. ജനപദങ്ങളുടെ അന്തഃസത്ത യിൽ കുടികൊള്ളുന്ന ഗുണപൗഷ്കല്യങ്ങളുടെയും പ്രത്യാശകളുടെയും മൂർത്തീഭാവമായി പ്രത്യക്ഷപ്പെടുന്ന വ്യക്തിയെമാത്രമേ സമുദായം നേതൃസ്ഥാനത്തു പ്രതിഷ്ഠിക്കൂ. വ്യക്തികൾക്കെന്നതുപോലെ സമുദായങ്ങൾക്കുമുണ്ട് ചില ഗുണങ്ങൾ. അവയുടെ സമാഹാരമാണ് ആ സമുദായത്തിൻെറ സംസ്കാരം. അതിൻെറ പ്രഗല്ഭമായ പ്രതിഫലനം ഏതൊരു വ്യക്തിയിൽകാണുന്നുവോ, അയാളിൽ സമുദായം ആകൃഷ്ടമായിത്തീരുന്നു. അയാൾക്ക് സമുദായത്തോട്ട് ഒരു ഹൃദയപ്പൊരുത്തവും സാത്മ്യവും ഉണ്ടാകുന്നു. സമുദായത്തിൻെറ പാരമ്പര്യസമ്പത്തിൽ നിന്നാണ് വ്യക്തിക്കു ഈ ഗുണങ്ങൾ ലഭിക്കുന്നത്. അങ്ങിനെ നേതാവിൻെറ സൃഷ്ടിയിൽ സമുദായത്തിൻെറ പാരമ്പര്യത്തിന് ഒരു പങ്കുണ്ട് എന്നു സിദ്ധിക്കുന്നു. മഹാത്മജിയെപ്പോലെ ഒരു രാഷ്ട്രീയ മഹർഷിക്കു ജന്മം നൽകി നേതൃസ്ഥാനത്തു പ്രതിഷ്ഠിക്കുവാൻ ആർഷഭാരതത്തിനെ കഴിയൂ. ജർമ്മനിയുടെ നേതൃതലത്തിൽ ഹിററ്ലർ എത്തിച്ചേർന്നതു ഇതേകാരണംകൊണ്ടാകുന്നു.

എന്നാൽ സംസ്കാരത്തിൻെറ പ്രതിരൂപമായതുകൊണ്ടുമാത്രം ഒരാൾ നേതാവായിത്തീരുന്നില്ല. അനിതരസാധാരണമായ വ്യക്തിവൈശിഷ്ട്യവും കൂടിയെ കഴിയൂ. അതാണു മററു വ്യക്തികളിൽനിന്നു അയാളെ ഉയർത്തുന്നതു്. താൻ സേവിക്കുവാൻ ആഗ്രഹിക്കുന്ന സമുദായത്തിൻെറ പ്രശ്നങ്ങളെപ്പററിയുള്ള സമഗ്രമായ ജ്ഞാനം, ഈ പ്രശ്നങ്ങൾ പരിഹരിക്കുവാൻ പര്യാപ്തമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള ഭാവനാശക്തി, അവയെ പ്രയോഗത്തിൽ വരുത്തുന്നതിനുള്ള ത്യാഗാത്മകമായ കർമ്മധീരത, സത്യനിഷ്ഠമായ ആ

ത്മാൎത്ഥത എന്നിവ ഒരു നേതാവിനു അവശ്യം ഉണ്ടായിരിക്കേണ്ട വിശേഷഗുണങ്ങളാണ്. ഈദൃശഗുണങ്ങൾ തികഞ്ഞ ഒരു വ്യക്തി തൻെറ ആദൎശത്തിനനുരൂപമായ സാഹചര്യങ്ങൾ സൃഷ്ടിച്ചുകൊണ്ടു മുന്നേറുന്നു. അങ്ങിനെ സാഹചര്യങ്ങൾ നേതാവിനേയും നേതാവ് സാഹചര്യങ്ങളേയും സൃഷ്ടിക്കുന്നു എന്നു പറയാം.

•മഹാത്മജി ഭാരത സംസ്കാരത്തിൻെറ ഒരു ഉത്തമ പ്രതിരൂപമാണ്. അതുകൊണ്ടാണ് മററാൎക്കും കഴിയാത്തവണ്ണം ഭാരതത്തിലെ ജനകോടികളുടെ ഹൃദയങ്ങളെ സ്പൎശിക്കുവാൻ അദ്ദേഹത്തിനു സാധിച്ചതു്. ഭാരതത്തെ സ്വതന്ത്ര്യയാക്കുവാൻ വേണ്ടി അദ്ദേഹം സ്വീകരിച്ച പദ്ധതികൾ അദ്ദേഹത്തിൻെറ വ്യക്തിവൈശിഷ്ട്യത്തിൽനിന്നു ഉടലെടുത്തവയാണ്. ആർഷസംസ്കാരത്തിൻെറ അടിത്തട്ടിൽ കുടികൊണ്ടിരുന്ന ആത്മശക്തിയെ സമരസജ്ജമാക്കിക്കൊണ്ടാണ് അദ്ദേഹം വിജയം വരിച്ചതു്.

കേരള സുറിയാനി സമുദായത്തിൻെറ അനിഷേദ്ധ്യ നേതാവായിരുന്ന ചാവറ കുരിയാക്കോസ് ഏലിയാസച്ചനും സ്വസമുദായത്തിൻെറ സാംസ്കാരിക പ്രതിബിംബമായിരുന്നു. മതനിഷ്ഠ, വിശ്വാസസ്ഥൈൎയ്യം, വിജ്ഞാനതൃഷ്ണ, വിശാലഹൃദയത്വം, ഔദ്ധത്യം കലരാത്ത കുലീനത, മുതലായ ഗുണങ്ങൾ അദ്ദേഹത്തിനു പരംപരാസിദ്ധമായിരുന്നു. അദ്ദേഹത്തിനു ജന്മം നൽകിയ ചാവറക്കുടുംബം കുട്ടനാട്ടിലെ അതിപുരാതനമായ കുലീന കുടുംബങ്ങളിൽ ഒന്നാണ്. മാർ തോമാശ്ലീഹായിൽ നിന്നു ജ്ഞാനസ്നാനം സ്വീകരിച്ച നാലു പുരാതന ബ്രാഹ്മണ കുടുംബങ്ങളിൽ ഒന്നായ പകലോമററം തറവാടിൻെറ ഒരു ശാഖയാണു ചാവറ. സാമൂഹ്യ ജീവിതം വളരെ വ്യാമിശ്രമായിത്തീൎന്നിരിക്കുന്ന ഇക്കാലത്തു് കുലീന

തയ്ക്കു് എന്തെങ്കിലും വിശേഷവിധിയായ ബഹുമാന്യത കല്പിക്കുന്നതിൽ പുരോഗമന വാദികൾ പരാങ്മുഖരാണെങ്കിലും ഒരു നൂററാണ്ടു മുൻപ് ജനങ്ങളുടെ മനോഭാവം അതായിരുന്നില്ല. സമുദായത്തിൻെറ ഉൽകൃഷ്ട പാരമ്പയ്യത്തിൻെറ കലവറയായിട്ടാണ് കുലീനകുടുംബങ്ങൾ അന്നു കരുതപ്പെട്ടിരുന്നതു്. ദൈവവിശ്വാസം, മതനിഷ്ഠ, ദീനാനുകമ്പ, ഔദായ്യം, സമുദായാഭിമാനം മുതലായ ഗുണങ്ങൾ ഇത്തരം കുടുംബങ്ങളുടെ പൂവ്വാജ്ജിത സമ്പത്തായിരുന്നു. ജാതിമതഭേദമെന്നിയെ എല്ലാവരുടേയും സ്നേഹാദരങ്ങൾക്കു് അവ പാത്രീഭവിച്ചുമിരുന്നു. ഏതാദൃശമായ ഒരു ഉൽകൃഷ്ട കുടുംബത്തിലെ അംഗമായി ജനിച്ച ഏലിയാസച്ചൻെറ പൂവാജ്ജിതമായ സംസ്കാരം അദ്ദേഹത്തെ ഏവരുടേയം സ്നേഹാദരങ്ങൾക്കു പാത്രമാക്കി.

ഇതിനും പുറമെ ഉൽകൃഷ്ടമായ പല വിശേഷ ഗുണങ്ങളാൽ അദ്ദേഹം അനുഗൃഹീതനുമായിരുന്നു. അദ്ദേഹത്തിൻെറ ആകൃതിയും പ്രകൃതിയും ഒരുപോലെ ഹൃദയാവജ്ജകമായിരുന്നു. പ്രഥമവീക്ഷണത്തിൽതന്നെ ആരെയും ആകഷിക്കുന്ന ആകാരഭംഗിയും വിനയവും, സൗശീല്യവും, സൗഹൃദത്വവും അദ്ദേഹത്തിനുണ്ടായിരുന്നു. ബാല്യകാലത്തുതന്നെ കൊച്ചുകുയ്യാക്കോസ് നാട്ടുകാരുടെയെല്ലാം കണ്ണിലുണ്ണിയായിരുന്നു. പുണ്യശ്ലോകനായ പാലയ്ക്കൽ തോമാമല്പാൻ, 11 വയസ്സു പ്രായമായ കുയ്യാക്കോസിനെ ചാവറവീട്ടിൽവച്ചു കണ്ടമാത്രയിൽതന്നെ കുട്ടിയിൽ അദ്ദേഹം ആകൃഷ്ടനായിത്തീൻു. പള്ളിപ്പുറം സെമിനാരിയിലെ സതീത്ഥ്യർ എല്ലാവരും കുയ്യാക്കോസിനെ അകമഴിഞ്ഞു സ്നേഹിക്കയും ആദരിക്കയും ചെയ്തിരുന്നു. പിൽക്കാലങ്ങളിൽ അദ്ദേഹത്തോടു് ഏതെങ്കിലും നിലയിൽ ഇടപെടേണ്ടിവന്നിട്ടുള്ളവ

രെല്ലാം അദ്ദേഹത്തിൻെറ വശ്യതയ്ക്കു് അധീനരായി പ്പോയിരുന്നു. വരാപ്പുഴയിലെ രൂപതാദ്ധ്യക്ഷന്മാരും, വിദേശ മിഷ്യനറിമാരും, ആശ്രമത്തിലെ സന്ന്യാസിക ളും, ശിഷ്യഗണങ്ങളും അദ്ദേഹത്തിൻെറ ഈ നൈസ ർഗ്ഗികമായ വാസനാവിശേഷത്തിനു സാക്ഷ്യം വഹിക്കു ന്നവരാണു്.

സമുന്നതമായ അധികാരസ്ഥാനങ്ങൾ വഹിച്ചിരു ന്നു എങ്കിലും അധികാര പ്രമത്തതയും പ്രതാപേച്ഛയും ഔദ്ധത്യവും അദ്ദേഹത്തെ തീണ്ടിയിരുന്നില്ല. മററുള്ള വരുടെ ബലഹീനതയിൽ അദ്ദേഹം അനുകമ്പ പ്രദർശി പ്പിച്ചിരുന്നു. കോപാവിഷ്ടനായി അദ്ദേഹത്തെ നാം ഒരിക്കലും കാണുന്നില്ല. ന്യായവാദംകൊണ്ടു് പ്രതിയോ ഗികളിൽ സത്യബോധം ജനിപ്പിക്കുവാനായിരുന്നു അ ദ്ദേഹത്തിൻെറ ശ്രമം. വിശ്വാസത്തിൽനിന്നോ, ആദ ർശനിഷ്ഠയിൽനിന്നോ വ്യതിചലിച്ചുപോകുന്നവർ പശ്ചാ ത്താപത്തോടുകൂടി തിരിച്ചു വരുന്നപക്ഷം അവരെ സ്നേ ഹപുരസ്സരം സ്വീകരിക്കുവാൻ അദ്ദേഹം സദാ സന്നദ്ധ നായിരുന്നു മററുള്ളവരുടെ വിശ്വാസത്തേയും സ്നേ ഹത്തേയും അനായാസേന സമ്പാദിക്കുവാൻ പോരുന്ന തായിരുന്നു അദ്ദേഹത്തിൻെറ സ്വഭാവം.

കുര്യാക്കോസച്ചൻെറ നാളാഗമത്തിൽ അദ്ദേഹം 'ഭോഷൻ' എന്നു പലവട്ടം സ്വയം സംബോധന ചെയ്യു ന്നുണ്ടെങ്കിലും അതു് അദ്ദേഹത്തിൻെറ വിനയാതിരേകം കൊണ്ടു മാത്രമാണു്. യഥാർത്ഥത്തിൽ അദ്ദേഹം പ്രതി ഭാസമ്പന്നനായ ഒരു ക്രാന്ത ദർശിയായിരുന്നു. ബാല്യ കാലത്തുതന്നെ പഠനത്തിൽ വലിയ ഉത്സാഹവും സാമ ർത്ഥ്യവും പ്രദർശിപ്പിച്ചിരുന്നു. സദ്ഗ്രന്ഥ പാരായണ ത്തിലും ഗ്രന്ഥരചനയിലും അദ്ദേഹത്തിനു വലിയ താ ല്പര്യമായിരുന്നു. മലയാളം, സംസ്കൃതം, തമിഴ്, എന്നീ

ഭാഷകൾ ചെറുപ്പത്തിൽതന്നെ അഭ്യസിച്ചു. പിന്നീട് സുറിയാനി, ലത്തീൻ, പോർട്ടുഗീസ് എന്നീ വിദേശ ഭാഷകളും അദ്ദേഹം വശമാക്കി. വേദശാസ്ത്രങ്ങളിലും അവഗാഹം സമ്പാദിച്ചിരുന്നു. ബുദ്ധിപരമായ ഈ നേട്ടങ്ങൾ അദ്ദേഹത്തിന്റെ ധിഷണാശക്തിയെ പ്രസ്പഷ്ടമാക്കുന്നു.

ജനനേതാക്കന്മാർക്ക് അനപേക്ഷണീയമായ മറെറാരു വാസനാവിശേഷവും അദ്ദേഹത്തിനുണ്ടായിരുന്നു—ഹൃദയഹാരിയായ വാഗ്‌വിലാസം. ബാല്യദശയിൽത്തന്നെ ഈ വാസന പ്രകടമായിരുന്നു. വിജ്ഞാനവും അനുഭവസമ്പത്തും വദ്ധിച്ചതോടൊപ്പം അദ്ദേഹത്തിന്റെ പ്രസംഗപാടവവും പുഷ്ടിപ്രാപിച്ചു. 24-ാം വയസ്സിൽ പൗരോഹിത്യപട്ടം സ്വീകരിച്ചശേഷം അദ്ദേഹം പുളിങ്കുന്നിൽ കുറേനാൾ താമസിക്കുകയുണ്ടായി. ആയിടയ്ക്ക് അദ്ദേഹം അവിടെ ഒരു ധ്യാനപ്രസംഗം നടത്തി. യുവവൈദികന്റെ പ്രഭാഷണചാതുരിയും, ആശയഗാംഭീര്യവും, ആദ്ധ്യാത്മികപ്രബോധനങ്ങളുടെ ഉത്തേജനശക്തിയും ശ്രോതാക്കളെ ആവേശംകൊള്ളിച്ചു. ആദ്യത്തെ പ്രസംഗംകൊണ്ടുതന്നെ അദ്ദേഹം പുളിങ്കുന്നിലും സമീപപ്രദേശങ്ങളിലും പ്രസിദ്ധനായിത്തീർന്നു. കാലാന്തരത്തിൽ അദ്ദേഹം ദേവാലയങ്ങൾതോറും പ്രസംഗങ്ങൾ നടത്തി. ശ്രോതാക്കളുടെ ഹൃദയങ്ങളെ മാന്ത്രികശക്തിയാലെന്നതുപോലെ വശീകരിക്കുവാനും അവയിൽ ആത്മീയപരിവത്തനത്തിന്റെ കല്ലോലങ്ങൾ ഇളക്കിവിടുവാനും പോരുന്നവയായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ. ഒരനുഭവസ്ഥൻ പറയുകയാണ് "വലിയ പ്രിയോരച്ചനെ ഞാൻ കണ്ടിട്ടുണ്ട്. കാണുക മാത്രമല്ല അദ്ദേഹത്തിന്റെ മധുരമായ പ്രസംഗം കേൾക്കുന്നതിനുള്ള ഭാഗ്യവും എനിക്കു ലഭിച്ചിട്ടു

ണ്ടു്. ഹാ! എത്ര ആനന്ദകരമായ കാഴ്ചയാണ് അദ്ദേഹത്തെ കാണുന്നതെന്നു പറയാൻ വിഷമം. പരിശുദ്ധാത്മരൂപിയാൽ നിറഞ്ഞ ആളും, ചെറിയ മണിസ്വരം, എന്നാൽ പള്ളിയിൽ എല്ലാവർക്കും അദ്ദേഹത്തിൻെറ ഇമ്പമായ സ്വരം കേൾക്കാൻ യാതൊരു പ്രയാസവുമില്ല. ഹാ! ആ ഓർമ്മ ഞാൻ ഒരിക്കലും മറന്നിട്ടില്ല. ഇന്നും ഇന്നലത്തെപ്പോലെ തോന്നുന്നു."

ഈദൃശമായ മാനസികവും ബുദ്ധിപരവുമായ കഴിവുകൾ ചാവറ കുറിയാക്കോസച്ചനെ സമുദായ നേതൃത്വത്തിനു അർഹനാക്കിത്തീർത്തു. എന്നാൽ അദ്ദേഹത്തിൻെറ യഥാർത്ഥ മഹത്വത്തിനു നിദാനമായിരിക്കുന്നതു് ആ സന്യാസശ്രേഷ്ഠനിൽ വിളങ്ങിയിരുന്ന അന്യാദൃശമായ ഭക്തിനിഷ്ഠയും ജീവിതവിശുദ്ധിയുമാണ്. ജനനങ്ങൾ അദ്ദേഹത്തെ ഒരു പുണ്യാത്മാവായും ഋഷിയായും കരുതി ആദരിച്ചിരുന്നു. മഹർഷിമാരെ പൂജിക്കുക എന്നതു് ആർഷഭാരതത്തിൻെറ ഒരു സ്വഭാവവിശേഷമാകുന്നു എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

ചാവറ അച്ചൻ സ്വസമുദായത്തിൻെറ ഉദ്ധാരണത്തിനായി സ്വീകരിച്ച നയവും പ്രത്യേകം പരിഗണനാർഹമാണ്. സമുദായത്തിൻെറ അവശതകളെപ്പററിയും അതിൻെറ അധഃപതനത്തിനു വഴിതെളിച്ച കാരണങ്ങളെപ്പററിയും അദ്ദേഹം ബോധവാനായിരുന്നു. വിദേശ മെത്രാന്മാരുടെ ഭരണംമൂലം സമുദായം അന്നും അസ്വസ്ഥമായിട്ടാണു കഴിഞ്ഞിരുന്നതു്. സ്വന്ത റീത്തിൽപ്പെട്ട മെത്രാന്മാരുടെ ഭരണം പുനഃസ്ഥാപിച്ചു സ്വാതന്ത്ര്യം വീണ്ടെടുക്കുവാനുള്ള തീക്ഷ്ണമായ അഭിനിവേശം എല്ലാ സമുദായാഭിമാനികൾക്കുമുണ്ടായിരുന്നു. സുറിയാനിസമുദായത്തിൻെറ ഉൽക്കർഷത്തിൽ ദത്താവധാനനായിരുന്ന നമ്മുടെ കഥാനായകനും ഈ അഭിനി

വേശത്തിൽ ഭാഗഭാക്കായിരുന്നു എന്നുള്ളതിൽ സംശയമില്ല. എന്നാൽ അതിനുവേണ്ടി ഒരു പ്രക്ഷോഭണം നടത്തുവാൻ അദ്ദേഹം ഉദ്യമിച്ചില്ല. നേരേമറിച്ച് സൃഷ്ടിപരമായ പദ്ധതികൾ മുഖേന സമുദായത്തെ ആദ്ധ്യാത്മികമായും സാമൂഹ്യമായും ഉദ്ധരിച്ച് അതിൻെറ ആന്തരികമായ ശക്തിവദ്ധിപ്പിക്കുവാനാണ് അദ്ദേഹം ശ്രമിച്ചത്. സാവ്വത്രികമായ വിദ്യാഭ്യാസം മുഖേന ജനങ്ങളെ വിജ്ഞാനസമ്പന്നരും സംസ്കൃതചിത്തരുമാക്കുക; അവരുടെ സാമൂഹ്യനില ഉയത്തുക; സമുദായത്തിൽ മതനിഷ്ഠയും ആദ്ധ്യാത്മികചൈതന്യവും വളത്തുക, സുശിക്ഷിതരും വേദശാസ്ത്ര വ്യുല്പന്നന്മാരുമായ വൈദികരുടെ കയ്യിൽ സമുദായത്തിൻെറ ഭാഗധേയങ്ങൾ ഏൾപ്പിക്കുക; ഇതായിരുന്നു അദ്ദേഹം വിഭാവന ചെയ്ത കർമ്മപരിപാടി. ഇങ്ങനെ പുരോഗമനോന്മുഖമായിത്തീരുന്ന ഒരു പ്രബുദ്ധസമുദായത്തിൻെറ ന്യായമായ അവകാശങ്ങളെ ആക്കും നിഷേധിക്കുവാൻ സാദ്ധ്യമല്ലെന്നുള്ളതായിരുന്നു അദ്ദേഹത്തിൻെറ വിശ്വാസം. കാലാന്തരത്തിൽ നാട്ടുമെത്രാന്മാരെ കിട്ടുവാൻവേണ്ടി വ്യവസ്ഥാപിതമായ മാർഗ്ഗങ്ങളിൽക്കൂടി നടത്തപ്പെട്ട വിജയപര്യവസായിയായ പ്രക്ഷോഭണത്തിന് നേതൃത്വം നൾകിയത് സുറിയാനി കർമ്മലീത്താസഭയുടെ പ്രഗല്ഭ സന്താനങ്ങളായിരുന്നു എന്നുള്ള വസ്തുതയും പ്രത്യേകം സ്മരണീയമാണ്.

ചാവറ അച്ചൻെറ സമുദായോദ്ധാരണപരിശ്രമങ്ങളിൽ വരാപ്പുഴയിലെ വിദേശീയ മെത്രാന്മാരുടെയും മിഷനറിമാരുടെയും നിർലോഭമായ അനുഭാവവും സഹകരണവും അദ്ദേഹത്തിനു സമ്പാദിക്കുവാൻ കഴിഞ്ഞു എന്നുള്ളതും അദ്ദേഹത്തിൻെറ വ്യക്തിവൈശിഷ്ട്യത്തെ തെളിയിക്കുന്നു. സുറിയാനി സഭയെ ഭരിച്ചിരു

ന്ന വിദേശീയരായ വരാപ്പുഴ രൂപതാദ്ധ്യക്ഷന്മാരുടെ കല്പനകളെ അദ്ദേഹം അക്ഷരംപ്രതി അനുസരിച്ചിരുന്നു. "കത്തോലിക്കാസഭയിൽ എന്തെങ്കിലും കാര്യം സാധിക്കേണമെന്നുള്ളവക്ക് അധികാരബഹുമാനം അത്യാവശ്യമായ ഒരു ഗുണമാകുന്നു. ഓരോ കാലത്ത് സുറിയാനിസമുദായത്തിൻെറ നേതാക്കന്മാരായിരുന്നവരിൽ പലരുടെയും പ്രയത്നങ്ങൾ നിഷ്ഫലമായത് ഈ ഗുണത്തിൻെറ അഭാവംകൊണ്ടായിരുന്നു" എന്ന് മാർ ലൂയീസിൻെറ ജീവചരിത്രത്തിൽ ശ്രീ. ഐ. സി. ചാക്കോ രേഖപ്പെടുത്തിയിട്ടുള്ള അഭിപ്രായം തികച്ചും ശരിയാണ്. ചാവറ അച്ചനെപ്പോലെ വരാപ്പുഴയുടെ വിശ്വാസവും സ്നേഹവും ഇത്രമാത്രം സമാജ്ജിച്ചിട്ടുള്ള ഒരു നേതാവിനെ സുറിയാനിസമുദായത്തിന് എപ്പോഴെങ്കിലും ലഭിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. അദ്ദേഹത്തിൻെറ പരിശ്രമങ്ങൾ ഫലപ്രദമായിത്തീന്നതിൻെറ ഒരു പ്രധാനകാരണവും ഇതാകുന്നു.

# II

# ആത്മസജ്ജീകരണം

## I

### അച്ഛനും അമ്മയും

സൽഗുണസമ്പന്നരായ മാതാപിതാക്കന്മാരുടെ പരിലാളനം ഒരുവന് ജീവിതാരംഭത്തിൽ ലഭിക്കാവുന്ന ഏററവും വിലയേറിയ നിധിയാകുന്നു. അച്ഛനമ്മമാരുടെ സ്വഭാവഗുണങ്ങൾ കുട്ടികളുടെ വ്യക്തിത്വത്തിൽ മായാത്ത ഛായപതിക്കുകയും അവരിൽ സ്ഥായിയായ പ്രവണതകൾ അങ്കുരിപ്പിക്കയും ചെയ്യുന്നു. നന്മയിലേക്കോ തിന്മയിലേക്കോ ഉള്ള ജീവിതത്തിൻെറ ചാച്ചിൽ ഏറിയപങ്കും ബാല്യകാലത്തെ സാഹചര്യങ്ങളെയും അനുഭവങ്ങളെയും ആശ്രയിച്ചിരിക്കുന്നു. വളരുന്ന കുട്ടികളുടെ ഹൃദയങ്ങളിന്മേൽ മാതാപിതാക്കന്മാർ അറിഞ്ഞും അറിയാതെയും ചെലുത്തുന്ന സ്വാധീനം വളരെ ശക്തിയേറിയതാണ്. മാതാപിതാക്കന്മാരുടെ വ്യക്തിപര




കുര്യാക്കോസച്ചൻ ജനിച്ചുവളർന്ന കൈനകരി ചാവറഭവനം. (ഇന്നും അക്ഷയമായി സൂക്ഷിക്കപ്പെടുന്നു.)

മായ മാനസിക ഗുണങ്ങൾക്കു പുറമേ അവർ ബോധപൂർവ്വം കുട്ടികൾക്കു നൽകുന്ന പരിശീലനവും അവരുടെ ഭാവിക്കു രൂപംകൊടുക്കുന്നതിൽ സുപ്രധാനമായ ഒരു പങ്കുവഹിക്കുന്നു. വിശ്വവിശ്രുതന്മാരായ പല മഹാന്മാരുടെയും ജീവിതവിജയത്തിനു നിദാനമായിരുന്നിട്ടുള്ളത് അവരുടെ മാതാപിതാക്കന്മാരുടെ സ്വഭാവവൈശിഷ്ട്യവും അവരിൽനിന്നു ലഭിച്ചിട്ടുള്ള ഉത്തമമായ പരിശീലനവുമാകുന്നു.

നമ്മുടെ കഥാനായകനായ ചാവറ കുര്യാക്കോസ് അച്ചന്റെ ജീവിതത്തിലും ഈ സാമാന്യതത്വം പൂർണ്ണമായി പാലിക്കപ്പെട്ടുകയുണ്ടായി. ചാവറ കുടുംബത്തിലെ കുര്യാക്കോസ് എന്നും മറിയം എന്നും പേരായ ഭക്തദമ്പതികളുടെ കനിഷ്ഠപുത്രനായി 1805 ഫെബ്രുവരി 5-ാംനു അദ്ദേഹം ജനിച്ചു. കുട്ടനാട്ടിൽപെട്ട കൈനകരി എന്ന ഗ്രാമമാണ് ജന്മദേശം. പ്രാർത്ഥനയിലും മതാനുഷ്ഠാനത്തിലും അതീവനിഷ്ഠയുള്ളവരായിരുന്നു അദ്ദേഹത്തിന്റെ മാതാപിതാക്കന്മാർ. അവരുടെ മാതൃകാപരമായ ക്രിസ്തീയജീവിതം നാട്ടിലെങ്ങും പ്രസിദ്ധമായിരുന്നു. സൽഗുണസമ്പന്നരായ അച്ഛനമ്മമാരിൽനിന്നും ബാലനു ലഭിച്ച ശിക്ഷണവും ഉത്തേജനവും അവനിൽ സ്ഥായിയായ ആത്മീയോൽക്കർഷത്തിനു ബീജാവാപം ചെയ്തു.

സ്നേഹസമ്പന്നയായ മാതാവ് മുലപ്പാലോടുകൂടിത്തന്നെ കുട്ടിക്ക് പ്രായത്തിനുചേർന്ന ആത്മീയപോഷണവും നൽകിവന്നു. അവർ ദിവസേന പാതിരാസമയത്ത് ഉണർന്ന് പ്രാർത്ഥനകൾ ചൊല്ലുക പതിവായിരുന്നു. അപ്പോഴെല്ലാം തന്റെ അരുമസന്താനത്തെയും അവർ വിളിച്ചുണർത്തും. അമ്മയുടെ മെയ്യിൽ ചാരി ഇരുന്നുകൊണ്ട് അവളുടെ അധരങ്ങളിൽനിന്ന് അടർന്നു

വീഴുന്ന ദിവ്യസൂക്തങ്ങൾ അവൻ ശ്രവിക്കും. ജപങ്ങൾ അമ്മയോടൊത്ത് അവനും ഉരുവിടും. പ്രാർത്ഥനയ്ക്കുശേഷം പരിശുദ്ധ ത്രിത്വത്തെയും ക്രിസ്തുവിന്റെ മനുഷ്യാവതാരത്തെയുംപററിയുള്ള രഹസ്യങ്ങൾ അമ്മ അവനു പറഞ്ഞുകൊടുക്കും. നിശീഥിനിയുടെ നിശ്ശബ്ദതയിൽ ആ പിഞ്ചുഹൃദയം മാതൃവക്ത്രത്തിൽനിന്നും ദൈവകാര്യങ്ങൾ ഗ്രഹിച്ചിരുന്നു. അങ്ങിനെ ആത്മാമൃതം നുകൻ്കൊണ്ട് ആ കൊച്ചുമാലാഖാ മെല്ലെമെല്ലെ വീണ്ടും നിദ്രയിൽ ലയിക്കും. ചാവറ അച്ചൻ 'ആത്മാനുതാപം' എന്ന തന്റെ കൃതിയിൽ ഈ രംഗത്തെ ഏററവും ഹൃദയാവർജ്ജകമാംവിധം വർണ്ണിച്ചിരിക്കുന്നു.

"......ഓരോരോ ജപങ്ങളെ
നന്ദിയോടുച്ചരിക്കുന്ന നേരത്ത
മന്ദംമന്ദമായ്യേൽക്കൂട്ടിരുന്നുംകൊണ്ട
സുന്ദരിയുടെപാതേ ഉറങ്ങി ഞാൻ"

അക്കാലത്ത് ഭക്തസ്ത്രീകൾ അവരുടെ വത്സലസന്താനങ്ങളെ പുണ്യതീർത്ഥങ്ങളിൽ കൊണ്ടുപോയി അടിമവയ്ക്കുക സാധാരണയായിരുന്നു. ഇന്നും ഈ ആചാരം നടപ്പിലിരിക്കുന്നുണ്ട്. അതനുസരിച്ച് ചാവറ അച്ചന്റെ മാതാവു് കുട്ടിയെ വെച്ചൂർ പള്ളിയിൽ കൊണ്ടുപോയി പരിശുദ്ധ കന്യകയ്ക്കു അടിമവയ്ക്കുകയുണ്ടായി. ഭക്തയായ അമ്മ തന്റെ സന്താനത്തെ ദിവ്യാംബികയുടെ സംരക്ഷണത്തിൽ ഏല്പ്പിച്ചുകൊടുത്തു. ചാവറ അച്ചൻ ഭാവിയിൽ നിർവ്വഹിക്കുവാനിരുന്ന ജീവാർപ്പണത്തിന്റെ നാന്ദിയായിരുന്നു ഇതു്. വെച്ചൂർ പള്ളിയിൽവച്ചു് കുര്യാക്കോസിന്റെ അമ്മ അർപ്പിച്ച പ്രാർത്ഥനകൾ നിഷ്ഫലമായില്ല. കുട്ടി പരിശുദ്ധ കന്യകയോടുള്ള ഭക്തിയിൽ ഉത്തരോത്തരം അഭിവൃദ്ധി

പ്രാപിച്ചു. കുര്യാക്കോസച്ചൻ ആജീവനാന്തം അടിയുറച്ച ഒരു മരിയഭക്തനായിരുന്നു. ഭാവിയിൽ അദ്ദേഹം അനേകായിരങ്ങളെ മരിയഭക്തിയിലേക്ക് ആകർഷിക്കുകയും ഉണ്ടായി.

കുടുംബത്തിലെ പ്രാർത്ഥനാനിർഭരമായ ജീവിതവും മാതാപിതാക്കന്മാരുടെ സദ്പ്രേരണയും കുര്യാക്കോസിനെ ദേവാലയത്തിലെ വിശുദ്ധ കർമ്മങ്ങളിൽ തല്പരനാക്കിത്തീർത്തു. അവിടെ ശുശ്രൂഷകൻെറ ഭാഗം വഹിക്കുന്നതിൽ കുട്ടി അതിരററ ഉത്സാഹം പ്രകടിപ്പിച്ചു. ശുശ്രൂഷികൾ അവശ്യം മനഃപാഠമാക്കേണ്ടതായ സുറിയാനി ജപങ്ങൾ അവൻ ശൈശവത്തിൽതന്നെ പഠിച്ചു വശമാക്കി. ബലിപീഠത്തിൻെറ ഒരു വശത്തുനിന്നും മറു വശത്തേക്ക് തക്സാ എടുത്തുമാററുവാൻപോലും വേണ്ടത്ര ശരീരശേഷി ഇല്ലാതിരുന്ന പിഞ്ചുപ്രായം മുതൽക്കേ ബാലൻ ദിവ്യബലിയിൽ ശുശ്രൂഷിയായി സംബന്ധിക്കുവാൻ തുടങ്ങി.

കുട്ടിയുടെ ആത്മീയാഭിവൃദ്ധിയിലെന്നതുപോലെ തന്നെ മാനസികമായ വളർച്ചയിലും മാതാപിതാക്കന്മാർ ശ്രദ്ധചെലുത്തിയിരുന്നു. നാട്ടുനടപ്പനുസരിച്ച് കുര്യാക്കോസിനെ അഞ്ചാമത്തെ വയസ്സിൽ എഴുത്തിനിരുത്തി. ആധുനികരീതിയിലുള്ള വിദ്യാലയങ്ങൾ കേവലം അജ്ഞാതമായിരുന്ന അക്കാലത്ത് ഓരോ ഗ്രാമത്തിലും വിദ്യാദാനം നിർവ്വഹിച്ചിരുന്നത് അതാതിടങ്ങളിലെ ആശാന്മാരാണ്. ഗ്രാമത്തിലെ ബാലികാബാലന്മാർ ജാതിമതഭേദമെന്നിയെ കളരിയിൽച്ചേർന്ന് ആശാൻെറ കർക്കശമായ ശിക്ഷണത്തിനു വിധേയരായി എഴുത്തും വായനയും പഠിച്ചുപോന്നു. അച്ചടിവിദ്യ പ്രചാരത്തിൽ വന്നിട്ടില്ലാതിരുന്നതിനാൽ ഗുരുമുഖം മാത്രമായിരുന്നു വിജ്ഞാനസമ്പാദനത്തിനുള്ള മാർഗ്ഗം. കളരി

കളിൽനിന്നു ലഭിച്ചിരുന്ന വിദ്യാഭ്യാസം അക്കാലത്തെ പരിമിതമായ ജീവിതാവശ്യങ്ങൾ നിറവേററുന്നതിനു പൎയ്യാപ്തവുമായിരുന്നു.

കൊച്ചുകുൎയ്യാക്കോസ് അഞ്ചുകൊല്ലംകൊണ്ടു് എഴുത്തും വായനയും 'തമിൾ മലയാളവും തെക്കൻ മലയാളവും' വശമാക്കി. കുട്ടി പഠനകാൎയ്യങ്ങളിൽ അസാധാരണമായ ധിഷണാശക്തിയും ഉത്സാഹവും പ്രകടിപ്പിച്ചിരുന്നു.

എന്നാൽ കളരിയിലെ അനുഭവങ്ങളെപ്പററിയുള്ള കുൎയ്യാക്കോസച്ചൻെറ സ്മരണകൾ അത്ര സന്തോഷപ്രദമായിരുന്നില്ല. തൻെറ സതീൎത്ഥ്യരായ ഗ്രാമീണബാലന്മാരുടെ 'അടക്കമില്ലാതുള്ള കളികളും നടപ്പും, അവരുടെ നഗ്നരൂപങ്ങളും' അശ്ലീലമായ സംസാരവും കുൎയ്യാക്കോസിനു് അരോചകമായി തോന്നിയിരുന്നു. പത്താംവയസ്സിൽ പഠനം പൂൎത്തിയാക്കി കളരിയിൽ നിന്നും പിരിഞ്ഞുപോരാൻ ഇടയായതു് പ്രത്യേകമായ ദൈവാനുഗ്രഹംകൊണ്ടായിരുന്നു എന്നു് 'ആത്മാനുതാപ'കൎത്താവു് അനുസ്മരിക്കുന്നു. കളരിയിലെ അന്തരീക്ഷം ആ നിഷ്കളങ്കമായ ശിശുഹൃദയത്തിൽ സംജാതമാക്കിയ അസഹ്യതയും വെറുപ്പുമാണു് 'ആത്മാനുതാപ'ത്തിൽ പ്രകാശിതമായിരിക്കുന്നതു്. കന്മഷതപ്തം നിറഞ്ഞതായ കളരിയിലെ അന്തരീക്ഷത്തിൽപോലും തൻെറ ആത്മപരിശുദ്ധിക്കു യാതൊരു കളങ്കവും ഏല്ക്കാതെ ബാലൻ കാത്തുസൂക്ഷിച്ചിരുന്നു എന്നുള്ളതു് ഈ ചരിത്രത്തിൻെറ ശിഷ്ടഭാഗം തെളിയിക്കുന്നതാണു്.

# II

## ഗുരുവും ശിഷ്യനും

അറംത്താരശുശ്രൂഷയിൽ ആവേശം പൂണ്ടിരുന്ന കൊച്ചുകുര്യാക്കോസിനെ സവ്വോൽകൃഷ്ടമായ പൗരോഹിത്യപദവിയിലേക്കാനയിക്കുവാൻ ദൈവത്താൽ നിയുക്തനായതു് അക്കാലത്തു് പള്ളിപ്പുറം സെമ്മിനാരിയുടെ നിയന്താവായിരുന്ന പാലയ്ക്കൽ തോമ്മാമല്പാനായിരുന്നു. വീരോചിതമായ പുണ്യാഭ്യസനം, അഗാധമായ പാണ്ഡിത്യം, അനന്യസാധാരണമായ പ്രതിഭാവിലാസം, മതപരമായ ശാസ്ത്രങ്ങളിലുള്ള വ്യുല്പത്തി മുതലായ ഗുണങ്ങളാൽ അക്കാലത്തു് അദ്ദേഹം കേരളത്തിലെങ്ങും പ്രസിദ്ധിനേടിയിരുന്നു പള്ളിപ്പുറം സെമ്മിനാരിയുടെ സ്ഥാപകനും കേരളനസ്രാണിസമുദായത്തിലെ ഉജ്ജ്വലതാരമായി പ്രശോഭിച്ചിരുന്ന തച്ചിൽ മാത്തുത്തരകൻെറ സഹോദരനുമായ തച്ചിൽ എബ്രാഹംമല്പാനച്ചൻെറ ശിഷ്യനായിരുന്നു പാലയ്ക്കലച്ചൻ. അദ്ദേഹം പള്ളിപ്പുറം സെമ്മിനാരിയിൽവച്ചു് വൈദികവിദ്യാഭ്യാസം പൂത്തിയാക്കിയശേഷം 1807-ാമാണ്ടു് പട്ടമേററു. അനന്തരം വരാപ്പുഴ വികാരി അപ്പസ്തോലിക്കായായിരുന്ന റൈമണ്ടുസ് മെത്രാൻെറ സെക്രട്ടറിയായി കുറേക്കാലം ജോലിചെയ്തു. തൻെറ ഗുരുനാഥനായ അബ്രാഹം മല്പാൻ പ്രായാധിക്യംനിമിത്തം പള്ളിപ്പുറം സെമ്മിനാരിയുടെ റെക്ടർസ്ഥാനത്തുനിന്നും വിരമിച്ചപ്പോൾ ശിഷ്യസ

ത്തമനായ പാലയ്ക്കലച്ചൻ തൽസ്ഥാനത്തു നിയമിതനായി. പള്ളിപ്പുറം സെമ്മിനാരിയുടെ റെക്ടർ എന്നനിലയിലും, വിപുലമായ ഒരു വൈദികശിഷ്യസമ്പത്തിൻെറ ഉടമസ്ഥനെന്നനിലയിലും, പാലയ്ക്കൽ തോമ്മാമല്പാൻ അന്ന് കേരളസുറിയാനിസഭയിൽ സർവ്വാദരണീയമായ ഒരു സ്ഥാനം അലങ്കരിച്ചിരുന്നു.

തോമ്മാമല്പാൻെറ ഒരു ഇളയമ്മയെ കൈനകരി കാളാശ്ശേരി കുടുംബത്തിലാണ് വിവാഹം കഴിച്ചിരുന്നത്. തൻെറ ഇളയമ്മയെ സന്ദശിക്കുവാനായി തോമ്മാമല്പാൻ കാളശ്ശേരിൽ പോയിരുന്ന അവസരത്തിൽ സമീപസ്ഥമായ ചാവറയിലും കയറുകയുണ്ടായി. അവിടെ വച്ച് അദ്ദേഹം കോമളഗാത്രനും സുശീലനുമായ കൊച്ചു കുറിയാക്കോസിനെ കണ്ടതും അവനിൽ ആകൃഷ്ടനായിത്തീന്നതും മുൻ അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ടല്ലോ. കുട്ടിയുടെ ദൈവഭക്തി, വിനയം, അനുസരണം മുതലായ ഗുണങ്ങളെപ്പററി അറിഞ്ഞപ്പോൾ മല്പാനച്ചന് പ്രഥമദശനത്തിൽ കുര്യാക്കോസിനോടു തോന്നിയ താല്പയ്യം ദ്വിഗുണീഭവിച്ചു. കുട്ടിയെ തന്നോടൊന്നിച്ചു സെമ്മിനാരിയിലേക്കു കൊണ്ടുപോകണമെന്ന് അദ്ദേഹം നിബ്ബന്ധപൂവ്വം ആവശ്യപ്പെട്ടു. കേവലം 11 വയസ്സുമാത്രം പ്രായമുണ്ടായിരുന്ന ഓമനസന്താനത്തെ വിട്ടുപിരിയുന്നതു് മാതാപിതാക്കന്മാക്ക് മമ്മഭേദകമായിത്തോന്നി. എന്നാൽ ദൈവസേവനത്തിനുവേണ്ടി സ്വയം അപ്പിതമായിരുന്ന കുട്ടിയുടെഹൃദയം സെമ്മിനാരിജീവിതത്തെ ആശ്ലേഷിക്കുവാൻ കൊതിപൂണ്ടു. മാതാപിതാക്കന്മാരുടെ നിസ്സീമമായ വാത്സല്യമോ കുട്ടിക്ക് അവരോടുണ്ടായിരുന്ന സ്നേഹവായ്പോ അതിനു പ്രതിബന്ധമായി അവൻ കരുതിയില്ല. കുട്ടിയുടെ നിബ്ബന്ധപൂവ്വമുള്ള ആഗ്രഹവും അവൻെറ അമ്മാവനായ തോപ്പിൽ ഗീവറുഗീ

സച്ചൻെറ ശുപാൾയുംകൂടിയായപ്പോൾ വിമുഖനായ പിതാവു് ദൈവഹിതത്തിന കീഴ്‌വഴങ്ങുവാൻ സന്നദ്ധനായി. അങ്ങനെ കൊച്ചു കുര്യാക്കോസ് പാലയ്ക്കൽ തോമ്മാമല്പാൻെറ ശിക്ഷണത്തിൽ പള്ളിപ്പുറം സെമിനാരിയിലെ ഒരു അംഗമായിത്തീൎന്നു.

അവിടത്തെ വൈദികവിദ്യാൎത്ഥികളുടെ അനുദിനജീവിതചൎയ്യയെപ്പററി നമ്മുടെ കഥാനായകൻെറ 'നാളാഗമ'ത്തിൽനിന്നും വിശദമായ വിവരങ്ങൾ ലഭിക്കുന്നുണ്ടു്. വിദ്യാൎത്ഥികളുടെ എണ്ണം വൎദ്ധിച്ചപ്പോൾ അവരുടെ ദിനചൎയ്യയെ ക്രമീകരിക്കുന്നതിനായി മല്പാനച്ചൻ പന്ത്രണ്ടു വകുപ്പുകളുള്ള ഒരു നിയമാവലി എഴുതിയുണ്ടാക്കി. ഈ നിയമപത്രം പകൎത്തിയിട്ടു് വൈദികവിദ്യാൎത്ഥികളുടെ പൊതു പഠനമുറിയുടെ ഒരു ഭാഗത്തു പരസ്യമായി പ്രദൎശിപ്പിച്ചിരുന്നു. പള്ളിപ്പുറം പള്ളിയുടെ വടക്കുവശത്തുള്ള വരാന്തയാണു് അദ്ധ്യയനശാലയായി ഉപയോഗിച്ചിരുന്നതു്. അതിൻെറ കിഴക്കെ അററത്തുള്ള മുറിയിലായിരുന്നു മല്പാനച്ചൻെറ താമസം. പഠനശാലയിൽ ഒരു മേശയുടെ ഇരുവശവും ശമ്മാശ്ശന്മാരും കിഴക്കേ അററത്തു് ഒരു കസേരയിൽ ഗുരുവും ഉപവിഷ്ടരായിരുന്നുകൊണ്ടാണു പഠനം നിൎവ്വഹിച്ചിരുന്നതു്. ഭക്ഷണം, പ്രാൎത്ഥന, സായാഹ്നത്തിലെ നടപ്പു് തുടങ്ങിയ അത്യാവശ്യകാൎയ്യങ്ങൾ ഒഴിച്ചു് ബാക്കിയുള്ള സമയം മുഴുവൻ വിദ്യാൎത്ഥികൾ പഠനത്തിൽ വ്യാപൃതരായിരുന്നു. ഉച്ചഭക്ഷണം കഴിഞ്ഞു് മല്പാനച്ചൻ മുറിയിൽപോയി കുറേ സമയം ലഘുനിദ്രയിൽ കഴിച്ചുകൂട്ടുമായിരുന്നു. ആ സമയത്തു് വിദ്യാൎത്ഥികൾ 'സുറിയാനി മലയാഴ്മ' എഴുതുന്നതിനായി ചെലവഴിച്ചിരുന്നു. 5 മണിയ്ക്കു് എല്ലാവരും പഠനശാല വിട്ടു താഴെ ഇറങ്ങി കുറേനേരം വിശ്രമിക്കും. സെമ്മിനാരി പരിസ

രങ്ങളിലുള്ള തുറസ്സായ സ്ഥലത്ത് നടക്കുകയായിരുന്നു സാധാരണ പതിവ്. 6 മണിയാകുമ്പൊഴേക്കും പ്രാൎത്ഥനയ്ക്കുള്ള സമയമായി. എല്ലാവരും ദേവാലയത്തിൽ പ്രവേശിച്ച് ലുത്തിനിയാ, ധ്യാനവായന, ജപമാല തുടങ്ങിയ ചടങ്ങുകൾ നിൎവ്വഹിക്കുന്നു. പിന്നിട്ട് കുറേനേരത്തെ പഠനവും അതിനുശേഷം അത്താഴവുമാണ്. അത്താഴം കഴിഞ്ഞു് ജ്ഞാനവായനയും ഗുരുവിൻെറ ആത്മീയോപദേശവും നടക്കുന്നു. ഉറക്കമണി അടിക്കുന്നതോടുകൂടി എല്ലാവരും ശയനമുറിയിലേക്കു പോകുന്നു. സെമ്മിനാരിയിൽ ഘടികാരം ഇല്ലാതിരുന്നതുകൊണ്ടു് ചിലപ്പോൾ രാത്രി 11 മണിവരെയും എല്ലാവരും പഠനമുറിയിൽ കഴിച്ചുകൂട്ടുമായിരുന്നു. പഠനം, പ്രാൎത്ഥന മുതലായ ദിനകൎത്തവ്യങ്ങളുടെ സമയം മുഴുവൻ മല്പാനച്ചൻ വിദ്യാൎത്ഥികളോടുകൂടിയാണ് കഴിച്ചിരുന്നതു്. നിദ്രയ്ക്കായി അവർ ശയനമുറിയെ പ്രാപിച്ചതിനുശേഷവും അദ്ദേഹം വളരെനേരം തനിച്ചിരുന്നു പുസ്തകപാരായണം നടത്തുക പതിവായിരുന്നു.

തൻെറ അഭിവന്ദ്യ ഗുരുനാഥനായ പാലയ്ക്കൽ തോമ്മാമല്പാൻെറ ഭക്തിനിർഭരവും തപോനിഷ്ഠവുമായ ജീവിതചൎയ്യയെപ്പററിയും നമ്മുടെ കഥാനായകൻ 'നാളാഗമ'ത്തിൽ വിവരിക്കുന്നുണ്ടു്. ദിവസവും ഉച്ചവരെ ഉപവാസം, ഉച്ചയ്ക്കു് ചോറു്, വയ്യിട്ടു കുറേ കഞ്ഞി ഇതായിരുന്നു അദ്ദേഹത്തിൻെറ ആഹാരക്രമം. മെത്രാൻെറ സെക്രട്ടറിയായി വരാപ്പുഴെ താമസിച്ചിരുന്ന കാലത്തും ഇതുതന്നെയായിരുന്നു ചിട്ട. ഒരിക്കൽ കഠിനമായ ഒരു ജ്വരബാധയുണ്ടായപ്പോൾ വൈദ്യൻെറ കൎശനമായ ശാസനം അനുസരിച്ച് കുറേനാൾ രാവിലെ കഞ്ഞികുടിക്കുവാൻ സമ്മതിച്ചു. സ്വന്തം വീട്ടിൽ താമസിച്ചിരുന്ന ഒരു സഹോദരിയാണ് ദിവസേന ഭക്ഷണം തയ്യാ

റാക്കി കൊടുത്തയച്ചിരുന്നതു്. ഉച്ചയ്ക്കുള്ള ഒരുനേര ഭക്ഷണത്തിനുപോലും ഒരു കറിമാത്രമേ ഉണ്ടായിരിക്കൂ. 'നാളാഗമ'ത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു "ഈ ഒരുനേരമായ ഉച്ചയ്ക്കുള്ള ചോറും, ഒരു കറിയും മാത്രമേയുള്ളൂ. ആയ്തും ഒരു സാധനംതന്നെ. അതായ്തു് ഞങ്ങൾ പഠിപ്പാൻ ചെന്നനാൾമുതൽ ചോറും പയറു പുഴുങ്ങി നല്ല മുളകുപൊടിച്ചിട്ടുലത്തിയതായ ഒരു കറിയും. മോരു ചിലപ്പോൾ. നിജമില്ല." മല്പാനച്ചൻെറ ജീവിതം ഉപവാസവും പ്രാൎത്ഥനയും അദ്ധ്വാനവുംകൊണ്ടു ധന്യമായ ഒരു യജ്ഞംതന്നെയായിരുന്നു. ക്രൈസ്തവ പൗരോഹിത്യത്തിനു മകുടംചാൎത്തുവാൻ പൎയ്യാപ്തമായ ഉൽകൃഷ്ടാദൎശങ്ങളാണ് സ്വജീവിതത്തിൽക്കൂടി ആ തപോധനൻ തൻെറ ശിഷ്യഗണങ്ങളുടെ മുമ്പിൽ ഉയൎത്തിക്കാട്ടിയതു്.

തൻെറ വത്സലശിഷ്യന്മാരുടെ വൈദികശാസ്ത്രസംബന്ധമായ വിജ്ഞാനവൎദ്ധനവിനുവേണ്ടി മല്പാനച്ചൻ അനുഷ്ഠിച്ചിരുന്ന ത്യാഗങ്ങളെപ്പററിയും 'നാളാഗമ'ത്തിൽ പ്രതിപാദിച്ചിട്ടുണ്ടു്. ദൈവശാസ്ത്രം, സന്മാൎഗ്ഗശാസ്ത്രം തുടങ്ങിയ വൈദികവിഷയങ്ങളെ ആധാരമാക്കിയുള്ള സുറിയാനി ഗ്രന്ഥങ്ങൾ അന്ന് ലഭ്യമായിരുന്നില്ല. അതുകൊണ്ടു് സുറിയാനിക്കാരായ വൈദികവിദ്യാൎത്ഥികൾക്ക് ഈ വിഷയങ്ങളിൽ അവഗാഹം സമ്പാദിക്കുന്നതിനുള്ള മാൎഗ്ഗം ഇല്ലാതെയാണിരുന്നതു്. ഈ ന്യൂനത പരിഹരിക്കുന്നതിനുവേണ്ടി മല്പാനച്ചൻ അശ്രാന്തപരിശ്രമം ചെയ്തു. പാണ്ടിദേശത്തു മിഷനറി പ്രവൎത്തനം നടത്തിയിരുന്ന ഈശോസഭക്കാരായ വൈദികർ തമിഴ് ഭാഷയിൽ ചില ശാസ്ത്രഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ടെന്നു അദ്ദേഹം കേൾക്കുവാനിടയായി. ആ ദിക്കിൽ അന്വേഷണം നടത്തി ചില ഗ്രന്ഥങ്ങൾ മല്പാ

നച്ചൻ സമ്പാദിച്ചു. കൂടാതെ മലയാളക്കരയിലെ മി
ഷനറിമാരാൽ വിരചിതമായ ചില മലയാള ഗ്രന്ഥങ്ങ
ളും അദ്ദേഹം വരുത്തി. തമിഴ് ഗ്രന്ഥങ്ങൾ ശിഷ്യന്മാ
ക്കു വ്യാഖ്യാനിച്ചുകൊടുക്കുവാൻവേണ്ടി മല്പാനച്ചൻ സ്വ
പരിശ്രമത്താൽ തമിഴ് ഭാഷ പഠിച്ച് അതിൽ ആവ
ശ്യമായ വ്യുൽപത്തി നേടി. കൂടാതെ വി. ഇഗ്നേഷ്യസി
ന്റെ 'എട്ടുദിവസത്തെ ധ്യാനം' എന്ന ഗ്രന്ഥം അദ്ദേഹം
തന്നെ മലയാളത്തിലേക്കു വിവർത്തനംചെയ്തു. ഈ വ
ഴിക്കുള്ള പരിശ്രമം വരാപ്പുഴ അരമനയിൽ സെക്രട്ടറി
യായിരുന്ന കാലം മുതല്ക്കേ അദ്ദേഹം ആരംഭിച്ചിരുന്നു.
ഗ്രന്ഥപാരായണത്തിലും രചനയിലും സദാ വ്യാപൃത
നായിരുന്ന മല്പാനച്ചനെ കയ്യിൽ ഒരു ഗ്രന്ഥം കൂടാതെ
ഒരിക്കലെങ്കിലും കാണുവാൻ കഴിഞ്ഞിരുന്നില്ല. വാസ
നയും കഴിവുമുള്ള ബാലന്മാരെ തെരഞ്ഞുപിടിച്ച്,
എഴുത്തും വായനയുംപഠിപ്പിച്ചു അവരെക്കൊണ്ട് ദുർലഭ
ങ്ങളായ ഗ്രന്ഥങ്ങൾ പകർത്തി എഴുതിച്ചു സൂക്ഷിക്കുന്ന
തിലും മല്പാനച്ചൻ ശ്രദ്ധാലുവായിരുന്നു. ഇങ്ങനെ ആത്മ
പോഷണത്തിനും വിജ്ഞാന സമ്പാദനത്തിനുമായി
തന്റെ പാദാന്തികത്തിൽ അണഞ്ഞിരുന്ന ശിഷ്യന്മാ
രെ സുശിക്ഷിതരും വൈദികശാസ്ത്രവ്യുല്പന്നന്മാരും ആ
ക്കുന്നതിന് പര്യാപ്തമായ എല്ലാ മാർഗ്ഗങ്ങളെയും ആ ഗു
രുശ്രേഷ്ഠൻ പരമാവധി പ്രയോജനപ്പെടുത്തുകയുണ്ടായി.
രണ്ടുകൊല്ലത്തെ സെമ്മിനാരി ജീവിതത്തിനുശേ
ഷം 1817-ൽ വരാപ്പുഴ വികാരി അപ്പസ്തോലിക്ക ആ
യിരുന്ന പത്രോസ് ദെ അൽക്കാന്ത്രാ മെത്രാനിൽനിന്നും
കുയ്യാക്കോസ് ആസ്ഥപ്പാട്ടുപട്ടം സ്വീകരിച്ചു. തദ
വസരത്തിൽ അദ്ദേഹം ഉച്ചരിച്ച പ്രതിജ്ഞാവാക്യം
“എന്റെ അവകാശത്തിന്റെ ഭാഗം കർത്താവാകുന്നു”
എന്നാണ്. ഈ മഹത്തായ പ്രതിജ്ഞയുടെ നിർവ്വഹ

ണമായിരുന്നു അദ്ദേഹത്തിൻെറ ഭാവിജീവിതമെന്ന് ഈ ചരിത്രത്തിലെ ഓരോ സംഭവവും അസന്നിഗ്ദ്ധമാം വണ്ണം തെളിയിക്കുന്നു.

ആ കാലഘട്ടത്തിൽ തന്നെ തൻെറ പ്രതിജ്ഞയുടെ ദൃഢതയെ പരീക്ഷിക്കുന്ന ഒരു സംഭവമുണ്ടായി. ശമ്മാശൻെറ പ്രിയപ്പെട്ട മാതാപിതാക്കന്മാരും ഏക സഹോദരനും ആയിടയ്ക്കാണ് മരണമടഞ്ഞത്. മൃത്യുവിൻെറ ഈ വിളയാട്ടംമൂലം ചാവറകുടുംബത്തിൽ പുരുഷാംഗമായി കുര്യാക്കോസ് ശമ്മാശൻമാത്രം അവശേഷിച്ചു. കുടുംബം അനാഥവുമായി. ഈ പരിതസ്ഥിതിയിൽ കുടുംബഭരണം, അതിൻെറ നിലനില്പ് മുതലായ പ്രശ്നങ്ങൾ ബന്ധുമിത്രാദികളെ ഉൽകണ്ഠാകുലരാക്കി. അവർ ശമ്മാശനെ വീട്ടിൽ വരുത്തി. അദ്ദേഹം വൈദികവൃത്തിയിൽ നിന്നും പിൻവാങ്ങി വിവാഹബന്ധത്തിൽ ഏർപ്പെടുകയല്ലാതെ കുടുംബം പുലർത്തുവാൻ മററുമാർഗ്ഗങ്ങളൊന്നും ഇല്ലെന്ന് അവർ ശഠിച്ചു. കർത്താവിനെ തൻെറ അവകാശമായി സ്വീകരിച്ചിരുന്ന ശമ്മാശൻെറ ഹൃദയത്തിൽ കുടുംബത്തോടും ദൈവത്തോടും ഉള്ള കർത്തവ്യങ്ങൾ തമ്മിൽ ശക്തിയായ ഒരു വടംവലിതന്നെ നടന്നു. ഒടുവിൽ ഭവിഷ്യത്തെന്തായാലും വേണ്ടില്ല ദൈവത്തോടുള്ള തൻെറ പ്രതിജ്ഞ നിറവേററുവാൻതന്നെ അദ്ദേഹം നിശ്ചയിച്ചു. കുടുംബകാര്യങ്ങൾ നോക്കുന്നതിനായി എടത്വായിൽ വിവാഹം ചെയ്തിരുന്ന തൻെറ മൂത്ത സഹോദരിയും അവരുടെ ഭർത്താവും ചാവറവന്ന് താമസിക്കുന്നതിന് അദ്ദേഹം ഏർപ്പാടുചെയ്തു. ഇതിനു പ്രതിഫലമായി കുടുംബത്തിൽ ശമ്മാശനുണ്ടായിരുന്ന അവകാശം മുഴുവനും അവർക്ക് രഹസ്യമായി എഴുതിക്കൊടുക്കയും ചെയ്തു. ഈ വ്യവസ്ഥകൾ പരസ്യമായതോടുകൂടി പിതൃസഹോദരന്മാർക്ക് വ

ലിയ ഈൎഷ്യതോന്നി. സഹോദരിക്കു നൽകിയ ഇഷ്ടദാനം പിൻവലിക്കുവാൻ അവർ ശമ്മാശനെ നിൎബ്ബന്ധിച്ചു. അവരുടെ അഭീഷ്ടത്തിന് അദ്ദേഹം വശംവദനായി എങ്കിലും കുടുംബഭരണം സഹോദരീ ഭൎത്താവിനെത്തന്നെ ഏൽപ്പിക്കുകയാണുണ്ടായതു്. അനന്തരം ഉന്നതങ്ങളായ കൎത്തവ്യങ്ങളുടെ നിൎവ്വഹണത്തിനായി ശമ്മാശൻ സെമ്മിനാരിയിലേക്കു മടങ്ങിപ്പോയി.

വൈദികരുടെ വിജ്ഞാനപോഷണത്തിനും സംസ്കാരവൎദ്ധനവിനും ലത്തീൻ ഭാഷാജ്ഞാനം അനുപേക്ഷണീയമാണെന്നുകണ്ടു് ചാവറ ശമ്മാശനുൾപ്പെടെ മൂന്നുപേരേ പ്രസ്തുത ഭാഷ അഭ്യസിപ്പിക്കുന്നതിനായി മല്പാനച്ചൻ തെരഞ്ഞെടുത്തു. തന്റെ അഭിലാഷം വരാപ്പുഴ വികാരി അപ്പസ്തോലിക്കയായ മിലെസ്യൂമെത്രാനെ അറിയിച്ചപ്പോൾ അദ്ദേഹം അതിന് അനുമതിയും നൽകി. വരാപ്പുഴ സെമ്മിനാരിയിൽ താമസിച്ചിരുന്ന നിക്ലാവൂസ് എന്ന മിഷനറി മല്പാനച്ചന്റെ ഉററമിത്രമായിരുന്നതിനാൽ അദ്ദേഹവും കഴിവുള്ള എല്ലാ സഹായങ്ങളും വാഗ്ദാനം ചെയ്തിരുന്നു. ശമ്മാശന്മാർ മൂന്നുപേരും വരാപ്പുഴ 'സെമ്മിനാരിക്കുപുറത്തെ കിണററിന്റെ പടിഞ്ഞാറുവശമുള്ള മുറിയിൽ' പാൎത്തുകൊള്ളണമെന്നും, ഭക്ഷണവും കിടപ്പും അവിടെത്തന്നെയായിരിക്കണമെന്നും അദ്ധ്യയനസമയമാകുമ്പോൾ സെമ്മിനാരിയിൽചെന്നു ലത്തിൻകാരായ വിദ്യാൎത്ഥികളോടു ചേൎന്നു ഭാഷ പഠിച്ചുകൊള്ളണമെന്നുമായിരുന്നു വ്യവസ്ഥ. മല്പാനച്ചൻതന്നെ ശിഷ്യന്മാരെ വാരാപ്പുഴെകൊണ്ടുചെന്നാക്കി അവരുടെ താമസത്തിനും പഠനത്തിനുംവേണ്ട ഏൎപ്പാടുകൾ എല്ലാം ചെയ്തുംവച്ചു് സന്തുഷ്ടനായി പള്ളിപ്പുറത്തേക്കു മടങ്ങി. എന്നാൽ പിറേറദിവസം നിശ്ചിത സമയത്തു് കുൎയ്യാക്കോസ് ശമ്മാശനും കൂട്ടുകാരും സെ

മ്മിനാരിയിൽ ചെന്നപ്പോൾ പ്രവേശനാനുവാദം അവ ക്കു നിഷേധിക്കപ്പെടുകയാണുണ്ടായതു്. അവർ ഭഗ്നാശരായും അപമാനബോധത്താൽ വ്രണിതഹൃദയരായും 'കിണററിന്നരികിലുള്ള മുറിയിലേക്കു' മടങ്ങിപ്പോന്നു. കുറേനാൾ അങ്ങിനെ അവിടെ കഴിച്ചുകൂട്ടി. ഈ അനദ്ധ്യയനവാസംകൊണ്ടു് ലത്തീൻ ഭാഷ പഠിക്കാൻ സാധിച്ചില്ലെന്നു മാത്രമല്ല പഠിച്ച സുറിയാനി കുറേയൊക്കെ മറന്നുപോകാനും ഇടയായി എന്നു 'നാളാഗമ'ത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ഇങ്ങനെ കുറേനാൾ കഴിഞ്ഞപ്പോൾ വരാപ്പുഴയിൽ ഒരു സാംക്രമികരോഗം പടന്നു പിടിക്കയും അനവധി ആളുകൾ മൃതിയടയുകയും ചെയ്യുകയാൽ മല്പാനച്ചൻ അവരെ പള്ളിപ്പുറത്തേക്കു തിരിച്ചുകൊണ്ടുപോന്നു. എങ്കിലും ശിഷ്യവത്സലനായ ആ ഗുരുനാഥൻ തൻെറ ഉദ്യമത്തിൽനിന്നും പിന്തിരിഞ്ഞില്ല. കുര്യാക്കോസ് ശമ്മാശൻെറ കൂട്ടുകാരായ രണ്ടുപേരും പ്രായം ചെന്നവരായിരുന്നതുകൊണ്ടും അഞ്ചാം പട്ടം സ്വീകരിക്കുന്നതിനാവശ്യമായ കാനോനനമസ്കാരങ്ങൾ അവക്കു പഠിക്കേണ്ടിയിരുന്നതിനാലും ലത്തീൻ പഠിക്കുന്നതിൽ അവർ വലിയ താല്പര്യം പ്രദശിപ്പിച്ചില്ല. അതുകൊണ്ടു് യുവാവും സ്ഥിരോത്സാഹിയും ധിഷണാശാലിയുമായിരുന്ന കുര്യാക്കോസ് ശമ്മാശനെ എങ്കിലും ഏതുവിധേനയും കുറെ ലത്തീൻ പഠിപ്പിക്കണമെന്നു് മല്പാനച്ചൻ നിശ്ചയിച്ചു. അക്കാലത്തു് തങ്കിപ്പള്ളി വികാരിയായിരുന്ന മെയിൻപാദ്രി ലത്തീൻ ഭാഷയിൽ നല്ല പരിജ്ഞാനമുള്ള ആളാണെന്നു കേട്ടു് ശെമ്മാശനെ അങ്ങോട്ടേക്കയച്ചു. ഏഴെട്ടുമാസത്തോളം അദ്ദേഹം പഠനനിരതനായി അവിടെ കഴിച്ചുകൂട്ടി. അപ്പൊഴെയ്ക്കും അദ്ദേഹത്തിനു് ഏതോ രോഗം പിടിപെടുകയാൽ മട

ങ്ങിപ്പോരേണ്ടിവന്നു. അവിടത്തെ താമസത്തിനിടയിൽ ലത്തീൻ ഭാഷയ്ക്കു പുറമേ പോർട്ടുഗീസ് ഭാഷയും കുറെയൊക്കെ ശെമ്മാശൻ വശമാക്കുകയുണ്ടായി.

സെമ്മിനാരിയിൽ കുര്യാക്കോസ് ശെമ്മാശൻ നയിച്ചിരുന്നമാതൃകാപരമായ ജീവിതത്തെയും പുണ്യാഭ്യസനത്തിൽ പ്രദർശിപ്പിച്ചിരുന്ന തീക്ഷ്ണതയെയും, അദ്ദേഹത്തിൽ വിളങ്ങിയിരുന്ന വിശിഷ്ടഗുണങ്ങളെയും പററി സമകാലികന്മാർ നൽകുന്ന സാക്ഷ്യങ്ങൾ അനിഷേദ്ധ്യങ്ങളാണ്. കേരള കർമ്മലീത്താസഭയുടെ ദ്വിതീയ മേലദ്ധ്യക്ഷനും ചാവറ അച്ചൻെറ സഹപ്രവർത്തകനുമായിരുന്ന പോരൂക്കര കുര്യാക്കോസ് ഏലീശാച്ചൻ രചിച്ചിട്ടുള്ള ചരിത്രഗ്രന്ഥത്തിൽ സെമ്മിനാരിജീവിതകാലത്ത് നമ്മുടെ കഥാനായകനിൽ പ്രകടിതമായിരുന്ന ദൈവഭക്തി, വിനയം, സഹോദരസ്നേഹം മുതലായ ഗുണങ്ങളാൽ അദ്ദേഹം ഏവരുടെയും സ്നേഹാദരങ്ങൾക്കു പാത്രീഭൂതനായിത്തീർന്നു എന്നു രേഖപ്പെടുത്തിയിരിക്കുന്നു. സമഗ്രമായ വിജ്ഞാനം സമ്പാദിച്ചിട്ടില്ലാത്ത ഒരു വൈദികൻ മററുള്ളവരുടെ ആത്മനാശത്തിനുപോലും ഹേതുഭൂതനായിത്തീർന്നേക്കാമെന്നുള്ള ആഴമായ ബോദ്ധ്യത്താൽ പ്രേരിതനായി കുര്യാക്കോസ് ശെമ്മാശൻ പഠനകാര്യങ്ങളിൽ സവിശേഷമായ താല്പര്യം പ്രദർശിപ്പിച്ചിരുന്നു എന്നും ലൗകികവ്യാപാരങ്ങളിൽനിന്നും പരിപൂർണ്ണമായി വിട്ടകന്ന് ദൈവികകാര്യങ്ങളിൽമാത്രം ദത്തശ്രദ്ധനായി വർത്തിച്ചിരുന്നു എന്നും സതീർത്ഥ്യരോട് എല്ലായ്പോഴും സൽഭാവവും നിഷ്കളങ്കമായ സ്നേഹവും കാണിച്ചിരുന്നു എന്നും ലെപ്പോൾഡ് മിഷനറി എഴുതിയ ചാവറ അച്ചൻെറ ചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഉൽകൃഷ്ടഗുണ സമ്പന്നനായ ഈ മിഷനറി ചാവറ അച്ചൻെറ ആപ്തമിത്രവും ആത്മീയോ

പദേഷ്ടാവുമായിരുന്നു എന്നുള്ളതു് പ്രത്യേകം പ്രസ്താവ്യമാണ്.

ആത്മവിശുദ്ധിയിലുള്ള ആകാംക്ഷനിമിത്തം ശമ്മാശൻ തൻെറ ഗുരുവായ പാലയ്ക്കൽ തോമ്മാമല്പാനെ തൻെറ പ്രത്യേക കുമ്പസാരക്കാരനും ആദ്ധ്യാത്മികനിയന്താവുമായി സ്വീകരിക്കുകയുണ്ടായി. അക്കാലങ്ങളിൽ ഒരു ആത്മീയപിതാവിനെ പ്രത്യേകം തിരഞ്ഞെടുത്തു് അദ്ദേഹത്തിൻെറ നിർദ്ദേശങ്ങളനുസരിച്ചു സുകൃതജീവിതം നയിക്കുന്ന രീതി ഈ നാട്ടിൽ പ്രചാരത്തിൽ വന്നിട്ടില്ലായിരുന്നു. ഭുവനപ്രസിദ്ധിനേടിയിട്ടുള്ള പുണ്യാത്മാക്കളുടെ മാതൃകയെ അനുകരിച്ചുകൊണ്ടും വി. ഇഗ്നേഷ്യസ് തുടങ്ങിയ ആത്മനിയന്താക്കന്മാരുടെ ഉൽബോധനങ്ങൾ അനുസരിച്ചുമാണ് നമ്മുടെ കഥാനായകൻ വളരെ ചെറുപ്പത്തിൽത്തന്നെ സുകൃതാഭ്യസനത്തിന് ഏററവും സഹായകമായ ഈ പദ്ധതി സ്വീകരിച്ചതു്. പിൽക്കാലങ്ങളിൽ അദ്ദേഹം ലെപ്പോൾഡ് മിഷനറിയെ തൻെറ ആദ്ധ്യാത്മികനിയന്താവായി സ്വീകരിക്കുകയും മരണപര്യന്തം ആ ബന്ധം തുടൎന്നുകൊണ്ടുപോകുകയും ചെയ്തു.

ദിവ്യകാരുണ്യഭക്തിയും ദൈവമാതൃഭക്തിയും സെമ്മിനാരിജീവിതകാലത്തുതന്നെ തൻെറ പ്രത്യേക നിഷ്ഠകളായി അദ്ദേഹം അഭ്യസിച്ചുപോന്നു. അടുത്തടുത്തുള്ള ദിവ്യകാരുണ്യസ്വീകരണം അക്കാലത്തു് സെമ്മിനാരികളിൽപ്പോലും പ്രചാരത്തിൽ വന്നിട്ടില്ലായിരുന്നു. എങ്കിലും കുര്യാക്കോസ് ശമ്മാശൻ തൻെറ ആദ്ധ്യാത്മിക പിതാവിൻെറ അനുമതി ലഭിച്ചിരുന്നപ്പോഴൊക്കെയും ദിവ്യകാരുണ്യം സ്വീകരിച്ചിരുന്നു. മാത്രമല്ല തൻെറ സതീൎത്ഥ്യരോടു് നിത്യവും ദിവ്യകാരുണ്യത്തെപ്പററിയും ദൈവജനനിയെപ്പററിയും ജന്മനാ വശ്യവചസ്സായിരുന്ന

ശമ്മാശൻ ഹൃദയാവജ്ജകമാംവണ്ണം സംസാരിച്ചിരുന്നു. ആ യുവഹൃദയത്തിൽ ഉദ്ദീപ്തമായിരുന്ന ഭക്തിപ്രചുരിമ സഹപാഠികളെ അത്ഭുതപരതന്ത്രരാക്കിയിരുന്നു എന്നും പഠനത്തിലെന്നപോലെതന്നെ ദൈവികകാൎയ്യങ്ങളിലും അദ്ദേഹം ആമഗ്നനായിരുന്നു എന്നും അവർ സാക്ഷ്യംവഹിക്കുന്നു. കൂട്ടുകാരോടുള്ള പെരുമാററത്തിൽ സൗഹൃദവും സന്തോഷവുമല്ലാതെ നീരസത്തിൻെറ ലാഞ്ഛനപോലും അദ്ദേഹത്തിൽ ഒരിക്കലും ദൃശ്യമായിരുന്നില്ല.

ആസ്ഥപ്പാട്ടു പട്ടത്തിനുശേഷമുള്ള ചെറുപട്ടങ്ങളും ശമ്മാശന് അചിരേണ നൽകപ്പെട്ടു. വരാപ്പുഴരൂപതയെ ഭരിച്ചിരുന്ന മിലേസ്യാമെത്രാനിൽനിന്ന് 1827-ൽ അഞ്ചാം പട്ടവും 1828-ൽ ആറാംപട്ടവും അദ്ദേഹം സ്വീകരിച്ചു. അതിനുശേഷം മല്പാനച്ചൻ സ്ഥലത്തില്ലാതിരുന്നപ്പോളെല്ലാം സെമ്മിനാരിക്കാൎയ്യങ്ങളുടെ മേൽനോട്ടം തൻെറ പ്രിയശിഷ്യനായ കുൎയ്യാക്കോസ് ശമ്മാശനെയാണ് അദ്ദേഹം ഭരമേൽപ്പിച്ചിരുന്നത്.

പാലയ്ക്കൽ തോമ്മാമല്പാനും ചാവറ ശമ്മാശനും തമ്മിലുണ്ടായ ഗാഢമായ ആത്മബന്ധം നമ്മുടെ കഥാനായകൻെറ ഭാവിജീവിതത്തിനു മാൎഗ്ഗദൎശകമായിത്തീൎന്നു. തപോനിഷ്ഠനും പുണ്യാത്മാവുമായിരുന്ന മല്പാനച്ചനെ ശിഷ്യൻ എല്ലാക്കാൎയ്യത്തിലും തൻെറ മാതൃകയായി സ്വീകരിച്ചു. ഭാവിയിൽ അദ്ദേഹത്തിൻെറ ആജ്ഞാനുവൎത്തിയായും അദ്ദേഹത്തിൻെറ അഭിലാഷങ്ങൾക്കനുസരിച്ചും ജീവിതം നയിക്കണമെന്നുള്ള ആഗ്രഹം ശിഷ്യനിൽ നാൾക്കുനാൾ വളൎന്നുവന്നു. സുകൃതജീവിതത്തിലും ദൈവസേവനത്തിലും ശമ്മാശന് നൈസൎഗ്ഗികമായുണ്ടായിരുന്ന തീക്ഷ്ണത ഗുരുവിനോടുള്ള സമ്പൎക്കംമൂലം വൎദ്ധമാനമായിത്തീൎന്നു. ഭാവിയിൽ ഈ രണ്ടു

മഹത്വ്യക്തികൾ ദൃഢമായ ഹൃദയ ഐക്യത്തോടുകൂടി ദൈവസേവനത്തെ ലക്ഷ്യമാക്കിയുള്ള സംരംഭങ്ങളിൽ വ്യാപൃതരായിരിക്കുന്നതായി നമുക്കു കാണാം. ആജീവനാന്തം നിലനിന്ന ഈ ഗുരുശിഷ്യബന്ധം കേരള ക്രൈസ്തവസമുദായത്തിന് പലവിധത്തിലും അനുഗ്രഹപ്രദമായി ഭവിക്കയും ചെയ്തു.

# III

## പുരോഹിതൻ

തൻെറ പതിനൊന്നാമത്തെ വയസ്സിൽ ബാലനായ കുര്യാക്കോസ് ഏതൊരു മഹത്തായ അഭിലാഷത്താൽ പ്രേരിതനായി പള്ളിപ്പുറം സെമ്മിനാരിയിൽ പ്രവേശിച്ചുവോ, അതിൻെറ സാഫല്യത്തിനുള്ള മുഹൂത്തം സമാഗതമായി. ഇപ്പോൾ നമ്മുടെ കഥാപുരുഷൻ തൻെറ ഇരുപത്തിനാലാമത്തെ വയസ്സിലേക്കു കാലൂന്നിയിരിക്കുന്നു. സെമ്മിനാരിയിൽ കഴിച്ചുകൂട്ടിയ പതിമ്മൂന്നു സംവത്സരങ്ങൾകൊണ്ടു് അദ്ദേഹം പുണ്യത്തിലും ഭക്തിയിലും വിജ്ഞാനത്തിലും അന്യാദൃശമായ പുരോഗതി പ്രാപിച്ചു. പൗരോഹിത്യപദവിയിൽ മുറപ്രകാരം അവരോധിതനാകുന്നതിന് ആവശ്യമായ പരിശീലനവും പഠനവും പൂൎത്തിയായി.

ആയിടയ്ക്കു് ബോംബെ വികാരി അപ്പസ്തോലിക്കായും നിഷ്പാദുക കർമ്മലീത്താ സഭാംഗവുമായിരുന്ന

മൗറേലിയൂസ് സ്തബലീനി മെത്രാൻ വരാപ്പുഴ രൂപതയുടെ താൽക്കാലിക വികാരി അപ്പസ്തോലിക്കാ ആയി നിയമിതനായി. പാലയ്ക്കൽ തോമ്മാമല്പാൻ, കുർബ്ബാനപ്പട്ടം സ്വീകരിക്കുവാനുള്ള തൻെറ ശിഷ്യന്മാരാൽ അനുഗതനായി വരാപ്പുഴെ എത്തി. മെത്രാൻ ഉടൻതന്നെ വരാപ്പുഴയിൽനിന്നും മടങ്ങിപ്പോകുവാൻ ഉദ്ദേശിക്കുന്നു എന്നും അതുകൊണ്ടു് തല്ക്കാലം ശെമ്മാശന്മാൎക്കു് പട്ടം നല്കുവാൻ ഇടയില്ലെന്നുമുള്ള വാൎത്തയാണു് വള്ളക്കടവിൽവച്ചുതന്നെ അവൎക്കു കേൾക്കുവാൻ ഇടയായതു്. അശുഭകരമായ ഈ വാൎത്ത ഗുരുശിഷ്യന്മാരിൽ എത്രമാത്രം ഖേദവും നിരാശയും ഉളവാക്കി എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. ആഗതർ മെത്രാൻെറ സെക്രട്ടറിയായ പോരുക്കര തോമ്മാച്ചൻെറ മുറിയിലേക്കാണു് നേരേ പോയതു്. അദ്ദേഹം ഈ കിംവദന്തിക്കു സ്ഥിരീകരണം നൽകിയതോടുകൂടി ആഗതരുടെ പ്രതീക്ഷാസൗധങ്ങൾ തകൎന്നു നിലംപതിച്ചു. പിറേറദിവസം തോമ്മാമല്പാൻ ശിഷ്യന്മാരോടുകൂടി സ്തബലീനിമെത്രാനെ സന്ദൎശിച്ചു. തനിക്കു ബോധത്തിനു സൗഖ്യക്കേടാകയാൽ കുർബ്ബാന ചൊല്ലാൻ നിവൃത്തിയില്ലെന്നും അതുകൊണ്ടു് പട്ടമേല്ക്കാൻ വന്നവർ മടങ്ങിപ്പൊയ്ക്കൊള്ളണമെന്നുമായിരുന്നു അദ്ദേഹത്തിൻെറ കല്പന.

ഉദ്ദിഷ്ടകാൎയ്യസിദ്ധിയിൽ അദ്ധ്യവസായിയായിരുന്ന പാലയ്ക്കൽ മല്പാനച്ചൻ ഇതുകൊണ്ടും തൻെറ ഉദ്യമത്തിൽ നിന്നു വിരമിച്ചില്ല. അദ്ദേഹം സ്വശിഷ്യരോടുകൂടി വരാപ്പുഴെത്തന്നെ താമസിച്ചുകൊണ്ടു് കാൎയ്യസിദ്ധിക്കായുള്ള പരിശ്രമങ്ങൾ തുടൎന്നു. അടുത്തദിവസംതന്നെ വരാപ്പുഴെ അപ്പോൾ സന്നിഹിതരായിരുന്ന വൈദികപ്രമുഖന്മാരുടെ വകയായും പള്ളിപ്പുറം വരാപ്പുഴ സെമ്മിനാരികളിലെ വൈദികവിദ്യാൎത്ഥികളുടെ

വകയായും രണ്ടു ഹർജ്ജികൾ സ്തബലീനി മെത്രാൻെറ പക്കൽ സമർപ്പിക്കപ്പെട്ടു. ഹർജ്ജികളിൽ അദ്ദേഹത്തിൻെറ പെട്ടെന്നുള്ള വേർപാടിൽ ഹർജ്ജിക്കാർക്കുള്ള ദുർഭരമായ ഖേദത്തേയും അതുമൂലം സഭയ്ക്കു നേരിടാവുന്ന അനാഥാവസ്ഥയേയുംപററി ധരിപ്പിക്കയും, അതുകൊണ്ട് മെത്രാൻ തങ്ങളെ വിട്ടുപോകരുതെന്ന് ആദരപൂർവ്വം അപേക്ഷിക്കയുമാണ് ചെയ്തിരുന്നത്. ഈ നിവേദനങ്ങൾ കുറിയ്ക്കു കൊണ്ടു. മറെറാരിടയനെ ലഭിക്കുന്നതുവരെയും താൻ മടങ്ങിപ്പോവുകയില്ലെന്ന് മെത്രാൻ മറുപടി നൽകി. ഇതിനുശേഷം കുര്യാക്കോസ് ശമ്മാശനും കൂട്ടുകാരും പള്ളിപ്പുറത്തേയ്ക്കു മടങ്ങിപ്പോന്നു.

ഇങ്ങനെയിരിക്കെ ലത്തീൻ സമുദായത്തിലെ ഒരു വിഭാഗത്തിൽപ്പെട്ട ശമ്മാശന്മാർക്കു കുർബ്ബാനപ്പട്ടം നൽകുന്നതു സംബന്ധിച്ചു മററുവിഭാഗക്കാരിൽനിന്നുണ്ടായ അഭിപ്രായവ്യത്യാസങ്ങളും പ്രതിഷേധങ്ങളും മൂലം സ്തബലീനി മെത്രാന് വരാപ്പുഴയിലെ താമസം അരോചകമായിത്തോന്നുകയാൽ അറത്തുങ്കൽ പള്ളിയിലേക്കു താമസം മാററുവാൻ അദ്ദേഹം നിശ്ചയിച്ചു. അറത്തുങ്കൽ ഇടവകക്കാർ അദ്ദേഹത്തെ യഥായോഗ്യം സ്വീകരിക്കുകയും എല്ലാ സുഖസൗകര്യങ്ങളോടുംകൂടി അവിടെ താമസിപ്പിക്കയുംചെയ്തു.

ഇങ്ങനെ സ്തബലീനിമെത്രാൻ അറത്തുങ്കൽ താമസിച്ചുവരവെ നമ്മുടെ കഥാനായകൻ അദ്ദേഹത്തിൽനിന്നും 1829 നവംബർ അവസാനത്തോടെ സ്ഥലത്തെ വി. അന്ത്രയോസ് ശ്ലീഹായുടെ ദേവാലയത്തിൽ വച്ച് കുർബ്ബാനപ്പട്ടം സ്വീകരിക്കയുണ്ടായി. തുടർന്ന് ആഗമനകാലത്തിൻെറ ഒന്നാം ഞായറാഴ്ച സ്വന്തം ഇടവകയായ ചേന്നങ്കരി പള്ളിയിൽവച്ച് നവപൂജ അർപ്പിക്കയും ചെ

ഷ്ഠ. ബാല്യകാലംമുതൽ നമ്മുടെ കഥാനായകൻ പുല ത്തിവന്ന ആത്മാഭിവാഞ്ഛയുടെ സാഫല്യത്തെയും ദൈ വത്തിനും സമുദായത്തിനും വേണ്ടി അപ്പിക്കപ്പെട്ട അ നഘവും ത്യാഗനിർഭരവുമായ സേവനങ്ങളുടെ പ്രാരംഭ ത്തെയുമാണ് ഈ സുദിനം കുറിയ്ക്കുന്നതു്.

അക്കാലത്തു് പുത്തൻ കുർബ്ബാനയോടനുബന്ധിച്ചു് 'വീടുകയറുക' എന്ന ഒരു ചടങ്ങ് ആഘോഷപൂർവ്വം നട ത്തിയിരുന്നു. കല്ലൂക്കാട്ട് (ചമ്പക്കുളം) മുതലായ സ്ഥ ലങ്ങളിൽ പുത്തൻ കുർബ്ബാന ചൊല്ലുന്നതിൻെറ തലേവ്യാ ഴാഴ്ചയാണ് ഈ കർമ്മം നടത്തപ്പെട്ടിരുന്നതു്. അന്നേ ദിവസം നവവൈദികൻ ശമ്മാശന്മാക്കുള്ള 'ശ്ലൂർപ്ലേ ശ്ശു'മാത്രം ധരിച്ചുകൊണ്ടു് യോഗക്കാരോടും പട്ടക്കാരോ ടുംകൂടി ആഘോഷപൂർവം വീട്ടിലേയ്ക്കു ചെല്ലുന്നു. അവി ടെ വിവാഹഅടിയന്തിരത്തിന് മണവാളൻെറ മുൻ പിൽ 'നുള്ളിത്തിന്നാൻ മധുരംവയ്ക്കുന്നതു്'പോലെ നവ വൈദികൻെറ മുൻപിൽ പ്രേക്ഷകരുടെ അനുവാദം ചോദിച്ചുകൊണ്ടു് മധുരം വയ്ക്കുകയും അദ്ദേഹം അതു് മുറപ്രകാരം നുള്ളിത്തിന്നുകയും ചെയ്യുന്നു. ഇ തിനുശേഷം പട്ടക്കാക്കും യോഗക്കാക്കുമായി വിഭവസമൃ ദ്ധമായ സദ്യനടക്കുന്നു. ഈ വീടുകയററവും സദ്യയും നടത്താത്ത നവവൈദികന് സ്വന്ത ഇടവകപ്പള്ളിയി ൽ പുത്തൻകുർബ്ബാന ചൊല്ലുന്നതിന് യോഗക്കാർ അനു വാദം നിഷേധിച്ചിരുന്നു. വ്യാഴാഴ്ചത്തെ സദ്യയ്ക്കുപുറ മെ നവവൈദികൻെറ വകയായി ശനിയാഴ്ചയും, പു ത്തൻകുർബ്ബാന അപ്പിക്കുന്ന ഞായറാഴ്ച രാവിലെയും ഓ രോ സദ്യകൾകൂടി നടത്തണമെന്നായിരുന്നു മുറ. ഈ ചടങ്ങുകൾ സംബന്ധിച്ചുള്ള ദുർവ്വഹമായ പണച്ചെലവു മൂലം ചില വൈദികർ ആജീവനാന്തം ഋണബദ്ധരായി കഴിയേണ്ടതായും വന്നിട്ടുണ്ടു്.

ചില സ്ഥലങ്ങളിൽ ആസ്ഥപ്പാട്ട പട്ടം കഴിഞ്ഞു് 'വീട്ടുകയററം' നടത്താറുണ്ടായിരുന്നു. ചാവറ അച്ചന്റെ വീട്ടുകയററം ഈ ഘട്ടത്തിലാണു നടത്തപ്പെട്ടതെന്നു വിശ്വസിക്കുവാൻ ന്യായങ്ങളുണ്ട്. വിസ്തരഭയത്താൽ അവയെ ഇവിടെ പ്രതിപാദിക്കുന്നില്ല. വീട്ടുകയററത്തിനുള്ള സജ്ജീകരണങ്ങൾ എല്ലാം പൂർത്തിയായപ്പോൾ സ്വന്തം ഇടവകക്കാരിൽനിന്നുണ്ടായ ചില തടസ്സങ്ങൾ കാരണം അതുസംബന്ധിച്ചുള്ള ദേവാലയകർമ്മങ്ങൾ നടത്തുവാനായി ശെമ്മാശൻ നേരേ ആലപ്പുഴയ്ക്കുപോയി. അവിടെ എത്തിയപ്പോൾ മാർ സ്ലീബാപ്പള്ളിയിലെ വികാരിയും യോഗക്കാരും കൂടി കുരിശ്ശ്, കൊടി, തഴ, പാലിക മുതലായവ വഹിച്ചുകൊണ്ടും തമ്പേറ്, വീണ, കുഴൽ തുടങ്ങിയ വാദ്യഘോഷങ്ങളുടെ അകമ്പടിയോടുകൂടിയും അത്യാഡംബരപൂർവ്വം അദ്ദേഹത്തെ എതിരേററ് ദേവാലയത്തിലേക്കു കൊണ്ടുപോയി. കർമ്മങ്ങൾ യഥാവിധി നിർവ്വഹിച്ചശേഷം വീണ്ടും ഘോഷയാത്ര പുറപ്പെട്ട് ആലപ്പുഴ തോട്ടുകടവിൽ എത്തി. അവിടെനിന്നും എല്ലാവരുംകൂടി ജലമാർഗ്ഗമായി കൈനകരിക്കു തിരിച്ചു. ചുണ്ടൻ, ചുരുളൻ മുതലായ കളിവള്ളങ്ങളും ചുണ്ടില്ലാത്ത ബോട്ടുകളും ചേർന്നുള്ള ഈ ഘോഷയാത്ര ചാവറ ഗൃഹത്തെ ലക്ഷ്യമാക്കി നീങ്ങി. ചാവറെ എത്തി 'വീട്ടുകയററം' കഴിച്ചശേഷം ഈ ചടങ്ങിൽ സംബന്ധിച്ച എല്ലാവരേയും കെങ്കേമമായ സദ്യനൽകി സൽക്കരിച്ചു. അവിടെ സന്നിഹിതരായിരുന്ന പല മാന്യന്മാരും ശെമ്മാശന് പലതരം മോതിരങ്ങൾ പാരിതോഷികമായിനൽകി അനുമോദിക്കുകയും ഉണ്ടായി.

നവ ബലി അർപ്പിച്ചതിനുശേഷം കുര്യാക്കോസച്ചൻ ഏകദേശം ഒരുമാസത്തോളം സ്വന്തം ഇടവകപ്പ

ള്ളിയിൽതന്നെ താമസിച്ചു. ആയിടയ്ക്ക് അദ്ദേഹം പുളിങ്കുന്നിൽ കുറെ നാഠം ചെലവഴിക്കുകയും ആ വഷത്തെ വലിയ നോയ്മ്പിൻെറ ആരംഭത്തിൽ അവിടത്തെ തെക്കേ അങ്ങാടിയിലുള്ള പള്ളിയിൽ ഒരു ധ്യാനപ്രസംഗം നടത്തുകയുംചെയ്തു. ഈ പ്രഥമ ധ്യാനപ്രസംഗത്തിൻെറ വശ്യതയെയും അതുമൂലം നമ്മുടെ കഥാനായകൻ നേടിയ ജനസമ്മതിയേയും പററി മുൻ ഒരദ്ധ്യായത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ നാട്ടിലുള്ള ദീഘമായ താമസവും ചുററിനടപ്പും തൻെറ ഗുരുവിന് അത്ര ഹിതകരമാകുന്നില്ല എന്നറിഞ്ഞു് അദ്ദേഹം ഉടൻതന്നെ പള്ളിപ്പുറത്തേക്കു മടങ്ങിപ്പോയി. വൈദികനായതിനുശേഷവും തൻെറ അഭിവന്ദ്യഗുരുവിൻെറ ഇഷ്ടത്തിനൊത്തവണ്ണം ജീവിക്കുക എന്നതു് അദ്ദേഹത്തിൻെറ ഒരു വ്രതമായിരുന്നു.

പള്ളിപ്പുറത്തു മടങ്ങിയെത്തിയശേഷം കുര്യാക്കോസച്ചൻ സെമ്മിനാരിസംബന്ധിച്ചുള്ള ജോലികളിൽ തൻെറ ഗുരുവിനെ യഥാശക്തി സഹായിച്ചുപോന്നു. അദ്ദേഹം അവിടെ ഉള്ളപ്പൊഴും ഇല്ലാത്തപ്പൊഴും ജോലികളിൽ അധികഭാഗവും കുര്യാക്കോസച്ചൻതന്നെയാണ് ചെയ്തുതീത്തിരുന്നതു്. എങ്കിലും വിസ്തൃതമായ ലോകരംഗത്തേക്കിറങ്ങി സ്വസഹോദരങ്ങളുടെ ആത്മീയവും സാമൂഹ്യവുമായ ഉദ്ധാരണത്തിനുവേണ്ടി അദ്ധ്വാനിക്കുവാൻ അദ്ദേഹത്തിൻെറ ഹൃദയം കുതികൊണ്ടിരുന്നു.

സെമ്മിനാരിജോലികളിൽ ഏപ്പെട്ടിരുന്ന കാലത്തുതന്നെ അദ്ദേഹം ചില ഉദ്ധാരണപരിപാടികഠ നടപ്പിൽ വരുത്തി. അക്കാലത്തു് ദേവാലയങ്ങളിൽ വൈദികർ പ്രസംഗിക്കുന്ന ഏപ്പാട്ട് അത്ര പ്രചാരത്തിൽ വന്നിട്ടില്ലായിരുന്നു. സാമാന്യജനങ്ങളുടെ മതപരമായ അറിവും ഭക്തിതീക്ഷ്ണതയും വദ്ധിപ്പിക്കുന്ന

തിന്ന് ഏററവും സഹായകമായ ഒരു മാർഗ്ഗം അവഗണി ക്കപ്പെട്ടിരിക്കുന്നതായി അദ്ദേഹം കണ്ടു. ഈ ന്യൂനത പരിഹരിക്കുന്നതിലാണ് അദ്ദേഹത്തിൻെറ ശ്രദ്ധ ആ ദ്യമായി പതിഞ്ഞത്. അദ്ദേഹംതന്നെ പല ദേവാല യങ്ങളിലും ചെന്നു് വിശ്വാസികളോട്ട് മതപരവും ആ ദ്ധ്യാത്മികവുമായ കാര്യങ്ങളെ സംബന്ധിച്ചു പ്രസംഗി ക്കുവാൻ തുടങ്ങി. ഈ പ്രസംഗങ്ങൾ മുഖേന ജനങ്ങ ളിൽ ഒരു നവോന്മേഷം സംജാതമാക്കുവാൻ അദ്ദേഹ ത്തിനു സാധിച്ചു. ജനമദ്ധ്യത്തിൽ അദ്ദേഹത്തിൻെറ പ്രശസ്തി നാൾക്കുനാൾ വർദ്ധിച്ചുവന്നു. സമുദായോ ദ്ധാരണസംരംഭത്തിലെ ആദ്യപരീക്ഷണം മാത്രമായിരു ന്നു ഇതു്. അതു് പ്രതീക്ഷാതീതമാംവണ്ണം വിജയിക്ക തന്നെ ചെയ്തു.

---

# III

# സന്യാസസഭാസ്ഥാപനം

## I

### മൂന്നു മഹാരഥന്മാർ

മനുഷ്യന്റെ നന്മയെ ലാക്കാക്കിയുള്ള മഹൽക്കാര്യങ്ങളിൽ ദൈവത്തിന്റെ കരങ്ങൾ സുശക്തമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു എന്നതു് അനിഷേദ്ധ്യമായ ഒരു സത്യമാണ്. ഇത്തരം സംരംഭങ്ങളുടെ ഉപജ്ഞാതാക്കളായ മഹാന്മാർ ദൈവഹസ്തങ്ങളിൽ കർമ്മക്ഷമങ്ങളായ കരുക്കളായിത്തീരുന്നു. വർത്തമാനകാലത്തു കേവലം ആകസ്മികങ്ങളെന്നു തോന്നാവുന്ന ചില സംഭവങ്ങൾ പ്രത്യവലോകനത്തിൽ അപരിമേയമായ ഒരു ബുദ്ധിയാൽ പരസ്പരം ബന്ധിക്കപ്പെട്ടവയായിരുന്നു എന്നു ദൈവപരിപാലനയിൽ വിശ്വസിക്കുന്ന ഏവർക്കും ബോദ്ധ്യമാവുന്നതാണ്.

കേരള സുറിയാനി കർമ്മലീത്താ നിഷ്പാദുക മൂന്നാം സഭയുടെ സ്ഥാപനസംരംഭത്തിലും ഈ തത്വം പാലിക്കപ്പെട്ടുന്നതായി സൂക്ഷ്മപരിശോധനയിൽ നമുക്കു കാ



മൊൺ. സുബിലീനി



പാലയ്ക്കൽ തോമ്മാ മല്പാൻ



പോരൂക്കര തോമ്മാ മല്പാൻ

ണവാൻ കഴിയും. പാലയ്ക്കൽ തോമ്മാമല്പാൻ, പോരൂക്കര തോമ്മാച്ചൻ, ചാവറ കുര്യാക്കോസച്ചൻ എന്നീ മൂന്നു മഹാരഥന്മാരുടെ പരിശ്രമഫലമായിട്ടാണ് ഈ പ്രസ്ഥാനം ഉടലെടുത്തതു്. കേരളത്തിൽ വൈദികരുടെ വിവിക്തവാസത്തിനായി ഒരു സങ്കേതം സൃഷ്ടിക്കണമെന്നുള്ളതു ഇവരിൽ ചിരകാലമായി വളൎന്നുകൊണ്ടിരുന്ന ഒരഭിലാഷമായിരുന്നു. ഈദൃശ സംരംഭങ്ങളുടെ പ്രണേതാക്കൾക്ക് അവശ്യം ഉണ്ടായിരിക്കേണ്ട മാനസികവും ആത്മീയവുമായ ഗുണങ്ങളാൽ അവർ അനുഗൃഹീതരുമായിരുന്നു. ദൈവഭക്തിയിലും, സുകൃതാഭ്യസനത്തിലും, പ്രാൎത്ഥനാനിഷ്ഠമായ ജീവിതചൎയ്യയിലും, മനുഷ്യസേവനത്തിലും അന്യാദൃശമായ തീക്ഷ്ണത അവർ പ്രദൎശിപ്പിച്ചിരുന്നു. കൂടാതെ വിപുലമായ പൊതുജനസഹകരണം ആവശ്യമായിരുന്ന ഈ പ്രസ്ഥാനത്തെ വിജയത്തിലെത്തിക്കുവാൻ അവശ്യം വേണ്ടതായ ജനസമ്മതിയും അവർ നേടിക്കഴിഞ്ഞിരുന്നു.

ഈ മഹാശയന്മാർ, സന്യാസപ്രസ്ഥാനത്തിൽ ഉത്സുകരായിത്തീൎന്ന നാൾമുതൽ അതു നടപ്പിൽ വരുത്തുന്നതിനുള്ള മാൎഗ്ഗങ്ങളെപ്പററി ഗാഢമായി ചിന്തിച്ചുകൊണ്ടാണിരുന്നതു്. അവരുടെ പ്രാൎത്ഥനകളും പ്രത്യാശകളും ഈ വിഷയത്തിൽ കേന്ദ്രീകൃതമായിരുന്നു. നമ്മുടെ കഥാപുരുഷനായ ചാവറ കുര്യാക്കോസച്ചൻ അറത്തുങ്കൽ പള്ളിയിൽവച്ചു കുൎബ്ബാനപ്പട്ടം സ്വീകരിച്ച അവസരത്തിൽ സന്യാസപ്രസ്ഥാനം നടപ്പിൽ വരുത്തുവാനുള്ള ദൈവാനുഗ്രഹത്തിനായി പ്രാൎത്ഥിച്ചുകൊണ്ടാണ് തന്റെ പ്രഥമ ദിവ്യബലി അൎപ്പിച്ചതെന്ന് അദ്ദേഹംതന്നെ രേഖപ്പെടുത്തിയിരിക്കുന്നു.

പാലയ്ക്കൽ മല്പാനും ചാവറ അച്ചനും സന്യാസസഭാസ്ഥാപനവിഷയത്തിൽ വഹിച്ച സുപ്രധാനമായ പ

ങ്ങിനെ അനുസ്മരിക്കുമ്പോൾ അവരുടെ ഗുരുശിഷ്യബന്ധം വെറും ഒരു യാദൃശ്ചികസംഭവമല്ലായിരുന്നു എന്നു കാണാവുന്നതാണ്. ഒരു മഹത്കാര്യത്തിന്റെ നിർവഹണത്തിനായി ദൈവം ഈ പുണ്യാത്മാക്കളെ തമ്മിൽ ദൃഢമായ ആത്മബന്ധത്തിൽ കൂട്ടിയിണക്കിയതായിരുന്നു എന്നു നമുക്കു ന്യായമായി വിശ്വസിക്കാം. ഈശോസഭാസ്ഥാപകനായ വി. ഇഗ്നേഷ്യസ്ലൊയോളയും സഭയുടെ അടിസ്ഥാനക്കല്ലുകളായ വി. ഫ്രാൻസിസ് സേവ്യർ, ഫാദർ ഫേബർ എന്നിവരും തമ്മിൽ പാരീസ് സർവ്വകലാശാലയിൽവച്ചുണ്ടായ സമാഗമം ഇവിടെ അനുസ്മരണീയമാണ്.

പോരൂക്കര തോമ്മാച്ചനെപ്പററിയുള്ള ഒരു സംക്ഷിപ്തവിവരണം ഇവിടെ ആവശ്യമായിരിക്കുന്നു. പോരൂക്കരകല്ലൂക്കാട്ടു് (ചമ്പക്കുളം) ഇടവകയിലെ ഒരു പുരാതനകുടുംബമാണു്. കുട്ടനാട്ടിലെ പ്രസിദ്ധകുടുംബങ്ങളായ മാപ്പിളശ്ശേരി, കരിയംപള്ളി, പയ്യനാട്ടു്, മുതലായവ പോരൂക്കരത്തറവാടിന്റെ ശാഖകളാകുന്നു. 1800-ാമാണ്ടാണു് തോമ്മാച്ചൻ ജനിച്ചതു്. വരാപ്പുഴ അപ്പസ്തോലികസെമ്മിനാരിയിൽ വൈദിക വിദ്യാഭ്യാസം പൂർത്തിയാക്കി 1823-ൽ അദ്ദേഹം കുബ്ബാനപ്പട്ടം സ്വീകരിച്ചു.

ഒട്ടും താമസിയാതെതന്നെ സ്വന്തം ഇടവകയായ കല്ലൂക്കാട്ടു പള്ളിയിൽ വികാരിയായി നിയമിതനായി. രണ്ടു വർഷക്കാലം ഏററവും വിജയകരമാംവണ്ണം അവിടെ ഭരണം നടത്തി. സാമൂഹ്യാചാരങ്ങളിലും ദേവാലയത്തിലെ ആരാധനക്രമത്തിലും അദ്ദേഹം പല പരിഷ്കാരങ്ങളും നടപ്പിൽവരുത്തുകയുണ്ടായി. വിവാഹ അടിയന്തിരത്തോടു സംബന്ധിച്ചു നടത്തിവന്നിരുന്ന അന്തംചാർത്തു്, കുളി എന്നീ ചടങ്ങുകൾ അദ്ദേഹം നിറു

ത്തൽ ചെയ്തു. ദേവാലകൎമ്മങ്ങൾ സംഗീതോപകരണങ്ങളുടെ അകമ്പടിയോടുകൂടി നടത്തുന്ന രീതി അദ്ദേഹം നടപ്പിലാക്കി. കൂടാതെ പള്ളിയിൽ ഞായറാഴ്ചതോറും പ്രസംഗം ചെയ്യുന്ന ഏൎപ്പാടും സമാരംഭിച്ചു. വി. യൗസേപ്പിനോടുള്ള ഭക്തിയിൽ അദ്വിതീയനായിരുന്നു അദ്ദേഹം. പ്രസ്തുത ഭക്തിയുടെ പ്രചാരത്തിനായി അദ്ദേഹം ഒരു സംഘം സ്ഥാപിച്ചു. പുണ്യവാൻെറ ഒരു പ്രതിമ പണിയിക്കുന്നതിനുവേണ്ടി സംഘാംഗങ്ങൾ ഓരോ ചക്രംവീതമുള്ള പിരിവ് ആഴ്ചതോറും നടത്തിവന്നിരുന്നു. കൂടാതെ പ്രതിമാനിൎമ്മാണത്തിനായി അദ്ദേഹം ഒരു വിദഗ്ദ്ധനായ ശില്പിയെ നിയോഗിക്കയുംചെയ്തു. ഈ പ്രതിമയാണ് മാന്നാനം ആശ്രമദേവാലയത്തിൻെറ പ്രധാന ബലിപീഠത്തിൽ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നതു്.

കല്ലൂക്കാട്ടെ ഇടവകഭരണത്തിനുശേഷം തോമ്മാച്ചൻ തങ്കശ്ശേരിപ്പള്ളി വികാരിയായി നിയമിക്കപ്പെട്ടു. പുതിയ വികാരിയുടെ ഉൽബോധജനകങ്ങളായ പ്രസംഗങ്ങളും, ഉജ്ജ്വലമായ ഭക്തിയും മാതൃകാപരമായ ജീവിതവും മന്ദഭക്തന്മാരായ ഇടവകക്കാരെ വിസ്മയഭരിതരാക്കിത്തീൎത്തു. അവരുടെ ഇടയിൽ മതപരമായ ഒരു നവോത്ഥാനംതന്നെ അദ്ദേഹം സൃഷ്ടിച്ചു. അനേകവൎഷങ്ങളായി പാപസങ്കീൎത്തനം ചെയ്യാതെയും ദുൎമ്മാൎഗ്ഗചാരികളായും ജീവിതം നയിച്ചിരുന്ന പലരേയും അദ്ദേഹം യഥാൎത്ഥഭക്തന്മാരാക്കി മാററി. സുറിയാനിഭാഷയ്ക്കു പുറമേ ലത്തീനും പോർട്ടുഗീസും അദ്ദേഹത്തിനു നല്ല വശമായിരുന്നു. കുർബ്ബാന ഒഴിച്ച് ബാക്കിയുള്ള കൎമ്മങ്ങളെല്ലാം ലത്തീൻ ഭാഷയിലാണ് അദ്ദേഹം നടത്തിവന്നിരുന്നതു്.

ശനിയാഴ്ചതോറും പള്ളിയിൽ വന്നിരുന്ന ഭിക്ഷക്കാൎക്ക് സദുപദേശങ്ങൾ നൾകുകയും അവരെ ദേവാല

യത്തിൽ കയററി ജപമാല ചൊല്ലിക്കുകയും ചെയ്തശേഷം ഭിക്ഷ നൽകി പറഞ്ഞയച്ചിരുന്നു. കുട്ടികൾ ദിവസേന സന്ധ്യാസമയത്തു ദേവാലയത്തിൽ ഒരുമിച്ചുകൂടി ഗാനാലാപത്തോടുകൂടി പ്രാത്ഥനകൾ ചൊല്ലുന്ന പതിവും അദ്ദേഹം നടപ്പിലാക്കി.

പോത്രുക്കര അച്ചന്റെ അനിതരസാധാരണമായ ഭരണപാടവവും, ഹൃദയാവജ്ജകമായ പ്രസംഗരീതിയും, ഇടവകയിൽ അദ്ദേഹം നടപ്പിൽ വരുത്തിയ ആദ്ധ്യാത്മിക പരിവത്തനവും എല്ലാവരുടെയും പ്രശംസയ്ക്കു വിഷയമായി. കുബേരകുചേലഭേദമെന്നിയെ ഇടവകാംഗങ്ങൾ എല്ലാവരുടെയും അകമഴിഞ്ഞ സ്നേഹാദരങ്ങൾ അദ്ദേഹം സമാജ്ജിച്ചു. അക്കാലത്തു് ദിവാൻ കച്ചേരിയും റസിഡൻസി മുതലായ പ്രധാനപ്പെട്ട സക്കാർ ആഫീസുകളും കൊല്ലത്തായിരുന്നതിനാൽ വിവിധ നിലകളിലുള്ള ഉദ്യോഗസ്ഥന്മാരുടെ പരിചയവും സ്നേഹവും സമ്പാദിക്കുന്നതിന് അദ്ദേഹത്തിനു സാധിച്ചു. സക്കാർമണ്ഡലത്തിൽ അദ്ദേഹത്തിന്, കൈവന്ന ഈ സ്വാധീനം പിന്നീട് സഭാസ്ഥാപനകാര്യത്തിൽ വളരെ സഹായകമായി ഭവിക്കുകയുണ്ടായി.

ഈ കാലഘട്ടത്തിലാണ് മാർ മൗറേലിയൂസ് ദൊലിക്കാ എന്ന ദേഹം വരാപ്പുഴ വികാരിഅപ്പസ്തോലിക്കാ ആയി നിയമിതനായതു്. അതിരൂപതാഭരണം ഏറെറടുത്ത ഉടനെതന്നെ അദ്ദേഹം പാലയ്ക്കൽ തോമ്മാമല്പാനെ വരാപ്പുഴയ്ക്കു വിളിച്ചു് തന്റെ സെക്രട്ടറിയായിരിക്കണമെന്നും അതിനു നിവൃത്തിയില്ലാത്തപക്ഷം വിശ്വസ്തനും പ്രാപ്തനുമായ മറേറതെങ്കിലും വൈദികനെ നിർദ്ദേശിച്ചു കൊടുക്കണമെന്നും ആവശ്യപ്പെട്ടു. സെമ്മിനാരിയിലെ അദ്ധ്യാപകജോലി ഉപേക്ഷിക്കുവാൻ മല്പാനച്ചൻ സന്നദ്ധനല്ലാതിരുന്നതിനാൽ അദ്ദേഹം ത

ൻെറ ഉററമിത്രമായ പോരൂക്കര തോമ്മാച്ചനെ സെക്ര ട്ടറിസ്ഥാനത്തേയ്ക്കു ശുപാൾചെയ്തു. മെത്രാദപ്പാലീത്തായു ടെ കല്പനപ്രകാരം പോരൂക്കര അച്ചൻ വരാപ്പുഴെ എ ത്തി സെക്രട്ടറിസ്ഥാനത്തു പ്രവേശിച്ചു.

സന്യാസസഭാസ്ഥാപനത്തേ സംബന്ധിച്ചിടത്തോ ളം സുപ്രധാനമായ ഒരു സംഭവമായിരുന്നു പോരൂക്കര അച്ചൻെറ പ്രത്യാഗമനവും സെക്രട്ടറിസ്ഥാനപ്രാപ്തി യും. സഭാസ്ഥാപകന്മാർ തമ്മിൽ സമ്പക്കം പുലത്തു ന്നതിനും വരാപ്പുഴയിലെ വൈദികമേലദ്ധ്യക്ഷൻെറ അനുഭാവം സമ്പാദിക്കുന്നതിനും അതു സഹായക മായിത്തീൎന്നു. സഭാപിതാക്കന്മാരുടെ ലക്ഷ്യപ്രാപ്തിക്കു നുകൂലമായ ഈ രംഗവിധാനത്തിൽ ദൈവത്തിൻെറ നിഗൂഢകരങ്ങൾ പ്രവൎത്തിക്കുന്നതു കാണാം.

സഭാസ്ഥാപകന്മാരിൽ പ്രായം, പാണ്ഡി ത്യം, ഗുരുസ്ഥാനം എന്നിവകൊണ്ടും പാലയ്ക്കൽ മല്പാനാ യിരുന്നു മുൻപൻ. സമകാലികന്മാരായ സുറിയാനി വൈദികർ അദ്ദേഹത്തെ ഒരു കുലഗുരുവിനെ എന്നവ ണ്ണം സ്നേഹിക്കയും ആദരിക്കയും ചെയ്തിരുന്നു. മല്പാന ച്ചൻെറ ശിഷ്യന്മാരായ അനവധി വൈദികർ അക്കാല ത്തു് മലയാളക്കരയുടെ പലഭാഗങ്ങളിൽ ഇടവകവികാ രിമാരായും മററും സഭാസേവനമനുഷ്ഠിച്ചിരുന്നു. അദ്ദേ ഹം സമാരംഭിക്കുന്ന ഏതൊരു പ്രസ്ഥാനത്തിനും നിർ ലോഭമായ പിൻതുണ നൽകുവാൻ വൈദികരും ജനങ്ങ ളും സന്നദ്ധരായിരുന്നു.

ഈ മൂന്നു മഹാരഥന്മാരിൽ വച്ചു് ഏററവും പ്രാ യം കുറഞ്ഞ ആൾ ആയിരുന്നു ചാവറ അച്ചൻ. അ ദ്ദേഹം പൌരോഹിത്യപദവിയിൽ പ്രവേശിക്കുന്നതിനു് ആറു വത്സരം മുൻപുതന്നെ പോരൂക്കര തോമ്മാച്ചൻ വൈദികപട്ടം സ്വീകരിച്ചുകഴിഞ്ഞിരുന്നു. ചുരുങ്ങിയ

കാലംകൊണ്ടു് ഭക്തനിഷ്ഠനായ ഒരു വൈദികൻ, സമർത്ഥനായ ഭരണകർത്താവ്, ആത്മീയോദ്ധാരകൻ, പ്രസംഗകൻ എന്നീ നിലകളിൽ അദ്ദേഹം നാട്ടിലെങ്ങും പ്രസിദ്ധനായിത്തീൎന്നു. നമ്മുടെ കഥാനായകൻ അന്നു വൈദികജീവിതത്തിലേക്കു കാലൂന്നുകമാത്രമെ ചെയ്തിരുന്നുള്ളു. ഈ സ്വാഹചര്യങ്ങളാൽ സന്യാസപ്രസ്ഥാനം സംബന്ധിച്ചുള്ള പ്രാരംഭശ്രമങ്ങളിൽ പാലയ്ക്കൽ മല്പാനും പോരൂക്കര അച്ചനുമാണ് മുന്നിട്ടുനിന്നു പ്രവൎത്തിച്ചിരുന്നതു്. ചാവറ കുര്യാക്കോസച്ചൻ തന്നാൽ ആവുന്ന വിധത്തിലെല്ലാം അവരുടെ പരിശ്രമങ്ങളെ സഹായിച്ചുകൊണ്ടുമിരുന്നു.

പോരൂക്കരതോമ്മാച്ചൻ വരാപ്പുഴ അരമനയിൽ താമസമാക്കിയതിനുശേഷം പാലയ്ക്കൽ മല്പാനുമായി പലപ്പൊഴും സന്യാസപ്രസ്ഥാനത്തേപ്പററിയുള്ള ആലോചനകളിൽ ഏൎപ്പെട്ടുകൊണ്ടിരുന്നു. ഒടുവിൽ ആഗ്രഹനിവൃത്തിക്കായി മെത്രാപ്പോലീത്തയുടെ പക്കൽ ഒരു നിവേദനം സമൎപ്പിക്കണമെന്ന് അവർ നിശ്ചയിച്ചു. മൗറേലിയൂസ് മെത്രാപ്പോലീത്താ അറത്തുങ്കൽ പള്ളിയിൽ താമസിച്ചുകൊണ്ടിരുന്ന ഒരു ദിവസം ഉല്ലാസസമയത്തു തോമ്മാച്ചന്മാർ ഇരുവരുംകൂടി അദ്ദേഹത്തെ സമീപിച്ച് അവൎക്കു സന്യാസജീവിതം നയിക്കുവാൻ സദയം അനുമതി നല്കണമെന്നു ബഹുമാനപുരസ്സരം അപേക്ഷിച്ചു. അവരെപ്പോലെ വിശ്വസ്തരും സമൎത്ഥന്മാരുമായ വൈദികർ ഏകാന്തജീവിതം കൈവരിക്കുന്നതായാൽ ജനങ്ങളെ സന്മാൎഗ്ഗത്തിൽകൂടി നയിക്കുവാൻ മററാരുമുണ്ടാകയില്ലെന്നും അതുകൊണ്ടു് ലോകത്തിൽനിന്നു പരിപൂൎണ്ണമായി വിരമിക്കുന്നതിനുപകരം ഒരു 'കൊവേന്ത' സ്ഥാപിച്ച് അവിടെ സന്യാസമുറകളനുസരിച്ചു ജീവിക്കുന്നതാണ് സഭയ്ക്കു കൂടുതൽ അനുഗ്രഹപ്രദമെന്നും

മെത്രാപ്പോലീത്താ ഉപദേശിച്ചു. കൊവേന്തസ്ഥാപനത്തിനു വേണ്ടിവരുന്ന ഭീമമായ പണച്ചെലവിനേക്കുറിച്ച് നിവേദകർ ആശങ്ക പ്രകടിപ്പിച്ചപ്പോൾ, അതു സാരമില്ലെന്നും നാട്ടുകാരായ ക്രിസ്ത്യാനികളുടെ പക്കൽ സഹായാഭ്യർത്ഥന നടത്തിയാൽ ആവശ്യമായ പണം സംഭരിക്കാൻ സാധിക്കുമെന്നും പറഞ്ഞ് മെത്രാപ്പോലീത്താ അവരെ പ്രോത്സാഹിപ്പിച്ചു. മററു ചില വൈദികസുഹൃത്തുക്കളോട്ട് ആലോചിച്ചശേഷം മെത്രാപ്പോലീത്തായുടെ നിർദ്ദേശപ്രകാരം പ്രവർത്തിയ്ക്കുവാൻതന്നെ അവർ തീരുമാനിച്ചു.

അവരുടെ നിർബ്ബന്ധപൂർവ്വമായ അപേക്ഷ അനുസരിച്ച് മൗറേലിയൂസ് മെത്രാപ്പോലീത്താ, അഭിനന്ദനീയമായ ഈ പുതിയ പ്രസ്ഥാനത്തെ അനുഗ്രഹിച്ചുകൊണ്ടും അതിൻെറ ഫലമായി കേരള ക്രൈസ്തവസഭയ്ക്കുണ്ടാകാവുന്ന അളവററ നന്മകളെ വിവരിച്ചുകൊണ്ടും ഇതിൻെറ നിർവ്വഹണത്തിനായി കുബേരകുചേലഭേദമെന്നിയെ എല്ലാവരും അകമഴിഞ്ഞു സഹായിക്കണമെന്നൽബോധിപ്പിച്ചുകൊണ്ടും ഒരു കല്പന (പസ്തേന്തി) പുറപ്പെടുവിച്ചു. ഈ കല്പന ഒപ്പിട്ടു പാലയ്ക്കലച്ചനെയും പോരൂക്കര അച്ചനെയും ഏല്പിക്കുകയും ഗണ്യമായ ഒരു തുക സംഭാവനയായി നല്കുകയുംചെയ്തു. ഔദ്യോഗികമായ ഈ അഭ്യർത്ഥനാപത്രത്തോടുകൂടി അവർ ധനശേഖരാർത്ഥം വിജയകരമായ ഒരു പര്യടനം നടത്തി. ധനശേഷിയുള്ള പള്ളികളിൽനിന്നും വ്യക്തികളിൽനിന്നും ഉദാരമായ സംഭാവനകൾ ലഭിച്ചു. വരാപ്പുഴ മെത്രാപ്പോലീത്തായുടെ അംഗീകാരവും ആശിസ്സും പാലയ്ക്കൽ മല്പാനച്ചൻെറയും പോരൂക്കര തോമ്മാച്ചൻെറയും വ്യക്തിമാഹാത്മ്യവും ജനസമ്മിതിയും പുതിയ പ്രസ്ഥാനത്തിൻെറ വിജയത്തിനു വഴി തെളിച്ചു അ

ങ്ങനെ അനുഗൃഹീതമായ സാഹചര്യങ്ങളിൽ കേരള ത്തിലെ കത്തോലിക്ക വൈദികസന്ന്യാസപ്രസ്ഥാനത്തി നു വേണ്ടിയുള്ള പരിശ്രമം ഉദ്ഘാടനം ചെയ്യപ്പെട്ടു.

## II

## മാന്നാനം

കേരളത്തിലെ പ്രഥമ ഏതദ്ദേശീയ സന്ന്യാസസഭ യുടെ ആസ്ഥാനമായ മാന്നാനംകുന്ന് കേരളത്തിലെ കർമ്മ ലമല എന്ന അപരാഭിധാനത്താൽ വിശ്വവിശ്രുതമാ യിത്തീർന്നിരിക്കുന്നു. കേരളകത്തോലിക്കസുറിയാനിസ ഭാചരിത്രത്തിലെ വിധിനിർണ്ണായകങ്ങളായ അനവധി സംഭവങ്ങൾക്കു സാക്ഷ്യം വഹിച്ചിട്ടുള്ള ഈ കുന്ന് ച രിത്രപഠിതാക്കളുടെ ഭാവനയെ ഉദ്ദീപിപ്പിക്കുകയും ഒരു നൂററാണ്ടുകാലത്തെ പഴക്കമുള്ള ഈറ്ററ സ്മരണകളെ ഉണർത്തുകയും ചെയ്യുന്ന ഒരു സ്ഥലമാണ്. ആരാദ്ധ്യരായ ചരിത്രവിധാതാക്കളെപ്പററിയുള്ള പാവനസ്മരണകളോ ടുകൂടി മാത്രമേ സമുദായസ്നേഹികൾക്ക് മാന്നാനം കു ന്നിൻ മുകളിലേക്കു കയറിച്ചെല്ലുവാൻ സാധിക്കൂ.

കോട്ടയത്തുനിന്നും ഏകദേശം 5മൈൽ വടക്കുപ ടിഞ്ഞാറുമാറി സ്ഥിതിചെയ്യുന്ന ഈ കുന്ന് മലയും ജ ലവുംകൂടി പരസ്പരം ആശ്ലേഷിക്കുന്ന സുന്ദരമായ ഒരു ഭൂപ്രദേശത്തെ അഭിമുഖീകരിച്ചു നിലകൊള്ളുന്നു. സ



മാന്നാനം കുന്നിന്റെ ഒരു വിദൂരദർശനം

മുദ്രനിരപ്പിൽനിന്നും 147 അടി ഉയൎന്നു നില്ക്കുന്ന ഈ കുന്നിൻെറ ഉപരിതലത്തിൽ നിന്നും പടിഞ്ഞാറോട്ടു നോക്കിയാൽ കുട്ടനാടിൻെറ വിസ്തൃതമായ ജലപ്പരപ്പും കേരവൃക്ഷങ്ങൾ നിബിഡമായി വളരുന്ന ദ്വീപസമൂഹങ്ങളും, അവയെ വലയം ചെയ്തുകൊണ്ട് ദൎശനപരിധി വരെ നീണ്ടുനിവൎന്നു പച്ചവില്ലീസണിഞ്ഞുകിടക്കുന്ന ഫലസമൃദ്ധങ്ങളായ നെല്ലിൻപാടങ്ങളും കാണാം. സമൎത്ഥനായ ഒരു കലാകാരൻെറ ഭാവനയിൽ ഉദിച്ച് ശബളാഭമായി ഉല്ലേഖനം ചെയ്യപ്പെട്ടിട്ടുള്ള ഒരു ചിത്രം നിവൎത്തിവച്ചിരിക്കയാണെന്നു തോന്നും ആ കാഴ്ചകണ്ടാൽ. അവാച്യമായ സൗന്ദൎയ്യവും ശാന്തിയും നിത്യം കളിയാടുന്ന ഈ സ്ഥലം സന്യാസാശ്രമത്തിൻെറ ആസ്ഥാനമായി തിരിഞ്ഞെടുത്ത പിതാക്കന്മാരുടെ ദീൎഘദൃഷ്ടിയും സമീചീനബോധവും അഭിനന്ദനീയംതന്നെ.

ഒരു നൂററാണ്ടിനുമുൻപു വെറും വിപിനപ്രദേശമായിരുന്ന മാന്നാനംകുന്ന് ഇന്ന് ആശ്രമത്തോട് അനുബന്ധിച്ച വിവിധസ്ഥാപനങ്ങളെ ഉൾക്കൊള്ളുന്ന ഗംഭീരസൗധങ്ങളാൽ നിബിഡമായിരിക്കുന്നു. കേരളസുറിയാനികത്തോലിക്കാ മൂന്നാംസഭയുടെ ഒരു നൂററാണ്ടുകാലത്തെ ക്രമപ്രവൃദ്ധമായ വളൎച്ചയേയും നേട്ടങ്ങളെയും ഉച്ചൈസ്തരം പ്രഖ്യാപിക്കുന്ന സ്മാരകങ്ങളാണ് ഇവയിൽ ഓരോന്നും. കുന്നിൻെറ അടിവാരത്തിൽനിന്ന് ഉച്ചിവരെ കെട്ടിയിട്ടുള്ള കല്പടികൾ കയറിച്ചെല്ലുന്ന ഒരാളുടെ ശ്രദ്ധയെ ആദ്യമായി ആകൎഷിക്കുന്നതു് ശില്പകലാസൗകുമാൎയ്യം തുളുമ്പുന്നതും ആശ്രമസ്ഥാപനത്തിൻെറ ശതാബ്ദജൂബിലിസ്മാരകമായി 42 അടി ഉയരത്തിൽ ഗോത്തിക് മാതൃകയിൽ പണിചെയ്യപ്പെട്ടിട്ടുള്ളതുമായ ഒരു കവാടഗോപുരമാണ്. ഗോപുരശൃംഗത്തിൽ സമീപപ്രദേശങ്ങളെ അനുഗ്രഹിച്ചുകൊണ്ടു നില്ക്കുന്ന ക്രിസ്തുരാജ പ്ര

തിമയും ദൃശ്യമാകുന്നു. ഗോപുരം കടന്ന് കുറേ അടി ദൂരം നടന്നാൽ പശ്ചിമാഭിമുഖമായി നിൽക്കുന്ന പുരാതനമായ ആശ്രമദേവാലയവും, അതിൻെറ തെക്കുഭാഗത്തായി മൂന്നു നിലയിലുള്ള ഹൈസ്കൂൾ കെട്ടിടവും, വടക്കുഭാഗത്ത് നമ്മുടെ കഥാനായകൻ വസിച്ചിരുന്ന മുറികളോടുകൂടിയ പഴയ ആശ്രമക്കെട്ടിടവും കാണാം. അതിൻെറ വടക്കുഭാഗത്തു നാലുനിലയുള്ളതും പരിഷ്കൃതരീതിയിൽ പണിചെയ്യപ്പെട്ടിട്ടുള്ളതുമായ പുതിയ സന്യാസമന്ദിരം നില്ക്കുന്നു. ദേവാലയത്തിൻെറ പിന്നിൽ മേഘത്തെ ചുംബിച്ചുകൊണ്ടുനിൽക്കുന്നതു് മണിമാളികയാണ്. ഹൈസ്കൂൾകെട്ടിടത്തിൻെറ തൊട്ടടുത്ത് തെക്കുപടിഞ്ഞാറുഭാഗത്തായി കേരളത്തിലെ ഏററവും പ്രശസ്ത മുദ്രണാലയങ്ങളിൽ ഒന്നായ സെൻറ് ജോസഫ്സ് പ്രസ്സിൻെറ മനോഹരമായ കെട്ടിടം കാണാം.

പഴമയും പുതുമയുംകൂടി സമഞ്ജസമായി സമ്മേളിക്കുന്ന ഒരു രംഗമാണിതു്. 19-ം 20-ംനൂററാണ്ടുകളെ തമ്മിൽ ദൃഢമായി ബന്ധിപ്പിക്കുന്നവയാണ് അവിടെ കാണുന്ന സ്ഥാപനങ്ങളും സ്വത്തുക്കളും. മാന്നാനത്തെ ആശ്രമവും അതിനോടുചേൎന്നുള്ള മററു സ്ഥാപനങ്ങളും മുഖേന കേരളത്തിനു പൊതുവെയും സുറിയാനി കത്തോലിക്കൎക്കു പ്രത്യേകിച്ചും സിദ്ധിച്ചിട്ടുള്ള വിദ്യാഭ്യാസപരവും സാമൂഹ്യവും, ആദ്ധ്യാത്മികവുമായ നന്മകളെപ്പററി ചിന്തിക്കുന്ന ഏതൊരുവനും ഈ ചരിത്ര തീൎത്ഥത്തിൽ നമ്രശിരസ്കനാകാതെ നില്ക്കുകയില്ല.

"അരശതാബ്ദക്കാലത്തേക്കു മാന്നാനം സുറിയാനിക്കാരുടെ കേന്ദ്രമായിരുന്നു. തൃശ്ശിവപേരൂർ മുതൽ ചങ്ങനാശേരിവരെയുള്ള പഴയകൂററുകാരുടെയെല്ലാം അഭിമാനസ്തംഭം നിന്നിരുന്നതു് മാന്നാനത്തായിരുന്നു" എന്നു

സൂക്ഷ്മഗ്രാഹിയായ ഒരു ചരിത്രകാരൻ പ്രസ്താവിച്ചിട്ടുള്ളതു് തികച്ചും പരമാൎത്ഥമത്രേ. ഈ ഗ്രന്ഥത്തിന്റെ വിഷയമായിരിക്കുന്ന ചരിത്രം സമാരംഭിക്കുന്ന കാലത്തു് വെറും വനപ്രദേശമായും കാട്ടുജന്തുക്കളുടെ സങ്കേതമായും കിടന്നിരുന്ന ഈ മാന്നാനംകുന്നിൽ കേരളത്തിലെ ഒരു വലിയ ജനവിഭാഗത്തിന്റെ അഭിമാനസ്തംഭം നാട്ടിയതു് നമ്മുടെ കഥാപുരുഷനായ ചാവറ കുര്യാക്കോസച്ചനാകുന്നു.

THE KOTTAYAM PUBLIC LIBRARY. KOTTAYAM. TRAVANCORE.

# III

## സ്ഥലാന്വേഷണവും ഫലപ്രാപ്തിയും

സന്യാസജീവിതത്തിൽ ആകൃഷ്ടരായിത്തീൎന്ന പാലയ്ക്കൽ തോമ്മാമല്പാനും പോരൂക്കര തോമ്മാച്ചനുംകൂടി അവരുടെ ആഗ്രഹനിവൃത്തിക്കായി വരാപ്പുഴ മെത്രാപ്പോലീത്തായെ സമീപിച്ചതും അദ്ദേഹം ആശ്രമസ്ഥാപനത്തിന് ആവശ്യമായ പണം പിരിക്കുന്നതിനു വേണ്ടിയുള്ള അധികാരപത്രം അവൎക്കു നൽകിയതും കഴിഞ്ഞ അദ്ധ്യായത്തിൽ നാം കണ്ടുകഴിഞ്ഞു. എന്നിയും സന്യാസഭവനം സ്ഥാപിക്കുന്നതിനു പററിയ ഒരു സ്ഥലം കണ്ടുപിടിക്കുവാനായിരുന്നു അവരുടെ ശ്രമം.

ധ്യാനാത്മകമായ ജീവിതത്തിനു സഹായകമായ വിധത്തിൽ വിജനവും സമീപപ്രദേശങ്ങളിൽനിന്നു സാമാന്യം ഉയൎന്നതും, എന്നാൽ കരമാൎഗ്ഗമായും ജലമാൎഗ്ഗമായും

ചെന്നെത്താവുന്നതും, ശുദ്ധജലസൗകര്യമുള്ളതുമായ ഒരു സ്ഥാനമായിരുന്നു അവരുടെ അന്വേഷണലക്ഷ്യം. ഉത്തരതിരുവിതാംകൂറിൽ പലയിടങ്ങളിലും അവർ പര്യടനം നടത്തി. അനവധി മലകളും കുന്നുകളും കയറിയിറങ്ങി. എന്നാൽ ലക്ഷണയുക്തമായ ഒരു സ്ഥലം കണ്ടെത്തുവാൻ അവൎക്കു കഴിഞ്ഞില്ല. ഈ പ്രസ്ഥാനത്തിൽ ഉത്സുകരായിത്തീൎന്ന പല സുഹൃത്തുക്കളും ഓരോരോ സ്ഥലം കാണുവാൻ അവരെ താല്പര്യപൂൎവ്വം ക്ഷണിച്ചുകൊണ്ടിരുന്നു. അവിടെയെല്ലാം നിരവധി ക്ലേശങ്ങൾ സഹിച്ചുകൊണ്ട് അവർ യാത്രചെയ്തു. എന്നാൽ ഒരിടംപോലും അവൎക്കു തൃപ്തികരമായി തോന്നിയില്ല. ഈ ദീൎഘപര്യടനങ്ങളെപ്പററി ചാവറ കുര്യാക്കോസച്ചൻ എഴുതിയിട്ടുള്ള വിശദവും രസകരവുമായ വിവരണങ്ങളിൽ "വെള്ളസൗഖ്യമുള്ളടത്തു സ്ഥലസൗഖ്യക്കേടും, സ്ഥലസൗഖ്യമുള്ളടത്തു വെള്ളസൗഖ്യക്കേടും ആകയാൽ ആയിടങ്ങളും നല്ലതിൻവണ്ണം തെളിഞ്ഞില്ല" എന്നു പ്രസ്താവിച്ചിരിക്കുന്നു.

ഈ യാത്രകൾ അധികവും പാലയ്ക്കൽ മല്പാനും പോരൂക്കര അച്ചനും കൂടിയാണു കഴിച്ചത്. മല്പാനച്ചന്റെ അസാന്നിദ്ധ്യത്തിൽ ചാവറ അച്ചൻ പള്ളിപ്പുറം സെമ്മിനാരി സംബന്ധിച്ചുള്ള ജോലികളിൽ വ്യാപൃതനായിരുന്നു. പോരൂക്കര അച്ചൻ അപ്പോഴും മെത്രാപ്പോലീത്തായുടെ സെക്രട്ടറിസ്ഥാനം വഹിച്ചിരുന്നു എന്നതും പ്രത്യേകം പ്രസ്താവ്യമാണ്. ഓരോ പര്യടനം കഴിഞ്ഞു് രണ്ടുപേരും അവരവരുടെ ജോലിസ്ഥലത്തേക്കു മടങ്ങും. കുറേനാൾ കഴിഞ്ഞു് വീണ്ടും സ്ഥലം അന്വേഷിച്ചു പുറപ്പെടും. ചില യാത്രകളിൽ ചാവറ അച്ചനും അവരെ അനുയാത്ര ചെയ്തിരുന്നതായി കാണുന്നു. പല പള്ളികളിൽനിന്നും സംഭാവനകൾ സ്വീകരി

ച്ചിരുന്നതുകൊണ്ടു് ആശ്രമത്തിനുള്ള സ്ഥലനിൎണ്ണയം ചെയ്യുന്നതിൽ നേരിട്ട പരാജയം മല്പാനച്ചനും സഹവൎത്തികൾക്കും വളരെ മനക്ലേശത്തിനു കാരണമായിത്തീൎന്നു.

ഒടുവിൽ കുടമാളൂർ ആററുവഴിക്കുള്ള പുല്ലരിക്കുന്ന് എന്ന സ്ഥലം ആശ്രമപ്രസ്ഥാനക്കാൎക്ക് ഒരുവിധം തൃപ്തികരമായി തോന്നി. സന്യാസഭവനം അവിടെത്തന്നെ സ്ഥാപിക്കുവാൻ അവർ നിശ്ചയിച്ചു. പോരൂക്കര അച്ചൻ വിവരങ്ങളെല്ലാം മെത്രാപ്പോലീത്തായെ ധരിപ്പിച്ചു. ദേവാലയം സ്ഥാപിക്കുന്നതിന് അന്നും സൎക്കാരനുവാദം ആവശ്യമായിരുന്നതിനാൽ അതിനായി മെത്രാപ്പോലീത്തായുടെ മുറപ്രകാരമുള്ള അപേക്ഷയുമായി പോരൂക്കര തോമ്മാച്ചൻ കൊല്ലത്തേയ്ക്കുപോയി. അവിടെ എത്തി റസിഡൻറ്, ദിവാൻ തുടങ്ങിയ ഉദ്യോഗസ്ഥന്മാരെക്കണ്ടു് ആവശ്യമായ ഉത്തരവുകൾ സമ്പാദിക്കയും ചെയ്തു. ഈ ഉദ്യമത്തിൽ പോരൂക്കര അച്ചൻെറ ആപ്തമിത്രങ്ങളായ പല ഉയൎന്ന ഉദ്യോഗസ്ഥന്മാരുടെയും വിലയേറിയ സഹായം അദ്ദേഹത്തിനു ലഭിക്കുകയുണ്ടായി. പോരൂക്കര അച്ചൻെറ കൈവശം ഏല്പിച്ചുകൊടുത്ത ദിവാൻജിയുടെ ഉത്തരവിൻെറ താല്പൎയ്യം നിൎദ്ദിഷ്ടസ്ഥലത്തു് ഒരു ചെറിയ പള്ളി പണിയിക്കുന്നതിന് നാട്ടുകാൎക്കു വിരോധമുണ്ടോ എന്നു് ഏററുമാനൂർ തഹശീൽദാർ വിചാരണ ചെയ്യണമെന്നായിരുന്നു. ഉത്തരവിൻപ്രകാരം കരക്കാരെ വരുത്തി ചോദിച്ചപ്പോൾ കുമാരനെല്ലൂർ ഭഗവതിയുടെ സങ്കേതമായ പുല്ലരിക്കുന്നിൽ പള്ളിപണിയുന്നതിന് ഊരാണ്മക്കാൎക്ക് സമ്മതമില്ലെന്നു പറയുകയാൽ ആ സ്ഥലം ഉപേക്ഷിക്കേണ്ടിവന്നു.

ആയിടയ്ക്കു മാന്നാനത്തുനിന്നും അതിരമ്പുഴയ്ക്കു പോകുമ്പോൾ കുറെ ദൂരെയായി ഒരു ഉയൎന്ന കുന്നു നമ്മു

ടെ അന്വേഷണ സംഘത്തിൻെറ ദൃഷ്ടിക്കു വിഷയീഭവിച്ചു. ഇന്നത്തെ കർമ്മലസഭാകേന്ദ്രമായ മാന്നാനം കുന്നായിരുന്നു അതു്. തഴച്ചു് ഇടതൂന്നു വളന്നു്, കുന്നിനെ ആവരണം ചെയ്തുനിന്നിരുന്ന വൃക്ഷലതാദികൾകണ്ടു് അതു ഫലഭൂയിഷ്ഠമായ ഭൂമിയാണെന്നു് അവർ അനുമാനിച്ചു. പിതാക്കന്മാർ ഈ കുന്നിനു് 'ഉയന്ന ഭവനം' എന്നത്ഥം വരുന്ന 'ബേസ് റൗമ്മ' എന്ന പേരു നൾകി. ഈ സ്ഥലം തയ്യിൽ കുടുംബം വകയായിരുന്നു എന്നതു് പ്രത്യേകം പ്രസ്താവ്യമാണു്. അന്നു രാത്രി വൈദികസംഘം തയ്യിൽ കുയ്യൻതരകൻ എന്ന ആളിൻെറ വീട്ടിലാണു കഴിച്ചുകൂട്ടിയതു്. വിവരങ്ങൾ മനസ്സിലാക്കിയപ്പോൾ 'അച്ചന്മാർ എങ്ങും പോകേണ്ടായെന്നും നമ്മുടെ ഈ കുന്നുംപുറംതന്നെ നന്നെന്നും' തരകൻ അഭിപ്രായപ്പെട്ടു. തരകൻെറ ജനസ്വാധീനംകൊണ്ടു് 'പള്ളിയും വീടും വയ്ക്കുന്നതിനു്' കരക്കാരുടെ സമ്മതവും അചിരേണ ലബ്ധമായി.

ഈ സമയത്തു് ചാവറ അച്ചൻ പള്ളിപ്പുറം സെമ്മിനാരിയിൽ താമസിച്ചു് അവിടത്തെ ജോലികൾ നിവ്വിഘ്നം തുടന്നുകൊണ്ടുപോരികയായിരുന്നു. തൻെറ ഗുരു സ്ഥലാന്വേഷണത്തിനായി അവിടെ നിന്നും പോയിട്ടു് ഒരു മാസം കഴിഞ്ഞിരുന്നു. പള്ളിപ്പുറത്തും സമീപ പ്രദേശങ്ങളിലും മസൂരി കലശലായി പടന്നുപിടിച്ചതിനാൽ ശെമ്മാശന്മാരും മററു വിദ്യാത്ഥികളും ഉൽകണ്ഠാകുലരായിത്തീന്നു. ഈ വിപത്സന്ധിയിൽ എന്തു ചെയ്യണമെന്നുള്ളതിനെപ്പററി മല്പാനച്ചൻെറ ഉപദേശം വാങ്ങുവാനായി ചാവറ അച്ചൻ അതിരമ്പുഴെ വന്നുചേന്നു. അവിടെ എത്തിയപ്പോൾ പുതിയതായി കണ്ടെത്തിയ 'ബേസ്റൗമ്മയേ'പ്പററിയുള്ള വിവരങ്ങൾ കേൾക്കുവാനിടയായി. കുന്നിൻെറ ഉപരിഭാഗം

നല്ലവണ്ണം ഒന്നു കാണണമെന്നു നിശ്ചയിച്ച് എല്ലാവരും കൂടി കുന്നുകയറുവാൻ തുടങ്ങി. ഇടതൂന്നു വളന്നിരുന്ന കാട്ടിൽക്കൂടി മേൽപോട്ടേയ്ക്കുള്ള പ്രയാണം ഏററവും ദുഷ്ക്കരമായിരുന്നു. എങ്കിലും ചെടികൾ വെട്ടിയും ഒടിച്ചും, കുററിക്കാടുകൾ ഭേദിച്ചും വഴിയുണ്ടാക്കി അവർ മുകളിൽ എത്തി. കുന്നിൻെറ ഉയരവും, ഉപരിതലത്തിൻെറ വിസ്തീണ്ണവും, അവിടത്തെ സുഖകരമായ കാററും, എല്ലാവരെയും സംതൃപ്തരാക്കി.

കുന്നിൽ നിന്നും ഇറങ്ങിയശേഷം മല്പാനച്ചനും ചാവറ അച്ചനുംകൂടി പള്ളിപ്പുറത്തേക്കു പോയി. പോരൂക്കര അച്ചൻ വീണ്ടും സക്കാരനുവാദം വാങ്ങുന്നതിനായി കൊല്ലത്തേയ്ക്കും യാത്രയായി. അധികം താമസിയാതെ ആവശ്യപ്പെട്ട ഉത്തരവുകൾ സമ്പാദിച്ചുകൊണ്ട് അദ്ദേഹം മടങ്ങിയെത്തി.

പിന്നീട് കുന്നിൻമുകളിലേയ്ക്ക് ഒരു വഴി വെട്ടിത്തെളിക്കുന്നതിനുള്ള ശ്രമമായിരുന്നു. മാന്നാനം, അതിരമ്പുഴ തുടങ്ങിയ സമീപദേശങ്ങളിലെ പ്രധാനപ്പെട്ട ക്രൈസ്തവകുടുംബങ്ങളും, ചില അക്രൈസ്തവപ്രധാനികളും അവരുടെ ജോലിക്കാരെ അയച്ചും മററും വിലയേറിയ സഹായം നൽകി. "കൊച്ചുപുര, പീടികയ്ക്കൽ, പോവെനി, തറേൽ, മലയൻ ഇങ്ങനെയുള്ളവരും ആയതുകൊണ്ട് പോരാത്തതൊക്കെയും തരകനും (തയ്യിൽ) അനുജനും, ഇവരു വന്നിരുന്നു വെട്ടിക്കയും" ചെയ്തു എന്ന് ചാവറ അച്ചൻെറ 'നാളാഗമ'ത്തിൽ കാണുന്നു.

ഇങ്ങനെയിരിക്കെ കാര്യങ്ങൾ എങ്ങിനെ പുരോഗമിക്കുന്നു എന്ന് അന്വേഷിക്കുന്നതിനായി മല്പാനച്ചൻ കുര്യാക്കോസച്ചനെ അതിരമ്പുഴയ്ക്കയച്ചു. മഴക്കാലമായിരുന്നതിനാൽ വളരെ ക്ലേശങ്ങൾ സഹിച്ചാണ് അദ്ദേഹം അതിരമ്പുഴെ എത്തിയത്. പോരൂക്കര അച്ച

നെ കണ്ടു് അദ്ദേഹം കാൎയ്യങ്ങൾ വേണ്ടവണ്ണം മനസ്സിലാക്കി. പിന്നീടു് എല്ലാവരുംകൂടി കുന്നിൻമുകളിൽ കയറി. ജോലിക്കാർ കാടു വെട്ടുകയും ചുടുകയും ചെയ്യുന്നതു് ഒരു മരത്തണലിലിരുന്നു് അവർ കണ്ടു് ആനന്ദിച്ചു. അതിനുശേഷം ചാവറഅച്ചൻ പള്ളിപ്പുറത്തേയ്ക്കു മടങ്ങി.

പാലയ്ക്കൽ മല്പാനച്ചനു് അനാരോഗ്യംമൂലം മലയിൽ കയറുവാനും അവിടെ ദീൎഘസമയം ഇരുന്നു വേലയെടുപ്പിക്കുവാനും നിവൃത്തിയില്ലായിരുന്നു. കൈവശമുണ്ടായിരുന്ന നെല്ലു തീൎന്നുപോയതിനാൽ തെക്കൻപ്രദേശങ്ങളിൽ സഞ്ചരിച്ചു് കുറെ നെല്ലു സംഭരിക്കുന്നതിനായി പോരൂക്കര അച്ചനും പുറപ്പെട്ടു. അവരുടെ അസാന്നിദ്ധ്യത്തിൽ 'ബേസ്റൗമ്മ'യിലെ വേലകൾ നടത്തിക്കുന്നതിനായി നമ്മുടെ കഥാനായകൻ മാന്നാനത്തു പോയി താമസിച്ചു. അധികം താമസിയാതെ പോരൂക്കരഅച്ചൻ മടങ്ങി എത്തി. ഇക്കാലത്തു് അച്ചന്മാൎക്കും വേലക്കാൎക്കും ഭക്ഷണം നൽകിയിരുന്നതു് പെരുമാലികുടുംബത്തിൽ നിന്നായിരുന്നു.

ആയിടയ്ക്കു് വരാപ്പുഴ മെത്രാപ്പോലീത്താ ശരീരസുഖത്തെ ഉദ്ദേശിച്ചു് കുടമാളൂർ പള്ളിയിൽവന്നു താമസിക്കുകയായിരുന്നു. ബേസ്റൗമ്മയിലെ പണികളുടെ പുരോഗതിയെപ്പററിയുള്ള വിവരങ്ങൾ പോരൂക്കരഅച്ചൻ അദ്ദേഹത്തെ യഥാകാലം അറിയിച്ചുകൊണ്ടാണിരുന്നതു്. കുന്നിൻമുകളിൽ ചെറിയതോതിലെങ്കിലും ഒരു ദേവാലയം പണിതീൎത്തു് ദിവ്യബലി അൎപ്പിക്കുന്നതിനു് കുറേ കാലതാമസം നേരിടുമെന്നുകണ്ടു് തല്ക്കാലം അവിടെ ഒരു കുരിശു സ്ഥാപിക്കുവാൻ മെത്രാപ്പോലീത്താ നിൎദ്ദേശിച്ചു.

അതനുസരിച്ചു് തയ്യിൽവീട്ടിൽനിന്നും മരം വാങ്ങിച്ചു് ഒരു കുരിശു തീൎപ്പിച്ചു. 1831-ാ മാണ്ടു് ഏപ്രിൽ

മാസം 28-ാംനു- സന്ധ്യയോടുകൂടി അച്ചന്മാരുടെ തൽക്കാലവസതിയായ ഒരു കളപ്പുരയിൽവച്ച് പോരുക്കര അച്ചൻ കുരിശു വെഞ്ചരിക്കുകയും അതിനുശേഷം വാദ്യഘോഷങ്ങളോടുകൂടി അതിനെ മലമുകളിലേക്ക് ആവഹിക്കുകയുംചെയ്തു. രാത്രിയിൽ കുരിശു നാട്ടുകർമ്മം യഥാവിധി നിർവ്വഹിക്കപ്പെട്ടു. അതേത്തുടർന്നു എല്ലാവരും കൂടി.പുണ്യവാന്മാരുടെ ലുത്തനിയ ചൊല്ലി. അങ്ങനെ ഏററവും ലഘുവെങ്കിലും ചരിത്രദൃഷ്ട്യാ അതുലപ്രാധാന്യമർഹിക്കുന്ന ആ കർമ്മം പര്യവസാനിച്ചു.

ഈ അവസരത്തിൽ ചരിത്രത്തോടുബന്ധമില്ലാത്തതെങ്കിലും പ്രസ്താവയോഗ്യമായ ഒരു സംഭവം നടന്നു. കുരിശുനാട്ടുകർമ്മത്തിൽ പാലായിൽ ഉള്ളാട്ടുതറ എന്ന വീട്ടിലെ ഒരു ശെമ്മാശനും അദ്ദേഹത്തിൻെറ സഹോദരനായ ഒരു ചെറുബാലനും സംബന്ധിച്ചിരുന്നു. ലുത്തനിയാ ചെല്ലിത്തീന്നപ്പോഠം തൻെറ കാലിൽ എന്തോ കടിച്ചു എന്നു് ആ ബാലൻ ഭയവിഹ്വലനായി വിളിച്ചുപറഞ്ഞു. ഇരുട്ടിൻെറ ഒളിവിൽ അവനു് സപ്പദംശമേററതായിരുന്നു എന്നു് എല്ലാവക്കും ബോദ്ധ്യമായി. പെട്ടെന്നു് കുട്ടിയുടെ ദേഹമാസകലം വിയത്തു. രണ്ടുമൂന്നാടി നടന്നപ്പോഠം അവൻ തളന്നു നിലം പതിക്കുമെന്നമട്ടായി. ഒരുവിധത്തിൽ ബാലനെ കുന്നിൻ ചുവട്ടിൽ കൊണ്ടുവന്നു. പോരുക്കര അച്ചൻ അവൻെറ മേൽ പ്രാത്ഥനാവചസ്സുകഠം ഉച്ചരിച്ചുകൊണ്ടു ഹന്നാൻ വെള്ളം തളിച്ചു. എല്ലാവരോടും പ്രാത്ഥിക്കുവാൻ അദ്ദേഹം ആജ്ഞാപിച്ചു. വിഷവൈദ്യന്മാരെക്കൊണ്ടു് യാതൊന്നും ചെയ്യിക്കരുതെന്നും അദ്ദേഹം വിലക്കി. നേരം വെളുത്തപ്പോഠം വിഷബാധ നീങ്ങി ബാലൻ പൂണ്ണസുഖം പ്രാപിച്ചിരിക്കുന്നതായിക്കണ്ടു. ഈ സംഭവത്തിനു് ഏതെങ്കിലും തരത്തിലുള്ള വ്യാഖ്യാനം നഠംകു

വാൻ മുതിരുന്നതു് ബാലിശമായിരിക്കാമെങ്കിലും ഇന്നും മാന്നാനം കൊവേന്തയിൽ വിഷചികിത്സ ഏററവും സമത്ഥമായ രീതിയിൽ നടത്തപ്പെടുന്നു എന്നും അനവധി രോഗികൾ മൃത്യുവക്ത്രത്തിൽനിന്നു രക്ഷപ്രാപിക്കുന്നു എന്നുമുള്ള സംഗതി പ്രസ്താവയോഗ്യമാണ്.

# IV

## ആശ്രമസ്ഥാപനം

മാന്നാനം കുന്നിൻമുകളിൽ കുരിശുനാട്ടിയ നാൾമുതൽ അനവധി ആളുകൾ അങ്ങോട്ടേയ്ക്കാകർഷിക്കപ്പെട്ടുകൊണ്ടിരുന്നു. പാലയ്ക്കൽ മല്പാനച്ചനും പോരൂക്കര തോമ്മാച്ചനുമാണ് കുന്നിൽ നടന്നുകൊണ്ടിരുന്ന പണികളുടെ മേൽനോട്ടം വഹിച്ചിരുന്നതു്. അവക്കു സഹായികളായി മററു ചില വൈദികരും അൽമേനികളും ഉണ്ടായിരുന്നു. പള്ളിപ്പുറം സെമ്മിനാരിസംബന്ധിച്ചുള്ള ജോലികളിൽ വ്യാപൃതനായിരുന്ന ചാവറ കുര്യാക്കോസച്ചൻ ഇടയ്ക്കിടയ്ക്കു് മാന്നാനത്തുവന്ന് മല്പാനച്ചനെയും മററും സഹായിച്ചിരുന്നു.

മലമുകളിൽ കുരിശിൻെറ സമീപത്തായി ഒരു പന്തൽ കെട്ടിച്ചു. പകൽ മുഴുവൻ അതിൻെറ കീഴിലിരുന്നുകൊണ്ടാണ് അച്ചന്മാർ മലതെളിക്കുന്ന പണികൾ നടത്തിച്ചിരുന്നതു്. സന്ധ്യയാകുമ്പോൾ എല്ലാ

വരുംകൂടി സകലപുണ്യവാന്മാരുടെ പ്രാത്ഥന ചൊല്ലിയും വച്ച് കുന്നിൽനിന്നു ഇറങ്ങും. രാത്രി അതിരമ്പുഴപ്പള്ളിയിൽ കഴിച്ചുകൂട്ടും. രാവിലെ ദിവ്യബലി അപ്പിച്ചുംവച്ച് വീണ്ടും കുന്നിൻമുകളിലേക്കു പോകും. ഇതായിരുന്നു അവരുടെ അനുദിന പരിപാടി.

കുരിശിൻെറ അടുത്തായി ഒരു കപ്പേളയുടെ പണിയും ആരംഭിച്ചു. അതു പുരോഗമിച്ചുകൊണ്ടിരിക്കെ കൊവേന്തക്കെട്ടിടത്തിൻെറ ശിലാസ്ഥാപനം മൗറേലിയൂസ് മെത്രാപ്പോലീത്തയെക്കൊണ്ടു നടത്തിക്കുവാനുള്ള പരിശ്രമങ്ങളും തുടങ്ങി. 1831 മേയ് മാസം 11-ാംനു ഈ കമ്മം നിവ്വഹിക്കാമെന്ന് അദ്ദേഹം സദയം സമ്മതിച്ചു. അപ്പോഴും മെത്രാപ്പോലീത്താ ദേഹസുഖാത്ഥം കുടമാളൂർ പള്ളിയിൽ ആണു താമസിച്ചിരുന്നതു്. നിദ്ദിഷ്ടതീയതി സമീപിച്ചപ്പോൾ മെത്രാപ്പോലീത്തായ്ക്കു് അസുഖം വദ്ധിച്ചു. കൈകാലുകളിൽ അനവധി കുരുക്കൾ പൊങ്ങിയതിനാൽ ശിലാസ്ഥാപനകമ്മം നിവ്വഹിക്കുവാൻ അദ്ദേഹത്തിനു വൈമനസ്യമായി. ഇതറിഞ്ഞു് മല്പാനച്ചനും പോരൂക്കര അച്ചനും മെത്രാപ്പോലീത്തായെക്കണ്ടു ആദരപൂവ്വം നിബ്ബന്ധിക്കയാൽ ഒടുവിൽ അദ്ദേഹം ഒരുവിധം സമ്മതിച്ചു.

ശിലാസ്ഥാപനകമ്മം നിവ്വഹിക്കുന്നതിനായി മെത്രാപ്പോലീത്താ ആഗതനാവുമ്പോൾ അദ്ദേഹത്തെ സ്വീകരിച്ച് ഇരുത്തുന്നതിന് ഒരു സ്ഥലം തയ്യാറാക്കേണ്ടിയിരുന്നു. അതിനായി തയ്യിൽ തരകൻെറവക ഒരു മുളംകൂട്ട മലമുകളിൽ കൊണ്ടുവന്ന് നാലു തൂണുകളിന്മേൽവച്ച് മേൽക്കൂരയ്ക്കു് ഓല കെട്ടി ചുററും പായ് കൊണ്ടു മറച്ച് രണ്ടു മുറികളാക്കി തിരിച്ചു സജ്ജീകരിച്ചു. തലേദിവസംതന്നെ കുടമാളൂർചെന്ന് മെത്രാപ്പോലീത്തായെ വിവരം ധരിപ്പിക്കുകയും അദ്ദേഹത്തെ

യഥായോഗ്യം സ്വീകരിച്ചു് മലമുകളിൽ കൊണ്ടുവന്ന് മേൽവിവരിച്ച മറിയിൽ രാത്രി താമസിപ്പിക്കുകയും ചെയ്തു. വൈദികർ അവിടെയുണ്ടായിരുന്ന പന്തലിലും രാത്രി കഴിച്ചുകൂട്ടി.

പിറേറദിവസം പ്രഭാതത്തിൽ ഉണർന്നപ്പോൾ മെത്രാപ്പോലീത്തായുടെ അസ്വാസ്ഥ്യം വൎദ്ധിച്ചതായി കണ്ടു. വിധിപ്രകാരമുള്ള ഉടുപ്പുകൾ ധരിക്കുന്നതിനുപോലും അദ്ദേഹത്തിനു നിവൃത്തിയില്ലായിരുന്നു. അദ്ദേഹം ശിലാസ്ഥാപനം നിൎവ്വഹിക്കുമെന്നുള്ള പ്രതീക്ഷകളെല്ലാം അസ്തമിച്ചു. പിന്നെ ആ കൎമ്മം ആരു നടത്തണമെന്നുള്ള ആലോചനയായി. പാലയ്ക്കൽ മല്പാനച്ചൻ ആകട്ടെ എന്നും അദ്ദേഹത്തിനു പാടില്ലെങ്കിൽ പോരൂക്കര അച്ചൻ ആകട്ടെ എന്നും നിൎദ്ദേശിക്കപ്പെട്ടു. വിനയത്താലും പരസ്പരമുള്ള സ്നേഹാദരങ്ങളാലും പ്രേരിതരായി രണ്ടുപേരും വൈമനസ്യം പ്രകടിപ്പിച്ചുകൊണ്ടു പിന്മാറി. ഒടുവിൽ പോരൂക്കര അച്ചൻതന്നെ ശിലാസ്ഥാപനം നടത്തട്ടെ എന്നു് എല്ലാവരുംകൂടി തീരുമാനിച്ചു.

അപ്പോൾ ആശ്രമം ഏതു വിശുദ്ധൻെറ നാമത്തിൽ പ്രതിഷ്ഠിക്കപ്പെടണമെന്നുള്ള പ്രശ്നം ഉന്നീതമായി. മെത്രാപ്പോലീത്താ വി. യോഹന്നാൻ മാംദാനായുടെയും പാലയ്ക്കൽ മല്പാൻ വി. ദോമ്നിക്കോസിൻെറയും പോരൂക്കര അച്ചൻ വി. യൗസേപ്പിൻെറയും നാമങ്ങൾ നിൎദ്ദേശിച്ചു. ഭക്താത്മാക്കൾ തമ്മിൽ വിശ്വവിശ്രുതന്മാരായ പുണ്യവാന്മാരുടെ പേരിൽ നടത്തിയ സ്നേഹാത്മകമായ ഒരു മത്സരമായിരുന്നു അതു്. അവിടെയും പോരൂക്കര തോമ്മാച്ചൻതന്നെ ജയിച്ചു. എല്ലാവരും അദ്ദേഹത്തിൻെറ നിൎദ്ദേശം സ്വീകരിച്ചു. അങ്ങിനെ 1831 മേയ് 11-ാംനു- വരാപ്പുഴ മെത്രാപ്പോലീത്തായാ

യ മൗറേലിയൂസ് തിരുമേനിയുടെയും അനവധി വൈദികരുടെയും അൽമേനികളുടെയും സാന്നിദ്ധ്യത്തിൽ പോരൂക്കര തോമ്മാച്ചൻ കേരള കർമ്മലീത്താ നിഷ്പാദുക മൂന്നാംസഭയുടെ മാതൃഭവനമായ മാന്നാനം കൊവേന്തയുടെ ശിലാസ്ഥാപനകർമ്മം യഥാവിധി നിവ്വഹിച്ചു. കപ്പേളയുടെ പണിയും അചിരേണ പൂർത്തിയായി. 1831-ാമാണ്ടു് പന്തക്കുസ്താ തിരുനാൾ ദിവസം കപ്പേളയുടെ വെഞ്ചരിപ്പും ബേസ്റൗമ്മയിലെ പ്രഥമ ദിവ്യപൂജയും നടന്നു. അന്നത്തെ ചടങ്ങിൽ സംബന്ധിച്ചിരുന്ന വൈദികർ എല്ലാവരും ഓരോ രൂപവീതം നേർച്ചയിട്ടവക അൻപതു രൂപയിൽ കൂടുതൽ പിരിഞ്ഞു കിട്ടുകയുണ്ടായി.

ഈ ഘട്ടത്തിൽ സഭാപിതാക്കന്മാൎക്കു് ഏററവും ദുഃഖഹേതുകമായ ഒരു സംഭവമുണ്ടായി. അവരുടെ പ്രസ്ഥാനത്തെ ആരംഭംമുതൽ അനുഗ്രഹിച്ചും സഹായിച്ചും വന്നിരുന്ന മൗറേലിയൂസ് മെത്രാപ്പോലീത്തയെ റോമ്മായിലേക്കു മടക്കിവിളിച്ചുകൊണ്ടുള്ള കല്പന വന്നുചേൎന്നു എന്നതാണ് ഈ സംഭവം. ആശ്രമസ്ഥാപകന്മാരും മററു് അനവധി വൈദികരും അറത്തുങ്കൽ പള്ളിയിൽചെന്നു കണ്ണീരോടുകൂടി മെത്രാപ്പോലീത്തായോടു യാത്രപറഞ്ഞു. അവർ കടൽപ്പുറത്തോളം അദ്ദേഹത്തെ അനുയാത്രചെയ്തു. മെത്രാപ്പോലീത്തയെയും വഹിച്ചുകൊണ്ടു് കപ്പൽ പ്രയാണം ആരംഭിച്ചപ്പോൾ സഭാപിതാക്കന്മാർ മൂന്നുപേരും ദുഃഖാൎത്തരായി പള്ളിപ്പുറം പള്ളിയിലേക്കു മടങ്ങി. മല്പാനച്ചൻ അവിടെത്തന്നെ താമസിച്ചു. പോരൂക്കര അച്ചനും ചാവറ അച്ചനും കൂടി മാന്നാനത്തേക്കുംപോയി. ചാവറ അച്ചൻ കൊവേന്തപ്പണിയുടെ മേൽനോട്ടം വഹിച്ചുകൊണ്ടു് അവിടെ കഴിച്ചുകൂട്ടി. പോരൂക്കര അച്ചൻ പാലാ, ചേർപ്പുങ്കൽ, ഭരണങ്ങാനം തു

ടങ്ങിയ പ്രദേശങ്ങളിൽ അഹോരാത്രം നടന്ന് ഭിക്ഷയാചിക്കുകയും അങ്ങിനെ ലഭിക്കുന്നവക മാന്നാനത്തു കൊണ്ടുവന്ന് ഏല്പിക്കുകയും ചെയ്തിരുന്നു.

# V

## കാർമേഘപടലങ്ങൾ

1832—ാമാണ്ടാണ് മൗറേലിയൂസ് മെത്രാൻ കേരളത്തോടു യാത്രപറഞ്ഞു പിരിഞ്ഞത്. അദ്ദേഹത്തിന്റെ അനന്തരഗാമി ഫ്രാൻസീസ് സേവ്യർ മെത്രാനായിരുന്നു. ഇദ്ദേഹത്തിന്റെ സ്ഥാനാരോഹണത്തോടുകൂടി ആശ്രമപ്രസ്ഥാനം ഒരു പരീക്ഷണഘട്ടത്തെ നേരിടേണ്ടിവന്നു. പ്രസ്ഥാനത്തിന്റെ ദൈവികപ്രചോദനത്തേയും, തൽ പ്രണേതാക്കളുടേ ആത്മാൎത്ഥതയേയും അദ്ദേഹം കൎശനമായി ഒന്നു പരീക്ഷിച്ചുനോക്കി. പരീക്ഷയിൽ അവർ വിജയം വരിക്കതന്നെ ചെയ്തു. സഭാപിതാക്കന്മാരുടെ ത്യാഗസന്നദ്ധതയെയും സുകൃതാഭിവൃദ്ധിയെയും, അധികാരവിധേയത്വത്തേയും പററി മെത്രാപ്പോലീത്തായ്ക്കു പൂൎണ്ണമായ ബോദ്ധ്യമുണ്ടായി. അതിനുശേഷം പിതൃനിൎവ്വിശേഷമായ പരിലാളനംകൊണ്ടു് സന്യാസപ്രസ്ഥാനത്തെ അദ്ദേഹം അനുഗ്രഹിക്കയും ചെയ്തു.

ഫ്രാൻസിസ് സേവ്യർ മെത്രാപ്പോലീത്താ അധികാരത്തിൽ പ്രവേശിച്ച നാൾതുടങ്ങി ചില ദോഷൈകദൃ

ക്കുകൾ പാലയ്ക്കൽ മല്പാനച്ചനെയും കൊവേന്തപ്രസ്ഥാനത്തെയും പററി അപവാദങ്ങൾ പ്രചരിപ്പിക്കുന്നതിൽ ഉത്സുകരായിത്തീൎന്നു. സന്ന്യാസപ്രസ്ഥാനക്കാർ പള്ളികളിൽനിന്നു പണംപിരിച്ച് സ്വന്തം വീട്ടുകാരെ സഹായിക്കുന്നു എന്ന് ഒരു പ്രമുഖനായ വൈദികൻ മെത്രാപ്പോലീത്തായെ ധരിപ്പിക്കുകയുണ്ടായി. ഈ ആരോപണം അദ്ദേഹം വിശ്വസിച്ചോ ഇല്ലയോ എന്നു തീൎച്ച പറഞ്ഞുകൂടാ. ഏതായാലും അധികം കഴിയുംമുൻപ് ചാവറ കുര്യാക്കോസച്ചനെ പള്ളിപ്പുറം പള്ളിവികാരിയായി നിയമിച്ചുകൊണ്ടുള്ള ഒരു കല്പന പുറപ്പെട്ടു. മല്പാനച്ചന്റെ അനാരോഗ്യവും പോരുക്കര അച്ചന്റെ ഭിക്ഷാടനവും മൂലം മാന്നാനത്തു താമസിച്ചു പണികൾ നടത്തിക്കുന്നതിന് ചാവറ അച്ചൻമാത്രമേ അവശേഷിച്ചിരുന്നുള്ളു. അതുകൊണ്ട് ഈ പുതിയ കല്പന സന്ന്യാസപ്രസ്ഥാനക്കാൎക്കു വലിയ നിരാശയ്ക്കു കാരണമായി. ചാവറ അച്ചൻ മെത്രാപ്പോലീത്തായെക്കണ്ടു സങ്കടം ബോധിപ്പിച്ചു. എന്നാൽ 'കല്പന അനുസരിക്കുക' എന്നു മാത്രമായിരുന്നു അതിനു ലഭിച്ച മറുപടി. തങ്ങളുടെ പ്രസ്ഥാനത്തിനു വിഘ്നം നേരിടുന്നതിൽ ചകിതചിത്തനായിത്തീൎന്ന കുര്യാക്കോസച്ചൻ തന്റെ നിവേദനം ഒരിക്കൽക്കൂടി ആവൎത്തിച്ചു. അപ്പോൾ മെത്രാപ്പോലീത്താ സഗൗരവം അദ്ദേഹത്തിന്റെ നേരെ തിരിഞ്ഞുകൊണ്ടു 'മേലധികാരിയുടെ കല്പനയ്ക്കു കീഴ്പ്പെടുവാൻ തയ്യാറില്ലേ' എന്നു കൎശനമായി ചോദിച്ചു. വൈദികമേലദ്ധ്യക്ഷന്റെ ഗൗരവമായ താക്കീതുമൂലം ഭയവിഹ്വലനായിത്തീൎന്ന നിവേദകൻ നിശ്ശബ്ദനായി അവിടെ നിന്നും പിൻവാങ്ങി നേരേ പള്ളിപ്പുറത്തുചെന്ന് വികാരിത്തത്തിൽ പ്രവേശിച്ചു.

ഈ സന്ധിയിൽ ഭിക്ഷാടനം നടത്തുന്നതിനും മാന്നാനത്തെ കാൎയ്യങ്ങൾ അന്വേഷിക്കുന്നതിനും പോരൂക്കര അച്ചൻ മാത്രം ശേഷിച്ചു. പ്രസ്ഥാനത്തിൻെറ ഭാവിയെപ്പററിയുള്ള ഉൽക്കണ്ഠമൂലം സഭാപിതാക്കന്മാർ അസ്വസ്ഥരായി കഴിയുന്ന ആ സമയത്ത് അതിനു കണ്ഠകോടാലിയാകുവാൻ പോരുന്ന മറെറാരു കല്പനകൂടി വരാപ്പുഴെ നിന്നും പുറപ്പെട്ടു. അപ്പോൾ പ്രസ്ഥാനത്തിൻെറ ഏകാവലംബമായിരുന്ന പോരൂക്കര അച്ചൻ കൊല്ലം രൂപതയിൽപെട്ട കായംകുളം, പിള്ളത്തോപ്പ് എന്നീ പള്ളികളുടെ വികാരിത്തം ഉടൻ ഏറെറടുത്തുകൊള്ളണമെന്നായിരുന്നു കല്പന. പോരൂക്കര അച്ചൻ താങ്ങാനാവാത്ത ഹൃദയവ്യഥയോടുകൂടി പള്ളിപ്പുറത്തെത്തി മല്പാനച്ചനെ വിവരം ധരിപ്പിച്ചു. മേലദ്ധ്യക്ഷൻെറ കല്പന ദൈവഹിതമാണെന്നും, ഒരുപക്ഷേ അത് അവരുടെ അനുസരണയെ പരീക്ഷിക്കുവാൻ വേണ്ടി പുറപ്പെടുവിച്ചതാകാമെന്നും അതുകൊണ്ട് സങ്കടനിവേദനം ഒന്നുംചെയ്യാതെ അതിനെ അനുസരിക്കുകയാണു വേണ്ടതെന്നും ആജ്ഞ ഇരുവരുംകൂടി തീരുമാനിക്കുകയാൽ പോരൂക്കര അച്ചൻ, ജീവൽപ്രധാനമായി അദ്ദേഹം കരുതിയിരുന്ന പ്രവൎത്തനരംഗം വിട്ട് ഉടൻ തെക്കൻപ്രദേശത്തേയ്ക്കു യാത്രയായി.

ആശ്രമസംബന്ധമായ വേലകൾ തീൎത്തു മുടങ്ങിപ്പോകാതിരിക്കുന്നതിനായി ചാവറ അച്ചൻ ഇടയ്ക്കിടയ്ക്ക് കുറേദിവസം മാന്നാനത്തുപോയി താമസിച്ച് അവിടത്തെ കാൎയ്യങ്ങൾ അന്വേഷിച്ചിരുന്നു. ഇങ്ങനെ പോകുന്ന അവസരങ്ങളിൽ പള്ളിപ്പുറത്തെ പള്ളിക്കാൎയ്യങ്ങൾ നോക്കുന്നതിനായി മല്പാനച്ചൻെറ അനന്തരവനായ വക്കി എന്നൊരു യുവവൈദികനെ ചുമതലപ്പെടുത്തിയിരുന്നു. ഒരിക്കൽ ഈ വൈദികൻ മൂന്നു നോയ

മ്പിനു നേർച്ചവിളമ്പു നടന്നുകൊണ്ടിരിക്കുമ്പോൾ ഇടവകക്കാരനായ ഒരാളെ ഒന്നു് വടികൊണ്ടു് അടിക്കുകയുണ്ടായി. ഇതിൽ അപമാനചിത്തനായിത്തീന്ന ദണ്ഡിതൻ സ്ഥിരം വികാരിയായ ചാവറ അച്ചൻ ആശ്രമംപണിയിക്കുന്നതിനായി മാന്നാനത്തുപോയി താമസിക്കുന്നതും പകരം ഈ യുവവൈദികനെക്കൊണ്ടു വികാരിത്തം നടത്തിക്കുന്നതും മററും കാണിച്ചു് ഒരു സങ്കടഹർജി മെത്രാപ്പോലീത്താസമക്ഷം സമപ്പിച്ചു. അതിനു മറുപടിയായി ചാവറ കുര്യാക്കോസച്ചൻ മെത്രാപ്പോലീത്തായുടെ രേഖാമൂലമുള്ള അനുവാദംകൂടാതെ എട്ടു ദിവസം തികച്ചു് പള്ളിപ്പുറത്തുപള്ളിവിട്ടു് മറെറാരിടത്തുംപോയി താമസിച്ചുകൂടെന്നുള്ള കശ്ശനമായ ഒരു കല്പന പുറപ്പെട്ടു. പ്രസ്തുത കല്പന ഒരു ദൂതൻ മാന്നാനത്തു കൊണ്ടുചെന്നു് ചാവറ അച്ചനെ ഏൾപ്പിക്കുകയാണുണ്ടായതു്. അതിൻെറ ഉള്ളടക്കം മനസ്സിലായപ്പോൾ നമ്മുടെ കഥാനായകനുണ്ടായ ഹൃദയവ്യഥയും, തൻെറ പ്രസ്ഥാനത്തിൻെറ ഭാവിയെ സംബന്ധിച്ചുണ്ടായ ഉൽകണ്ഠയും എത്രമാത്രമായിരുന്നു എന്നു് ഊഹ്യമാണല്ലോ.

വിഘ്നകാരിയായ ഈ കല്പനയോടുകൂടി ചാവറഅച്ചൻ ധൃതിയിൽ പള്ളിപ്പുറത്തുവന്നു് വിവരങ്ങൾ മല്പാനച്ചനെ അറിയിച്ചു. തുല്യദുഃഖിതരായിത്തീന്ന ഗുരുശിഷ്യന്മാർ അനന്തര നടപടികളെപ്പററി ഉൽകണ്ഠാപൂവ്വം ചിന്തിച്ചു. ഒടുവിൽ മെത്രാപ്പോലീത്തായെ സമീപിച്ചു് അവിടത്തെ കല്പനമൂലം ആശ്രമപ്രസ്ഥാനത്തിനു നേരിട്ടിരിക്കുന്ന ദുരദൃഷ്ടത്തെപ്പററി അദ്ദേഹത്തെ ധരിപ്പിക്കയും ചാവറ അച്ചനെ വികാരിസ്ഥാനത്തുനിന്നു് വിട്ടുതലാക്കണമെന്നു പ്രാത്ഥിക്കയും ചെയ്യണമെന്നു് അവർ നിശ്ചയിച്ചു.

നമ്മുടെ കഥാനായകൻ തന്നെയാണ് ഈ നിവേദനവുമായി മേലദ്ധ്യക്ഷസന്നിധിയിൽ ഹാജരായത്. മുന്നൊരവസരത്തിൽ ഈദൃശമായ ഒരപേക്ഷയുമായി താൻ മെത്രാപ്പോലീത്തായെ സമീപിച്ചതും അദ്ദേഹത്തിൻെറ ഉജ്ജ്വലകോപംമൂലം ഭയവിഹ്വലനായി അവിടെനിന്ന് ഇറങ്ങിപ്പോകേണ്ടിവന്നതും മറക്കുവാൻ കാലമായിട്ടില്ലായിരുന്നു. എങ്കിലും ഒരു മഹൽക്കാര്യനിർവഹണത്തിൽ ദൃഢചിത്തനായിരുന്ന ചാവറ അച്ചൻ ഭവിഷ്യത്തുകളെപ്പററി ചിന്തിച്ചതേയില്ല. വക്കിക്കത്തനാരേ പള്ളിപ്പുറത്തു വികാരിയായി നിയമിച്ചുകൊണ്ടു തന്നെ ആ ഉദ്യോഗത്തിൽനിന്നും വിടുതൽ ചെയ്യണമെന്നും അല്ലാത്തപക്ഷം ആശ്രമത്തിൻെറ പണി മുടങ്ങിപ്പോകുമെന്നുമായിരുന്നു അദ്ദേഹത്തിൻെറ അഭ്യർത്ഥനയുടെ ചുരുക്കം. മെത്രാപ്പോലീത്താ നൽകിയ കശ്ശനമായ കല്പനയുടെ ചൂടാറുന്നതിനു മുൻപ് അതിനു കടകവിരുദ്ധമായുള്ള ഒരപേക്ഷ സമർപ്പിക്കുവാൻ ധൈര്യപ്പെട്ട ചാവറ അച്ചൻെറ ആത്മവിശ്വാസം അഭിനന്ദനീയംതന്നെ. 'താൻപോകു' എന്നു മാത്രമായിരുന്നു മെത്രാസനത്തിൽനിന്നും നൽകിയ മറുപടി. വിഷാദമുഖനായി അപേക്ഷകൻ അവിടത്തന്നെനിന്നു. വീണ്ടും, 'താൻ ചെന്ന് അയാളെ (വക്കിയച്ചനെ) ഇങ്ങോട്ടു പറഞ്ഞയക്കു' എന്നു കല്പിച്ചു. ശിശുസഹജമായ നിർബ്ബന്ധബുദ്ധിയോടുകൂടി ചാവറഅച്ചൻ തൻെറ സങ്കടങ്ങളെ ആദരപുരസ്സരം ആവർത്തിച്ചു. മെത്രാപ്പോലീത്താ പെട്ടെന്നു കസേരയോടുകൂടി തിരിഞ്ഞു് നിവേദകൻെറമേൽ തൻെറ ദൃഷ്ടിയുറപ്പിച്ചു. ചാവറഅച്ചൻ ഭയപ്പെട്ടുപോയി. എങ്കിലും ആ ദൃഷ്ടി ഇപ്പോൾ സ്നേഹാർദ്രമായി പകന്നിരുന്നു. അദ്ദേഹം ചാവറ അച്ചൻെറ നിർബ്ബന്ധബുദ്ധിയിൽ പ്രകടിതമായ അവിവേകത്തേ ശാസിച്ചു.

ശാസന കേട്ട് ഭയംപൂണ്ട് മെത്രാപ്പോലീത്തായുടെ കൈ ചുംബിച്ചശേഷം ചാവറഅച്ചൻ അവിടെനിന്നും ഇറങ്ങിപ്പോന്നു. എന്നാൽ തൻെറ പ്രയത്നത്തിൽ പൂർണ്ണ വിജയംവരിച്ചുകൊണ്ടാണ് താൻ ഇറങ്ങിപ്പോരുന്നതെന്ന് ചാവറ അച്ചന് അപ്പോൾ മനസ്സിലായില്ല. ആശ്രമപ്രസ്ഥാനനേതാക്കന്മാരുടെ ആത്മാത്ഥതയെയും അനുസരണബുദ്ധിയേയുംപററി ബോധവാനായിത്തീൎന്ന ഫ്രാൻസിസ് സേവ്യർ മെത്രാപ്പോലീത്താ ചാവറ അച്ചൻെറ നിവേദനങ്ങൾ പൂർണ്ണമായി അനുവദിച്ചുകൊണ്ടുള്ള ഒരു കല്പന താമസംവിനാ പുറപ്പെടുവിച്ചു. വികാരിത്തത്തിൽനിന്നും വിമുക്തനായ നമ്മുടെ കഥാനായകൻ മാന്നാനത്തേയ്ക്കു തൻെറ താമസം മാററി. അദ്ദേഹത്തിൻെറ ശരീരവും മനസ്സും ആത്മാവും ആശ്രമപ്രസ്ഥാന പുരോഗതിക്കായി പൂർണ്ണമായി അർപ്പിക്കപ്പെട്ടു. അചിരേണ പോരൂക്കര അച്ചനും വികാരിത്തം ഒഴിഞ്ഞു മാന്നാനത്തുവന്നുചേൎന്നു. അങ്ങിനെ ഒരു കൊല്ലത്തോളം നീണ്ടുനിന്ന ഉൽകണ്ഠാകുലമായ പരീക്ഷണഘട്ടം അവസാനിച്ചു. സഭാപിതാക്കന്മാരുടെ മനോമുകുരത്തേ അന്ധകാരാവൃതമാക്കിയിരുന്ന കാർമേഘപടലങ്ങൾ എല്ലാം നീങ്ങി. പ്രത്യാശയുടെ സുവർണ്ണകിരണങ്ങൾ നാലുപാടും പ്രകാശംവീശി.

ആശ്രമഭവനം സംബന്ധിച്ചുള്ള പണികളിൽ ഒരു നവോന്മേഷം ദൃശ്യമായി. പോരൂക്കര അച്ചൻ കൊല്ലത്തുനിന്നും മരപ്പണിയിലും കൽപ്പണിയിലും ഒരുപോലെ സമൎത്ഥനായ ഒരു പണിക്കാരനെ കൊണ്ടുവന്നു. 1834-ൽ ആശ്രമദേവാലയത്തിൻെറ പണിയും സമാരംഭിച്ചു.

ആശ്രമത്തിൻെറ പണി പുരോഗമിച്ചതോടൊപ്പം സന്യാസമുറയനുസരിച്ചുള്ള ജീവിതക്രമവും ക്രമേ

ണ രൂപംപ്രാപിച്ചു. പോരൂക്കര അച്ചനേയും ചാവറ അച്ചനേയും കൂടാതെ സന്യാസജീവിതത്തിൽ ആകൃഷ്ട രായിരുന്ന മററു ചില വൈദികരും മാന്നാനംകുന്നിൽ അഭയം തേടിയിരുന്നു. കേരളത്തിലെ പ്രഥമ ഏത ദ്ദേശീയ സന്യാസസഭയുടെ അടിസ്ഥാനക്കല്ലുകളായി രുന്നു അവർ.

# VI

## മാന്നാനം സെമ്മിനാരി

കേരളത്തിലെ ക്രൈസ്തവസഭ അഭിവൃദ്ധി പ്രാപി ച്ചതോടുകൂടി കൊടുങ്ങല്ലൂർ, വൈപ്പിക്കോട്ട്,സമ്പാളൂർ, അങ്കമാലി, ആലങ്ങാട്ട്, കടുത്തുരുത്തി, വരാപ്പുഴ എ ന്നീ സ്ഥലങ്ങളിൽ സെമ്മിനാരികൾ സ്ഥാപിതങ്ങളായി. ഈ പ്രസിദ്ധ വൈദികവിദ്യാലയങ്ങൾ കേരളത്തിലെ വൈദികരുടെ ഗുണവർദ്ധനവിനും സംഖ്യാവർദ്ധനവിനു മായി വിലയേറിയ സംഭാവനകൾ ചെയ്തു. എന്നാൽ ഇപ്പോൾ നമ്മുടെ ചർച്ചാവിഷയമായിരിക്കുന്ന 19-ാം ശ താബ്ദത്തിൻെറ ആരംഭഘട്ടമായപ്പോഴെയ്ക്കും ഈ പ്ര സിദ്ധ സ്ഥാപനങ്ങളിൽ വരാപ്പുഴ ഒഴികെ ബാക്കിയുള്ള വയെല്ലാം നാമാവശേഷമായിത്തീർന്നിരുന്നു. അപ്പോഴും പാലയ്ക്കൽ തോമ്മാച്ചനെപ്പോലെയുള്ള പണ്ഡിതന്മാരാ യ മല്പാന്മാർ ഓരോ സ്ഥലങ്ങളിൽ അവരവരുടെ മേൽ നോട്ടത്തിൽ വൈദികവിദ്യാർത്ഥികളെ സ്വീകരിച്ച്

അവക്ക് ആവശ്യമായ അദ്ധ്യയനവും പരിശീലനവും നൽകിക്കൊണ്ടിരുന്നു. പണ്ഡിതന്മാരായ പ്രൊഫസറന്മാരുടെയും പ്രാമാണികങ്ങളായ ശാസ്ത്രഗ്രന്ഥങ്ങളുടെയും അസുലഭതകാരണത്താൽ ഇത്തരം സ്വകാര്യസെമ്മിനാരികളുടെ കഴിവുകൾ വളരെ പരിമിതമായിരുന്നു എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. ഈ പരിതഃസ്ഥിതിയിൽ മലങ്കരയ്ക്കു് ഒരു പൊതുസെമ്മിനാരി ഉണ്ടാകേണ്ടതു് അടിയന്തിരമായ ഒരാവശ്യമായിരുന്നു.

ആശ്രമസംബന്ധമായ കാര്യങ്ങളിൽ വ്യാപൃതരായിരുന്ന സഭാപിതാക്കന്മാരുടെ ശ്രദ്ധ അചിരേണ ഈ വിഷയത്തിലേക്കു തിരിഞ്ഞു. വൈദികവിദ്യാർത്ഥികളുടെ പരിശീലനം തൻെറ ജീവിതവൃത്തിയായി സ്വീകരിച്ചിരുന്ന പാലയ്ക്കൽ മല്പാനാണ് ഇക്കാര്യത്തിൽ അതിയായ താല്പര്യം പ്രദർശിപ്പിച്ചതു്. പോരൂക്കര തോമ്മാച്ചൻ അതിന് അത്ര അനുകൂലിയല്ലായിരുന്നു. മാന്നാനത്തേ ആശ്രമത്തോടുചേർത്തു് ഒരു വൈദികവിദ്യാലയവുംകൂടി സ്ഥാപിക്കണമെന്നും അല്ലാത്തപക്ഷം വൈദികരുടെ അഭാവംമൂലം ജനങ്ങളുടെ ഭക്തിതീക്ഷ്ണതയ്ക്കു മാന്ദ്യം ഭവിക്കുമെന്നും,ആശ്രമത്തിലെ ദിവ്യകർമ്മങ്ങൾ ആഘോഷപൂർവ്വം നടത്തുന്നതിന് ശെമ്മാശന്മാർ കൂടി ഉണ്ടായിരിക്കേണ്ടതു് ആവശ്യമാണെന്നും ആയിരുന്നു മല്പാനച്ചൻെറ അഭിപ്രായം. കൂടാതെ ആശ്രമംവക സെമ്മിനാരിയിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽനിന്നു് ഭാവിയിൽ കൂടുതൽ സന്യാസാർത്ഥികളെ ലഭിക്കുവാൻ ഇടയാകുമെന്നും അതിനാൽ സന്യാസപ്രസ്ഥാനത്തിൻെറ അനുസ്യൂതമായ വളർച്ചയ്ക്കു് ഒരു സെമ്മിനാരി അപരിത്യാജ്യമാണെന്നും അദ്ദേഹം വാദിച്ചു. എന്നാൽ പോരൂക്കര അച്ചനാകട്ടെ ഭൂതകാലാനുഭവങ്ങളുടെ വെളിച്ചത്തിൽ,സെമ്മിനാരികൾ എല്ലാംതന്നെ കാ

ലാന്തരത്തിൽ നാശമടയുകയാണു ചെയ്തിട്ടുള്ളതെന്നും വൈദികവിദ്യാൎത്ഥികളെ മാതൃകായോഗ്യമാംവണ്ണം പരിശീലിപ്പിക്കുന്നതു് ശ്രമസാദ്ധ്യമായ ഒരു കാൎയ്യമാണെന്നും അതിനാൽ ആശ്രമവാസികൾ അവരുടെ ശ്രദ്ധ മുഴുവൻ സന്യാസജീവിതത്തിന്റെ അവിഘ്നമായ നിർവഹണത്തിൽ ഏകാഗ്രതയോടെ കേന്ദ്രീകരിക്കയാണു വേണ്ടതെന്നും അഭിപ്രായപ്പെട്ടു. വിനീതമനസ്കനായ ചാവറ അച്ചൻ വിവാദപ്രശ്നത്തെപ്പററിയുള്ള തന്റെ അഭിപ്രായം ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. "ഭോഷനായ ഇനിക്കു് രണ്ടും സന്തോഷം ഒരുപോലെ തോന്നിയിരുന്നു." ഏതായാലും സാത്വികന്മാൎക്കു ചേൎന്ന ഔദാൎയ്യബുദ്ധിയിൽ ഈ അഭിപ്രായഭേദം തിരോധാനം ചെയ്യുകയാണുണ്ടായതു്. സൎവ്വാദരണീയനായ മല്പാനച്ചന്റെ അഭിമതത്തിനു് മഹാമനസ്കനായ പോരൂക്കര അച്ചൻ വഴങ്ങിക്കൊടുത്തു.

1833-ാമാണ്ടു തന്നെ മാന്നാനത്തെ സന്യാസാശ്രമത്തോടുചേൎത്തു് ഒരു സെമ്മിനാരിയും സ്ഥാപിതമായി. അക്കാലത്തു് അതിരമ്പുഴക്കാരായ രണ്ടു ശമ്മാശന്മാർ പാലയ്ക്കൽമല്പാന്റെ ശിഷ്യത്വം സ്വീകരിച്ചുകൊണ്ടു പള്ളിപ്പുറംസെമ്മിനാരിയിൽ പഠിച്ചിരുന്നു. മല്പാനച്ചന്റെ ആരോഗ്യം ക്രമേണ ക്ഷയിച്ചുകൊണ്ടിരുന്നു എങ്കിലും അദ്ദേഹം ഇടയ്ക്കിടെ മാന്നാനത്തുവന്നു താമസിച്ചിരുന്നു. അപ്പോഴൊക്കയും മാന്നാനത്തുകാരായ ഈ രണ്ടു ശമ്മാശന്മാരും മാന്നാനം കുന്നിൽവന്നു താമസിച്ചു പഠനം നടത്തിപ്പോന്നു. ഇങ്ങനെയാണു് മന്നാനംസെമ്മിനാരി ആരബ്ധമായതു്. കേവലം രണ്ടു വിദ്യാൎത്ഥികളോടു കൂടി സമാരംഭിച്ച ഈ സ്ഥാപനം കാലാന്തരത്തിൽ മലങ്കരയുടെ പൊതുസെമ്മിനാരിയായി രൂപം പ്രാപിക്കയുണ്ടായി. ഇരുനൂറടി നീളത്തിൽ മൂന്നു നിലകളോ

ട്ടകൂടിയ ഒരു മഹാസൗധമാണ് സെമ്മിനാരിക്കായി പണിചെയ്യപ്പെട്ടത്. അക്കാലത്തു് തിരുവിതാംകൂറി ലെ ഏററവും വലിയ കെട്ടിടങ്ങളിൽ ഒന്നായിരുന്നു അതു്.

സെമ്മിനാരി പൂൎണ്ണവളൎച്ചയിൽ എത്തിയപ്പോൾ നൂററിഅൻപതോളം വിദ്യാൎത്ഥികൾ അവിടെ ഒരേ സമയത്തു പഠനംനടത്തിയിരുന്നു. പ്രശസ്തന്മാരായ പല വൈദികരെയും വൈദികാദ്ധ്യക്ഷന്മാരെയും ഈ സ്ഥാപനം സഭയ്ക്കു നൽകിയിട്ടുണ്ടെന്നുള്ളതും പ്രസ്താവ യോഗ്യമത്രെ.

മല്പാനച്ചൻെറ അസ്വാസ്ഥ്യം വൎദ്ധിച്ചുവരികയാൽ അദ്ദേഹം പള്ളിപ്പുറത്തുതന്നെ താമസമാക്കി. അക്കാലത്തു് മാന്നാനം സെമ്മിനാരിയുടെ നായകത്വം വഹിച്ചിരുന്നതു് ചാവറഅച്ചനാണ്. ഈ സ്ഥാപനം അഭിവൃദ്ധി പ്രാപിച്ചതോടുകൂടി പള്ളിപ്പുറം സെമ്മിനാരി അതിൻെറ ഒരു ശാഖ എന്ന നിലയിൽ കുറേക്കാലത്തേക്കുകൂടി തുടൎന്നുകൊണ്ടിരുന്നു. തൻെറ വന്ദ്യ ഗുരുവിൻെറ നാമത്തോടു് അഭേദ്യമാംവണ്ണം ബന്ധപ്പെട്ടിരുന്ന തൻെറ മാതൃവിദ്യാലയത്തിൻെറ അന്തിമ ദശയിൽ അവിടത്തെ പരീക്ഷകളും ഭരണസംബന്ധമായ മററു കാൎയ്യങ്ങളും നടത്തിയിരുന്നതു് നമ്മുടെ കഥാനായകൻതന്നെയാണ്.

# VII

## രണ്ടു മഹദ്ചരമങ്ങൾ

1831 മേയ് 11-ാംനു- നടന്ന ശിലാസ്ഥാപനകർമ്മത്തോടുകൂടി മാന്നാനം കുന്നിൽ കേരളത്തിലെ പ്രഥമ ഏതദ്ദേശീയ സന്യാസസംഘം രൂപമെടുത്തു. സന്യാസജീവിതം നയിക്കുന്നതിൽ തല്പരരായിരുന്ന വൈദികരും യോഗാർത്ഥികളും സമൂഹത്തിൽ വന്നുചേർന്നുകൊണ്ടിരുന്നു. സ്ഥാപകപിതാക്കന്മാരിൽ പ്രധാനിയായ പാലയ്ക്കൽ മല്പാനായിരുന്നു സമൂഹത്തിൻെറ ശ്രേഷ്ഠൻ. ഈ സന്യാസസംഘത്തിനു വ്രതവാദാനങ്ങളോ തിരുസ്സഭയുടെ ഔദ്യോഗികമായ അംഗീകാരം സിദ്ധിച്ച നിയമാവലിയോ ഇല്ലായിരുന്നു. എങ്കിലും സാധാരണ ക്രിസ്തീയസന്യാസത്തിനനുയോജ്യമായ ഒരു ജീവിതമുറ അവർ അനുസരിച്ചുപോന്നു. പാലയ്ക്കൽ മല്പാൻ പള്ളിപ്പുറം സെമ്മിനാരിയിൽ നേരത്തെ നടപ്പിൽവരുത്തിയിരുന്ന ഡോമിനിക്കൻ സന്യാസ നിയമമാണ് ഈ സമൂഹത്തിനു മാർഗ്ഗദർശകമായിരുന്നതു്.

ആദ്യംമുതൽക്കേ ധ്യാനാത്മകവും കർമ്മാത്മകവുമായ പരിപാടികൾ കൂട്ടിച്ചേർത്ത ഒരു സമ്മിശ്ര ജീവിതക്രമമായിരുന്നു അവരുടേതു്. ആത്മവിശുദ്ധീകരണത്തെ ലക്ഷ്യമാക്കിയുള്ള പ്രാർത്ഥന, ധ്യാനം, ഏകാന്തത എന്നീ നിഷ്ഠകളിലെന്നപോലെ ജനങ്ങളുടെ ആത്മീയാഭിവൃദ്ധിക്കുവേണ്ടിയുള്ള വേദാദ്ധ്യാപനം, ധ്യാനയോഗ

ങ്ങൾ, വൈദികവിദ്യാർത്ഥികളുടെ പരിശീലനം തുടങ്ങിയ പ്രേഷിതയത്നങ്ങളിലും അവർ വ്യാപൃതരായിരുന്നു.

സ്ഥാപകപിതാക്കന്മാർ മൂവരും മാന്നാനത്തെ സന്യാസസമൂഹത്തിൻെറ ബഹുമുഖമായ അഭിവൃദ്ധിയിൽ ഉത്സുകരായി വർത്തിച്ചിരുന്നു. അവരുടെ വീരോചിതമായ ഭക്തിനിഷ്ഠയും, ഉൽകൃഷ്ടമായ ജീവിതമാതൃകയും, സദുപദേശങ്ങളും, ഹൃദയൈക്യത്തോടുകൂടിയ നിയന്ത്രണവും പുതിയ സമൂഹത്തിന് ശക്തിയായ പ്രചോദനം നൽകി.

എന്നാൽ അവരുടെ ഒന്നിച്ചുള്ള പരിലാളനം അധികനാൾ അനുഭവിക്കുന്നതിന് സന്യാസസംഘത്തിനു ഭാഗ്യമുണ്ടായില്ല. അനാരോഗ്യംമൂലം പാലയ്ക്കൽ മല്പാന് തുടർച്ചയായി മാന്നാനത്തു താമസിക്കാൻ കഴിഞ്ഞില്ല. രോഗം വർദ്ധിച്ചതോടുകൂടി അദ്ദേഹം പള്ളിപ്പുറത്തുതന്നെ താമസമാക്കിയതായി മുൻ അദ്ധ്യായത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലൊ.

ശൈശവംമുതൽ സുകൃതങ്ങളാലും, അചഞ്ചലമായ വിശ്വാസം, ശരണം, സ്നേഹം തുടങ്ങിയ വിശിഷ്ട ഗുണങ്ങളാലും സമലംകൃതമായിരുന്ന ഒരു ധന്യജീവിതം അതിൻെറ അന്ത്യഘട്ടത്തെ സമീപിക്കുകയായിരുന്നു. രോഗംമൂലമുണ്ടായ കഠിനപീഡകൾ ക്ഷമയോടുകൂടി അദ്ദേഹം സഹിച്ചു. ഇടയ്ക്കിടയ്ക്ക് ചാവറ അച്ചൻ പള്ളിപ്പുറത്തുവന്നു താമസിച്ച് തൻെറ വന്ദ്യ ഗുരുവിനെ ശുശ്രൂഷിച്ചുകൊണ്ടിരുന്നു. 1841 ജനുവരി 16-ാംനു മല്പാനച്ചൻ ഭാഗ്യമരണം പ്രാപിച്ചു. ആഘോഷപൂർവ്വമായ സംസ്കാരച്ചടങ്ങുകൾക്കുശേഷം പരേതൻെറ അസംഖ്യം വൈദികശിഷ്യന്മാർ ഒരു സംവത്സരക്കാലത്തേക്ക് അദ്ദേഹത്തിൻെറ ആത്മശാന്തിക്കായുള്ള കർമ്മ

ങ്ങൾ തുടർച്ചയായി അനുഷ്ഠിക്കുകയുണ്ടായി. അങ്ങനെ കേരളത്തിലെ ഏതദ്ദേശീയ സന്യാസപ്രസ്ഥാനത്തിനു ബീജാവാപം ചെയ്യുകയും അതിൻെറ വളൎച്ചയ്ക്കായി ആത്മാൎപ്പണം ചെയ്യുകയുംചെയ്ത മഹാരഥന്മാരിൽ പ്രഥമ ഗണനീയനായിരുന്ന പാലയ്ക്കൽ തോമ്മാമല്പാൻ കഥാവശേഷനായിത്തീൎന്നു.

തൻെറ ഭരണത്തിൻെറ ആരംഭഘട്ടത്തിൽ ആശ്രമപ്രസ്ഥാനത്തെ കൎക്കശമായ പരീക്ഷണത്തിനു വിധേയമാക്കിയ ഫ്രാൻസിസ് സേവ്യർ മെത്രാപ്പോലീത്താ ഇപ്പോൾ അതിൻെറ പുരോഗതിയിൽ അതീവതല്പരനായിത്തീൎന്നു. മാന്നാനം സെമ്മിനാരി അദ്ദേഹത്തിൻെറ പ്രത്യേകമായ പരിലാളനയ്ക്കു വിഷയീഭവിച്ചു. 1844ൽ പോരൂക്കര അച്ചനെയും ചാവറ അച്ചനെയും മല്പാന്മാരായി പ്രഖ്യാപിച്ചുകൊണ്ടുള്ള മെത്രാപ്പോലീത്തായുടെ കല്പന മാന്നാനം ആശ്രമത്തിൽ വന്നുചേൎന്നു. ചാവറ അച്ചൻെറ പേൎക്കുള്ള പട്ടസ്സേന്തി മാന്നാനം ആശ്രമത്തിൽ ഇന്നും പൂജ്യമായി സൂക്ഷിക്കപ്പെടുന്നു. "വരാപ്പുഴ അതിരൂപതയിൽപ്പെട്ട സുറിയാനിറീത്തുകാരായ സകല വൈദികരുടെയും പരീക്ഷകനായും സൎവ്വ വൈദികശാസ്ത്രങ്ങളുടെ മല്പാനായും നിയമിച്ചാക്കുന്നതിന് നിങ്ങളുടെ സൽഗുണങ്ങളും കൎമ്മകുശലതയും നമ്മെ പ്രേരിപ്പിക്കുന്നു. മുറപ്രകാരം പട്ടം സ്വീകരിക്കുന്നതിന് അൎത്ഥികളെ അനുവദിക്കുന്നതിനും മാത്രമല്ല, കുമ്പസാരവും പ്രസംഗവും നടത്തുവാൻ പട്ടക്കാൎക്ക് അനുമതി നൽകുന്നതിനും നിങ്ങളെ നാം ചുമതലപ്പെടുത്തുന്നു" എന്നാണ് ഈ അധികാരപത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

പോരൂക്കര അച്ചനും ചാവറ അച്ചനും മല്പാൻ സ്ഥാനത്ത് അവരോധിതരായതോടുകൂടി വരാപ്പുഴ അ

തിരുപതയിൽപ്പെട്ട സുറിയാനിക്കാരായ ശമ്മാശന്മാരെ പരീക്ഷിക്കുന്നതിനും പട്ടത്വത്തിനുള്ള അവരുടെ യോഗ്യത നിർണ്ണയിക്കുന്നതിനുമുള്ള അധികാരവും അവരിൽ നിക്ഷിപ്തമായി. ഇരുവരുടെയും പരിരക്ഷണത്തിൽ മാന്നാനം ആശ്രമവും സെമ്മിനാരിയും ക്രമപ്രവൃദ്ധമായി അഭിവൃദ്ധിപ്പെട്ടുകൊണ്ടിരുന്നു. പാലയ്ക്കൽ മല്പാന്റെ മരണശേഷം ശ്രേഷ്ഠസ്ഥാനം വഹിച്ചിരുന്നതു് പോരൂക്കര തോമ്മാച്ചനാണ്.

എന്നാൽ ആശ്രമത്തിന്റെയും സെമ്മിനാരിയുടെയും വർദ്ധമാനമായിക്കൊണ്ടിരുന്ന ചുമതലകൾ നമ്മുടെ കഥാനായകനായ കുര്യാക്കോസച്ചൻ ഏകനായി നിന്നു വഹിക്കുവാനുള്ള കാലം അത്ര വിദൂരമല്ലായിരുന്നു. പ്രാരംഭം മുതൽ ആശ്രമപ്രസ്ഥാനത്തിനുവേണ്ടി അക്ഷീണയത്നം ചെയ്തുകൊണ്ടിരുന്ന പോരൂക്കര തോമ്മാ മല്പാന്റെ കർമ്മബഹുലമായ ജീവിതയാത്ര ദൈവഹിതത്താൽ ആവഹിക്കപ്പെട്ടു് അകാലമായ അന്ത്യത്തെ സമീപിച്ചിരുന്നു. 1846-ൽ അദ്ദേഹത്തിന്റെ രോഗം ത്വരിതഗതിയിൽ മൂർദ്ധന്യം പ്രാപിച്ചു. ദൈവേഷ്ടം ഗ്രഹിച്ച ആ ധീരാത്മാവ് തന്റെ ശാരീരികമായ പീഡകളെ സ്വപാപപരിഹാരത്തിനായി അർപ്പിച്ചുകൊണ്ടു് പ്രാർത്ഥനയിലും ഈശ്വരധ്യാനത്തിലും നിമിഷങ്ങൾ കഴിച്ചുകൂട്ടി. തീക്ഷ്ണമായ ദൈവസ്നേഹത്താൽ ആ യതിവര്യന്റെ ആത്മാവ് എരിഞ്ഞുകൊണ്ടിരുന്നു. പാപോച്ചാരണവും ദിവ്യകാരുണ്യസ്വീകരണവും അദ്ദേഹം യഥായോഗ്യം നിർവ്വഹിച്ചു. അവസാനനിമിഷംവരെയും ഭക്തിനിർഭരങ്ങളായ സുകൃതജപങ്ങൾ ഇടവിടാതെ ഉരുവിട്ടുകൊണ്ടിരുന്നു. രോഗശയ്യയിൽ മുട്ടിന്മേൽ താണിരുന്നുകൊണ്ടു് ക്രൂശിതനായ ദിവ്യനാഥന്റെ രൂപത്തെ ചുംബിക്കവേ ആ പാവനാ

ത്മാവു നിത്യതയിലേക്കു യാത്രയായി. അന്ന് 1846 ജനുവരി 8-ാംനു-യായിരുന്നു. മരിക്കുമ്പോൾ അദ്ദേഹത്തിന് 46 വയസ്സു മാത്രമേ പ്രായമുണ്ടായിരുന്നുള്ളു.

അടുത്തടുത്തു സംഭവിച്ച രണ്ടു മഹദ്ചരമങ്ങൾ നമ്മുടെ കഥാനായകനെ ഭാരമേറിയ കർത്തവ്യങ്ങളുടെ നടുവിൽ ഏകനായി അവശേഷിപ്പിച്ചു. വിനീതനായ ആ യതിവര്യൻ എല്ലാം പരമകാരുണികനായ ദൈവത്തിൻെറ തൃക്കരങ്ങളിൽ ഏൾപ്പിച്ചുകൊണ്ടും തൻെറ സമുദായത്തിൻെറയും പ്രസ്ഥാനത്തിൻെറയും ഭാസുരമായ ഭാവിയിൽ ദൃഷ്ടിയുറപ്പിച്ചുകൊണ്ടും ആശ്രമനൗകയുടെ അമരത്ത് അചഞ്ചലനായി നിലകൊണ്ടു.

ചാവറ കുര്യാക്കോസച്ചൻെറ ജീവിതത്തിലെ ഒരു പരിവർത്തനഘട്ടമാണിത്. ഇതുവരെയും അദ്ദേഹത്തെ പാലയ്ക്കൽ മല്പാൻെറയും പോരൂക്കര മല്പാൻെറയും നേതൃത്വത്തെ വിശ്വസ്തതയോടെ പിന്തുടരുന്ന ഒരു സഹപ്രവർത്തകനായിട്ടാണ് നാം കണ്ടിരുന്നത്. മേലിൽ ആശ്രമപ്രസ്ഥാനത്തിൻെറ നട്ടനായത്വം പ്രശസ്തമാംവണ്ണം വഹിച്ചുകൊണ്ട് സഭയ്ക്കും സമുദായത്തിനുംവേണ്ടി ശ്രേയസ്കരമായ അനവധി പദ്ധതികൾ നടപ്പിൽ വരുത്തുവാൻ അക്ഷീണയത്നം ചെയ്യുന്ന അദ്വിതീയനായ ഒരു നേതാവായിട്ടാണ് അദ്ദേഹം പ്രത്യക്ഷപ്പെടുന്നത്. ബാല്യകാലം മുതൽ അദ്ദേഹം ഇടവിടാതെ അഭ്യസിച്ചുകൊണ്ടു വന്നിരുന്ന സുകൃതങ്ങൾ പൂർണ്ണമായി വളർന്നു വികസിക്കുന്നതും അവ ആശ്രമങ്ങൾക്കുള്ളിലും പുറത്തും വിലതീരാത്ത സദ്ഫലങ്ങൾ പുറപ്പെടുവിക്കുന്നതും നമുക്കു കാണുവാൻ കഴിയും.

# VIII

## സന്ന്യാസസഭാസ്ഥാപനം

1852-ാമാണ്ടിൻെറ അന്ത്യപാദത്തിൽ, കൊല്ലം വികാരി അപ്പസ്തോലിക്ക ആയിരുന്ന ബെർണ്ണർദീനോസ് ദെസാന്ത ത്രേസ്യാ എന്ന ദേഹം വരാപ്പുഴ മെത്രാനായി നിയമിതനായി. പുണ്യശ്ലോകനും വിശാലഹൃദയനുമായിരുന്ന ഈ വന്ദ്യദേഹമാണ് മാന്നാനത്തെ സന്ന്യാസസമൂഹത്തെ നിയമബദ്ധവും അംഗീകൃതവുമായ ഒരു സന്ന്യാസസഭ എന്ന നിലയിലേക്കുയത്തിയതു്. ഈ ഒരു കാരണത്താൽത്തന്നെ അദ്ദേഹം മലങ്കരസഭാചരിത്രത്തിൽ അതിപ്രധാനമായ ഒരു സ്ഥാനം അലങ്കരിക്കുന്നു.

ആശ്രമപ്രസ്ഥാനം മുഖേന കേരളത്തിലെ ക്രൈസ്തവസഭയ്ക്കുണ്ടായിക്കൊണ്ടിരുന്ന വിവിധ നന്മകൾ കണ്ടു് വരാപ്പുഴയിലെ വൈദികമേലദ്ധ്യക്ഷന്മാർ സന്തുഷ്ടരായി. എങ്കിലും ഈ സന്ന്യാസസമൂഹത്തിന്ന് തിരുസ്സഭയുടെ ഔദ്യോഗികമായ അംഗീകാരം ഇതുവരെയും ലഭിച്ചിട്ടില്ലായിരുന്നു. കാനോനിക നിയമപ്രകാരമുള്ള അംഗീകാരത്തിനുവേണ്ടി ചാവറഅച്ചൻ മേലദ്ധ്യക്ഷന്മാരുടെ പക്കൽ പലവട്ടം അപേക്ഷകൾ സമപ്പിച്ചു. ഒടുവിൽ ബെർണ്ണർദീനോസ് മെത്രാപ്പോലീത്താ അനുകൂലമായ ഒരു തീരുമാനംകൊണ്ടു് സന്ന്യാസസമൂഹത്തെ അനുഗ്രഹിച്ചു. കാനോനിക നിയമപ്രകാരമുള്ള ഒരു സന്ന്യാസസഭയായി അതിനെ അംഗീകരിക്കുവാ

നും തദനുയോജ്യമായ ഒരു ജീവിതമുറ അവക്ക് ഔദ്യോഗികമായി നൽകുവാനും അദ്ദേഹം നിശ്ചയിച്ചു.

പുതിയ സന്ന്യാസസഭയ്ക്കു നൽകേണ്ട നിയമാവലി ഏതു രൂപത്തിലുള്ളതായിരിക്കണമെന്ന കാര്യം മെത്രാപ്പോലീത്തായുടെ അടിയന്തിരമായ ശ്രദ്ധയ്ക്കു വിഷയീഭവിച്ചു. മാന്നാനം ആശ്രമത്തിൽ അപ്പോൾ അനുസരിച്ചുപോന്നിരുന്ന ജീവിതക്രമത്തിൻെറ ഒരു വിവരണം കല്പനയനുസരിച്ച് ചാവറ അച്ചൻ മെത്രാപ്പോലീത്തായുടെ പക്കൽ സമപ്പിച്ചു. ഈ ദിനചയ്യയെ ശ്ലലങ്കഷമായി പരിശോധിച്ചശേഷം കമ്മീലീത്താ ഒന്നാംസഭയുടെ നിയമാവലി ചാവറഅച്ചൻെറ പേക്ക് വരാപ്പുഴ നിന്നും അയച്ചുകൊടുത്തു. കല്പനപ്രകാരം ചാവറ അച്ചൻ ഈ നിയമാവലിയിൽ കാലദേശാവസ്ഥയ്ക്കും, സുറിയാനിറീത്തിനും, മാന്നാനം ആശ്രമസ്ഥാപനത്തിൻെറ പ്രത്യേകലക്ഷ്യങ്ങൾക്കും അനുസൃതമായ വിധം വേണ്ട ഭേദഗതികൾ വരുത്തി മെത്രാപ്പോലീത്തായുടെ പക്കൽ സമപ്പിച്ചു. അദ്ദേഹം അതിനെ പുതിയ സന്ന്യാസ സഭയുടെ നിയമാവലിയായി അംഗീകരിച്ചുകൊണ്ട് 1855 ഡിസംബർ 8-ാംനു-ക്ക് ഏതാനും ദിവസം മുൻപ് മാന്നാനത്തേയ്ക്ക് അയച്ചുകൊടുക്കയും ചെയ്തു. ഈ നിയമാവലി സന്ന്യാസസഭയിൽ ചേരുവാൻ ആഗ്രഹിച്ചുകൊണ്ട് മാന്നാനം ആശ്രമത്തിൽ താമസിക്കുന്ന എല്ലാവരെയും വായിച്ചു കേൾപ്പിക്കണമെന്നും, അതനുസരിച്ചു ജീവിക്കുവാൻ പരിപൂണ്ണസന്നദ്ധത പ്രദശിപ്പിക്കുന്നവരെ മാത്രമേ സഭാംഗങ്ങളായി സ്വീകരിക്കാവൂ എന്നും ഉൽബോധിപ്പിച്ചുകൊണ്ടുള്ള ഒരു കല്പനയും ചാവറ അച്ചനു ലഭിച്ചു. മേലദ്ധ്യക്ഷൻെറ ആജ്ഞ അനുസരിച്ച് അദ്ദേഹം പ്രസ്തുത നിയമാവലി പലവട്ടം സന്ന്യാസാത്ഥികളായ തൻെറ അനുയായികളെ വായിച്ചു കേൾപ്പി

ക്കയുണ്ടായി. ഉപവാസം, ഏകാന്തത, മൗനം മുതലായവയെ സംബന്ധിച്ചുള്ള കക്ശമായ വ്യവസ്ഥകൾ സന്യാസികളിൽ പലരേയും ചഞ്ചലചിത്തരാക്കിത്തീൎത്തു. നോയ്മ്പുകാലങ്ങളിൽ എല്ലാ ദിവസവും ഉപവാസം അനുഷ്ഠിക്കണമെന്നുള്ള വ്യവസ്ഥയിൽനിന്ന് കേരളസുറിയാനി കത്തോലിക്കരെ തിരുസ്സിംഹാസനം ഒഴിവാക്കിയിട്ടുണ്ടെന്നും അതിനാൽ ആ വ്യവസ്ഥ നീക്കംചെയ്യണമെന്നും ഉള്ള അഭിപ്രായം ചാവറ അച്ചൻ രേഖാമൂലമായ തെളിവുകളോടുകൂടി മെത്രാപ്പോലീത്തായുടെ പരിചിന്തനത്തിനു സമൎപ്പിച്ചു. അദ്ദേഹം സംശയനിവാരണത്തിനായി തിരുസ്സിംഹാസനത്തേ സമീപിക്കുകയും ഒൻപതാം പീയൂസ് മാർപാപ്പാ തിരുമനസ്സുകൊണ്ട് ചാവറ അച്ചന്റെ വാദത്തെ അംഗീകരിക്കയുംചെയ്തു. അങ്ങിനെ സുദീൎഘമായ ചൎച്ചകളുടെയും ആശയവിനിമയത്തിന്റെയും ഫലമായി സന്യാസസഭയുടെ ജീവിതക്രമത്തെ സംബന്ധിക്കുന്ന നിയമാവലിക്ക് അവസാനരൂപം നൽകപ്പെട്ടു.

പുതിയ സന്യാസസഭയ്ക്കു് 'അമലോത്ഭവദാസസംഘം' എന്ന പേർ നൽകണമെന്നും തീരുമാനിച്ചു. സഭാംഗങ്ങളുടെ സാഘോഷമായ വ്രതവാഗ്ദാനവും സഭയുടെ ഔപചാരികമായ ഉദ്ഘാടനവും അമലോത്ഭവത്തിരുനാളിൽ തന്നെ നടത്തണമെന്ന് ബൎണ്ണർദീനോസ് മെത്രാപ്പോലീത്താ നിൎദ്ദേശിക്കയും അതിനു പ്രാരംഭമായി മാന്നാനം ആശ്രമാംഗങ്ങളുടെ ഒരു ജ്ഞാനധ്യാനം നടത്തുന്നതിന് മർസ്ലീനോസ് മിഷനറിയെ അദ്ദേഹം നിയോഗിക്കയുംചെയ്തു. സന്യാസവ്രതങ്ങളും സഭാനിയമങ്ങളും നിൎവ്വിഘ്നം പാലിക്കുവാൻ തക്ക സന്നദ്ധതയും ആത്മധൈൎയ്യവുമുള്ളവർ മാത്രമേ സഭയിൽ പ്രവേശിക്കാവു എന്ന ആമുഖത്തോടുകൂടിയാണ് ധ്യാനപ്രസംഗം ആരം

ഭിച്ചതു്. കൂടാതെ ധ്യാനദിവസങ്ങളിൽ നിർദ്ദിഷ്ടമായ നിയമാവലി അനുസരിച്ചുള്ള ഒരു ജീവിതക്രമവും ആശ്രമത്തിനുള്ളിൽ നടപ്പിലാക്കി. യഥാർത്ഥ സന്യാസജീവിതം ഏതുവിധമായിരിക്കുമെന്നുള്ളതു് ഈ പരീക്ഷണംമൂലം ഓരോരുത്തർക്കും അനുഭവവേദ്യമായി. ധ്യാനം അവസാനിച്ചപ്പോൾ അതിൽ സംബന്ധിച്ചിരുന്നവരിൽ രണ്ടു വൈദികരും, 8 ശെമ്മാശന്മാരും ഒരു യോഗാർത്ഥിയും പുതിയ ശിക്ഷണക്രമത്തിന്റെ കാഠിന്യംനിമിത്തം വ്രതസ്വീകരണത്തിൽനിന്നും പിന്മാറുകയാണുണ്ടായതു്. സന്യാസജീവിതത്തെ ഉന്നംവച്ചുകൊണ്ടു് മാന്നാനം ആശ്രമത്തെ അഭയംപ്രാപിച്ചിരുന്നവരിൽ ഒരു ഗണ്യമായ ഭാഗം ഇങ്ങനെ നഷ്ടവീര്യന്മാരായി. പിന്മാറുന്നതുകണ്ടപ്പോൾ അവരുടെ ശ്രേഷ്ഠനായ ചാവറ അച്ചൻ അസ്വസ്ഥനായിത്തീർന്നു. ഏതാണ്ടു 20 സംവത്സരക്കാലത്തോളം താൻ ചെയ്ത തീവ്രയത്നങ്ങൾ ലുപ്തഫലമായിത്തീരുന്നതുകണ്ടു അദ്ദേഹത്തിന്റെ ഹൃദയത്തിൽ ഉൽകണ്ഠയുടെ നിഴൽ വീശി. വിവരം അദ്ദേഹം മെത്രാപ്പോലീത്തായെ അറിയിച്ചു. ചില അംഗങ്ങളുടെ പിന്മാററംകൊണ്ടു് ഒട്ടും അധൈര്യപ്പെടേണ്ടെന്നും, വ്രതാനുഷ്ഠാനത്തിൽ ദൃഢപ്രതിജ്ഞരായിട്ടുള്ളവരെ മാത്രമേ സഭയിൽ ചേർക്കാവൂ എന്നും, ആ ചെറിയ അജഗണത്തിന്റെ അഭിവൃദ്ധിക്കായി താൻ പ്രാർത്ഥിക്കുന്നതാണെന്നും കാണിച്ചു് മെത്രാപ്പോലീത്താ ഏററവും പ്രോത്സാഹജനകമായ ഒരു മറുപടി ചാവറ അച്ചന്റെ പേർക്കു് അയച്ചുകൊടുത്തു.

മർസ്സിലീനോസ് പാദ്രിയുടെ നിർദ്ദേശപ്രകാരം ഒരുക്കങ്ങളെല്ലാം പൂർത്തിയാക്കി. 12 വൈദികരാണു് ഡിസംബർ 8-ാം തീയതി വ്രതവാഗ്ദാനം നടത്തുവാൻ സന്നദ്ധരായിരുന്നതു്. എന്നാൽ അതിൽ ഒരു വൈദികനു്



കുര്യാക്കോസച്ചൻ പ്രഥമത പത്തു പട്ടക്കാരുടെ വ്രതം സ്വീകരിക്കുന്നു.

രോഗം പിടിപെട്ടകയാൽ ചാവറ അച്ചൻ ഉൾപ്പെടെ 11 വൈദികർ മാത്രമെ അന്ന് വാഗ്ദാനം നടത്തിയുള്ളു. മെത്രാപ്പോലീത്തായുടെ പ്രതിപുരുഷനെന്ന നിലയിൽ അന്നത്തെ കർമ്മങ്ങളുടെ നേതൃത്വം വഹിച്ചതു് മർസ്ലീനോസ് പാദ്രിയാണ്. ആദ്യം ആശ്രമപിതാവായ ചാവറഅച്ചൻ മെത്രാപ്പോലീത്തായുടെ പ്രതിനിധിയുടെ മുമ്പിൽ വ്രതവാഗ്ദാനം നടത്തുക, പിന്നീട് ആഘോഷമായ പാട്ടുകുർബ്ബാന, അതിനുശേഷം ബാക്കിയുള്ള പത്തുവൈദികർ സഭാശ്രേഷ്ഠനായ ചാവറ അച്ചന്റെ പക്കൽ വ്രതവാഗ്ദാനം ചെയ്യുക, ഇതായിരുന്നു അന്നത്തെ കർമ്മങ്ങളുടെ പരിപാടി.

ഒട്ടവിൽ ചിരപ്രതീക്ഷിതമായ ആ സുദിനം— 1855-ാമാണ്ടത്തെ അമലോത്ഭവത്തിരുനാൾ (ഡിസംബർ 8)— സമാഗതമായി. മാന്നാനം ആശ്രമത്തിൽ നടക്കുവാൻ പോകുന്ന അഭൂതപൂർവ്വമായ കർമ്മങ്ങളിലും ആഘോഷങ്ങളിലും സംബന്ധിക്കുവാനായി സമീപപ്രദേശങ്ങളിൽനിന്നും അസംഖ്യം ആളുകൾ അവിടെ വന്നുചേന്നിരുന്നു.

മണി ഒൻപതായതോടുകൂടി ആശ്രമത്തിൽ നിന്നും ദേവാലയത്തിലേക്ക് ഒരു പ്രദക്ഷിണം പുറപ്പെട്ടു. മുൻപിൽ യോഗാർത്ഥികൾ, അവരുടെ പിൻപിൽ നവസന്യാസികളും ശെമ്മാശന്മാരും, പിന്നെ 10 വൈദികർ, ഏററവും ഒട്ടവിൽ ചാവറ അച്ചൻ, ഇതായിരുന്നു പ്രദക്ഷിണത്തിന്റെ ക്രമം. ചാവറ അച്ചൻ സ്വകരങ്ങളിൽ ഒരു തുകൽവാറും, ചെറിയ സ്കാപ്പുലരും, സ്വന്തം കൈപ്പടയിൽ എഴുതിയ വാഗ്ദാനപത്രികയും വഹിച്ചിരുന്നു. അദ്ദേഹത്തിന്റെ സമീപത്തായി മർസ്ലീനോസ് പാദ്രിയും നടന്നിരുന്നു.

ദേവാലയത്തിൽ എട്ടുപട്ടത്തിൻെറ നടുവിൽ ആ ച്ചിനോടടുത്തു് അല്പം തെക്കുവശത്തേക്കുമാറി പ്രധാന കാർമ്മികന് ഒരു അലങ്കരിച്ച കസേരയും അതിൻെറ ഇരുവശങ്ങളിലും വൈദികർക്ക് ഇരിക്കുവാനുള്ള ബെഞ്ചുകളും സജ്ജീകരിച്ചിരുന്നു.

പ്രദക്ഷിണം അവിടെ എത്തിയശേഷം പ്രധാന കാർമ്മികൻ മുറപ്രകാരമുള്ള വസ്ത്രങ്ങൾ ധരിച്ചുകൊണ്ടു് കസേരയിൽ ഉപവിഷ്ടനായി. അന്നു് വ്രതവാഗ്ദാനം ചെയ്യേണ്ടവരായ പത്തു വൈദികർ ബെഞ്ചുകളിലും സ്ഥലംപിടിച്ചു. കർമ്മമണ്ഡപത്തിൻെറ തെക്കുഭാഗം ചേർന്നു് ശെമ്മാശന്മാരും, സന്യാസത്തിൽനിന്നു പിന്മാറിയവരും വിധിപ്രകാരമുള്ള ഗാനങ്ങൾ ആലപിക്കുവാൻ തയ്യാറായി നിന്നിരുന്നു. എല്ലാവരും സന്ദർഭത്തിനൊത്ത ഗൗരവബോധത്തോടുകൂടി നിശ്ശബ്ദരായി നില്ക്കെ നമ്മുടെ കഥാനായകനായ ചാവറ കുര്യാക്കോസച്ചൻ കാർമ്മികൻെറ മുമ്പിൽ വന്നു് ഭക്ത്യാദരപുരസ്സരം മുട്ടുകുത്തി നിന്നു.

മുറപ്രകാരമുള്ള ചോദ്യോത്തരങ്ങൾക്കുശേഷം സന്യാസജീവിതത്തിൻെറ മാഹാത്മ്യത്തേക്കുറിച്ചും, അതിന നിദാനമായിരിക്കേണ്ട പുണ്യങ്ങളേക്കുറിച്ചും മർസ്ലീനോസ് പാദ്രി ഏററവും ഹൃദയസ്പർശകമായ ഒരു പ്രസംഗംചെയ്തു. ഈ പ്രസംഗം ആദ്യന്തം ബദ്ധശ്രദ്ധനായും തീഷ്ണമായ ഭക്തിപ്രകർഷത്തോടുകൂടിയും മുട്ടിന്മേൽ തന്നെ നിന്നുകൊണ്ടാണു് ചാവറ അച്ചൻ ശ്രവിച്ചതു്. പ്രേക്ഷകരെ വിസ്മയഭരിതരാക്കത്തക്ക വിനയവും ഭക്തിപ്രചുരിമയും ആ സന്യാസാർത്ഥിയുടെ ഭാവത്തിൽ സ്ഫുരിച്ചിരുന്നു. അനുസരണം, ബ്രഹ്മചര്യം, ദാരിദ്ര്യം എന്ന സന്യാസവ്രതങ്ങൾ എഴുതിയ പത്രിക ചാവറ അച്ചൻ തൻെറ കയ്യിൽ വഹിച്ചിരുന്നു. കാർമ്മികൻ ഇതിൻെറ

മേൽ ഒരു ക്രൂശുരൂപം വച്ചുകൊണ്ട്, കടലാസിന്റെ ഇരുവശങ്ങളും തന്റെ കരങ്ങൾകൊണ്ട് താങ്ങിപ്പിടിച്ചു. അപ്പോൾ സന്യാസാർത്ഥി കുരിശുരൂപത്തെയും കാർമ്മികന്റെ കരങ്ങളെയും ചുംബിക്കുകയും വ്രതവാഗ്ദാനപത്രികയിൽ എഴുതിയിട്ടുള്ള വാചകങ്ങൾ സുശ്രാവ്യമായ സ്വരത്തിൽ വായിക്കുകയും ചെയ്തു. ഇങ്ങനെ കേരളസഭാസന്താനങ്ങളായ യതിവര്യന്മാരുടെ മുന്നോടിയായി ചാവറഅച്ചൻ തന്റെ ആത്മശരീരങ്ങളെ സന്യാസയജ്ഞ പീഠത്തിൽ അർപ്പണംചെയ്തു. ബാല്യകാലം മുതൽ തന്റെ ഹൃദയത്തിൽ കുടികൊണ്ടിരുന്നതും നവപൂജാർപ്പണവേളയിൽ പ്രത്യേകമായ പ്രാർത്ഥനയ്ക്കു വിഷയമായിരുന്നതുമായ അഭിലാഷം കാലത്തിന്റെ തികവിൽ ദൈവാനുഗ്രഹത്താൽ നിർവ്വൃത്തമായി.

വ്രതസ്വീകരണത്തിനുശേഷം അരയിൽ തോൽവാറുകെട്ടിക്കുക, സ്കാപ്പുലർ ധരിപ്പിക്കുക മുതലായ കർമ്മങ്ങളെല്ലാം യഥാവിധി നിർവ്വഹിക്കപ്പെട്ടു. അതേത്തുടർന്നു വ്രതബദ്ധനായ സന്യാസി നിലത്തു സാഷ്ടാംഗംകിടന്നു. അപ്പോൾ ഗായകസംഘം ദൈവസ്തോത്രഗീതങ്ങൾ ആലപിച്ചു. പിന്നീടു ആശ്രമസ്ഥന്മാർ എല്ലാവരും മേൽവിവരിച്ച ക്രമമനുസരിച്ചു വീണ്ടും അണിനിരന്ന് ആശ്രമത്തിലേക്കു പോയി. അവിടെവച്ച് മർസ്സലീനോസ് പാദ്രി ദൈവത്തോടുള്ള നന്ദി പ്രകാശിപ്പിച്ചുകൊണ്ടും നവസന്യാസിയെ പ്രത്യേകം അഭിനന്ദിച്ചുകൊണ്ടും ഒരു ലഘുപ്രസംഗം ചെയ്തു. മെത്രാപ്പോലീത്താ സഭയ്ക്കു നൽകിയതും നിയമസംഹിതയുൾക്കൊള്ളുന്നതുമായ ഔദ്യോഗിക പത്രികയിൽ ചാവറഅച്ചനെ പുതിയ സന്യാസസഭയുടെ പ്രിയോരായി നിയമിച്ചുകൊണ്ടുള്ള പ്രഖ്യാപനവും ഉണ്ടായിരുന്നു. അതുകൊണ്ട് സന്യാസികൾ ഓരോരുത്തരും അദ്ദേഹത്തെ

സമീപിച്ച്, മുമ്പിൽമുട്ടുകുത്തി വലംകൈ ചുംബിച്ചുകൊണ്ട് സഭാശ്രേഷ്ഠനോടുള്ള ഭക്ത്യാദരങ്ങൾ പ്രകടിപ്പിച്ചു.

ആഘോഷമായ പാട്ടുകുർബ്ബാനയ്ക്കുശേഷം പത്തു വൈദികരുടെ സഭാപ്രവേശത്തിനുള്ള ചടങ്ങുകൾ സമാരംഭിച്ചു. മർസ്ലീനോസ് പാദ്രിയാൽ അനുഗതനായി പ്രധാനകാർമ്മികൻെറ വസ്ത്രങ്ങൾ അണിഞ്ഞുകൊണ്ട്, പ്രിയോരച്ചൻ മുമ്പിലും, സ്കാപ്പുലരും തുകൽ വാറും വ്രതവാഗ്ദാനപത്രികയും കയ്യിൽ വഹിച്ചുകൊണ്ട് രണ്ടുനിരയായിപത്തു വൈദികർ പിമ്പിലുമായുള്ള പ്രദക്ഷിണം ദേവാലയത്തിലെ കർമ്മമണ്ഡപത്തിൽ പ്രവേശിച്ചു. സമലംകൃതമായ ഒരു കസേരയിൽ പ്രിയോരച്ചനും, അതിനോടുചേർന്നുള്ള ഇരിപ്പിടത്തിൽ മർസ്ലീനോസ് പാദ്രിയും ആസനസ്ഥരായി. അതിനുശേഷം സന്യാസാർത്ഥികളായ വൈദികർ ഈരണ്ടുപേരെന്ന ക്രമത്തിന് പ്രിയോരച്ചൻെറ മുമ്പിൽ വന്നു മുട്ടുകുത്തി നിന്നു. മുൻ വിവരിച്ച പ്രകാരം അവരുടെ വ്രതവാഗ്ദാനവും നടന്നു. ചാവറ അച്ചൻെറ മുമ്പാകെ വ്രതവാഗ്ദാനം ചെയ്ത് പുതിയ സന്യാസസഭയുടെ അടിസ്ഥാനക്കല്ലുകളായിത്തീർന്ന വൈദികരുടെ പേരുകൾ താഴെ ചേർക്കുന്നു. 1) പുളിങ്കുന്നു തോപ്പിൽ ഗീവറുഗീസച്ചൻ 2) ചമ്പക്കുളം പോരൂക്കര കുര്യാക്കോസച്ചൻ. 3) അതിരമ്പുഴ കൊച്ചുപുരയ്ക്കൽ കുര്യച്ചൻ. 4) ളാലം പുത്തൻപള്ളി മുഞ്ഞനാട്ടു മത്തായി അച്ചൻ. 5) പാലാ കളപ്പുരക്കൽ മത്തായി അച്ചൻ. 6) കൈനകരി വല്യാറ യാക്കോച്ചൻ. 7) ളാലം പുത്തൻപള്ളി കണിയാരകത്തു് മാണി അച്ചൻ. 8) പള്ളിപ്പുറത്തു് പാലയ്ക്കൽ കുര്യച്ചൻ. 9) പാലാ കട്ടക്കയത്തു് ചാണ്ടിയച്ചൻ. 10) പുളിങ്കുന്ന് കളത്തിൽ സ്കറിയാച്ചൻ.

'അമലോത്ഭവ ദാസസംഘ'ത്തിൻെറ ആഭ്യന്തരജീവിതക്രമീകരണത്തിനായി ബർണ്ണർദീനോസ് മെത്രാപ്പോലീത്താ കമ്മലീത്താസഭയുടെ നിയമാവലി ആവശ്യമായ ചില ഭേദഗതികളോടുകൂടി നൽകിയതായി ഇതിനുമുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. വൈദികമേലദ്ധ്യക്ഷന്മാർ അപ്പൊഴപ്പോഠം നിർദ്ദേശിച്ചിരുന്ന ഭേദഗതികളോടുകൂടി ഈ നിയമസംഹിതതന്നെയാണ് 1885 വരെയും അനുസരിച്ചുപോന്നത്. 1885-ൽ തിരുസ്സിംഹാസനത്താൽ അംഗീകരിക്കപ്പെട്ട ഒരു നിയമസംഹിത പരീക്ഷാർത്ഥം സഭയ്ക്കു നഠംകപ്പെട്ടു. 1906 മാർച്ച് 12-ാംനു പരിശുദ്ധ സിംഹാസനം സഭയുടെ നിയമാവലിയെ ശാശ്വതമായി അംഗീകരിക്കയും ചെയ്തു.

1860-ൽ റോമ്മായിൽ സമ്മേളിച്ച കമ്മലീത്താ നിഷ്പാദുക സഭയുടെ പൊതുസംഘം കേരളത്തിലെ പ്രഥമ ഏതദ്ദേശീയ സന്യാസസഭയായ 'അമലോത്ഭവ കന്യകമറിയത്തിൻെറ ദാസസംഘ'ത്തേ അതിൻെറ മൂന്നാംസഭയായി സ്വീകരിച്ചു. ഈ നടപടിയുടെ ഒരു അസാധാരണത്വം മാന്നാനത്തെ സന്യാസസംഘത്തിൻെറ അറിവോ സമ്മതമോ അതിനില്ലായിരുന്നു എന്നതാണ്. ബർണ്ണർദീനോസ് മെത്രാപ്പോലീത്തായുടെ സദുദ്ദേശപരമായ പ്രേരണ ഇതിൻെറ പിന്നിൽ ഉണ്ടായിരുന്നു എന്ന് ന്യായമായി അനുമാനിക്കാവുന്നതാണ്. 1861-ൽ മാന്നാനത്തെ സന്യാസസഭയെ കമ്മലീത്താ മൂന്നാം സഭയായി സ്വീകരിച്ചിരിക്കുന്നു എന്നും തദ്ഫലമായി കമ്മലീത്താസഭയുടെ ആനുകൂല്യങ്ങളും മററും ലബ്ദമാകുന്നതാണെന്നും കാണിച്ചുള്ള ഒരു കല്പന ബർണ്ണർദീനോസ് മെത്രാപ്പോലീത്താ പ്രിയോരച്ചൻെറ പേക്ക് അയച്ചുകൊടുത്തു. പുതിയ സന്യാസസമൂഹത്തിൻെറ സ്വതന്ത്രമായ നിലയെ സാരമായി ബാധി

ന്ന ഒരു മാററം അവരുടെ അറിവുകൂടാതെ നടപ്പി ലാക്കിയതിൽ സംഘാംഗങ്ങളുടെ ഇടയിൽ പൊതുവേ അതൃപ്തിയാണുണ്ടായത്. എങ്കിലും അനവേക്ഷിതമായ ഈ ബന്ധംമൂലം സഭാശ്രേഷ്ഠൻെറ സ്ഥാനത്തിലോ അധികാരത്തിലോ യാതൊരു കുറവും സംഭവിച്ചതായി അനുഭവപ്പെടുകയുണ്ടായില്ല. കൂടാതെ ബർണ്ണർദീനോസ് മെത്രാപ്പോലീത്തായുടെ പൈതൃകമായ വാത്സല്യവും സന്മനസ്സും സഭാംഗങ്ങളുടെ അസംതൃപ്തിയെ ശമിപ്പിക്കുവാൻ സഹായിച്ചു. ഏതായാലും സന്യാസസമൂഹത്തിൽനിന്നു പ്രതിഷേധമോ എതൃപ്പോ കൂടാതെ കഴിഞ്ഞു. ഇങ്ങനെയാണ് മാന്നാനം കുന്നിൽവച്ച് ഉദ്ഘാടനം ചെയ്യപ്പെട്ട 'അമലോത്ഭവദാസസംഘം' കർമ്മലീത്താ നിഷ്പാദുക മൂന്നാംസഭ (ക. നി. മൂ. സ.) യായി രൂപാന്തരപ്പെട്ടത്.

# IX

## ശാഖാഭവനങ്ങൾ

നമ്മുടെ കഥാനായകൻ 16 വഷക്കാലം കേരള കർമ്മലീത്താസഭയുടെ പ്രിയോരായി ഭരണം നടത്തി. പ്രിയോരച്ചൻെറ അനുഗൃഹീതമായ നേതൃത്വത്തിൽ മാന്നാനം ആശ്രമത്തിനുണ്ടായ വളച്ച്യും, ആ സ്ഥാപനം മുഖേന സമീപപ്രദേശങ്ങളിലെ ക്രിസ്ത്യൻ ജനതയ്ക്കുണ്ടായ ആദ്ധ്യാത്മികവും സാമൂഹ്യവുമായ അഭിവൃ

ദ്ധിയും കണ്ടു് കേരളത്തിന്റെ മററു പല ഭാഗങ്ങളിൽ നിന്നും സന്യാസഭവനങ്ങൾ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള അപേക്ഷകൾ വരാപ്പുഴയും മാന്നാനത്തും വന്നുകൊണ്ടിരുന്നു. ഉദാരമതികളായ പലരും അവരവരുടെ സ്ഥലങ്ങളിൽ ആശ്രമങ്ങൾ സ്ഥാപിക്കുന്നതിനാവശ്യമായ വസ്തുക്കളും ധനവും സംഭാവന ചെയ്തു. ബെർണ്ണർദീനോസ് മെത്രാപ്പോലീത്തായും അദ്ദേഹത്തിന്റെ അനന്തരഗാമികളും ശാഖാസ്ഥാപനവിഷയത്തിൽ പ്രിയോരച്ചന് സർവ്വവിധമായ പ്രോത്സാഹനങ്ങളും നൽകി. ചില സ്ഥലങ്ങളിൽ വൈദികർ, മാന്നാനത്തെ സന്യാസ പ്രസ്ഥാനത്തെ അനുകരിച്ചു് സ്വന്തമായി സന്യാസഭവനങ്ങൾ സ്ഥാപിക്കുവാൻ ശ്രമിക്കാതിരുന്നില്ല. എന്നാൽ അവ ഏറിയപങ്കും പരാജയമടയുകയാണുണ്ടായതു്. പിന്നീടു് ഈ സ്ഥലങ്ങളിൽ ചാവറ പ്രിയോരച്ചൻ സ്ഥാപിച്ച ആശ്രമങ്ങൾ ഉത്തരോത്തരം അഭിവൃദ്ധിപ്പെടുകയുംചെയ്തു. അദ്ദേഹത്തിന്റെ 16 വഷത്തെ ഭരണത്തിനിടയ്ക്കു് കൂനമ്മാവു്, പ്ലാശനാൽ, വാഴക്കുളം, എൽത്തുരുത്തു്, പുളിങ്കുന്നു്, അമ്പഴക്കാട്ടു്, മുത്തോലി എന്നിങ്ങനെ ഏഴു ശാഖാഭവനങ്ങൾ സ്ഥാപിക്കുകയുണ്ടായി. ഇവയിൽ പ്ലാശനാൽ കൊവേന്ത ഉഗ്രമായ മലമ്പനിബാധമൂലം നിറുത്തലാക്കേണ്ടിവന്നു. മററുള്ളവയെല്ലാം അവയുടെ സ്ഥാപകനായ പുണ്യചരിതന്റെ മഹത്തായ ഉദ്ദേശ്യങ്ങളെ നിറവേററിക്കൊണ്ടു് ഇന്നും നിലനിന്നുപോരുന്നു.

1864 മുതൽ, നമ്മുടെ കഥാനായകന്റെ സ്ഥിരമായ അധിവാസസ്ഥാനമായിരുന്ന കൂനമ്മാവു കൊവേന്തയെപ്പററി ചില കാര്യങ്ങൾകൂടി പ്രസ്താവിക്കുന്നതു് അവസരോചിതമായിരിക്കുമെന്നു കരുതുന്നു. മാന്നാനത്തെ സുറിയാനിക്കാരുടെ ആശ്രമംപോലെ കൂനമ്മാ

വിൽ ലത്തീൻകാക്ക് മാത്രമായി ഒരാശ്രമം സ്ഥാപിക്കണമെന്നുള്ള ആഗ്രഹം ബർണ്ണർദീനോസ് മെത്രാപ്പോലീത്തായുടെ ഹൃദയത്തിൽ അങ്കുരിച്ചു. അതിനായി കൂനമ്മാവിലെ വി. ഫിലോമിനായുടെ ദേവാലയത്തോടടുത്തു പണിചെയ്യപ്പെട്ടിരുന്ന ഒരു ചെറിയ കെട്ടിടം കുറേക്കൂടി വിസ്തൃതമാക്കിപ്പണിതു് അവിടെ അവശ്യം വേണ്ടതായ സജ്ജീകരണങ്ങളെല്ലാം ചെയ്തു. അതിനുശേഷം വരാപ്പുഴ ലത്തീൻ സെമ്മിനാരിയിൽനിന്നു് ഒരു വൈദികനെയും മൂന്നു വൈദികവിദ്യാൎത്ഥികളെയും കൊണ്ടുവന്നു് അവിടെ പാപ്പിച്ചു. ഇങ്ങനെയാണു് കൂനമ്മാവു ആശ്രമം ആരംഭിച്ചതു്. എന്നാൽ അധികം കഴിയുംമുമ്പ് ഇവരിൽ ഒരാളൊഴികെ ബാക്കിയുള്ള വരെല്ലാം ഓരോ കാരണത്താൽ ആശ്രമവാസം ഉപേക്ഷിച്ചുപോയി. ഇങ്ങനെ തൻെറ ഉദ്യമം പരാജയമടഞ്ഞതു കണ്ടു് അസ്വസ്ഥനായിത്തീൎന്ന മെത്രാപ്പോലീത്താ പ്രസ്തുത ആശ്രമക്കെട്ടിടം പ്രിയോരച്ചനെ ഏല്പ്പിക്കുകയും മാന്നാനത്തുനിന്നു ഏതാനും വൈദികരെയും ശെമ്മാശന്മാരെയും അവിടെ കൊണ്ടുവന്നു താമസിപ്പിച്ചു് ഒരു ശാഖാഭവനം സ്ഥാപിച്ചുകൊള്ളുവാൻ അനുവദിക്കുകയും ചെയ്തു. പുതിയ ആശ്രമത്തിൻെറ പ്രിയോരായി മെത്രാപ്പോലീത്താ ചാവറ അച്ചനെത്തന്നെയാണു നിയമിച്ചതു്. പ്രിയോരച്ചൻ തൻെറ പ്രതിപുരുഷനായി മറെറാരു വൈദികനെ തൽസ്ഥാനത്തു നിയമിക്കയും ഉണ്ടായി. 1857-ൽ ആണു് കൂനമ്മാവു കൊവേന്തയുടെ സ്ഥാപനം. അക്കാലംമുതൽ മരണംവരെയും കുര്യാക്കോസച്ചൻ സഭവകയായുള്ള ആശ്രമങ്ങളുടെ പൊതു പ്രിയോരായിരുന്നു.

1859-ൽ കർമ്മലീത്താസഭയുടെ നവസന്ന്യാസഭവനം കൂനമ്മാവിൽ സ്ഥാപിതമായി. കർമ്മലീത്താ



കൂനമ്മാവ് ആശ്രമത്തിൽ ചാവറയച്ചൻ
താമസിച്ചിരുന്ന മുറി.

സഭയുടെ ഉററ ബന്ധുവും പ്രിയോരച്ചൻെറ ആത്മമിത്രവും ആയിരുന്ന ലെപ്പോൾഡ് മിഷനറി 1860-ൽ നവസന്ന്യാസികളുടെ ഗുരുസ്ഥാനം ഏറെറടുത്തു. വ്യാഴാഴ്ചതോറും മെത്രാപ്പോലീത്താ കൂനമ്മാവുങ്കൽചെന്ന് ആശ്രമസന്ദർശനം നടത്തുകയും സന്ന്യാസികൾക്ക് പൈതൃകമായ പ്രോത്സാഹനം നൽകി അനുഗ്രഹിക്കുകയും ചെയ്തുപോന്നു.

1864 മുതൽ മെത്രാപ്പോലീത്തായുടെ പ്രത്യേകമായ ആഗ്രഹം അനുസരിച്ച് ചാവറ പ്രിയോരച്ചൻ കൂനമ്മാവു കൊവേന്തയിൽ സ്ഥിരതാമസമാക്കി. ആജീവനാന്തം അദ്ദേഹം അവിടെത്തന്നെ പാക്കുകയുംചെയ്തു. വഷംതോറും വർദ്ധിച്ചുകൊണ്ടിരുന്ന ആശ്രമാംഗങ്ങളുടെ താമസത്തിനായി പ്രിയോരച്ചൻ രണ്ടും മൂന്നും നിലകൾ വീതമുള്ള രണ്ടു കെട്ടിടങ്ങൾ കൂനമ്മാവിൽ പണിയിക്കുകയുമുണ്ടായി.

സുറിയാനിക്കാർ വരാപ്പുഴ ഭരണത്തിൽനിന്ന് വേർപെടുത്തപ്പെട്ടതോടുകൂടി തിരുസിംഹാസനത്തിൻെറ നിശ്ചയമനുസരിച്ച് 1889-ൽ കൂനമ്മാവുകൊവേന്തയും അതിനോടു ബന്ധപ്പെട്ട മററു സ്ഥാപനങ്ങളും ലത്തീൻകാക്കായി വിട്ടുകൊടുക്കേണ്ടിവന്നു. പിന്നീട് സുറിയാനിക്കമ്മലീത്തർ സ്വന്തമായി ഒരു ശാഖാഭവനം പഴയ ആശ്രമത്തിൻെറ സമീപത്തുതന്നെ സ്ഥാപിക്കുകയുണ്ടായി.

പ്രിയോരച്ചൻെറ താമസം കമ്മലീത്താമാതൃഭവനമായ മാന്നാനത്തു നിന്നും കൂനമ്മാവിലേക്കു മാററിയതുമൂലം സഭയുടെയും സമുദായത്തിൻെറയും ഉദ്ധാരണമാഗ്ഗം കൂടുതൽ സുഗമമായിത്തീന്നു. സുറിയാനി

വിഭാഗത്തിന്റെ ക്ഷേമാഭിവൃദ്ധിയിൽ അതിവത്സലരായിരുന്ന രണ്ടു മഹദ്വ്യക്തികളായിരുന്നു ബർണ്ണർദീനോസ് മെത്രാപ്പോലീത്തായും ലെപ്പോറംഡ് മിഷനറിയും. അവരുമായി നിത്യസമ്പർക്കം പുലർത്തുന്നതിനും സമുദായോദ്ധാരണ പരിപാടികൾ വിഘ്നമോ വിളംബമോ കൂടാതെ നടപ്പിലാക്കുന്നതിനും കൂനമ്മാവിലെ താമസംമൂലം പ്രിയോരച്ചൻ സാധിച്ചു. ഈ മൂന്നു മഹാശയന്മാരുടെ ഏകീകൃതമായ നേതൃത്വത്തിൽ കഴിഞ്ഞുകൂടിയ കാലം സുറിയാനി സമുദായചരിത്രത്തിലെ ഒരു സുവർണ്ണഘട്ടമായിരുന്നു.

# IV

# സേവനവേദിയിൽ

## I

### റോക്കോസ് ശീശ്മ

19-ാം നൂററാണ്ടിൻെറ ഉത്തരാർദ്ധത്തിൽ മലങ്കര സഭയെ ആകമാനം പ്രക്ഷുബ്ധമാക്കുകയും, നിർഭാഗ്യകരമായ അന്ത:ഛിദ്രങ്ങൾക്കു വഴിതെളിക്കുകയും, അനവധി വൈദികരുടെയും അൽമേനികളുടെയും വിശ്വാസത്തെ ശിഥിലമാക്കുകയും ചെയ്ത ഒരു സംഭവമാണ് റോക്കോസ് ശീശ്മ. ഈ വിപത്സന്ധിയിൽ ചാവറ കുര്യാക്കോസ് അച്ചനെപ്പോലെ പ്രഗല്ഭനായ ഒരു നേതാവിനെയും അദ്ദേഹത്തിൻെറ അനുയായികളായ സന്യസ്ത സൈന്യവ്യൂഹത്തേയും ലഭിച്ചതു് മലങ്കരസഭയുടെ ഭാഗ്യാതിരേകം എന്നേ പറയേണ്ടു. ശീശ്മയുടെ നിരങ്കുശമായ വേലിയേററത്തിനു വിരാമമിട്ടതു് പ്രിയോരച്ചൻെറ ആത്മവീര്യവും വിശ്വാസദാർഢ്യവുമാണ്.

ഉദയംപേരൂർ സൂനഹദോസുമുതൽ സ്വന്തം റീത്തിൽ പെട്ട മെത്രാന്മാരെ ലഭിക്കുന്നതിനായി സുറിയാ

നിക്കാർ റോമ്മായിലും പോർട്ടുഗലിലും തുടർച്ചയായി നിവേദനങ്ങൾ സമർപ്പിച്ചുകൊണ്ടിരുന്നു എങ്കിലും അവയെല്ലാം കേവലം വനരോദനമായി പരിണമിക്കയാണുണ്ടായതു്. വിദേശീയ ഭരണത്തോടുള്ള അതൃപ്തി സമുദായഹൃദയത്തിൽ നീറിക്കൊണ്ടിരുന്ന ഒരു കാലഘട്ടത്തിലാണു് ബാബേൽ പാത്രിയർക്കീസിൽനിന്നുള്ള അധികാരപത്രവും വഹിച്ചുകൊണ്ടു തോമ്മാ റോക്കോസ് എന്ന സുറിയാനിമെത്രാൻ കേരളത്തിൽ ആഗതനായതു്.

ഇദ്ദേഹത്തിന്റെ കേരളപ്രവേശത്തിനിടയാക്കിയ സാഹചര്യങ്ങളേപ്പറ്റി അറിഞ്ഞിരിക്കേണ്ടതു് ആവശ്യമാകുന്നു. വരാപ്പുഴ മെത്രാപ്പോലീത്തായാൽ അംശം മുടക്കപ്പെട്ട കടക്കച്ചിറ അന്തോനി എന്ന വൈദികന്റെ നേതൃത്വത്തിൽ ഒരു സംഘം ആളുകൾ ഈ നാട്ടിൽനിന്നും മലങ്കരയ്ക്കു് ഒരു സുറിയാനിമെത്രാനെ കൊണ്ടുവരുന്നതിനായി ബാഗ്ദാദിലേക്കുപോയി. അവിടെ എത്തിയശേഷം അവർ സ്ഥലത്തെ കത്തോലിക്ക (ബാബേൽ) പാത്രിയർക്കീസിനെ കണ്ടു് തങ്ങളുടെ നിവേദനംസമർപ്പിച്ചു. മലങ്കരയിലെ പള്ളികളുടെ കാര്യത്തിൽ യാതൊരു തരത്തിലും ഇടപെട്ടുകൂടാ എന്നു് തിരുസിംഹാസനം പാത്രിയർക്കീസിനെ നിരോധിച്ചിരുന്നു. അതുകൊണ്ടു് മാർപാപ്പായുടെ കല്പനകൂടാതെ ഒരു മെത്രാനെ മലങ്കരയിലേക്കു് അയക്കയില്ലെന്നു് പാത്രിയർക്കീസ് നിവേദകന്മാർക്കു മറുപടിനൽകി. എങ്കിലും അദ്ദേഹം അവിടത്തെ ജനങ്ങളുടെയും ചില മെത്രാന്മാരുടെയും നിർബ്ബന്ധത്തിനു വിധേയനായി മാർതോമ്മാ എന്നയാളെ മെത്രാനായിവാഴിച്ചു കേരളത്തിലേക്കയച്ചു. മലങ്കരസഭയിലെ സ്ഥിതിഗതികൾ നേരിട്ടുമനസ്സിലാക്കുന്നതിനു മാത്രമായിട്ടാണു് പാത്രിയർക്കീസ് റോക്കോസ് മെത്രാനെ ഇങ്ങോട്ടേക്കയച്ചതു്. അല്ലാതെ മലങ്കരസഭയുടെമേൽ മെത്രാനടുത്ത

അധികാരം നടത്തുന്നതിനായിട്ടല്ല. എന്നാൽ റോക്കോസിനെ ഇങ്ങോട്ടു കൂട്ടിക്കൊണ്ടുവന്ന നസ്രാണിസംഘത്തിന്റെ ഉദ്ദേശ്യവും ഈ നാട്ടിൽ അവർ നടത്തിയ പ്രചാരണവും റോക്കോസ് മലങ്കരസഭയുടെ ഭരണം ഏറ്റെടുക്കുവാനായി അധികാരസമേതം അയക്കപ്പെട്ടവനാണെന്നായിരുന്നു. കേരളക്കരയിൽ കാലുകുത്തിയ നിമിഷം മുതൽ റോക്കോസും ഈ വേഷം തന്നെ ഭംഗിയായി അഭിനയിച്ചു.

1861 മേയ് 6-ാം നു- റോക്കോസ് മെത്രാൻ കൊച്ചിയിൽ വന്നിറങ്ങി. ഒരു സുറിയാനി മെത്രാൻ മലങ്കരയിലേക്കു വരുന്നു എന്നുള്ള വാർത്താശ്രവണത്തിൽ സുറിയാനിക്കാർ ഇളകിവശായി. മാർപ്പാപ്പായുടെ അനുമതിയോ അറിവോ കൂടാതെയാണ് റോക്കോസ് വന്നിട്ടുള്ളതെന്ന വാസ്തവം അദ്ദേഹത്തെ ഇവിടെ രംഗപ്രവേശംചെയ്യിച്ചവരുടെ പ്രചാരണകോലാഹലത്തിൽ ജനങ്ങൾ ഗൗനിച്ചതേയില്ല. വരാപ്പുഴ നിന്നുള്ള എതിർപ്രസ്താവനകൾകൊണ്ടു യാതൊരു ഫലവുമുണ്ടായില്ല. ഈ അവസരത്തിൽ മലങ്കരസഭയ്ക്കു നേരിടാൻപോകുന്ന വിപത്തിന്റെ ഗൗരവം മനസ്സിലാക്കിക്കൊണ്ട് ചാവറ കുര്യാക്കോസച്ചൻ സുധീരമായ ഒരു പ്രസ്താവന പുറപ്പെടുവിച്ചു. മാർപ്പാപ്പായിൽനിന്നുള്ള അധികാരപത്രം കൂടാതെ പിൻവാതിലിൽകൂടി മലങ്കര സഭാതൊഴുത്തിൽ പ്രവേശിക്കുവാൻ വന്നിരിക്കുന്ന കള്ള ഇടയൻ ആട്ടുകളെ ചിതറിക്കുന്നവനാണെന്നും, അയാളുടെ പക്ഷംചേൎന്ന് ആരും ആത്മരക്ഷയെ അപകടത്തിലാക്കരുതെന്നും, തിരുസിംഹാസനത്തിൽനിന്നുള്ള അധികാരത്തോടുകൂടി സഭാഭരണം നടത്തുന്ന വരാപ്പുഴ മെത്രാപ്പോലീത്തായോടു് എല്ലാവരും അനുസരണയുള്ളവരായിരിക്കണമെന്നും, ആസന്നമായിരിക്കുന്ന ശീശ്മയോടുള്ള എ

തുപ്പിൽ വേണ്ടിവന്നാൽ ജീവൻപോലും ബലിയപ്പിച്ചു വേദസാക്ഷിത്വം കൈവരിക്കുവാൻ ഏവരും സന്നദ്ധരായിരിക്കണമെന്നുമായിരുന്നു അദ്ദേഹം സ്വസമുദായത്തിനു നൽകിയ അവസരോചിതമായ ആഹ്വാനം. റോക്കോസിനെ സംബന്ധിക്കുന്ന യഥാൎത്ഥവിവരങ്ങൾ ജനങ്ങളെ ധരിപ്പിക്കുവാൻ പ്രിയോരച്ചൻ ആവുന്നത്ര പരിശ്രമിച്ചു.

എന്നാൽ സുറിയാനിമെത്രാനെ ലഭിക്കണമെന്നുള്ള തീക്ഷ്ണമായ അഭിവാഞ്ഛയാലും തല്പരകക്ഷികളുടെ പ്രചരണതന്ത്രങ്ങൾകൊണ്ടും മലങ്കരയിലെ അനവധി പള്ളികളും പ്രമുഖന്മാരായ അനേകം വൈദികരും അൽമായപ്രമാണികളും റോക്കോസിനെ അനുഗമിക്കുകയാണുണ്ടായതു്. കൊച്ചിയിൽ ഇറങ്ങി സംഭവഗതികൾ വീക്ഷിച്ചുകൊണ്ടു താമസിച്ചിരുന്ന റോക്കോസിനെ പള്ളിപ്രതിനിധികളും വൈദികരും ദിവസംതോറും ചെന്നുകാണുകയും അദ്ദേഹത്തോടു ഭക്ത്യാദരങ്ങൾ പ്രകടിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. കൊച്ചിയിലേക്കുള്ള റോക്കോസ് ഭക്തന്മാരുടെ പ്രവാഹത്തിനു് അനുദിനം ശക്തിവർദ്ധിച്ചുവന്നു. ആയിടയ്ക്കു് നമ്മുടെ കഥാപുരുഷൻെറ ആനുകൂല്യവും അനുഭാവവും സമ്പാദിക്കുവാൻ റോക്കോസ് പക്ഷക്കാർ ഒരു ശ്രമം നടത്താതിരുന്നില്ല. പക്ഷേ റോക്കോസിൻെറ സംരംഭം സഭാനിയമങ്ങൾക്കു വിരുദ്ധമാണെന്നും, തികഞ്ഞ ശീശ്മയാണെന്നും മനസ്സിലാക്കിയിരുന്ന പ്രിയോരച്ചൻ അവരുടെ കെണിയിൽ പെട്ടില്ലെന്നു മാത്രമല്ല തൻെറ പ്രസംഗങ്ങളിലും രഹസ്യചൎച്ചകളിലും റോക്കോസ് പക്ഷം ചേരുന്നവർ മഹാറോനിൽ പതിച്ചുപോകുമെന്നുള്ള കാൎയ്യം ശ്രോതാക്കളെ ശക്തിയുക്തം ഉദ്ബോധിപ്പിക്കുകയും ചെയ്തു.

ഇതിനിടയ്ക്കു റോക്കോസ് പക്ഷത്തുനിന്നുള്ള കള്ള

പ്രചാരണങ്ങൾ തകൃതിയായി നടക്കുന്നുണ്ടായിരുന്നു. മാർ പാപ്പായുടെ കല്പനയനുസരിച്ചാണ് പാത്രിയക്കീസ് റോക്കോസിനെ വാഴിച്ച് മലങ്കരയിലേക്ക് അയച്ചിരിക്കുന്നതെന്നും, അതിന് ഉപോദ്ബലകമായ എഴുത്തുകൾ അദ്ദേഹത്തിൻെറ കൈവശമുണ്ടെന്നും അവ പലരും വായിച്ച് യാഥാർത്ഥ്യങ്ങൾ ബോദ്ധ്യപ്പെട്ടു എന്നും മററുമായിരുന്നു ഈ പ്രചാരണത്തിൻെറ പോക്ക്. ഈ തന്ത്രങ്ങളാൽ വഞ്ചിതരായ ഒരു വലിയ ജനവിഭാഗം റോക്കോസ് പക്ഷത്തു ചേന്നു. അനുദിനം വർദ്ധിച്ചുകൊണ്ടിരുന്ന ജനകീയ പിൻതുണയാൽ ഉദ്ധതന്മാരായിത്തീന്ന ശീശ്മപക്ഷക്കാർ റോക്കോസിനെ ആഘോഷപൂർവ്വം സ്വീകരിച്ച് തെക്കാട്ടുശേരിപള്ളിയിൽ കൊണ്ടുപോയി താമസിപ്പിച്ചു. പാറായിൽ തരകൻ ശീശ്മപക്ഷത്തിന് പൂർണ്ണമായ പിൻതുണ നൽകിയിരുന്നു എന്നുള്ളതും പ്രസ്താവയോഗ്യമാണ്. റോക്കോസിൻെറ ആസ്ഥാനം തെക്കാട്ടുശേരിയിലേക്കു മാററിയതിനെ തുടന്ന് തെക്കും വടക്കുമുള്ള പള്ളിക്കാർ അവിടെഎത്തി അദ്ദേഹത്തിൻെറ അധികാരത്തെ അംഗീകരിച്ചു ഭക്തിപ്രകടനങ്ങൾ നടത്തിക്കൊണ്ടിരുന്നു.

ശീശ്മയുടെ സൂത്രധാരന്മാർ തെക്കാട്ടുശേരിപള്ളിയിൽക്കൂടി അവരുടെ ഭാവിപരിപാടികളെപ്പററിആലോചനകൾനടത്തി. തെക്കു മാന്നാനത്തെയും വടക്ക് എൽതുരുത്തിലെയും കൊവേന്തകൾ കൈവശപ്പെടുത്തണമെന്നായിരുന്നു പ്ലാൻ. ഈ വാത്തകൾ വിദ്യുത്‌വേഗത്തിൽ നാടെങ്ങും പരന്നു. മാന്നാനം ആശ്രമത്തിന്മേലുണ്ടായേക്കാവുന്ന കയ്യേററത്തെപ്പററിയുള്ള കിംവദന്തി പ്രിയോരച്ചനെ അല്പം അസ്വസ്ഥനാക്കിയെങ്കിലും അദ്ദേഹവും ആശ്രമവാസികളും ദൈവസഹായത്തിൽ പൂർണ്ണമായി ആശ്രയിച്ചുകൊണ്ട് അവിടത്തന്നെ കഴിച്ചുകൂട്ടി.

കാൎയ്യങ്ങൾ ഗൗരവനിലയിലെത്തിച്ചേരുന്നതു കണ്ടു പ്രിയോരച്ചൻ മെത്രാപ്പോലിത്തായുടെ അനുമതിയോടുകൂടി തെക്കാട്ടുശേരിൽചെന്നു റോക്കോസിനെ കാണുന്നതിനും അദ്ദേഹത്തിൻെറ പക്കൽ മാർപാപ്പായുടെ അധികാരപത്രങ്ങൾ ഉണ്ടോ എന്നു പരിശോധിച്ച് ജനങ്ങളെ സത്യാവസ്ഥ ഗ്രഹിപ്പിക്കുന്നതിനും നിശ്ചയിച്ചു. എന്നാൽ റോക്കോസിനെ കാണണമെന്നുള്ള പ്രിയോരച്ചൻെറ അഭ്യൎത്ഥന ശീശ്മപക്ഷക്കാർ നിരസിക്കുകയാൽ അദ്ദേഹം ആ ഉദ്യമത്തിൽനിന്നു പിന്തിരിയേണ്ടിവന്നു.

## 11

## വികാരി ജനറാളും ശീശ്മ പ്രതിരോധനവും

തോമ്മാറോക്കോസ് മെത്രാൻ മലയാളക്കരയിൽ വന്നിറങ്ങുന്നകാലത്തു് സുറിയാനികത്തോലിക്കരുടെ വകയായി ഏതാണ്ടു 154 ഇടവകപ്പള്ളികളാണുണ്ടായിരുന്നതു്. ഇവയിൽ 86 പള്ളികൾ പൂൎണ്ണമായും ഏകദേശം 30 പള്ളികൾ ഭാഗികമായും ശീശ്മപക്ഷത്തു ചേൎന്നു. 38 പള്ളികൾ മാത്രമാണ് മാൎഗ്ഗഭ്രംശം വരാതെ സ്ഥിരമായിനിന്നതു്. ശീശ്മയുടെ ജൈത്രയാത്ര വരാപ്പുഴ വികാരിഅപ്പസ്തോലിക്കായായിരുന്ന ബെൎണ്ണൎദീനോസ് മെത്രാപ്പോലീത്തായെ ഉത്കണ്ഠാഭരിതനാക്കി

ത്തീൎത്തു. മലങ്കരസഭയുടെ രക്ഷയ്ക്കായി അദ്ദേഹം ചെയ്ത ശ്രമങ്ങളെല്ലാം വിഫലമായതേയുള്ളു.

ഈ വിപത്സന്ധിയെ വിജയപൂൎവ്വം തരണം ചെയ്യുന്നതിന് ഒരേ ഒരു മാൎഗ്ഗമാണ് അവശേഷിച്ചിരുന്നതു്. അതായതു് സുറിയാനിക്കാരുടെ ഭാഗധേയങ്ങൾ ആ വിഭാഗത്തിൽപ്പെട്ട സമൎത്ഥനും സുസമ്മതനുമായ ഒരു നേതാവിൻെറ ഹസ്തങ്ങളിൽ സമൎപ്പിക്കുക. സ്വന്തറീത്തിൽപ്പെട്ട ഒരു മെത്രാനെ ലഭിക്കുവാനുള്ള ആവേശംമൂലമാണ് സുറിയാനിക്കാർ ശീശ്മയെ ആശ്ലേഷിക്കുന്നതെന്ന് അദ്ദേഹം മനസ്സിലാക്കി. ചാവറ പ്രിയോരച്ചനെ സുറിയാനിക്കാരുടെ മെത്രാനായി അവരോധിക്കുവാൻ മെത്രാപ്പോലീത്താ തയ്യാറായി. എന്നാൽ വിനയാന്വിതനായിരുന്ന നമ്മുടെ കഥാപുരുഷൻ ആ സമുന്നത പദവി സ്വീകരിക്കുന്നതിൽ തീവ്രമായ വൈമുഖ്യം പ്രദശിപ്പിക്കുകയാണുണ്ടായതു്. അതിനാൽ മെത്രാപ്പോലീത്താ അദ്ദേഹത്തെ സുറിയാനി വിഭാഗത്തിൻെറ വികാരിജനറാളായി നിയമിച്ചു കല്പനനല്കി. പ്രസ്തുത കല്പനയിൽ "നമ്മുടെ ഭരിപ്പിൽനിന്ന് പട്ടസുഖക്കാൎക്കും മററുള്ള അൾമേനികൾക്കും അവരുടെ ആത്മഗുണത്തിനടുത്തഫലം ഉണ്ടായിക്കാണ്മാനില്ലാത്തതിനാലും ഇപ്പോഴത്തെ സംഗതികളാലും വേണ്ടുന്ന സ്ഥൈൎയ്യവും മിടുക്കും ബോധജ്ഞാനവും പുണ്യവ്യാപാരവും തനിക്കുണ്ടെന്ന് ബോധിച്ചു് നമ്മുടെ കീഴ് മലയാളത്തിലുള്ള സുറിയാനിപ്പള്ളികളിൽ അടങ്ങിയിരിക്കുന്ന പട്ടക്കാരരുടെയും അൾമേനികളുടെയും ആത്മപരിപാലനം ചെയ്തു് അവരെ ഭരിക്കുന്നതിന് വിഗാരി ജനറാളായി തന്നെ നാം കല്പിച്ചു് നിയമിക്കുന്നു" എന്നാണ് പ്രസ്താവിച്ചിരിക്കുന്നതു്. ഈ നിയമനത്തോടുകൂടി ശീശ്മാഗൎത്തത്തിൽനിന്ന് മലങ്കരസഭയെ രക്ഷിച്ചു് സമാധാനം

പുനഃസ്ഥാപിക്കുന്നതിനുള്ള പൂർണ്ണമായ ഉത്തരവാദിത്വം പ്രിയോരച്ചനിൽ അർപ്പിതമായി എന്നു പറയാം.

കത്തോലിക്കപെക്ഷത്തിൻെറ ഔദ്യോഗികനേതാവായി പ്രഖ്യാപിക്കപ്പെട്ട നിമിഷംമുതൽ പ്രിയോരച്ചൻ ശീശ്മയെ നിർമ്മാജ്ജനം ചെയ്യുവാനായി തൻെറ സർവ്വ കഴിവുകളും വിനിയോഗിച്ചു. തിരുസിംഹാസനത്തിൻെറ അംഗീകാരത്തോടുകൂടിയല്ല റോക്കോസ് മലങ്കരയിൽ വന്നിരിക്കുന്നതെന്നുള്ള വാസ്തവം അസന്നിഗ്ദ്ധമാംവണ്ണം സ്വജനങ്ങളെ ബോദ്ധ്യപ്പെടുത്തുക എന്നതായിരുന്നു അദ്ദേഹത്തിൻെറ പ്രധാന ലാക്ക്. 1861 ജൂൺ 19-ാംനു- വികാരി ജനറാൾ എന്നനിലയിൽ പ്രിയോരച്ചൻ 9-ാം പീയൂസ് മാർപ്പാപ്പായുടെപേക്ക് റോക്കോസ് മെത്രാൻെറ അവകാശവാദങ്ങളുടെ സാധുതയെപ്പററി അന്വേഷിച്ചുകൊണ്ട് ഒരു കത്തയച്ചു. മറുപടിയായി പരിശുദ്ധപിതാവിൻെറ കയ്യൊപ്പും മുദ്രയുമുള്ളതായ ഒരു തിരുവെഴുത്ത് ചാവറ അച്ചനു ലഭിച്ചു. മാർപ്പാപ്പായുടെ രേഖാമൂലമായ കല്പനയ്ക്കു വിരുദ്ധമായിട്ടാണ് റോക്കോസ് മലയാളക്കരയിലേക്കു അയക്കപ്പെട്ടിരിക്കുന്നതെന്നും, അയാൾ പള്ളിക്കടുത്ത യാതൊരു അധികാരവുമില്ലാത്തവനും പള്ളിക്കടുത്ത പല മഹറോനിൽ വീണിരിക്കുന്നവനും ആകുന്നു എന്നും പ്രസ്തുത തിരുവെഴത്തിൽ വ്യക്തമാക്കപ്പെട്ടിരുന്നു. മാത്രമല്ല അനധികൃതമായി മലങ്കരയിൽ പ്രവേശിച്ചിരിക്കുന്ന റോക്കോസ് മെത്രാനെ ഉടൻ മടക്കി വിളിച്ചുകൊള്ളുവാൻ പാത്രിയർക്കീസിനോടു തിരുസിംഹാസനത്തിൽനിന്നും കല്പിച്ചിട്ടുള്ളതായും കത്തിൽ പ്രസ്താവിച്ചിരുന്നു.

ഇതിനിടയ്ക്കു ശീശ്മപക്ഷക്കാർ അവരുടെ നില ഉറപ്പിക്കുവാനുള്ള പദ്ധതികൾ ആസൂത്രണംചെയ്തുകൊണ്ടാണിരുന്നതു്. തോമ്മാ റോക്കോസ് അദ്ദേഹത്തിൻെറ

പക്ഷത്തുചേന്ന ജനങ്ങളുടെയും വൈദികരുടെയുംമേൽ മെത്രാനടുത്ത അധികാരം പ്രയോഗിച്ച് തുടങ്ങണമെന്ന അവർ തീരുമാനിച്ചു. വരാപ്പുഴ മെത്രാപ്പോലീത്താ കുമ്പസാരവും കുബ്ബാനയും മുടക്കിയിരുന്ന പട്ടക്കാരുടെമേലുള്ള നിരോധനം പിൻവലിക്കുക, പള്ളിക്കുററം ചുമത്തി ശിക്ഷിച്ചിരുന്നവരുടെ ശിക്ഷകൾ ഇളവുചെയ്യുക, സെമ്മിനാരികളിൽനിന്ന ബഹിഷ്കരിക്കപ്പെട്ടിരുന്ന ശമ്മാശന്മാൎക്ക പട്ടം കൊടുക്കുക മുതലായ നടപടികൾ ഉടൻ സമാരംഭിക്കണമെന്നും അങ്ങിനെ റോക്കോസിൻെറ അധികാരശക്തി ജനങ്ങൾക്കു ബോദ്ധ്യമാക്കിക്കൊടുക്കണമെന്നായിരുന്നുഅവരുടെഉദ്ദേശ്യം. കൂടാതെ എല്ലാ പള്ളികളിൽനിന്നും ധനശേഖരംനടത്തിവസ്തുക്കൾ സമ്പാദിച്ചുശീശ്മപക്ഷത്തിൻെറ സാമ്പത്തികനിലഭദ്രമാക്കുവാനം അവർ നിശ്ചയിച്ചു. കൂടാതെ റോക്കോസിനെ ഓരോ വഷവും ആറാറുമാസംവീതം മാന്നാനം, എൽതുരുത്ത് എന്നീ കൊവേന്തകളിൽ താമസിപ്പിച്ചുകൊണ്ട് സുറിയാനിസഭാഭരണം മുറയ്ക്കു നടത്തിക്കണമെന്നും അവൎക്ക ഉദ്ദേശ്യമുണ്ടായിരുന്നു. മേൽ വിവരിച്ച പദ്ധതിയനുസരിച്ച് റോക്കോസ് കട്ടുത്തുരുത്തി വല്യപള്ളിയിൽ ചെന്ന് 8 പേൎക്ക് ചെറിയപട്ടം തുടങ്ങി കുബ്ബാനപ്പട്ടം വരെയുള്ള എല്ലാ പട്ടങ്ങളും നൽകി. ജനങ്ങളുടെയും വൈദികരുടെയും ദൃഷ്ടിയിൽ അദ്ദേഹം മലങ്കരസഭയുടെമേൽ പൂൎണ്ണമായ പൌരോഹിത്യാധികാരങ്ങൾ പ്രയോഗിക്കുവാൻ അവകാശമുള്ള ഒരു മെത്രാനായിട്ടാണ് പ്രത്യക്ഷപ്പെട്ടതു്. ഇതിനിടയ്ക്കു സ്വപക്ഷം ചേരാതെ നിന്ന പ്രിയോരച്ചൻെറയും അനുയായികളുടെയും ആത്മരക്ഷ അക്കാരണത്താൽ അപകടത്തിലായിരിക്കുന്നു എന്നും ആത്മരക്ഷയെ ആഗ്രഹിക്കുന്നവരാരുംതന്നെ അവൎക്ക പിൻതുണ നൽകിക്കൂടായെന്നും കാണിച്ച്

റോക്കോസ് ഒരു പരസ്യപ്രസ്താവന പ്രസിദ്ധപ്പെടുത്തി.

ഇത്രയുമായപ്പോഴേയ്ക്കും ഇരുപക്ഷക്കാരും തമ്മിലുള്ള സമരം രൂക്ഷമായിത്തീൎന്നു. തൃശ്ശൂർ, അരണാട്ടുകര, ഒല്ലൂർ മുതലായ വടക്കൻ പള്ളികളിൽ വലിയ കലാപംതന്നെ നടന്നു. പല പള്ളികളിലും ഇടവകക്കാർ രണ്ടു പക്ഷമായി തിരിഞ്ഞതിനാൽ ഞായറാഴ്ചകളിൽപ്പോലും ദിവ്യകൎമ്മങ്ങൾ നടക്കുകയുണ്ടായില്ല. പലയിടത്തും സമാധാനംപാലിക്കുവാൻ ഗവൎമ്മെണ്ടു ഇടപെടേണ്ടിയുംവന്നു.

റോക്കോസ് മലയാളക്കരയിൽ എത്തിയതിനുശേഷം പള്ളിസന്ദൎശനം, പട്ടം കൊടുക്കൽ തുടങ്ങിയകാൎയ്യങ്ങളിൽ നിസ്സങ്കോചം ഏൎപ്പെടുന്നു എന്നറിഞ്ഞു് അദ്ദേഹത്തിൻെറ മേലധികാരിയായ ബാബേൽ പാത്രിയക്കീസ് റോക്കോസ് ഉടൻതന്നെ മടങ്ങിച്ചെല്ലണമെന്നു കാണിച്ചു് ഒരു കൎശനമായ കല്പനയയച്ചു. എന്നാൽ തൻെറ പ്രാരംഭവിജയത്താൽ ഉദ്ധതനായിത്തീൎന്ന റോക്കോസ് അതിനെ തീൎത്തും അവഗണിച്ചുകൊണ്ടു് തൻെറ ജൈത്രയാത്ര തുടരുകയാണു ചെയ്തതു്.

ഈ വിപത്സന്ധിയിൽ ശീശ്മയുടെ പുരോഗതിയെ പ്രതിരോധിക്കുന്നതിനായി നമ്മുടെ കഥാനായകൻ അക്ഷീണയത്നംചെയ്തുകൊണ്ടാണിരുന്നതു്. പള്ളികൾ സന്ദൎശിക്കുവാനായി തെക്കൻപ്രദേശത്തു ചെന്ന റോക്കോസിനെ സ്വാഗതം ചെയ്തതു് കോട്ടയം പേഷ്കാരുടെ നിരോധന ഉത്തരവായിരുന്നു. ശീശ്മാ നേതാവു് ദേവാലയസന്ദൎശനം നടത്തിയാൽ സമാധാനലംഘനമുണ്ടാകുമെന്നു് പ്രിയോരച്ചൻ പേഷ്കാരെ യഥാകാലം ധരിപ്പിച്ചതിൻെറ ഫലമായും അദ്ദേഹത്തിൻെറ സ്വാധീനം കൊണ്ടുമാണു് പേഷ്കാർ ഈ ഉത്തരവു നൽകിയതു്. ഭഗ്നാശനായിത്തീൎന്ന റോക്കോസ് ഉടനേ തന്നെ വടക്കൻ ദി

ക്കിലേക്കു തിരിച്ചു. അവിടെ എത്തിയപ്പോൾ കൊച്ചീദിവാൻെറ ഉത്തരവുമൂലം തൻെറ മാൎഗ്ഗം നിരോധിക്കപ്പെട്ടിരിക്കുന്നതായി റോക്കോസ് മനസ്സിലാക്കി.

ആയിടയ്ക്കു് മലയാളത്തിൽനിന്നും ഉടൻ മടങ്ങിപ്പോരണമെന്നു് ആജ്ഞാപിച്ചുകൊണ്ടുള്ള പാത്രിയൎക്കീസിൻെറ കല്പന വീണ്ടും റോക്കോസിനു ലഭിച്ചു. അദ്ദേഹത്തിൻെറ നില ആകപ്പാടെ അവതാളത്തിലായി. നിരോധന ഉത്തരുവുകൾമൂലം പൊറുതിമുട്ടിയ റോക്കോസ് ഞാറയ്ക്കലേക്കു പിൻവാങ്ങി തൻെറ പ്രധാന സേനാന്യൎകളോടുകൂടി അവിടെ താമസമുറപ്പിച്ചു.

ഇതിനിടയ്ക്കു് കേരളത്തിൽനിന്നും പിൻതിരിയാത്തപക്ഷം മഹറോൻ ചൊല്ലുന്നതാണെന്നുള്ള മാർപാപ്പായുടെ തിരുവെഴുത്തു് റോക്കോസിനും, മുറപ്രകാരം അദ്ദേഹത്തെ മഹറോൻചൊല്ലുന്നതിനുള്ള കല്പന വരാപ്പുഴ മെത്രാപ്പോലീത്താൎക്കും കിട്ടിയിരുന്നു. തിരുസിംഹാസനത്തിൽ നിന്നു ലഭിച്ച കല്പനയുടെ ഉള്ളടക്കം വരാപ്പുഴ മെത്രാപ്പോലീത്താ റോക്കോസിനെ കത്തുമൂലം അറിയിച്ചു. സ്ഥിതിഗതികളുടെ ഗൗരവം റോക്കോസ് ശരിക്കു മനസ്സിലാക്കി എങ്കിലും കല്പന അനുസരിക്കുവാൻ സന്നദ്ധനായില്ല. റോക്കോസിനെ വലയംചെയ്തിരുന്ന ശീശ്മാ നേതാക്കന്മാർ എന്തുവന്നാലും അദ്ദേഹത്തെ മടക്കി അയച്ചുകൂടാ എന്നതിൽ ദൃഢപ്രതിജ്ഞരുമായിരുന്നു. റോക്കോസ് വീണ്ടും പഴയപടി പള്ളികൾ സന്ദർശിക്കുവാനും, കൂദാശകൾ നൾകുവാനും തുടങ്ങിയപ്പോൾ തിരുസ്സിംഹാസനത്തിലെ കല്പന അനുസരിച്ചു വരാപ്പുഴ മെത്രാപ്പോലീത്താ അദ്ദേഹത്തെ മഹറോൻ ചൊല്ലി.

റോക്കോസിനെ മഹറോൻ ചൊല്ലുന്നതിനായുള്ള കല്പന അദ്ദേഹത്തെ ഏല്പിക്കുന്നതിനായി കൂനമ്മാവു

കൊവേന്തയുടെ പ്രിയോരായ തത്തമ്പള്ളി കാപ്പിൽ മത്തായിഅച്ചനെയാണു മെത്രാപ്പോലീത്താ നിയോഗിച്ചതു്. അപ്പോഠം ഷരിദ്മകാരൻ ഞാറയ്ക്കൽ പള്ളിയിൽ താമസിക്കുകയായിരുന്നു. നാല്പതുപള്ളികളുടെ പ്രതിനിധികളുമായി അദ്ദേഹം ഗൗരവമായ ആലോചനകളിൽ ഏർപ്പെട്ടുകൊണ്ടിരിക്കുമ്പോഴാണ് ധീരനായ കാപ്പിലച്ചൻ അവിടെ എത്തിയതും കല്പന നഠംകിയതും. ഉള്ളടക്കം മഹറോൻ കല്പനയാണെന്നു മനസ്സിലാക്കിയ ശീശ്മപക്ഷക്കാർ അദ്ദേഹത്തെ കയ്യേററം ചെയ്യുവാൻ ഒരു ശ്രമം നടത്തി. എന്നാൽ മററു ചിലരുടെ സഹായ്യം കൊണ്ടു് അദ്ദേഹം രക്ഷപ്പെട്ടുകയാണുണ്ടായതു്. ശീശ്മയുടെ കാലത്തു് കർമ്മലീത്താ സന്യാസികളിൽ പലരും കാപ്പിലച്ചനെപ്പോലെ അപകടങ്ങളെ തൃണവൽഗണിച്ചുകൊണ്ടു് സഭയ്ക്കായി ധീരസേവനം അനുഷ്ഠിച്ചിട്ടുണ്ടു്.

തിരുസ്സിംഹാസനത്തിൽനിന്നുള്ള മഹറോൻകല്പന പരസ്യമായതോടുകൂടി റോക്കോസിൻെറ നില വളരെ പരുങ്ങലിലായി. മാർപാപ്പായുടെ അനുമതിയോടും അംഗീകാരത്തോടുംകൂടി കേരള സുറിയാനിസഭയെ ഭരിക്കാൻ നിയുക്തനായ മെത്രാനാണ് റോക്കോസ് എന്നായിരുന്നു ശീശ്മപക്ഷത്തിൻെറ പ്രചരണം. എന്നാൽ തിരുസ്സിംഹാസനം അയാളെ മഹറോൻ ചൊല്ലാൻ കല്പന നഠംകിയിരിക്കുന്നു എന്ന യാഥാർത്ഥ്യം ഈ അവകാശവാദത്തെ ദുർബ്ബലമാക്കിത്തീർത്തു. റോക്കോസ് അനധികൃതമായിട്ടാണ് മലയാളക്കരയിൽ പ്രവേശിച്ചിരിക്കുന്നതെന്ന വാസ്തവം ജനങ്ങളെ ബോദ്ധ്യപ്പെടുത്തണമെന്നായിരുന്നു പ്രിയോരച്ചൻെറ ലക്ഷ്യവും.

ഈ ലക്ഷ്യപ്രാപ്തിക്കായി അദ്ദേഹം അക്ഷീണയത്നം ചെയ്തു. വികാരിജനറാഠം ആയതിനുശേഷം റോക്കോസിനെയും അദ്ദേഹത്തിൻെറ നിയമവിരുദ്ധമായ

സംരംഭങ്ങളെയുംപററി തിരുസ്സിംഹാസനത്തെ പ്രിയോരച്ചൻ യഥാവസരം അറിയിച്ചുകൊണ്ടാണിരുന്നതു്. അവിടെനിന്നും പുറപ്പെട്ട മഹറോൻ കല്പനയും വഴിതെളിച്ചതു് ഏറിയപങ്കും പ്രിയോരച്ചൻെറ പരിശ്രമങ്ങളാണ്. കൂടാതെ റോക്കോസിൻെറ സ്വൈരവിഹാരത്തെ പ്രതിരോധിക്കുന്നതിൽ പ്രിയോരച്ചന് സമുദായത്തിലും സക്കാരുദ്യോഗസ്ഥന്മാരുടെ ഇടയിലും ഉണ്ടായിരുന്ന സ്വാധീനം വളരെ പ്രയോജകീഭവിച്ചു. ശീശ്മയിൽ ഉൾപ്പെടാതെ നിന്ന ജനവിഭാഗത്തിൻെറ ഏക ആശ്രയം പ്രിയോരച്ചനായിരുന്നു. അദ്ദേഹവും സന്യാസസഭയിലെ മററു വൈദികരും പ്രാത്ഥനയാലും, ഉൽബോധജനകങ്ങളായ പ്രസംഗങ്ങളാലും ജനങ്ങൾക്ക മാർഗ്ഗഭ്രംശം വരാതെ സൂക്ഷിച്ചു. റോക്കോസും പാശ്വവത്തികളും അവരുടെ യഥാത്ഥ പ്രതിയോഗികളായി കണക്കാക്കിയിരുന്നതു് ചാവറ കുര്യാക്കോസ് ഏലിയാസച്ചനെയും അദ്ദേഹത്തിൻെറ സന്യാസവ്യൂഹത്തെയുമാണ്. മാന്നാനത്തെയും ഏൽത്തുരുത്തിലെയും കൊവേന്തകൾ കരസ്ഥമാക്കി അവിടെ ശീശ്മയുടെ ആസ്ഥാനമുറപ്പിക്കാമെന്നായിരുന്നു റോക്കോസ് പക്ഷക്കാർ സ്വപ്നം കണ്ടിരുന്നതു്. എന്നാൽ ഏലിയാസച്ചൻെറ സുധീരമായ നടപടികൾ, ആ സ്വപ്നക്കോട്ടകളെ എല്ലാം നിലംപരിശാക്കി.

'മഹറോൻ' ആകുന്ന മഹാശാപം ഏററതോടുകൂടി റോക്കോസിൻെറ പ്രാബല്യം ക്ഷയോന്മുഖമായിത്തീന്നു. ഇതികത്തവ്യതാമൂഢനായി അദ്ദേഹം ഏതാനും മാസംകൂടി അങ്ങുമിങ്ങും ചുററിത്തിരിഞ്ഞു ചെന്നായിടങ്ങളിലെല്ലാം നിരോധന ഉത്തരവുമായി ഗവമ്മെൻറുദ്യോഗസ്ഥന്മാർ അദ്ദേഹത്തെ അനുധാവനം ചെയ്തിരുന്നു. വേട്ടയാടപ്പെട്ട മൃഗത്തെപ്പോലെ അഭയസ്ഥാനം കാ

ണാതെ അദ്ദേഹം വലഞ്ഞു. ഒടുവിൽ കൊച്ചിയിൽ ചെന്നു് കപ്പൽകയറി സ്വദേശത്തേക്കു മടങ്ങിപ്പൊയ്ക്കൂളയാമെന്നു് അദ്ദേഹം തീച്ച്യാക്കി. അങ്ങനെ നഷ്ടവീൎയ്യനായിത്തീൎന്ന റോക്കോസ് കൊച്ചിക്കോട്ടയിൽ ചെന്നു് അഭയം പ്രാപിച്ചു. അപ്പൊഴും അദ്ദേഹത്തിൻെറ നീക്കങ്ങളെയെല്ലാം സൂക്ഷ്മനിരീക്ഷണംചെയ്തുകൊണ്ടും അദ്ദേഹത്തിൻെറ മടക്കയാത്രയെ ഏതുവിധേനയും പ്രതിരോധിക്കുവാൻ ബദ്ധകങ്കണന്മാരായും ശീശ്മപക്ഷക്കാരായ കുറേ പ്രമാണികൾ അദ്ദേഹത്തെ വലയംചെയ്തുകൊണ്ടു നിന്നിരുന്നു.

കൊച്ചിയിൽ താമസിക്കുന്നതിനിടയ്ക്കു് യാത്രച്ചെലവു കിട്ടിയാൽ മലയാളക്കര വിട്ടുപൊയ്ക്കൊള്ളാമെന്നു കാണിച്ചു റോക്കോസ് വരാപ്പുഴ മെത്രാപ്പോലീത്തായ്ക്കു് രഹസ്യമായി ഒരു കത്തു കൊടുത്തയച്ചു. ഉടൻതന്നെ മെത്രാപ്പോലീത്താ പ്രിയോരച്ചനെ ആളയച്ചു വരുത്തി ഈ എഴുത്തു് അദ്ദേഹത്തെക്കാണിച്ചു. സ്വദേശത്തു മടങ്ങി എത്തിയാലുടൻ മാർപാപ്പായെ വിവരം ധരിപ്പിക്കുകയും അവിടുന്നു നിശ്ചയിക്കുന്ന പ്രായച്ചിത്തം അനുഷ്ഠിക്കുകയും ചെയ്തുകൊള്ളാമെന്നു് സമ്മതിച്ചു് രേഖാമൂലം അപേക്ഷിക്കുന്നപക്ഷം യാത്രച്ചെലവു് കൊടുത്തു് മടക്കി അയയ്ക്കാമെന്നായിരുന്നു മെത്രാപ്പോലീത്തായുടെ തീരുമാനം. റോക്കോസിനെ നേരിട്ടുകണ്ടു് ഈ വ്യവസ്ഥകൾ ധരിപ്പിക്കുവാനായി പ്രിയോരച്ചനെയാണു നിയോഗിച്ചതു്.

അദ്ദേഹം കൊച്ചിയിൽ ചെന്നു റോക്കോസിനെ വിവരങ്ങൾ ധരിപ്പിച്ചു. മെത്രാപ്പോലീത്തായുടെ വ്യവസ്ഥകൾ സ്വീകരിക്കുവാൻ അദ്ദേഹം വൈമനസ്യം പ്രകടിപ്പിച്ചു. താൻ മലങ്കരയെ ഭരിക്കുവാനല്ല വന്നതെന്നും ഇവിടത്തെ സ്ഥിതിഗതികൾ കണ്ടുമനസ്സിലാ

കുവാനായി പാത്രിയക്കീസ് തന്നെ അയച്ചതാണെന്നും എഴുതിത്തരാമെന്ന് റോക്കോസ് സമ്മതിച്ചു. യാത്രച്ചെലവ് ഔദാര്യമായി മെത്രാപ്പോലീത്താ തരണമെന്നും അതിനു പ്രിയോരച്ചന്റെ സഹായം ഉണ്ടാകണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു. പ്രിയോരച്ചൻ വീണ്ടും വരാപ്പുഴയ്ക്കു മടങ്ങി. മെത്രാപ്പോലീത്തായിൽ നിന്ന് അനുകൂലമായ ഒരു മറുപടിയും സമ്പാദിച്ചുകൊണ്ട് അദ്ദേഹം വീണ്ടും കൊച്ചിയിൽ എത്തി.

റോക്കോസ് തന്റെ മടക്കയാത്രയ്ക്കുള്ള ഒരുക്കങ്ങളെല്ലാം പൂർത്തിയാക്കി. ഇതുകേട്ടു ക്ഷുഭിതരായിത്തീർന്ന ശീശ്മാനേതാക്കന്മാർ അദ്ദേഹത്തെ ഭത്സിക്കുകയും യാത്രയ്ക്കു വിഘ്നം വരുത്തുവാൻ കഴിവതു ശ്രമിക്കയും ചെയ്തു. ഭാഗ്യവശാൽ ആയിടയ്ക്ക് ഒരു കപ്പൽ കൊച്ചിത്തുറമുഖത്തു വന്നുചേർന്നു. തന്റെ പാർശ്വവർത്തികളെ ഭയന്ന് യാത്രോദ്യമത്തിൽനിന്നും താൻ പിന്തിരിഞ്ഞിരിക്കുകയാണെന്നു റോക്കോസ് പുറമേ ഭാവിച്ചു. കപ്പൽയാത്ര പുറപ്പെടുവാനുള്ള മണി അടിച്ചപ്പോൾ ഒരു മുറിയിൽ സുഹൃത്തുക്കളോടു സംസാരിച്ചുകൊണ്ടിരുന്ന റോക്കോസ്മെത്രാൻ പെട്ടെന്നെഴുന്നേററു പുറത്തേക്കുപോയി. അദ്ദേഹം നേരെ കപ്പലിലേക്കാണു പോയതു് എന്ന് വിഘ്നകാരികളായ പാർശ്വവർത്തികൾ അറിഞ്ഞപ്പോഴേക്കും റോക്കോസ് കപ്പലിൽ പ്രവേശിച്ചുകഴിഞ്ഞിരുന്നു. തന്റെ പ്രതിയോഗിയായ റോക്കോസ് യാത്രപുറപ്പെടുന്നദിവസംവരെയും പ്രിയോരച്ചൻ കൊച്ചിയിൽതന്നെ താമസിച്ചു. അങ്ങനെ കേരളസുറിയാനിസഭയിൽ നിർഭാഗ്യകരമായ ഒരു കോളിളക്കത്തിനിടയാക്കിയ ആ ധൂമകേതു വിദൂരതയിൽ തിരോധാനം ചെയ്യുന്നതുകണ്ടു് ആ വീരസേനാനി ചാരിതാർത്ഥ്യമടഞ്ഞിരിക്കാം. കാര്യങ്ങൾ ഇങ്ങിനെ ശുഭമായി പര്യവസാനി

ച്ചത് പ്രിയോരച്ചൻെറ സദ്പ്രേരണയും നയകുശലത യുംകൊണ്ടാണ്. സ്വദേശത്തു മടങ്ങി എത്തിയ റോക്കോസ് പശ്ചാത്തപിച്ചു ക്ഷമായാചനം ചെയ്യുകയും ഒടുവിൽ കത്തോലിക്കാസഭയോടുള്ള ഐക്യത്തിൽ മരണം പ്രാപിക്കുകയും ചെയ്തു.

റോക്കോസ് മലങ്കര വിട്ടുപോയതിനുശേഷം ശീശ്മപക്ഷത്തിൻെറ ശക്തി ക്രമേണ ക്ഷയിക്കുവാൻ തുടങ്ങി. എങ്കിലും ശീശ്മാനേതാക്കന്മാർക്ക് വരാപ്പുഴയുടെ അധികാരത്തിന് വീണ്ടും കീഴ്പ്പെടുന്നതിൽ വൈമനസ്യമായിരുന്നു. റോക്കോസ് യാത്രപുറപ്പെട്ട കപ്പലിൽ ശീശ്മപക്ഷക്കാരനായ തൊണ്ടനാട്ട് അന്തോനി എന്ന വൈദികനും കയറിയിരുന്നു. ബാബേലിൽചെന്ന് മലങ്കരയ്ക്കു് മറെറാരു സുറിയാനിമെത്രാനെ കൊണ്ടുവരണമെന്നുള്ളതായിരുന്നു അദ്ദേഹത്തിൻെറ യാത്രോദ്ദേശ്യം. ഒരുപക്ഷേ അദ്ദേഹത്തിൻെറ ഉദ്യമം വിജയിക്കുമെന്നുള്ള പ്രതീക്ഷകൊണ്ടായിരിക്കാം റോക്കോസ് പക്ഷത്തുള്ള പള്ളിക്കാരാരും വരാപ്പുഴയുടെ അധികാരത്തിലേക്കു തിരിച്ചുപൊയ്ക്കൂടാ എന്നു ശീശ്മാനേതാക്കന്മാർ യോഗം കൂടി തീരുമാനിച്ചത്. ദുരഭിമാനവും വാശിയുമാണ് അവരെ ഈ തീരുമാനത്തിന് പ്രേരിപ്പിച്ചത്.

എങ്കിലും പള്ളികൾ ഓരോന്നായി ശീശ്മ ഉപേക്ഷിച്ച് വരാപ്പുഴ മെത്രാപ്പോലീത്തായുടെ അധികാരത്തിനു കീഴടങ്ങി. തെക്കൻപ്രദേശത്തുള്ള പള്ളികൾ ഏറിയപങ്കും അധികനാൾ കഴിയുംമുമ്പ് ശീശ്മയിൽനിന്നു വിമുക്തമായി. എന്നാൽ വടക്കൻപള്ളികളുടെ പ്രത്യാഗമനം അത്രതന്നെ എളുപ്പമായിരുന്നില്ല. റോക്കോസ് ഛിദ്രംമൂലം മലങ്കരസഭയിൽ ഉണ്ടായ കുഴപ്പങ്ങൾ ശമിപ്പിച്ച് സമാധാനം പുനസ്ഥാപിക്കുന്നതിനായി പ്രിയോരച്ചൻ അവിശ്രമം പരിശ്രമിച്ചുകൊണ്ടിരുന്നു.

എന്നാൽ കലാപവും അന്തഃഛിദ്രവും വീണ്ടും പൊട്ടിപ്പുറപ്പെട്ടവാൻ ഇടയാക്കിയ ഒരു സാഹചര്യം പുതുതായിആവിർഭവിച്ചു. കൊടുങ്ങല്ലൂർ, കൊച്ചി എന്നീ രൂപതകളുടെമേൽ പോർട്ടുഗലിനുണ്ടായിരുന്ന പദ്രുവാദൊ എന്നു പറയുന്ന രാജസംരക്ഷണാധികാരം 1838-ൽ നിറുത്തലാക്കുകയും ഈ രൂപതകളിലെ ജനങ്ങളെ വരാപ്പുഴയുടെ അധികാരത്തിൽ ഉൾപ്പെടുത്തുകയും ചെയ്തു. പരിശുദ്ധ സിംഹാസനത്തിന്റെ ഈ തീരുമാനംമൂലം നാട്ടിൽ സംജാതമായ അസ്വസ്ഥത റോക്കോസ് ശീശ്മയുടെ കാലത്തുപോലും ശമിച്ചിട്ടില്ലായിരുന്നു. 1857-ൽ പരിശുദ്ധ സിംഹാസനവും പോർട്ടുഗലുംതമ്മിൽ വീണ്ടും ഒരു ഉടമ്പടിയുണ്ടാവുകയും അതനുസരിച്ച് പദ്രുവാദൊ അവകാശം പുനസ്ഥാപിക്കപ്പെട്ടകയും ചെയ്തു. ഈ പുതിയ ഉടമ്പടിയുടെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിനായി തിരുസ്സിംഹാസനം 1863-ൽ സാബാമെത്രാപ്പോലീത്തായെ ഇൻഡ്യയിലേക്കയച്ചു. ഛിദ്മകാരനായ റോക്കോസ് മലയാളക്കരയോടു യാത്രപറഞ്ഞത് 1862-ൽ ആയിരുന്നു. കൊമ്മിസാരി അപ്പസ്തോലിക്കാ ആയ സാബാമെത്രാപ്പോലീത്താ മലയാളക്കരയിൽ വന്ന് ഒരു പ്രഖ്യാപനംചെയ്തു. റോക്കോസ് പക്ഷത്തു നിന്നിരുന്നവർ എട്ടുദിവസത്തിനകം അവരുടെ ഇഷ്ടംപോലെ വരാപ്പുഴ അധികാരത്തിലോ പദ്രുവാദോ അധികാരത്തിലോ ചേർന്നുകൊള്ളണമെന്നായിരുന്നു അതിന്റെ സാരം. പല പള്ളിക്കാർക്കും അഭിമാനക്ഷയംകൂടാതെ ശീശ്മയിൽനിന്നു പിന്മാറുവാൻ ഈ കല്പനമൂലം ഒരു സുവർണ്ണാവസരം ലഭിച്ചു. അങ്ങനെ പള്ളികൾ ഇഷ്ടാനുസരണം ഓരോ അധികാരത്തിൽ ചേരുകയാൽ ശീശ്മ അചിരേണ ശമിച്ചു.

എന്നാൽ പട്ടവാടോ അധികാരത്തിലോ വരാപ്പുഴ അധികാരത്തിലോ ചേരേണ്ടതു് എന്നതിനെ സംബന്ധിച്ചുണ്ടായ അഭിപ്രായവ്യത്യാസംമൂലം പല പള്ളികളിലും വലിയ കലഹങ്ങളും രക്തച്ചൊരിച്ചലും ഉണ്ടായി. ആനക്കല്ല്, വിളക്കുമാടം മുതലായ കിഴക്കൻപള്ളികളിലും തൃശ്ശൂർ, ഒല്ലൂർ മുതലായ വടക്കൻപള്ളികളിലുമാണ് ഈ ഛിദ്രം മൂർദ്ധന്യത്തെ പ്രാപിച്ചതു്. ചില പള്ളികളിൽ വരാപ്പുഴ പക്ഷക്കാരും പട്ടവാടോ പക്ഷക്കാരും തമ്മിൽ അടിപിടിയും അൽമായരുടെയും വൈദികരുടെയുംമേൽ കയ്യേററങ്ങളും നടന്നു. സമാധാനപാലനത്തിനായി ചിലയിടങ്ങളിൽ പോലീസ് ഇടപെടേണ്ടതായും വന്നു. ഈ കലാപങ്ങൾമൂലം പ്രിയോരച്ചന് തീവ്രമായ മനോവ്യഥയുണ്ടായി. ഇരുകക്ഷികളും അദ്ദേഹത്തെ വിശ്വസിക്കുകയും ആദരിക്കുകയും ചെയ്തിരുന്നതിനാൽ പല പള്ളികളിലും അദ്ദേഹം ഇടപെട്ടതിൻെറ ഫലമായി വഴക്കുകൾ അവസാനിക്കയും സമാധാനം പുനഃസ്ഥാപിതമാകയും ചെയ്തു.

കൂനൻകുരിശുസത്യത്തിനുശേഷം ഇത്രയും പ്രക്ഷുബ്ധവും വിപത്കരവുമായ ഒരു ഘട്ടത്തെ കേരളസുറിയാനിസഭയ്ക്കു് തരണം ചെയ്യേണ്ടിവന്നിട്ടില്ല. റോക്കോസ് ശീശ്മയും അതിനേത്തുടർന്നുണ്ടായ കലാപങ്ങളും മൂലം സഭയ്ക്കു വളരെ ക്ഷതങ്ങൾ ഏൽക്കേണ്ടിവന്നു. ഭാഗ്യവശാൽ ശീശ്മയ്ക്കു് സമുദായത്തിൽ സ്ഥിരപ്രതിഷ്ഠ ലഭിക്കുവാൻ ഇടയായില്ല. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻെറ കർമ്മകുശലതയും സുധീരമായ നേതൃത്വവുമാണ് സുറിയാനിസഭയെ ആ വിപത്തിൽനിന്നും രക്ഷിച്ചതു്.

# III

## ആത്മീയോദ്ധാരണം

ശീശ്മയും തദ്ഫലമായുണ്ടായ കലാപങ്ങളുംമൂലം സുറിയാനിസമുദായത്തിൻെറ സ്ഥിതി വളരെ ദയനീയമായിത്തീൻ. രാജ്യങ്ങൾക്കെന്നതുപോലെതന്നെ സമുദായങ്ങൾക്കും അന്തഃഛിദ്രം ഒരു മഹാ ശാപമാണ്. അത്് സമുദായത്തിൻെറ ബാഹ്യവും ആന്തരികവുമായ ശക്തികളെ ക്ഷയോന്മുഖമാക്കുന്നു. സുറിയാനിസമുദായത്തിൻെറ അവസ്ഥയും ഇതായിരുന്നു. ഛിദ്മം അവസാനിച്ചു എങ്കിലും അധികാരത്തോടുള്ള അവഗണനയും, മതപരമായ മാന്ദ്യവും, വിശ്വാസക്ഷയവും സഭയിൽ സവ്വത്ര ദൃശ്യമായിരുന്നു. ഈ സ്ഥിതിയിൽനിന്നു സമുദായത്തെ ഉദ്ധരിക്കുന്നതിൽ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ ബദ്ധശ്രദ്ധനായി. വരാപ്പുഴ മെത്രാപ്പോലീത്തായുടെ ഹൃദയപൂവ്വമായ സഹായസഹകരണങ്ങളും അദ്ദേഹത്തിനു ലഭിച്ചു.

സമുദായത്തിൻെറ മതപരവും ആത്മീയവുമായ പുനരുജ്ജീവനമാണ് ആദ്യമായി പ്രിയോരച്ചൻെറ ശ്രദ്ധയ്ക്കു വിഷയീഭവിച്ചത്. ജനങ്ങളുടെ ആത്മീയോദ്ധാരണം സാധിക്കുന്നതിന് വേദശാസ്ത്രവ്യുല്പന്നരും ഭക്തിനിഷ്ഠരുമായ വൈദികരുടെ സേവനം അത്യന്താപേക്ഷിതമാണെന്ന് അനുഭവത്തിൽനിന്നും അദ്ദേഹം മനസ്സിലാക്കിയിരുന്നു. ശീശ്മയെ അമത്തുന്നതിൽ,

ആശ്രമസെമ്മിനാരികളിൽനിന്നു പരിശീലനം സിദ്ധി ച്ച വൈദികരുടെ വിശ്വാസസ്ഥൈര്യവും ശിക്ഷണ ബോധവും അദ്ദേഹത്തിനു വളരെ പ്രയോജകീഭവി ക്കുകയുണ്ടായി.

അതുകൊണ്ട് ആശ്രമങ്ങളോടുചേർത്തു കൂടുതൽ സെമ്മിനാരികൾ സ്ഥാപിക്കണമെന്ന് പ്രിയോരച്ചൻ നിശ്ചയിച്ചു. അദ്ദേഹത്തിൻെറ പരിശ്രമഫലമായി 1866-ൽ വാഴക്കുളത്തും, 1868-ൽ ഏൽത്തുരുത്തിലും, 1872-ൽ പുളിങ്കുന്നിലും ഓരോ സെമ്മിനാരികൾ സ്ഥാപിക്കപ്പെട്ടു. അതാതിടങ്ങളിലെ സന്യാസാശ്രമ ങ്ങളുടെ മേൽനോട്ടത്തിലാണ് ഇവ നടത്തപ്പെട്ടിരുന്ന ത്. ആദർശസമ്പന്നരും, വേദശാസ്ത്രവ്യുല്പന്നരും, ഭക്തിനിഷ്ഠന്മാരുമായ അനവധി വൈദികരെ ഈ സെ മ്മിനാരികൾ മലങ്കരയ്ക്കു നൽകിയിട്ടുണ്ട്. കാലാന്തര ത്തിൽ സംഭവിച്ച ചരിത്രപരമായ പരിവർത്തനങ്ങളു ടെ ഫലമായി ഈ സെമ്മിനാരികൾ എല്ലാം പുത്തൻ പള്ളിയിൽ സ്ഥാപിച്ച പൊതു സെമ്മിനാരിയിൽ ല യിക്കുകയാണുണ്ടായത്. മാന്നാനം സെമ്മിനാരി 1894 വരെയും പ്രവർത്തനം തുടർന്നുകൊണ്ടിരുന്നു.

സാമാന്യജനങ്ങളുടെ ആത്മീയോദ്ധാരണത്തിനാ യി പ്രിയോരച്ചൻ ആവിഷ്ക്കരിച്ച പദ്ധതിയാണ് ഇട വകകൾതോറുമുള്ള ധ്യാനങ്ങൾ. കർമ്മലീത്താ സഭാം ഗങ്ങളായ വൈദികർ കേരളത്തിൻെറ എല്ലാഭാഗങ്ങ ളിലുമുള്ള ദേവാലയങ്ങളിൽ പൊതുധ്യാനങ്ങൾ നടത്തി ജനങ്ങളിൽ നിർജ്ജീവമായിക്കിടന്നിരുന്ന മതതീക്ഷ്ണ തയേയും ആത്മീയപ്രവണതകളെയും തട്ടിയുണർത്തി. നാട്ടിൻപുറങ്ങളിൽ കർമ്മലീത്താവൈദികരെ 'ധ്യാനഗു രുക്കൾ' എന്നാണ് ജനങ്ങൾ സാധാരണ വിളിച്ചുവന്നി രുന്നത്. നാലും അഞ്ചും സന്യാസവൈദികർ ചേർന്നാ



ചാവറയച്ചൻ വാഴപ്പിണ്ടികൊണ്ടു് മാതൃകയുണ്ടാക്കി, മരംകൊണ്ടു പണിയിപ്പിച്ച
ആദ്യത്തെ പ്രസ്സ്.
(ഇതു് ഇപ്പോഴും ഒരനർഘ നിക്ഷേപംപോലെ സൂക്ഷിക്കപ്പെടുന്നു.)

ണ്ട് ഒരു ഇടവകയിലെ ധ്യാനം നടത്തിയിരുന്നതു്. ആ ണ്ടുവട്ടത്തിൽ സുറിയാനിക്കാരുടെയും ലത്തീൻകാരുടേയു മായ ഇരുപതും മുപ്പതും ദേവാലയങ്ങളിൽ ഇങ്ങനെ ധ്യാനങ്ങൾ നടത്തപ്പെട്ടിരുന്നു. ഒരു ഇടവകയിലെ ധ്യാ നം കഴിഞ്ഞാലുടനെ മെത്രാപ്പോലീത്താ അവിടെ ഔ ദ്യോഗികസന്ദർശനം നടത്തുകയുംചെയ്തിരുന്നു.

കേരളകർമ്മലീത്താസഭയിൽ എക്കാലത്തും അനുഗൃ ഹീതരായ വാഗ്മികളും ആത്മീയപ്രബോധകന്മാരും അ നവധി ഉണ്ടായിരുന്നിട്ടുണ്ട്. അവരിൽ പലരുടെയും അ ത്ഭുതകരമായ പ്രസംഗപാടവവും മനുഷ്യഹൃദയങ്ങളെ ഇളക്കുവാനുള്ള കഴിവും നാട്ടിൽ പഴഞ്ചൊല്ലുകളായിട്ടു ണ്ട്. കർമ്മലീത്താ വൈദികർ നടത്തിയിരുന്ന ധ്യാന ങ്ങൾ ജനങ്ങളുടെ ജീവിത നവീകരണവിഷയത്തിൽ ശക്തിയായ പ്രേരണ നൽകിയിരുന്നു.

ചാവറ പ്രിയോരച്ചന്റെ ആത്മീയ പ്രബോധന ങ്ങളുടെ വശ്യതയെപ്പററി ഇതിനുമുമ്പു് പ്രസ്താവിച്ചിട്ടു ണ്ടല്ലോ. അദ്ദേഹം പ്രസംഗിക്കാത്ത പള്ളികൾ അന്നു കേരളത്തിൽ വളരെ കുറവായിരുന്നു. "ഇവൻ പ്രസംഗപീഠത്തിൽ കയറുമ്പോൾ സിംഹമായിരിക്കും" എന്നാണ് ഗുരുവായ പാലയ്ക്കൽ മല്പാൻ പറഞ്ഞിരു ന്നതു്. ബർണ്ണർദീനോസ് മെത്രാപ്പോലീത്തായുടെ സം സ്കാരവേളയിൽ പ്രിയോരച്ചൻ ചെയ്ത ചരമപ്രസംഗ മദ്ധ്യേ പ്രസംഗകനും ശ്രോതാക്കളും വാവിട്ടു കരഞ്ഞു പോയതായി ഒരു ദൃക്സാക്ഷി രേഖപ്പെടുത്തുന്നു.

ധ്യാനപ്രസംഗങ്ങൾക്കും പുറമേ ദേവാലയങ്ങളിൽ ഞായറാഴ്ചതോറും പ്രസംഗങ്ങൾ ചെയ്യുന്ന പതിവു നട പ്പിലാക്കുവാനും പ്രിയോരച്ചൻ വളരെ ഉത്സാഹിച്ചിരു ന്നു. ഇന്ന് എല്ലാ പള്ളികളിലും ഞായറാഴ്ചകർമ്മങ്ങളു

ടെ അവിഭാജ്യഘടകമായിത്തീൎന്നിരിക്കുന്ന ഈ ചടങ്ങി ൻെറ പ്രാരംഭകൻ ചാവറ അച്ചനാണ്.

ജനങ്ങളുടെ ആത്മീയോദ്ധാരണത്തിനായി പ്രി യോരച്ചൻ സ്വീകരിച്ച മറെറാരു പരിപാടിയാണ് മതഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണം. അക്കാലത്തു സാ ധാരണ ജനങ്ങൾക്കു പാരായണം ചെയ്യത്തക്കതായ ആദ്ധ്യാത്മികഗ്രന്ഥങ്ങൾ വളരെ വിരളമായിരുന്നു. ഉ ള്ളവതന്നെ തമിഴ്ഭാഷയിൽ രചിക്കപ്പെട്ടവയുമായി രുന്നു. പ്രിയോരച്ചൻെറ പരിശ്രമത്താൽ മാന്നാനത്തു് ഒരു മുദ്രണാലയം ഉണ്ടായതിനുശേഷമാണ് മലയാളഭാ ഷയിലുള്ള പ്രാൎത്ഥനപ്പുസ്തകങ്ങളും മതഗ്രന്ഥങ്ങളും ഈ നാട്ടിൽ പ്രചരിക്കുവാൻ തുടങ്ങിയതു്. ഇതോടുകൂടി ജ നങ്ങളുടെ ആത്മീയപ്രബുദ്ധതയും മതനിഷ്ഠയും വളരെ വൎദ്ധിക്കുകയുണ്ടായി. മാതൃകാപരമായ കുടുംബജീവിത ത്തിന് പ്രചോദനം നൾകുന്ന ഒരു സദുപദേശമാലിക 'നല്ല അപ്പൻെറ ചാവരുൾ' എന്ന പേരിൽ പ്രിയോര ച്ചൻ എഴുതി സ്വന്തം നാട്ടുകാരായ കൈനകരി ഇടവ കക്കാൎക്ക് നൾകുകയുണ്ടായി. ഈ വിശിഷ്ടഗ്രന്ഥത്തി ൻെറ കൈഎഴുത്തുപ്രതികൾ മിക്കവാറും എല്ലാ കുടുംബ ങ്ങളിലും നിത്യപാരായണത്തിനായി ഉപയോഗിച്ചു പോന്നു. അതുമൂലമുണ്ടായ സാമൂഹ്യവും ആത്മീയവുമായ അഭിവൃദ്ധി നിസ്സീമമായിരുന്നു എന്ന് അനുഭവസ്ഥന്മാർ പറയുന്നു.

സ്വസമുദായത്തിൻെറ ഉൽക്കൎഷത്തിന് സഭാ ഭരണം കുറേക്കൂടി കാൎയ്യക്ഷമമാകേണ്ടതു് ആവശ്യമാ ണെന്നു ബോദ്ധ്യമായതിനാൽ പ്രിയോരച്ചൻ ഭരണ ഘടനയിൽ ചില പരിഷ്കാരങ്ങൾ വരുത്തി. വികാരി ജനറാൾ എന്ന നിലയിൽ സുറിയാനിസഭയുടെ ഭരണ സംബന്ധമായ ചുമതലകൾ അദ്ദേഹമാണു വഹിച്ചി

രുന്നതെന്നുള്ളതും പ്രത്യേകം അനുസ്മരണീയമാണ്. വികാരിജനറാൾ കേരള സുറിയാനിസഭയെ നാലു മേഖലകളായി തിരിച്ചു. ഓരോ മേഖലയുടെയും ഭരണം സന്ന്യാസസഭയിലെ ഓരോ വൈദികനെ ഏല്പിച്ചു. ഇവർ വികാരിജനറാളിന്റെ പ്രതിനിധികൾ (Deputies or Plenipotentiaries) എന്നാണ് അറിയപ്പെട്ടിരുന്നതു്. ഈ പുതിയ ഭരണപരിഷ്ക്കാരം വളരെ വിജയകരമാണെന്ന് അചിരേണ തെളിഞ്ഞു. കാര്യക്ഷമമായ ഭരണം സഭയുടെയും സമുദായത്തിന്റെയും അഭിവൃദ്ധിയെ കൂടുതൽ സുഗമമാക്കിത്തീർത്തു.

പ്രിയോരച്ചൻ നടപ്പിൽവരുത്തിയ സാമൂഹ്യമായ ഉദ്ധാരണപരിപാടികളെ അടുത്ത അദ്ധ്യായങ്ങളിൽ വിവരിക്കുന്നതാണ്. ആ മഹാശയനായ നേതാവിന്റെ ദൃഷ്ടിപതിയാത്ത യാതൊരു ഉദ്ധാരണമാർഗ്ഗവും അന്ന് അവശേഷിച്ചിരുന്നില്ല എന്നുമാത്രം ചുരുക്കിപ്പറയാം.

# IV

## ആരാധനക്രമ സംവിധാനം

1599-ാമാണ്ടു് ഉദയംപേരൂർ സമ്മേളിച്ച ചരിത്രപ്രസിദ്ധമായ സൂനഹദോസിൽവച്ച് പോർട്ടുഗീസ് മിഷനറിമാർ കേരളസുറിയാനി കത്തോലിക്കാ സഭയുടെ ഭരണക്രമത്തിലും ആരാധനക്രമത്തിലും അവിഹിതങ്ങ

ളായ പല മാററങ്ങളും വരുത്തി. അതിനുശേഷം മലങ്കര സഭയ്ക്കു പൌരസ്ത്യസഭയുമായുണ്ടായിരുന്ന ബന്ധം പൂർണ്ണമായി വിച്ഛേദിക്കപ്പെട്ടതിനാലും, കേരളത്തിലെ വിദേശീയരായ ഭരണാധികാരികൾ സുറിയാനിറീത്തിനെ സംബന്ധിച്ചിടത്തോളം പല തെററിദ്ധാരണകൾക്കു വിധേയരായിരുന്നതിനാലും മലങ്കരസഭയിലെ ആരാധനക്രമം ക്രമേണ ഐകരൂപ്യം നഷ്ടപ്പെട്ട നിലയിൽ എത്തിച്ചേർന്നിരുന്നു. ദിവ്യബലി, വൈദികരുടെ കാനോന നമസ്കാരം, മരിച്ചവരുടെ ശേഷക്രിയകൾ എന്നിവയ്ക്കു വ്യക്തമായ നിയമങ്ങൾ ഇല്ലാതിരുന്നതുകൊണ്ടു് ഈ ആരാധനക്രമങ്ങൾ മലയാളക്കരയിൽത്തന്നെ പല സ്ഥലങ്ങളിലും പല രീതികളിലാണു നടത്തപ്പെട്ടിരുന്നതു്. ആരാധനക്രമത്തിന്റെ ഈ അനൈകരൂപ്യം സഭയ്ക്കു വലിയ ഒരു ന്യൂനതയായിരുന്നു എന്നതു് അനുക്തസിദ്ധമാണല്ലോ. പ്രിയോരച്ചന്റെ സത്വരമായ ശ്രദ്ധ ഈ വിഷയത്തിൽ പതിഞ്ഞു. കേരളസുറിയാനിസഭയിൽ ഇന്നു നടപ്പിലിരിക്കുന്ന ഏകീകൃതമായ ആരാധനക്രമം സംവിധാനം ചെയ്തതു് അദ്ദേഹമാണു്.

ദിവ്യബലി അനുഷ്ഠിക്കുന്നതിനുള്ള ക്രമങ്ങൾ തക്സായിൽത്തന്നെ കൊടുത്തിട്ടുണ്ടു്. എന്നാൽ അവ വളരെ സംക്ഷിപ്തമാകയാൽ സംശയത്തിനും അഭിപ്രായവ്യത്യാസത്തിനും ഇടവരുത്തിയിരുന്നു. അതുകൊണ്ടു് ഈ ക്രമങ്ങൾ സംശയരഹിതമാംവണ്ണം വിശദീകരിച്ചെഴുതേണ്ടതു് ആവശ്യമായിത്തീർന്നു. ശ്രമസാദ്ധ്യമായ ഈ ജോലി ബർണ്ണർദീനോസ് മെത്രാപ്പോലീത്തായുടെ അനുമതിയോടുകൂടി പ്രിയോരച്ചൻതന്നെയാണു നിർവ്വഹിച്ചതു്. കുർബ്ബാനചൊല്ലുന്നതിനായി വൈദികൻ സങ്കീർത്തിയിൽ പ്രവേശിക്കുന്നതുമുതൽ വീണ്ടും അവിടെ മടങ്ങി എത്തുന്നതുവരെയുള്ള എല്ലാകർമ്മങ്ങളും ഏററ

വും ലഘുവായ വിശദാംശങ്ങളുടെ വിവരണത്തോടുകൂടി യാതൊരു സംശയത്തിനും ഇടനൽകാത്തവണ്ണം അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നു. വൈദികൻ ബലി അർപ്പിക്കുവാനായി പോകുന്നവഴിക്ക് കുർബ്ബാന നടക്കുന്നതായ മറേറതെങ്കിലും ബലിപീഠത്തിൻെറ മുമ്പിൽക്കൂടി കടന്നുപോകേണ്ടിയിരുന്നാൽ ആ അവസരത്തിൽ ചെയ്യേണ്ടതായ വിവിധ ആചാരമുറകളെപ്പോലും അതിൽ വിശദമായി വിവരിച്ചിട്ടുണ്ട്. ഈ വിവരണങ്ങൾ വായിക്കുമ്പോൾ അവയുടെ രചയിതാവിന് ദിവ്യബലിയുടെ അപരിമേയമായ മഹത്വത്തെപ്പററി എത്ര ആഴമായ ബോധമുണ്ടായിരുന്നു എന്ന് മനസ്സിലാക്കാവുന്നതാണ്. കാർമ്മികൻെറ ഏററവും ലഘുവായ ചലനങ്ങൾക്കുപോലും അദ്ദേഹം പ്രാധാന്യം കല്പിച്ചിരുന്നു. വരാപ്പുഴമെത്രാപ്പോലീത്തായുടെ 1866-ലെ ഒരു കല്പനയിൽ പ്രിയോരച്ചൻ മലയാളത്തിൽ എഴുതിയിട്ടുള്ള കുർബ്ബാനക്രമം എല്ലാവരും തനിച്ചോ കൂട്ടമായോ വായിച്ചു മനസ്സിലാക്കണമെന്ന് ആജ്ഞാപിച്ചിരുന്നു. എറണാകുളം മെത്രാപ്പോലീത്താ 1926-ാമാണ്ടു പുറപ്പെടുവിച്ച ഒരു കല്പനയിലും ചാവറഅച്ചൻ രചിച്ച കുർബ്ബാനക്രമം നാട്ടിലെ സുറിയാനിമെത്രാന്മാരുടെ സംഘം അംഗീകരിച്ചിരിക്കുന്നു എന്നും എല്ലാ വൈദികരും ആ ക്രമം അനുസരിച്ചുകൊള്ളണമെന്നും പ്രസ്താവിച്ചിരിക്കുന്നു.

സുറിയാനിക്രമമനുസരിച്ചുള്ള പഞ്ചാംഗവും പ്രിയോരച്ചൻതന്നെയാണ് എഴുതിയുണ്ടാക്കിയത്. കൂടാതെ മൂന്നു പട്ടക്കാർചേർന്നുചൊല്ലുന്ന സ്തപസ്സകുർബ്ബാനയുടെയും വേസ്പര എന്ന കർമ്മത്തിൻെറയും മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനകളുടെയും ക്രമങ്ങളും അദ്ദേഹം രചിക്കയുണ്ടായി.

മലങ്കരസഭയിൽ വളരെക്കാലമായി ദുഃഖശനിയാഴ്ച യാതൊരു കർമ്മങ്ങളും നടത്തപ്പെട്ടിരുന്നില്ല. ഈ ഷോർഛ്യ്മ പരിഹരിക്കുന്നതിനായി പ്രിയോരച്ചൻ തിരുസ്സിംഹാസനത്തിലെ പ്രത്യേക അനുവാദത്തോടുകൂടി പ്രസ്തുത കർമ്മങ്ങളുടെ ക്രമം ലത്തീനിൽനിന്നു സുറിയാനിയിലേക്കു വിവർത്തനംചെയ്തു. ഈ ക്രമം അനുസരിച്ചുള്ള കർമ്മങ്ങൾ ആദ്യകാലത്തു് കൊവേന്തകളിൽ മാത്രമേ നടത്തപ്പെട്ടിരുന്നുള്ളു. എന്നാൽ ഇപ്പോൾ പല പ്രധാനപ്പെട്ട ഇടവകപ്പള്ളികളിലും ദുഃഖശനിയാഴ്ചത്തെ കർമ്മങ്ങൾ പ്രിയോരച്ചൻ രചിച്ച ക്രമമനുസരിച്ചു് അനുഷ്ഠിക്കപ്പെടുന്നുണ്ടു്.

ക്രമീകൃതമായ ഒരു പ്രാർത്ഥനപ്പുസ്തകത്തിൻെറ അഭാവംനിമിത്തം സുറിയാനി വൈദികരുടെ ഇടയിൽ അനുദിനമുള്ള കാനോനാനമസ്കാരം മിക്കവാറും മുടങ്ങിപ്പോകുമെന്നുള്ള നിലയിൽ എത്തിയിരുന്നു. അവർ ദിവസംതോറും ചൊല്ലേണ്ടിയിരുന്ന ജപങ്ങൾ നാലു ഗ്രന്ഥങ്ങളിലായിട്ടു ചിന്നിച്ചിതറിയാണു കിടന്നിരുന്നതു്. ഓരോ ദിവസത്തേക്കുമുള്ള പ്രാർത്ഥനകൾ ഈ ഗ്രന്ഥങ്ങളിൽനിന്നു തെരഞ്ഞു പിടിച്ചു ചൊല്ലുക എന്നതു് വളരെ ക്ലേശാവഹമായിരുന്നു. അതുകൊണ്ടു് പല വൈദികരും ഈ വിഷയത്തിൽ അനാസ്ഥ പ്രകടിപ്പിക്കുകയും അങ്ങനെ കാനോനാനമസ്കാരം ചൊല്ലാതെതന്നെ കഴിച്ചുകൂട്ടുകയും ചെയ്തിരുന്നു. വൈദികരുടെ ആത്മീയാഭിവൃദ്ധിയിൽ ഉത്സുകനായിരുന്ന പ്രിയോരച്ചൻ ഈ അനാസ്ഥക്കു വിരാമമിടുവാൻ നിശ്ചയിച്ചു. പള്ളിപ്പുറം സെമ്മിനാരിയിൽ ശമ്മാശനായിരുന്ന കാലത്തുതന്നെ അദ്ദേഹം സുറിയാനിവൈദികർക്കായി വിവിധഗ്രന്ഥങ്ങളിൽ നിന്നും ആവശ്യമായ ഭാഗങ്ങൾ മാത്രം കൂട്ടിച്ചേർത്തു് ഒരു പ്രാർത്ഥനപ്പുസ്തകം എഴു

KOTTAYAM PUBL
KOTTAYAM.
TRAVANCORE.

തിയുണ്ടാക്കിയിരുന്നു. വികാരിജനറാളായതിനുശേഷം പ്രസ്തുത നമസ്കാരക്രമം നടപ്പിൽ വരുത്തുകയും ചെയ്തു.

ഇന്നു് വളരെ പ്രചാരത്തിലെത്തിയിട്ടുള്ള നാല്പതുമണി ആരാധന എന്ന അതിവിശിഷ്ടവും മഹനീയവുമായ ആരാധനക്രമം കേരളത്തിൽ സമാരംഭിച്ചതും ചാവറ പ്രിയോരച്ചനാണ്. പരിശുദ്ധ കുർബ്ബാനയോടുള്ള അദ്ദേഹത്തിന്റെ ഭക്തി അന്യാദൃശമായിരുന്നു. നാല്പതുമണി ആരാധന സംബന്ധിച്ചു തിരുസ്സിംഹാസനത്തിൽനിന്നും നിർദ്ദേശിച്ചിട്ടുള്ള നിബന്ധനകൾ അദ്ദേഹം മലയാളത്തിലേക്കു ഭാഷാന്തരം ചെയ്തു. പ്രസ്തുത നിയമങ്ങളനുസരിച്ചു് 1866-ാമാണ്ടു് പ്രിയോരച്ചന്റെ അധിവാസസ്ഥാനമായ കൂനമ്മാവുകൊവേന്തയിൽവച്ചു് ഈ നാട്ടിൽ ഇദംപ്രഥമമായിട്ടു് നാല്പതുമണിയാരാധന സാഘോഷം നടത്തപ്പെട്ടു. ആദ്യദിവസത്തെ കർമ്മങ്ങളിൽ പ്രധാന കാർമ്മികനായിരുന്നതു് പ്രിയോരച്ചൻതന്നെയാണ്. 1867-ൽ വാഴക്കുളത്തും 1868-ൽ എൽതുരുത്തിലുംവച്ചു് ഈ ആരാധനായജ്ഞം അത്യാഡംബരപൂർവ്വം നടത്തപ്പെടുകയുണ്ടായി. ഇപ്പോൾ നമ്മുടെ നാട്ടിൽ നാല്പതുമണിയാരാധന സാധാരണയായിത്തീർന്നിട്ടുണ്ടു്. പരിശുദ്ധ കുർബ്ബാനയോടുള്ള ഭക്തി പ്രവൃദ്ധമാക്കുവാൻ ഏററവും സഹായകമായ ഈ കർമ്മത്തിൽ ആയിരക്കണക്കിനു ജനങ്ങൾ സംബന്ധിക്കുന്നുമുണ്ടു്.

അങ്ങിനെ പ്രിയോരച്ചന്റെ പരിശ്രമഫലമായി മലങ്കരസഭയുടെ ആരാധനക്രമത്തിന് ഐകരൂപ്യവും ദാർഢ്യതയും കൈവരികയും തദ്ഫലമായി സഭയുടെ ആദ്ധ്യാത്മകചൈതന്യം വളരുകയും ചെയ്തു.

# V

## മുദ്രണാലയസ്ഥാപനം

സമുദായോദ്ധാരണത്തെ ലക്ഷ്യമാക്കി ചാവറ അച്ചൻ പ്രവൃത്തിപഥത്തിൽ കൊണ്ടുവന്നിട്ടുള്ള പദ്ധതികൾ അനവധിയാണ്. അവ ഓരോന്നും അദ്ദേഹത്തിന്റെ ദീർഘദൃഷ്ടിക്കും, സമുദായസേവന തല്പരതയ്ക്കും, കർമ്മകുശലതയ്ക്കും സാക്ഷ്യം വഹിക്കുന്നു. ഇന്ന് ക്രൈസ്തവസമുദായത്തിന്റെ ഉന്നമനത്തിന് നിദാനമായിരിക്കുന്ന പല ഉപാധികളുടെയും കഴിവിനെപ്പററി ഒരു നൂററാണ്ടു മുമ്പുതന്നെ മനസ്സിലാക്കിയ വിദൂരദർശിയായിരുന്നു ചാവറ അച്ചൻ.

മാന്നാനം ആശ്രമത്തോടുചേർത്ത് ഒരു മുദ്രണാലയവുംകൂടി സ്ഥാപിക്കണമെന്നുള്ള ആഗ്രഹം അദ്ദേഹത്തിന്റെ മനസ്സിൽ ആദ്യംമുതൽക്കേ അങ്കുരിച്ചിരുന്നു. ആശ്രമസ്ഥാപനം നടക്കുന്നകാലത്ത് തിരുവിതാംകൂറിൽ രണ്ടു മുദ്രണാലയങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളു. അവ കോട്ടയത്തെ സി. എം. എസ്. പ്രസ്സും, തിരുവനന്തപുരത്തെ ഗവമ്മെണ്ടുവക പ്രസ്സുമായിരുന്നു. കേരളത്തെ സംബന്ധിച്ചിടത്തോളം അച്ചടിവിദ്യ അന്ന് കേവലം ബാല്യദശയിൽ മാത്രമേ എത്തിയിരുന്നുള്ളു. ഒരു നൂററാണ്ടുകാലംകൊണ്ടു പ്രസ്തുത ശാഖയിൽ ഉണ്ടായിട്ടുള്ള പുരോഗതി അത്ഭുതകരമാണ്. പത്രങ്ങളും മാസികകളും ഗ്രന്ഥങ്ങളും മുഖേന ക്രൈസ്തവസമുദായ

ത്തിന്ന് കൈവരുത്താവുന്ന വൈജ്ഞാനികവും സാംസ്കാരികവും ആദ്ധ്യാത്മികവുമായ പുരോഗതിയെ തൻെറ പ്രഗല്ഭമായ ഭാവനയിൽക്കൂടി ദശിച്ച നമ്മുടെ കഥാനായകൻ ആശ്രമംവകയായി ഒരു മുദ്രണാലയം സ്ഥാപിക്കുന്നതിനുവേണ്ടി 1844-ാമാണ്ടുമുതൽക്കേ അക്ഷീണയത്നം ചെയ്തുകൊണ്ടിരുന്നു.

വിദേശത്തുനിന്നും ഒരു പ്രസ്സ് വരുത്തുന്നതിനുള്ള ധനശേഷിയോ, സൗകര്യങ്ങളോ ഇല്ലാതിരുന്നതിനാൽ കോട്ടയത്തും തിരുവനന്തപുരത്തും പ്രവത്തനം നടത്തിക്കൊണ്ടിരുന്ന അച്ചടിയന്ത്രങ്ങൾ കണ്ട് അവയുടെ മാതൃകയിൽ ഒന്നു നിമ്മിക്കണമെന്നായിരുന്നു അദ്ദേഹത്തിൻെറ ഉദ്ദേശ്യം. അതിനായി രണ്ടു പ്രാവശ്യം കോട്ടയത്തു ചെന്നു എങ്കിലും അച്ചടിയന്ത്രം അദ്ദേഹത്തെ കാണിക്കുവാൻ പ്രസ്സുടമസ്ഥർക്കു സന്മനസ്സുണ്ടായില്ല. ഭഗ്നാശനാകാതെ അദ്ദേഹം നേരെ തിരുവനന്തപുരത്തേക്കുപോയി. ഗവമ്മെണ്ടുപ്രസ്സിൽച്ചെന്ന് അവിടെ പണിയെടുത്തിരുന്ന കത്തോലിക്കരായ ചില ജോലിക്കാരെക്കണ്ട് പ്രസ്സുനടത്തിപ്പിനു അവശ്യം വേണ്ടതായ വിവരങ്ങൾ ശേഖരിച്ചു. അവിടെ കണ്ട പ്രസ്സിൻെറ ഒരു മാതൃക അദ്ദേഹം വാഴപ്പിണ്ടികൊണ്ടുണ്ടാക്കി ഒരാശാരിയെ കാണിച്ചു. അതേ മാതൃകയിൽ അയാൾ മരംകൊണ്ടു നിമ്മിച്ച പ്രസ്സാണ് മാന്നാനം അച്ചുക്കൂടത്തിലെ ഒന്നാമത്തെ അച്ചടിയന്ത്രം. കോട്ടയം സി. എം. എസ്സ്. പ്രസ്സിൽ ജോലിചെയ്തിരുന്ന ഒരു പാണ്ടിത്തട്ടാൻ ആണ് അക്ഷരങ്ങൾ ചതുരവടിവിൽ വാത്തുകൊടുത്തത്. തിരുവനന്തപുരത്തെ ഗവമ്മെണ്ടുപ്രസ്സിൽനിന്നും ഗ്രന്ഥങ്ങൾ അച്ചടിക്കുന്നതിൽ വിദഗ്ധനായ ഒരു ജോലിക്കാരനെയും ലഭിച്ചു. ബോംബയിൽപ്പോയി പ്രത്യേക പരിശീലനം കഴിച്ചുവന്ന കൊച്ചി സ്വദേശി

യായ ഒരു യഹൂദനെ ബയൻറിങ്ങ് വകുപ്പിലും നിയമിച്ചു.

പിന്നീട്ട് അച്ചടിക്കടലാസ്സും മഷിയും ശേഖരിക്കുവാനുള്ള ശ്രമമായി. ഈ സാധനങ്ങൾ മദ്രാസ്, പുതിച്ചേരി മുതലായ സ്ഥലങ്ങളിൽ ലഭ്യമല്ലാതിരുന്നതിനാൽ, കൊച്ചിയിലെ ഒരു കച്ചവടക്കാരൻവഴി യൂറോപ്പിലേക്ക് എഴുതി അയച്ചു വരുത്തി. 100 രൂപാവിലയ്ക്കുള്ള സാധനങ്ങൾക്കാണ് ഓർഡർ കൊടുത്തിരുന്നതെങ്കിലും 400 രൂപാ വിലക്കുള്ള 10 കെട്ടു കടലാസ്സും ഒരു വീപ്പ മഷിയുമാണ് വന്നുചേർന്നത്. ഇതു മുഴുവൻ വാങ്ങിക്കണമെന്നു കച്ചവടക്കാരൻ നിർബ്ബന്ധവുമായി. ചാവറ അച്ചൻെറ പക്കൽ അതിനുവേണ്ടിയിരുന്ന പണത്തിൻെറ ഒരംശംപോലുമില്ലായിരുന്നു. ഒടുവിൽ ചില ഗുണകാംക്ഷികളുടെ ശുപാർശയാൽ 200 രൂപാ വിലയ്ക്കുള്ള പകുതി സാധനങ്ങൾ വാങ്ങിയാൽ മതിയെന്നു കച്ചവടക്കാരനെക്കൊണ്ടു സമ്മതിപ്പിച്ചു. അത്രയും പണംതന്നെ ഒരൊക്കമായി കൊടുക്കുവാൻ മാർഗ്ഗം കാണാതെ അച്ചൻ കുഴങ്ങി. ഒടുവിൽ ഇതിലേയ്ക്കായി ഒരു ചിട്ടി നടത്തി കുറേ പണം ശേഖരിക്കുകയും പോരാത്തതുക ഒരാളോടു കടമായി വാങ്ങുകയുംചെയ്തു. അങ്ങിനെ മുദ്രണാലയത്തിനു ആവശ്യമുള്ള മഷിയും കടലാസ്സും അദ്ദേഹം സമ്പാദിച്ചു.

കുര്യാക്കോസച്ചൻെറ നിസ്തന്ദ്രപരിശ്രമത്തിൻെറ ഫലമായി മാന്നാനത്തു സ്ഥാപിതമായ മുദ്രണാലയം തിരുവിതാംകൂറിൽ മൂന്നാമത്തേതും നാട്ടുകാരുടെവകയായുള്ളതിൽ ഒന്നാമത്തേതുമായിരുന്നു. അദ്ദേഹം പണിയിച്ച ആദ്യത്തെ മരപ്രസ്സ് ഇന്നും അമൂല്യമായ ഒരു ചരിത്രാവശിഷ്ടമായി സൂക്ഷിച്ചുപോരുന്നു. മലയാളഭാഷയിൽ പ്രാർത്ഥനപ്പുസ്തകങ്ങൾ ആദ്യമായി അച്ചടിച്ചി

റക്കിയതു മാന്നാനത്തെ ആശ്രമംവക മുദ്രണാലയത്തിൽ നിന്നാണെന്ന് മുൻ അദ്ധ്യായത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. മുദ്രണാലയം സ്ഥാപിച്ച വർഷംതന്നെ ഫ്രാൻസിസ് സേവ്യർ മെത്രാപ്പോലീത്താ ദിവംഗതനായി. അദ്ദേഹത്തിൻെറ പിൻഗാമിയായിവന്ന ലുദവി ക്കാസ് മെത്രാൻ മാന്നാനത്തെ സ്ഥാപനങ്ങളുടെ അഭിവൃദ്ധിയിൽ അതീവ തല്പരനായിരുന്നു. അദ്ദേഹത്തിൻെറ സ്വാധീനം മൂലം റോമ്മായിൽനിന്നും തിരുവിതാംകൂർ സക്കാരിൽനിന്നും മുദ്രണാലയനടത്തിപ്പിനുവേണ്ട അനുമതികൾ അചിരേണ ലഭിക്കുകയുണ്ടായി.

ഒരു ശതാബ്ദക്കാലംകൊണ്ടു് മാന്നാനം അച്ചുക്കൂടത്തിനുണ്ടായിട്ടുള്ള അഭിവൃദ്ധി അസൂയാർഹമാണു്. ഇന്നു് സെൻറു് ജോസഫ്സ് പ്രസ്സ് എന്നപേരിൽ അഖിലഭാരത പ്രശസ്തിനേടിയിട്ടുള്ള ഈ മുദ്രണാലയത്തിൽ അച്ചടിച്ചിട്ടുള്ള ഒരു പത്രമോ, മാസികയോ, ഗ്രന്ഥമോ, ലഘുലേഖയോ ചെന്നെത്താത്തതായി ഒരു കത്തോലിക്കഭവനമെങ്കിലും കേരളത്തിൽ ഉണ്ടായിരിക്കുമെന്നു തോന്നുന്നില്ല.

കർമ്മലീത്താസഭവകയായി ഇപ്പോൾ കോട്ടയത്തും, ഏൽത്തുരുത്തിലും, തേവരയിലും ഓരോ മുദ്രണാലയങ്ങൾ ഉണ്ടു്. അച്ചടിവിദ്യയുടെ സാങ്കേതികവും സാംസ്കാരികവുമായ കഴിവുകളെ സമുദായത്തിൻെറ നന്മയ്ക്കായി യഥാശക്തി വിനിയോഗിക്കുന്ന സ്ഥാപനങ്ങളാണിവയെല്ലാം. അവയിൽനിന്നു പ്രസിദ്ധംചെയ്യപ്പെട്ടുന്ന ദിനപത്രത്തേയും മാസികകളേയുംപററി ഈ ഗ്രന്ഥത്തിൽ യഥാവസരം പ്രസ്താവിച്ചിട്ടുണ്ടു്. ഈ മുദ്രണാലയങ്ങൾ നിർവ്വഹിക്കുന്ന അമൂല്യസേവനങ്ങൾ ചാവറ കുര്യാക്കോസച്ചൻെറ വിദൂരദൃഷ്ടിക്കും സമുദായസേവനതല്പരതയ്ക്കും സാക്ഷ്യംവഹിക്കുന്നു.

# VI

## സാഹിത്യസേവനം

ക്രൈസ്തവ സന്യാസസഭകൾ അനവധി ഉൽകൃഷ്ട സാഹിത്യകൃതികളെ ലോകത്തിനു പ്രദാനം ചെയ്തിട്ടുണ്ട്. എന്നാൽ സാഹിത്യമണ്ഡലത്തിൽ പ്രശസ്തി സമ്പാദിക്കണമെന്നോ, സുന്ദരമായ കലാസൃഷ്ടികൾ കൊണ്ട് അനുവാചകന്മാരെ രസിപ്പിക്കണമെന്നോ ഉള്ള ഉദ്ദേശ്യങ്ങളാൽ പ്രേരിതരായിട്ടല്ല സന്യാസികൾ സാഹിത്യനിർമ്മാണത്തിനു ഉദ്യുക്തരായിട്ടുള്ളത്. അവരുടെ കൃതികളിൽ അധികവും ആദ്ധ്യാത്മികങ്ങളാണ്. അന്തരാത്മാവിൽ ഉജ്ജ്വലിച്ചുകൊണ്ടിരിക്കുന്ന ഭക്തിയുടെയും ദൈവസ്നേഹത്തിൻെറയും അപ്രതിഹതമായ ബഹിർസ്ഫുരണമാണ് അവരുടെ സാഹിത്യകൃതികൾ. ആദ്ധ്യാത്മികതത്വങ്ങളെപ്പററി പ്രതിപാദിക്കുന്ന പ്രൗഢമായ ശാസ്ത്രഗ്രന്ഥങ്ങളും അവർ ലോകത്തിനു നല്കിയിട്ടുണ്ട്. അസ്സീസിയിലെ വി. ഫ്രാൻസിസിൻെറ ഗീതങ്ങൾ ആവിലായിലെ വി. ത്രേസ്യായുടെയും വി. തോമ്മസ് അകൊിനാസിൻെറയും താത്വികപ്രബന്ധങ്ങൾ, വി. ഇഗ്നേഷ്യസ് ലൊയോളയുടെ ആദ്ധ്യാത്മികകൃതിതികൾ, ചെറുകുസുമത്തിൻെറ ആത്മകഥ തുടങ്ങിയ ഉൽകൃഷ്ടകൃതികൾ വിശ്വസാഹിത്യത്തിലെ അനർഘരത്നങ്ങളാകുന്നു.

ചാവറ കുര്യാക്കോസ് ഏലിയാസച്ചൻെറ കൃതികൾ മേൽപറയപ്പെട്ടവയെപ്പോലെ ഭുവനപ്രസിദ്ധങ്ങള

ല്ലെങ്കിലും ഭാഷാപരമായും, ചരിത്രപരമായും, ആദ്ധ്യാത്മികമായും പ്രാധാന്യത്തെ അർഹിക്കുന്നവയാണ്. മലയാളം, തമിഴ്, സംസ്കൃതം എന്നീ ഭാരതീയ ഭാഷകളിൽ അദ്ദേഹം പ്രാവീണ്യംനേടിയിരുന്നതായി മുൻ അദ്ധ്യായങ്ങളിൽ നാം കണ്ടുകഴിഞ്ഞു. വിശ്രമരഹിതമായ കർത്തവ്യനിർവ്വഹണത്തിനിടയിൽ അദ്ദേഹം മാതൃഭാഷയിൽ അനവധി ഗ്രന്ഥങ്ങൾ രചിക്കുകയുണ്ടായി. ഒരു നൂറുകൊല്ലംമുമ്പ് മലയാളഭാഷയിൽ ഇത്ര അധികം ഗദ്യപദ്യകൃതികൾ രചിച്ചിട്ടുള്ള പണ്ഡിതന്മാർ കേരളത്തിൽ അധികംപേർ ഉണ്ടായിരുന്നുഎന്നുതോന്നുന്നില്ല. പ്രസിദ്ധമായ 'വർത്തമാനപ്പുസ്ത'ത്തിൻെറ കർത്താവായ പാറേമ്മാക്കൽ ഗോവർണ്ണദോരച്ചൻെറ കാലശേഷം കേരളത്തിൽ ഉണ്ടായിട്ടുള്ള പുരാതനകത്തോലിക്കാ സാഹിത്യകാരന്മാരുടെ ഗണത്തിൽ കുര്യാക്കോസച്ചൻ സമുന്നതമായ ഒരു സ്ഥാനം അലങ്കരിക്കുന്നു എന്നതു് നിസ്തർക്കമത്രേ.

1829 മുതൽ 1870 വരെ രണ്ടുഭാഗങ്ങളായി സ്വന്തം കൈപ്പടയിൽ അദ്ദേഹം എഴുതിവച്ചിട്ടുള്ള 'നാളാഗമം' ഒരു ആത്മകഥയെന്നതുപോലെതന്നെ മലങ്കരസഭയുടെ വിസ്തൃതമായ ഒരു സമകാലിക ചരിത്രവുമാണ്. സംഭവങ്ങളുടെ സൂക്ഷ്മാംശങ്ങളെ പാരുഷ്യംകലരാത്ത നിഷ്പക്ഷബുദ്ധിയോടുകൂടി ഈ ഗ്രന്ഥത്തിൽ അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ടു്. അദ്ദേഹത്തിന് ഇടപെടേണ്ടിവന്നിട്ടുള്ള വ്യക്തികളുടെ ആകൃതിയും, പ്രകൃതിയും, ഭാവങ്ങളും അനുകമ്പാനിർഭരമായ വിമർശനപാടവത്തോടും, വേണ്ടയിടങ്ങളിൽ ആസ്വാദ്യകരമായ ഫലിതരസത്തോടുംകൂടി 'നാളാഗമ'ത്തിൽ ചിത്രീകരിച്ചിരിക്കുന്നു. ലഘുവായ പദങ്ങൾകൊണ്ടും കൊച്ചുകൊച്ചു വാചകങ്ങൾകൊണ്ടും യാഥാർത്ഥ്യബോധം ജനിപ്പിക്കത്തക്ക തൂലികാചിത്രങ്ങൾ രചിക്കുന്നതിലും പ്രിയോരച്ചൻ പ്രവീ

ണനായിരുന്നു. റോക്കോസിനോടുകൂടി ബാബേലിലേക്കു പോയിരുന്ന തൊണ്ടനാട്ട് അന്തോനി കത്തനാർ നെസ്തോറിയൻ പാത്രിയക്കീസിൽനിന്നു മെത്രാൻപട്ടവും സ്വീകരിച്ചുകൊണ്ട് മലയാളക്കരയിൽ വന്നശേഷം ഗത്യന്തരമില്ലാതെ പ്രിയോരച്ചനെ അഭയംപ്രാപിക്കുകയും കൊച്ചിയിൽവച്ച് തമ്മിൽ കാണുവാൻ ദയവുണ്ടാകണമെന്നു കാണിച്ച് ഒരു കത്തയക്കുകയും ചെയ്തു. അഭയാർത്ഥിയുമായുള്ള സമാഗമം നാളാഗമത്തിൽ ഇപ്രകാരം വർണ്ണിച്ചിരിക്കുന്നു. "11 മണിമുതൽ 4 മണിവരെയും താമസിച്ചാറെയും കാണായ്കയാൽ സംശയിച്ചിരിക്കയിൽ 5 മണിയായപ്പോൾ വരുന്നു! പുറകിൽ ഒരു ശമ്മാശ്ശും. കറുത്ത മീശ കഴുത്തോളം, കൈയിൽ ഒരു വടിയും, വെളുത്ത ളോവയുടെ മീതെ കറുത്ത കാപ്പയും ഇതിനെ ഒരു കൈകൊണ്ട് വാരിപ്പിടിച്ചും ആ കൈയിൽ കൊടയും മറുകൈയിൽ വടിയും ഈവണ്ണം തെക്കേവഴിയിൽകൂടി ഒളിച്ച് എന്നപോലെ വരുന്നു; എന്നതിനെ കണ്ട് ഞാൻതന്നെ അങ്ങോട്ട് എതിരേറ്റുചെന്ന് ശ്ലാമാ ചൊല്ലി പള്ളിയുടെ തെക്കെപ്പുറത്ത രണ്ടു കസേരയിട്ടുവിച്ചു അവിടെയിരുന്ന് . . ." പത്തൊൻപതാം നൂറ്റാണ്ടിലെ സുറിയാനി സഭാചരിത്രത്തിൽ അദ്വിതീയമായ ഒരു ഭാഗം അഭിനയിച്ച പ്രിയോരച്ചൻെറ 'നാളാഗമം' പ്രമാണികമായ ഒരു ചരിത്രഗ്രന്ഥമാണ്. ഇതിനുംപുറമേ അദ്ദേഹം രചിച്ച 'റോക്കോസ് ശീശ്മയുടെ ചരിത്രം,' കർമ്മലീത്താസഭയുടെ സഹസ്ഥാപകന്മാരായിരുന്ന പാലയ്ക്കൽ മല്പാൻെറയും പോരൂക്കര തോമ്മാ മല്പാൻെറയും ചരിത്രങ്ങൾ, എന്നീ ഗ്രന്ഥങ്ങളും അമൂല്യങ്ങളായ ചരിത്രരേഖകളാകുന്നു.

'ആത്മാനുതാപം' എന്ന കൃതി പദ്യരൂപത്തിലുള്ള ഒരു ആത്മകഥാകഥനമാണ്. സുപ്രസിദ്ധ സാഹിത്യ

വിമർശകനായ ശ്രീ. സി. അന്തപ്പായി ഈ കൃതിയെ ശ്ലാഘിച്ച് താഴെകാണുന്ന അഭിപ്രായം രേഖപ്പെടുത്തിയിരിക്കുന്നു. "പദ്യരൂപമായ ഈ പുസ്തകം ഞാൻ ബാല്യത്തിൽ ഒന്നോ രണ്ടോ തവണ വായിച്ചിട്ടുണ്ട്. അതിൽ പിന്നെ ഇപ്പോൾമാത്രമാണ് അതു രണ്ടാമതും വായിക്കുവാൻ ഇടയായിട്ടുള്ളതു്. എങ്കിലും അതിൻെറ കർത്താവിനെപ്പററി എനിക്കു ചെറുപ്പത്തിൽ തോന്നിയ ഭക്തിയും ബഹുമാനവും അനേകസംവത്സരം ഇടവിട്ടുണ്ടായ തൽകൃതിയുടെ വായനകൊണ്ടു ലേശവും കുറയുന്നില്ല. ബാല്യത്തിൽ ഞാൻ വായിച്ചിട്ടുള്ള മററു പല ഗ്രന്ഥങ്ങളെക്കുറിച്ചു ഇപ്രകാരം എനിക്കു പറഞ്ഞുകൂടാ. ഇതിൻെറ കർത്താവു് പദ്യങ്ങൾ രചിക്കുന്നതിൽ ലാഘവമുള്ള ആളാണെന്നു് വേണ്ടുവോളം തെളിയുന്നുണ്ടു്."

'ആത്മാനുതാപ'ത്തിലെ കവിതയുടെ ഭംഗിയും, ലാളിത്യവും, ഭക്തിരസാത്മകതവും, പദങ്ങളുടെ സ്വച്ഛന്ദമായ ഒഴുക്കും ആസ്വദിക്കുവാൻ താഴെ ചേർത്തിട്ടുള്ള ചില ഉദ്ധരണികൾ മതിയാകും.

## 1. വെച്ചൂർപള്ളിയിലെ അടിമവയ്പു്.

എന്നവളുണർത്തിച്ചു ദാസനാമടിയനെ
അന്നു മാതാവിൻമുമ്പിൽ കിടത്തി പ്രാർത്ഥിച്ചപ്പോൾ
ദേവാലയശ്രേഷ്ഠൻ ഗുരുതാൻ പൂവും നീരും
ദേവമാതാവിൻനാമാൽ കൊടുത്തു മാതൃകയ്യിൽ
പിടിച്ചു മമ ചെറുകരത്തിലതു നേരം
കൊടുത്തുചൊല്ലി മാതൃദാസനാമിവനെ നീ
സൂക്ഷിച്ചുവളർത്തുക, പാലിച്ചാദരിക്ക നീ
സാക്ഷാൽ നിൻസുതനല്ല;മാതവിൻ ദാസൻ ദൃഢം
എന്നരുൾചെയ്തു ഗുരു ഏല്പിച്ചു മാതൃകരെ

## 2. ലൗകികമായ ഐശ്വര്യത്തിന്റെ ക്ഷണഭംഗുരത

'ഭൂമിയുമതിൻ മീതെ കാണുന്ന സമസ്തവും
ഭേദംകൂടാതെ മാറി നീങ്ങുന്നു ക്ഷണെക്ഷണെ.
ഇന്നു കാണുന്ന പച്ചപ്പുല്ലതു നാളെത്തന്നെ
മന്ദിച്ചു വരളുന്നു വാടുന്നു സൂര്യോഷ്ണത്താൽ
മെച്ചമായുണ്ടായീടുന്ന പുഷ്പങ്ങൾ ബഹുവിധം
ഇമ്പമായതിനുള്ള ശോഭയും സുഗന്ധവും
എത്രയും ക്ഷണംകൊണ്ടു മാറിപ്പോയ് വീണീടുന്നു,
ചിത്രമായതിനുള്ള അഴകുമൊക്കെപ്പോകും
ഇങ്ങിപ്പോൾ ഗൃഹസ്ഥനായ് കാണുന്ന ദ്രവ്യസ്ഥനെ
മന്ദഹാസത്താൽ പലർ സ്നേഹിച്ചു സേവിക്കുന്നു,
ബുദ്ധിമാനിവൻ ബഹുശക്തിമാൻ സമർത്ഥനും
അബ്ധിയിൽ മണലുപോൽ വിത്തസമ്പത്തുമുണ്ടീ
വാക്കുകൾ പറയുമ്പോൾ ചെർച്ചയായ്തോന്നീടുന്നു.
പാക്കുവെററിലകളാൽ ചുമക്കും ചുണ്ടുകളും
സുന്ദരനിവൻമഹാശോഭിതൻ കാണുന്നോക്ക്;
സുന്ദരന്മാരായിട്ടു പുത്രന്മാർ പുത്രികളും
ഇങ്ങനെയുള്ള ബഹുഭംഗികൾ പലതരം;
അങ്ങനെ ചിലനാളു കഴിഞ്ഞൊരനന്തരം
ഒരുനാളിവൻതന്നെ വടിയും കൈയിലേന്തി
വരുമാറതുകണ്ടു സൂക്ഷിക്കും ബഹുജനം.
ഓഹോ ഈ ദേഹമേത്? സംശയം തോന്നുന്നല്ലോ
ആഹാഹാ സർവ്വേശ്വരാ! ഇയാൾക്കിതെന്തുവന്നു.
വന്നതുമൊന്നുമില്ലാ പോയതുമൊന്നുമില്ല
വന്നതുപോലെയുള്ള തൊക്കയുമിപ്പോളുണ്ടു.
എന്നതു പരമാർത്ഥമെങ്കിലും മുന്നമിവൻ
മന്ദഹാസത്താൽ ജീവിച്ചെന്നതു കണ്ടോരുണ്ടോ?
അന്നിവനുടെ ബുദ്ധിശക്തിയുമെത്ര ചിത്രം

ഇന്നതൊക്കയുമോത്താൽ എന്തൊരു വിസ്മയമെ!
ഇതുപോലുള്ള മഹാകാഴ്ചയെ സൂക്ഷിപ്പാനും
അതിനാൽതന്നെ നിന്നെ സേവിച്ചാരാധിപ്പാനും
കണ്ണുകളിനിക്കു നീ തന്നല്ലോ സർവ്വേശ്വരാ"

3. പ്രകൃതിയും സ്രഷ്ടാവും

ആകാശഗമനവും ആദിത്യചന്ദ്രന്മാരും
പ്രകാശഗ്രഹങ്ങളും നക്ഷത്രക്കൂട്ടങ്ങളും
ഭൂമിയിൽ മുളച്ചുള്ള പുല്ലുപുഷ്പാദികളും
ഭൂതലം സമസ്തവും സൂക്ഷിച്ചു നോക്കിക്കൊണ്ടു്
ഇതൊക്കെ സൃഷ്ടിച്ചതിനെന്തു കാരണമെന്നും
ഇതിനെക്കണ്ടു നിൻെറ മഹിമ ഗ്രഹിപ്പാനും
ഇപ്പോലെയുള്ള ഭാഗ്യമീലോകെ വച്ചുവെങ്കിൽ
അപ്പരലോകെയുള്ള ഭാഗ്യങ്ങളെത്ര ചിത്രം.

4. ദിവ്യദർശനം

'നിന്നുടെ തിരുമേനി സുന്ദര തിരുമുഖം
മിന്നുന്ന നയനങ്ങൾ ശോഭിത തിരുനാസി,
ചുവന്നൊരധരങ്ങൾ, ശംഖുവൽ ദന്തങ്ങളും
ചുണ്ടിൽ നിന്നൊഴുകുന്ന തേൻതുള്ളി ന:പരങ്ങളും,
പാൎക്കുവാൻ കൊതിക്കുന്നു കേൾക്കുവാനാശിക്കുന്നു
പാൎത്തുസൂക്ഷിപ്പാൻ നേത്രം യോഗ്യമില്ലയോ നാഥാ.

മേൽപ്പറയപ്പെട്ട ഗ്രന്ഥങ്ങൾക്കും പുറമെ, 'നല്ല അപ്പൻെറ ചാവരുൾ' എന്ന സാരോപദേശമാലിക, മരണപൎവ്വം തുടങ്ങിയ ചില പൎവ്വങ്ങൾ, ഭക്തിരസ പ്രധാനങ്ങളായ ചില പ്രഹസനങ്ങൾ മുതലായി പല വിശിഷ്ട കൃതികളും അദ്ദേഹം കൈരളിക്കു സംഭാവന ചെയ്തിട്ടുണ്ടു്.

# VII

## വിദ്യാഭ്യാസപ്രവർത്തനം

വിദ്യാവിഹീനമായ ഒരു സമുദായം എന്നും അധഃസ്ഥിതമായിരിക്കുമെന്നും പുരോഗമനത്തിൻെറ കവാടങ്ങൾ എന്നും അതിൻെറ നേരെ അടയ്ക്കപ്പെട്ടിരിക്കുമെന്നുമുള്ള ബോദ്ധ്യത്താൽ പ്രേരിതനായി വിദ്യാഭ്യാസമണ്ഡലത്തിൽ സ്വസമുദായത്തിൻെറ നില ഉയത്തുവാൻ പ്രിയോരച്ചൻ അക്ഷീണയത്നം ചെയ്തു. ബഹുഭാഷാവ്യുല്പന്നനും, പണ്ഡിതാഗ്രേസരനുമായിരുന്ന പ്രിയോരച്ചൻ വിദ്യാദാനത്തിൽ ഉത്സുകനായിത്തീന്നതു് സ്വാഭാവികം മാത്രമാണ്. ആദ്യംമുതൽക്കുതന്നെ സന്യാസസഭയുടെ കമ്മപരിപാടിയിൽ വിദ്യാഭ്യാസപ്രവത്തനത്തിനു പ്രധാനമായ ഒരു സ്ഥാനം അദ്ദേഹം നൽകിയിരുന്നു.

വൈദികവിദ്യാത്ഥികൾക്കു ശാസ്ത്രീയമായ വിജ്ഞാനവും മാതൃകാപരമായ പരിശീലനവും നൽകുന്നതിന് സെമ്മിനാരികൾ സ്ഥാപിച്ചതായി മേൽപ്രസ്താവിച്ചിട്ടുണ്ടല്ലോ. എന്നാൽ വൈദികരുടെ വിദ്യാഭ്യാസത്തിലെന്നതുപോലെതന്നെ അവൈദികരുടെതിലും ആ സന്യാസവര്യൻ അതീവതല്പരനായിരുന്നു. മാന്നാനം ആശ്രമം സ്ഥാപിച്ച കാലത്തു് തിരുവിതാംകൂറിൽ വിദ്യാഭ്യാസപരമായ ഒരു ഉണവ്വ് ദൃശ്യമായിരുന്നു. ജനങ്ങളുടെ വിദ്യാഭ്യാസസൗകര്യങ്ങൾ വദ്ധി

പ്പിക്കുന്നതിനായി സക്കാരിൽനിന്നും ഗണ്യമായ സഹായങ്ങൾ ചെയ്തു തുടങ്ങി. സി. എം. എസ്. മിഷനറിമാർ 1816 മുതൽ ഇംഗ്ലീഷ് വിദ്യാലയങ്ങൾ സ്ഥാപിച്ചു് പ്രവത്തനം തുടങ്ങിയിരുന്നു. ഉദ്യോഗസോപാനത്തിലേക്കും പരിഷ്കൃതജീവിതവൃത്തങ്ങളിലേക്കും ഉള്ള ഏകമാർഗ്ഗം ഇംഗ്ലീഷ്‌വിദ്യാഭ്യാസമായിരുന്നതിനാൽ ജനങ്ങൾ ഈ നൂതനസരണിയിലേക്കു് ആവേശപൂർവ്വം കുതിച്ചുകയറി. എന്നാൽ മതാധികാരികളുടെ ഹ്രസ്വദൃഷ്ടിയുടെ ഫലമായി കത്തോലിക്കസമുദായത്തെ സംബന്ധിച്ചിടത്തോളം ഇംഗ്ലീഷ് വിദ്യാഭ്യാസമണ്ഡലം നിരുദ്ധവും നിഷിദ്ധവുമായി കരുതപ്പെട്ടിരുന്നു. ആത്മഹത്യാപരമായ ഈ നയത്തിൻെറ വിദൂരവ്യാപകമായ ദുരന്തഫലങ്ങൾ കാലേകൂട്ടി കണ്ടുകൊണ്ടാണു് പ്രിയോർച്ചൻ വിദ്യാഭ്യാസരംഗത്തേക്കിറങ്ങിയതു്.

1846-ാമാണ്ടു് അദ്ദേഹം മാന്നാനം ആശ്രമത്തോടുചേർത്തു് ഒരു സംസ്കൃതവിദ്യാലയം സ്ഥാപിച്ചു. ആശ്രമസ്ഥന്മാരായ വൈദികരും സമീപപ്രദേശങ്ങളിൽനിന്നുള്ള കുട്ടികളും അവിടെ ചേന്നു് അദ്ധ്യയനം നടത്തിയിരുന്നു. മലയാളം, സംസ്കൃതം എന്നീ ഭാഷകളിൽ വ്യുല്പന്നനായിരുന്ന ഒരു വാര്യരെ തൃശ്ശൂർനിന്നും വരുത്തി വിദ്യാലയാധിപനായി നിയമിച്ചു. ആണ്ടുതോറും ഓരോ ഇടവകയിൽനിന്നും ഓരോ കുട്ടിയെ വീതം ഇടവകക്കാരുടെ പൊതുച്ചെലവിൽ ഈ വിദ്യാലയത്തിലേക്കയക്കണമെന്നായിരുന്നു പ്രിയോരച്ചൻെറ നിർദ്ദേശം. സ്കൂളിലെ സംസ്കൃതവിദ്യാഭ്യാസം പൂർത്തിയായിക്കഴിയുമ്പോൾ കുട്ടികളുടെ അഭിരുചിയനുസരിച്ചു് സംസ്കൃതത്തിൽ ഉന്നതവിദ്യാഭ്യാസത്തിനായോ അല്ലെങ്കിൽ വൈദികവിദ്യാഭ്യാസത്തിനായോ

അവരെ തെരഞ്ഞെടുത്തയയ്ക്കണമെന്നും അദ്ദേഹം ഉദ്ദേശിച്ചിരുന്നു.

മലയാളഭാഷ സമത്ഥമായി കൈകാര്യം ചെയ്യുന്നതിനും ഭാരതീയസംസ്കാരത്തിൻെറ ഉൽകൃഷ്ടമായ അംശങ്ങളെ സ്വായത്തമാക്കുന്നതിനും സംസ്കൃതഭാഷാഭ്യസനം എത്രമാത്രം ആവശ്യമാണെന്ന് പ്രിയോരച്ചൻ മനസ്സിലാക്കിയതിൻെറ ഫലമായിട്ടാണ് ഈ വിദ്യാലയം രൂപമെടുത്തതു്. എന്നാൽ ഈ വിഷയത്തിൽ അദ്ദേഹത്തിൻെറ കാലടികളെ പിന്തുടരുവാൻ തക്ക ദീഘദൃഷ്ടിയോ, യാഥാത്ഥ്യബോധമോ പിൽക്കാലത്തെ സമുദായനേതാക്കന്മാൎക്കില്ലാതെ പോയതുകൊണ്ടാണ് ഇന്ന് കത്തോലിക്കാസമുദായം സംസ്കൃത മലയാളസാഹിത്യമണ്ഡലങ്ങളിൽ ഒരുതരം അധഃകൃതത്വം അവലംബിക്കേണ്ടി വന്നിരിക്കുന്നതു്. കേരളകത്തോലിക്കരുടെ ഇടയിൽ ഒന്നാംകിടയിൽപ്പെട്ട സംസ്കൃതപണ്ഡിതന്മാരുടെ എണ്ണം ഇന്നും അംഗുലീപരിതമായിരിക്കുന്നു എന്ന പരമാത്ഥം സമ്മതിക്കാതെ തരമില്ല. വളരെക്കാലത്തെ അവഗണനയ്ക്കു ശേഷം ഇന്ന് മലയാളവും, സംസ്കൃതവും വൈദികശാസ്ത്രങ്ങളോടൊപ്പം നമ്മുടെ സെമ്മിനാരികളിൽ പഠിപ്പിക്കുവാൻ തുടങ്ങിയിട്ടുണ്ടെന്നു കാണുന്നതു് ചാരിതാത്ഥ്യജനകംതന്നെ.

പ്രിയോരച്ചൻ സുറിയാനിക്കാരുടെ വികാരിജനറാളായി നിയമിക്കപ്പെട്ടതിനുശേഷം 1865-ൽ അദ്ദേഹം സ്വസമുദായത്തിൻെറ വിദ്യാഭ്യാസപുരോഗതിയെ ത്വരിതപ്പെടുത്തുവാനായി ഒരു സക്കുലർ പുറപ്പെടുവിച്ചു. ഇടവകകൾതോറും വിദ്യാലയങ്ങൾ ആരംഭിക്കണമെന്നും അല്ലാത്തപക്ഷം പള്ളിമുടക്കു കല്പിക്കുമെന്നുമായിരുന്നു പ്രസ്തുത സക്കുലർ. പള്ളിയും പള്ളിക്കൂടവും സമുദായോദ്ധാരണത്തിന് അനുപേക്ഷണീയമായ

രണ്ടു് അവിഭാജ്യഘടകങ്ങളായിട്ടാണ് പ്രിയോരച്ചൻ കരുതിയിരുന്നതു്. വിദ്യാലയങ്ങളുടെ മൗലികമായ പ്രാധാന്യം ഇത്ര ആഴമായി മനസ്സിലാക്കിയ ഒരു സമുദായനേതാവു് കേരളത്തിൽ ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണ്. മലങ്കരസഭ വകയായി ഒരു കോളേജ് സ്ഥാപിക്കണമെന്നുപോലും അദ്ദേഹത്തിന് ഉദ്ദേശ്യമുണ്ടായിരുന്നു. പ്രതികൂലസാഹചര്യങ്ങൾ നിമിത്തം അതു് നടപ്പിലായില്ലെന്നുമാത്രം.

ഒരു നൂററാണ്ടുമുമ്പു് വിദ്യാഭ്യാസമണ്ഡലത്തിൽ കേവലം അധഃസ്ഥിതരായിരുന്ന കത്തോലിക്കർ ഇന്നു് ആ രംഗത്തു് അസൂയാർഹമായ ഒരു നിലയിൽ എത്തിച്ചേർന്നിട്ടുള്ളതു് ചാവറ പ്രിയോരച്ചൻെറ സുധീരമായ നടപടികളുടെ ഫലമായിട്ടാണ്. ഇടവകകൾതോറും മലയാളംസ്കൂളുകൾ ആരംഭിച്ചു പ്രവൎത്തനം തുടങ്ങിയ സുറിയാനികത്തോലിക്കർ ഇന്നു് കേരളത്തിൽ സ്വന്തമായി വിവിധ നിലകളിലുള്ള അനവധി വിദ്യാലയങ്ങൾ പ്രശസ്തമാംവണ്ണം നടത്തിപ്പോരുന്നു.

കേരളസുറിയാനി കമ്മലീത്താസഭയും അതിൻെറ സ്ഥാപകൻെറ ഉദ്ദേശ്യങ്ങളെ സഫലീകരിക്കുമാറു് വിദ്യാഭ്യാസപ്രവൎത്തനത്തിൽ ഉത്തരോത്തരം അഭിവൃദ്ധിപ്പെട്ടുകൊണ്ടാണിരിക്കുന്നതു്. കേരളത്തിൽ സുറിയാനികത്തോലിക്കരുടെ വകയായി ഒന്നാമത്തെ ഹൈസ്കൂൾ മാന്നാനം ആശ്രമത്തോടു ചേൎത്തു് 1881-ൽ സ്ഥാപിതമായ സെൻറ് എഫ്രെയിംസ് ഹൈസ്കൂൾ ആണെന്നുള്ള വസ്തുതയും ഇവിടെ അനുസ്മരണീയമാണ്.

# VIII

## അധഃകൃതോദ്ധാരണവും അഗതിസംരക്ഷണവും

ഒരു യഥാൎത്ഥ മനുഷ്യസ്നേഹിയായിരുന്ന ചാവറ കുര്യാക്കോസച്ചൻ അധഃകൃതരുടെ ഉദ്ധാരണത്തിലും അഗതികളുടെ സംരക്ഷണത്തിലും തീക്ഷ്ണമായ അഭിനിവേശം പ്രദൎശിപ്പിച്ചിരുന്നു. ഒരു നൂറുകൊല്ലംമുമ്പ് ഈ നാട്ടിലെ അധഃകൃതരുടെ അവസ്ഥ എന്തായിരുന്നു എന്ന് നമുക്ക് ഊഹിക്കാമല്ലോ. മനുഷ്യത്വംപോലും നിഷേധിക്കപ്പെട്ടിരുന്ന ഈ ദുർഭഗരുടെ കാൎയ്യം രാഷ്ട്രീയപ്രവൎത്തകന്മാരുടെ ശ്രദ്ധയിൽപ്പെടുന്നതിനു വളരെ ദശാബ്ദങ്ങൾ മുമ്പുതന്നെ പ്രിയോരച്ചൻ അവരുടെ ഉദ്ധാരണത്തിനായുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞിരുന്നു.

വിദ്യാഭ്യാസവും മതപരിവൎത്തനവുമാണ് അധഃകൃതോദ്ധാരണത്തിന്നായി അദ്ദേഹം സ്വീകരിച്ച മാൎഗ്ഗങ്ങൾ. മാന്നാനം കുന്നിലും സമീപസ്ഥമായ ആൎപ്പൂക്കരെ കുന്നിലും ക്രിസ്തുമതം സ്വീകരിച്ച അധഃകൃതൎക്കായി അദ്ദേഹം വിദ്യാലയങ്ങൾ സ്ഥാപിച്ചു. അക്കാലത്തു അധഃകൃതവൎഗ്ഗത്തിൽപ്പെട്ട ബാലികാബാലന്മാൎക്ക് പൊതു വിദ്യാലയങ്ങളിൽപ്പോലും പ്രവേശനം നിഷേധിക്കപ്പെട്ടിരുന്നു എന്ന വാസ്തവം ചിന്തനീയമാണ്. കഷ്ടിച്ചു ഒരു നാല്പതു കൊല്ലമേ ആയിട്ടുള്ളു അവർ ഈ നാട്ടിലെ സരസ്വതീക്ഷേത്രങ്ങളിൽ സ്വതന്ത്രമായി ഉപാസന തുടങ്ങിയിട്ട്.

അനവധി നൂററാണ്ടുകളായി ഭാരതത്തിൽ നില നിന്നുപോന്നിരുന്ന സാമൂഹ്യദുരാചാരങ്ങളിൽനിന്നും, അനീതികളിൽനിന്നും അവരെ മോചിപ്പിക്കുവാൻ ഏററവും പററിയ മാർഗ്ഗം അവരെ ക്രിസ്തീയവിശ്വാസത്തിലേക്കും സാഹോദര്യത്തിലേക്കും സ്വീകരിക്കുകയാണെന്നു് അദ്ദേഹം മനസ്സിലാക്കി. ഈ ലക്ഷ്യത്തെ മുൻനിറുത്തിക്കൊണ്ടു് അദ്ദേഹം സമാരംഭിച്ച വേദപ്രചാര പ്രസ്ഥാനം ധാരാളമായ സദ്ഫലങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. വിദ്യാഭ്യാസവും മതപരിവർത്തനവും മുഖേന അധഃകൃതർക്കു സാമൂഹ്യവും ആത്മീയവുമായ വിമോചനമാർഗ്ഗം അദ്ദേഹം തുറന്നുകൊടുത്തു. അവർക്കു് അത്യാവശ്യമായ സാമ്പത്തിക സഹായങ്ങൾ ചെയ്യുന്നതിലും അദ്ദേഹം ജാഗരൂകനായിരുന്നു. ജനങ്ങളിൽനിന്നു പിടിയരി പിരിച്ചും, പള്ളികളിൽ നിന്നു് കല്പന അയച്ചു സംഭാവനകൾ വരുത്തിയുമാണു് ഈ കാര്യങ്ങൾ അദ്ദേഹം നിർവ്വഹിച്ചിരുന്നതു്.

പ്രിയോരച്ചൻെറ ദീനാനുകമ്പ നാട്ടിലെങ്ങും പ്രസിദ്ധമായിരുന്നു. അദ്ദേഹത്തിൽ നിന്നു് എപ്പോഴെങ്കിലും ഒരു സഹായം ലഭിച്ചിട്ടില്ലാത്ത സാധുക്കൾ ഈ നാട്ടിൽ വളരെ ചുരുക്കമായിരുന്നു എന്നു പറയാം. പാവങ്ങളെ യഥാശക്തി സഹായിക്കേണ്ടതു് സന്യാസാശ്രമങ്ങളുടെ ധാർമ്മികമായ കർത്തവ്യമാണെന്നു് അദ്ദേഹം ശ്രേഷ്ഠന്മാരെ എല്ലായ്പ്പോഴും ഓർമ്മിപ്പിച്ചിരുന്നു. സമ്പന്നന്മാരിൽനിന്നു് കത്തുമുഖേനയും മററും സംഭാവനകൾ വരുത്തിയാണു് പ്രിയോരച്ചൻ പാവപ്പെട്ടവരെ സഹായിച്ചിരുന്നതു്. ധനവാന്മാർ അദ്ദേഹത്തിൻെറ സഹായാഭ്യർത്ഥനകൾ ഒരിക്കലും നിരസിച്ചിരുന്നുമില്ല

നിസ്സഹായരായ അഗതികളെ ഒരു ഭവനത്തിൽ താമസിപ്പിച്ചു സംരക്ഷിക്കുന്ന പ്രസ്ഥാനവും പ്രിയോര

ച്ചനാണ് ഇട്ടിക്കിൽ ആരംഭിച്ചത്. ഇന്ന് നമ്മുടെ നാട്ടിൽ പലയിടങ്ങളിലും അഗതിമന്ദിരങ്ങൾ സ്ഥാപിച്ച് സാധുജനസംരക്ഷണം നിർവ്വഹിക്കുന്നുണ്ടെങ്കിലും ഒരു നൂററാണ്ടുമുമ്പ് ഇത്തരം സ്ഥാപനങ്ങളെപ്പററി ഇവിടെ കേട്ടുകേൾവിപോലുമില്ലായിരുന്നു. സ്വദേശമായ കൈനകരിയിലാണ് അദ്ദേഹം ഒരു സാധുമന്ദിരം സ്ഥാപിച്ചത്. ഇതിൻെറ മേൽനോട്ടം വഹിക്കുന്നതിനും അഗതികളുടെ സംരക്ഷണത്തിനുമായി അദ്ദേഹം 'നൽമരണസഹായസഖ്യം' എന്നപേരിൽ ഒരു സഖ്യവും സ്ഥാപിക്കയുണ്ടായി. ഈ സഖ്യത്തിൽനിന്നു തെരഞ്ഞെടുക്കപ്പെടുന്ന ഒരാളാണ് സാധുമന്ദിരത്തിൻെറ ഭരണം നടത്തിയിരുന്നത്. നാലഞ്ചുപേക്ക് താമസിക്കത്തക്ക ഒരു കെട്ടിടവും ഗണ്യമായ മൂലധനവുമുള്ള ഈ സ്ഥാപനം കൈനകരിപ്പള്ളിയുടെ മേൽനോട്ടത്തിൽ ഇപ്പോഴും നടന്നുവരുന്നുണ്ട്.

മേൽവിവരിച്ചിട്ടുള്ള പ്രസ്ഥാനങ്ങളുടെയെല്ലാം ജീവശ്ശക്തി ചാവറ പ്രിയോരച്ചൻെറ ആത്മാവിൽ ഉജ്ജ്വലിച്ചിരുന്ന ക്രിസ്തീയ പരസ്നേഹമായിരുന്നു എന്നു പ്രത്യേകം പറയേണ്ടതില്ലല്ലൊ.

# IX

## കന്യകാമഠസ്ഥാപനം

ഈ നാട്ടിൽ ആദ്യമായി ഒരു കന്യകാമഠം സ്ഥാപിച്ചത് ചാവറ കുര്യാക്കോസ് ഏലിയാസച്ചനാണ്. കേരളക്രൈസ്തവസമുദായത്തിൻെറ നന്മയെ ഉദ്ദേശിച്ചു

ള്ള അനവധി പ്രസ്ഥാനങ്ങളുടെ ഉപജ്ഞാതാവായ ഏലിയാസച്ചൻ സ്ത്രീവിഭാഗത്തിൻെറ സാംസ്കാരികവും ആത്മീയവുമായ അഭിവൃദ്ധിക്കുപയുക്തമായ മാർഗ്ഗങ്ങളെ അവഗണിച്ചിരുന്നു എങ്കിൽ അതായിരുന്നേനെ കൂടുതൽ വിസ്മയാവഹം. വൈദികരുടെ സന്ന്യാസപ്രസ്ഥാനത്തിൻെറ ക്രമപ്രവൃദ്ധമായ പുരോഗതിയിൽ സന്തുഷ്ടനായിത്തീർന്ന കുര്യാക്കോസച്ചൻ സ്ത്രീകളുടെ വിവിക്തവാസത്തിനും സുകൃതജീവിതത്തിനും പര്യാപ്തമായ ഒരു ഭവനം സ്ഥാപിക്കുന്നതിൽ ഉത്സുകനായിത്തീർന്നു. അദ്ദേഹത്തിൻെറ ആത്മീയനിയന്താവും ഉററമിത്രവുമായിരുന്ന ലെപ്പോൾഡ് മിഷനറിയുടെ ഹാർദ്ദവമായ പിൻതുണയും ഈ വിഷയത്തിൽ അദ്ദേഹത്തിനു ലഭിച്ചു. ഇരുവരുടെയും പരിശ്രമഫലമായി രൂപമെടുത്തതാണ് കൂനമ്മാവിലെ സെൻറ് തെരേസാസ് കന്യകാമഠം. ഈ സ്ഥാപനം കേരളക്കരയിൽ ഇന്ന് വളർന്നുവന്നിട്ടുള്ള അസംഖ്യം കന്യകാമഠങ്ങളുടെ മാതൃസ്ഥാനം വഹിക്കുന്നു എന്നു പറയുന്നതിൽ തെററില്ല.

1865-ാമാണ്ട് ഒരു ദിവസം സായാഹ്നത്തിൽ പ്രിയോരച്ചനും ലെപ്പോൾഡ് പാദ്രിയുംകൂടി കൂനമ്മാവ് ആശ്രമത്തിൻെറ സമീപമുള്ള സ്ഥലത്തുകൂടി നടക്കുകയായിരുന്നു. അപ്പോൾ മിഷനറി പറഞ്ഞു: "ഇവിടെ അടുത്ത് ഒരു വിധവയും 14 വയസ്സുള്ള മകളുംകൂടി താമസിക്കുന്നുണ്ട്. മകൾ വിവാഹകാര്യത്തിൽ വിമുഖയാണ്. പിതാവിൻെറ സ്വത്തിൽ പകുതിക്ക് അവകാശിയുമാണ്. അവരുടെ വകയായുള്ള ഏതെങ്കിലും ഒരു വസ്തുവിൽ ഒരു കെട്ടിടം പണിയിച്ച് കന്യകാമഠത്തിലെന്നതുപോലെ ഭക്തജീവിതം നയിക്കുന്നതിനുള്ള സൗകര്യങ്ങളോടുകൂടി അവരെയും മററു സ്ത്രീകളെയും അവിടെ താമസിപ്പിച്ചാലെന്താ?" കന്യകാമഠ

സ്ഥാപനത്തിൽ തല്പരനായിരുന്ന പ്രിയോരച്ചന് ഈ നിർദ്ദേശം വളരെ ഇഷ്ടപ്പെട്ടു. ലെപ്പോൾഡ് പാദ്രി തന്നെ ആ സ്ത്രീകളുടെ അഭിപ്രായം ആരാഞ്ഞതിൽ അവരും ഹൃദയപൂർവ്വം അദ്ദേഹത്തോട് അനുകൂലിച്ചു. പിന്നീട് പ്രിയോരച്ചനും മിഷനറിയും കൂടി മെത്രാപ്പോലീത്തായെക്കണ്ട് അവരുടെ അഭിലാഷം അറിയിച്ചപ്പോൾ അദ്ദേഹവും ആ ഉദ്യമത്തെ ശ്ലാഘിക്കുകയാണുണ്ടായത്. പുതിയ മഠത്തിനു കർമ്മലീത്താ മൂന്നാം സഭയുടെ നിയമാവലി അനുസരിച്ചുള്ള ജീവിതക്രമവും അദ്ദേഹം നിർദ്ദേശിച്ചു.

പ്രിയോരച്ചൻ ഉടൻതന്നെ പുതിയ മഠത്തിനാവശ്യമായ സജ്ജീകരണങ്ങൾ ചെയ്യുന്നതിൽ വ്യാപൃതനായി. ഒരു താല്ക്കാലികഭവനം, അവിടെ സന്യാസികൾക്കു താമസിക്കുവാനുള്ള സൗകര്യങ്ങൾ, പ്രാർത്ഥനമുറി മുതലായി പലതും ഉണ്ടാകേണ്ടിയിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ കൈവശം അപ്പോൾ ആകെയുണ്ടായിരുന്ന മുതൽ 18 രൂപാ മാത്രമാണ്. പക്ഷേ പ്രിയോരച്ചനെ സംബന്ധിച്ചിടത്തോളം പണദൗർലഭ്യം ഒരിക്കലും ഒരു പ്രശ്നമായിരുന്നില്ല. നല്ല പ്രസ്ഥാനങ്ങൾ ഒരിക്കലും പണത്തിന്റെ അഭാവംകൊണ്ട് വിഫലമാകപ്പെടുകയില്ലെന്നായിരുന്നു അദ്ദേഹത്തിന്റെ ദൃഢമായ വിശ്വാസം. മനുഷ്യന്റെ യഥാർത്ഥമായ നന്മയെ ലക്ഷ്യമാക്കിയുള്ള പ്രസ്ഥാനങ്ങൾക്കു പ്രചോദനം നൽകുന്നതും, അവയെ നടത്തിക്കുന്നതും ദൈവമാണെന്നുള്ള അസന്നിഗ്ദ്ധമായ ബോദ്ധ്യമാണ് അദ്ദേഹത്തെ എല്ലായ്പ്പോഴും നയിച്ചിരുന്നത്.

കേവലം 18 രൂപാകൊണ്ട് ആരംഭിച്ച പണികൾ നിർവ്വിഘ്നം പുരോഗമിച്ചു. ഉദാരമതികളായ പലരിൽനിന്നും സംഭാവനകൾ വന്നുകൊണ്ടിരുന്നു.

തെങ്ങും പനമ്പും കൊണ്ടുള്ള ഒരു കെട്ടിടം അധിക നാൾ കഴിയുംമുമ്പ് പൂർത്തിയാക്കി. അതിൽ മൂന്നു കിടക്കമുറികൾക്കും പുറമേ ഭക്ഷണത്തിനും പ്രാർത്ഥനയ്ക്കുമായി വെവ്വേറെ മുറികളും സജ്ജീകരിച്ചിരുന്നു. അടുക്കളസാമഗ്രികൾ, ശയ്യോപകരണങ്ങൾ, പ്രാർത്ഥനമുറിയിലെ സജ്ജീകരണങ്ങൾ തുടങ്ങി മഠജീവിതത്തിനാവശ്യമായ എല്ലാ സാധനങ്ങളും അവിടെ ഉണ്ടായിരുന്നു.

1866-ാമാണ്ട് മാർച്ച് 13-ാം തീയതി രാവിലെയാണ് ഈ സന്യാസിനീഭവനം ഉൽഘാടനം ചെയ്യപ്പെട്ടത്. അന്നു വെളുപ്പിന് 5 മണിയായപ്പോഴെയ്ക്കും പ്രിയോരച്ചനും ലെപ്പോൾഡ് പാദ്രിയുംകൂടി മഠത്തിലെ ക്രമീകരണങ്ങളെല്ലാം പൂർത്തിയാക്കിക്കഴിഞ്ഞു ഒരു മഠശ്രേഷ്ഠയും, രണ്ടു കന്യാസ്ത്രീകളും, അവർക്ക് സഹായിയായി ഒരു സ്ത്രീയും ഇങ്ങനെ നാലുപേരാണ് അന്നു മഠപ്രവേശനം നടത്തിയത്. പരിശുദ്ധ കുർബ്ബാന സ്വീകരിച്ചശേഷം ബന്ധുജനങ്ങളോടുകൂടി ആഗതരായ ഈ യോഗാർത്ഥിനികൾ ലെപ്പോൾഡ് പാദ്രിയുടെ മുമ്പാകെ വച്ച് ദാരിദ്ര്യം, കന്യാവ്രതം, അനുസരണം എന്ന വ്രതങ്ങൾ മുറപ്രകാരം സ്വീകരിച്ചു. സന്യാസജീവിതത്തിന്റെ ചിഹ്നമായ ചെറിയ സ്കാപ്പുലർ ലെപ്പോൾഡ് പാദ്രി അവർക്ക് നൽകി. അതിനുശേഷം പ്രിയോരച്ചൻ സുറിയാനിയിലും ലെപ്പോൾഡ് മിഷ്യനറി ലത്തീനിലും തെദേവും എന്ന സ്തോത്രഗീതം ആലപിച്ചു. ഇങ്ങനെ കേരളത്തിലെ പ്രഥമ കന്യകാമഠം ഉൽഘാടനം ചെയ്യപ്പെട്ടു.

പിന്നീട് മഠത്തിന്റെ ആവശ്യത്തിലേക്ക് ഒരു വലിയ കെട്ടിടം പണിയിക്കുന്നതിനായിരുന്നു പ്രിയോരച്ചന്റെ ശ്രമം. അദ്ദേഹം 8 മാസം കൊണ്ട് 8000 രൂപയോളം പിരിച്ചെടുത്ത് സർവ്വസജ്ജീകരണങ്ങളോ

ട്ടുംകൂടിയ ഒരു ബലിഷ്ഠമായ കെട്ടിടം പണിതീർത്തു എന്നതു് ഏററവും വിസ്മയകരമായിരിക്കുന്നു. ദൈവപരിപാലനയിൽ അദ്ദേഹത്തിനുണ്ടായിരുന്ന അചഞ്ചലമായ വിശ്വാസം അങ്ങനെ ഫലദായകമായിത്തീർന്നു.

ഇതിനകം മഠത്തിലെ സന്യാസിനികളുടെ എണ്ണം ആറായിവർദ്ധിച്ചിരുന്നു. തൽക്കാലവസതിയിൽനിന്നും 1867 മാർച്ച് 27-ാം തീയതി അവരെ പുതിയ മഠത്തിലേയ്ക്കു മാററിത്താമസിപ്പിക്കുകയും മുറപ്രകാരമുള്ള അവരുടെ സഭാവസ്ത്രദാനം ലെപ്പോൾഡ് മിഷ്യനറി നിർവ്വഹിക്കുകയും ചെയ്തു. കർമ്മലീത്താസഭയുടെ നിയമാവലി അനുസരിച്ചുള്ള ജീവിതക്രമവും അന്നുമുതൽ അവിടെ സമാരംഭിച്ചു. ചാവറപ്രിയോരച്ചനായിരുന്നു പുതിയ മഠത്തിൻെറ ആത്മീയ നിയന്താവ്. അദ്ദേഹത്തിൻെറ പൈതൃകമായ പരിലാളനയും ഉപദേശങ്ങളും ആ സന്യാസിനീ സമൂഹത്തിന് വിലയേറിയ ഒരനുഗ്രഹമായിരുന്നു.

കൂനമ്മാവിലെ പുതിയ മഠം നാൾക്കുനാൾ അഭിവൃദ്ധിപ്പെട്ടുകൊണ്ടിരുന്നു. വിദൂരസ്ഥലങ്ങളിൽനിന്നുപോലും അർത്ഥിനികൾ അവിടെ വന്നുചേരുകയുണ്ടായി. അംഗസംഖ്യ വർദ്ധിച്ചതോടുകൂടി ശാഖാഭവനങ്ങൾ ആവശ്യമായിത്തീർന്നു. മുത്തോലി (1888) വരാപ്പുഴ (1890) അമ്പഴക്കാട്ട്(1897) കറുകുററി(1899) പറവൂർ(1910) എറണാകുളം (1915) ഞാറയ്ക്കൽ (1925) തുടങ്ങിയ സ്ഥലങ്ങളിൽ ശാഖാഭവനങ്ങൾ ക്രമേണ സ്ഥാപിതമായി. അവയുടെ സംഖ്യ കേരളക്കരയിൽ ഇന്നും വർദ്ധിച്ചുകൊണ്ടാണിരിക്കുന്നതു്.

ചാവറ കുര്യാക്കോസച്ചൻ സമാരംഭിച്ച ഈ പ്രസ്ഥാനം കേരളക്കരയിൽ അത്ഭുതകരമാംവണ്ണം അഭിവൃദ്ധി പ്രാപിച്ചുകഴിഞ്ഞിട്ടുണ്ടു്. വിവിധ സഭകളിൽ

പെട്ട അനവധി കന്യകാമഠങ്ങൾ ഇന്നു കേരളത്തിൽ നെടുനീളം കാണാവുന്നതാണ്. സ്ത്രീവിദ്യാഭ്യാസം, ആതുരശുശ്രൂഷ, വനിതകളുടെ സാംസ്കാരികമായ ഉന്നമനം തുടങ്ങിയ വിവിധ രംഗങ്ങളിൽ ബഹുശതം കേരള ക്രൈസ്തവസന്യാസിനികൾ അനുഷ്ഠിച്ചുകൊണ്ടിരിക്കുന്ന നിസ്വാർത്ഥസേവനങ്ങളെ എത്രമാത്രം പ്രകീർത്തിച്ചാലും മതിയാവുകയില്ല.

# V

# വ്യക്തിമാഹാത്മ്യം

## I

### ഭക്തിനിഷ്ഠ

കഴിഞ്ഞ അദ്ധ്യായങ്ങളിൽ ചാവറ കുര്യാക്കോസ് അച്ചൻ സ്വസമുദായത്തിൻെറ ഉൽക്കർഷത്തിനുവേണ്ടി നടപ്പിൽവരുത്തിയ വിവിധപദ്ധതികളെപ്പററി നാം പഠിച്ചുകഴിഞ്ഞു. ഏതൊരു സമുദായനേതാവിനും അഭിമാനം കൊള്ളാവുന്ന നേട്ടങ്ങളാണ് അവ. ഒരു ശതാബ്ദംമുമ്പ് അദ്ദേഹം ആവിഷ്കരിച്ച പദ്ധതികൾ ഇന്നും അഭിനവത്വമോ, പ്രാധാന്യമോ നശിക്കാതെ നിലനില്ക്കുന്നു. വിദ്യാഭ്യാസം, പ്രസിദ്ധീകരണം, അധഃകൃതോദ്ധാരണം, അഗതിസംരക്ഷണം, ആദ്ധ്യാത്മിക ധ്യാനങ്ങൾ മുതലായവയ്ക്കു് സമുദായോദ്ധാരണ വിഷയകമായുള്ള പ്രാധാന്യം നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടാണിരിക്കുന്നതു്. അദ്ദേഹം ആസൂത്രണം ചെയ്തു നടപ്പിൽ വരുത്തിയ പദ്ധതികളോട്ട് അധികമൊന്നും കൂട്ടിച്ചേർക്

വാൻ പിന്നീടു വന്ന സമുദായനേതാക്കന്മാക്കാക്കുംതന്നെ സാധിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. അതിൻെറ കാരണം സ്വസമുദായത്തിൻെറ ഉൽക്കഷത്തിനു സഹായകമായ യാതൊരു മാഗ്ഗവും അദ്ദേഹത്തിൻെറ വിശാലമായ ഭാവനയിൽ ഉൾപ്പെടാതിരുന്നില്ല എന്നുള്ളതാണു്.

എന്നാൽ കുര്യാക്കോസച്ചൻ ഒരു സമുദായപരിഷ്ക്കത്താവു് മാത്രമായിരുന്നോ? അദ്ദേഹത്തിൻെറ യഥാത്ഥമഹത്വത്തിനു നിദാനമെന്താണു്? ആ കമ്മയോഗിയുടെ വിശ്രമരഹിതമായ മനുഷ്യസേവനത്തിന് പ്രചോദനം നൽകിയ ശക്തി എന്താണു്? ഈ ചോദ്യങ്ങൾക്കു് ഉത്തരം കണ്ടുപിടിക്കുവാൻ നാം അദ്ദേഹത്തിൻെറ ആന്തരികജീവിതത്തേ സൂക്ഷ്മമായി ഒന്നു പരിശോധിക്കേണ്ടിയിരിക്കുന്നു.

കുര്യാക്കോസച്ചൻ ക്രിസ്തീയഭക്തിമാഗ്ഗത്തിൽക്കൂടി ഈശ്വരസാക്ഷാത്കാരം പ്രാപിക്കുന്നതിനായി ജീവിതം ഉഴിഞ്ഞുവച്ച ഒരു പുണ്യാത്മാവായിരുന്നു. ബഹുവിധമായ സാമൂഹ്യപ്രവത്തനങ്ങളിൽ ഏപ്പെട്ടിരുന്ന ആ യതിവയ്യൻെറ ആത്മാവു് നിത്യവും ദൈവാഭിമുഖമായി വത്തിച്ചിരുന്നു. ദൈവത്തോടു് താദാത്മ്യം പ്രാപിക്കുന്നതിനുള്ള അഭിനിവേശംമൂലമാണു് അദ്ദേഹം പൗരോഹിത്യവും സന്യാസജീവിതവും കൈവരിച്ചതു്. ദൈവമായിരുന്നു അദ്ദേഹത്തിൻെറ ജീവിതകേന്ദ്രം. ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസവും, ദൈവപരിപാലനയിലുള്ള ദൃഢമായ ആശ്രയീഭാവവും, ദൈവത്തോടുള്ള തീക്ഷ്ണമായ സ്നേഹവുമായിരുന്നു അദ്ദേഹത്തിൻെറ ജീവിതത്തിനു പ്രചോദനം നൽകിയിരുന്നതു്. ഈ പ്രചോദനത്തിൻെറ ഫലമായിരുന്നു അദ്ദേഹത്തിൻെറ മനുഷ്യസ്നേഹവും, സമുദായോദ്ധാരണയത്നങ്ങളും. ചുരുക്കിപ്പറഞ്ഞാൽ കുര്യാക്കോസച്ചൻ ദൈവസേവനാനിഷ്ഠനായ ഒരു ക

മ്മയോഗിയായിരുന്നു. അദ്ദേഹത്തിൻെറ യഥാർത്ഥ മഹത്വം അതിലാണ് അടങ്ങിയിരിക്കുന്നത്.

മനുഷ്യജീവിതത്തിൻെറ ആദ്യവും അന്ത്യവും ദൈവമാകുന്നു എന്ന വിശ്വാസം കുര്യാക്കോസച്ചനിൽ രൂഢമൂലമായിരുന്നു. ആത്മാനുതാപം എന്ന കൃതിയിൽ പ്രകാശിതമായിരിക്കുന്ന ആശയങ്ങൾ അദ്ദേഹത്തിൻെറ ദൃഢമായ വിശ്വാസത്തെ തെളിയിക്കുന്നു. പ്രകൃതിയും സർവ്വചരാചരങ്ങളും അപരിമേയമായ ദൈവികമഹത്വത്തിൻെറ പ്രതിഫലനങ്ങളായി അദ്ദേഹം ദർശിക്കുന്നു. ദൈവചിത്തത്തിൽനിന്നുള്ള മനുഷ്യാത്മാവിൻെറ ഉത്ഭവത്തെയും, ദൈവത്തെ പ്രാപിക്കുന്നതുകൊണ്ട് നിസ്സാരനായ മനുഷ്യനു സിദ്ധിക്കുന്ന മഹത്വത്തെയും, അവനു ദൈവത്തോടുള്ള കടപ്പാടിനെയും 'ആത്മാനുതാപ'ത്തിൽ വിശ്വാസദാർഢ്യതയോടുകൂടി ചിത്രീകരിച്ചിരിക്കുന്നു. ജീവിതം ദൈവത്തേ ലക്ഷ്യമാക്കിയുള്ള ഒരു പ്രയാണമായിട്ടാണ് അദ്ദേഹം പരിഗണിച്ചിരുന്നത്. എത്രതന്നെ ഗുരുതരമായ സാഹചര്യങ്ങൾക്കും ഈ മാർഗ്ഗത്തിൽ നിന്ന് അദ്ദേഹത്തെ അണുമാത്രം വ്യതിചലിപ്പിക്കുവാൻ സാധിച്ചില്ല. മാതാപിതാക്കന്മാരുടെയും സഹോദരൻെറയും മരണംമൂലം സ്വകുടുംബത്തിനു നേരിട്ട അനാഥാവസ്ഥയോ, ബന്ധുജനങ്ങളുടെ സമ്മർദ്ദമോ അദ്ദേഹത്തിനു മാർഗ്ഗവിഘ്നം വരുത്തുന്നതായി നാം കാണുന്നില്ല. പ്രതിബന്ധങ്ങളെ എല്ലാം വിജയപൂർവ്വം തരണംചെയ്തുകൊണ്ട് ആ പ്രയാണം നിർബാധം തുടരുകതന്നെ ചെയ്യുന്നു.

കുര്യാക്കോസച്ചൻെറ ജീവിതം പ്രാർത്ഥനാനിഷ്ഠമായിരുന്നു. ആ ജീവിതംതന്നെ അവിച്ഛിന്നമായ ഒരു പ്രാർത്ഥനയായിരുന്നു എന്നു പറയാം. നിത്യവും ദൈവചിന്തയിൽ വ്യാപരിക്കുകയും ദൈവേഷ്ടം നിറവേററുക



പ്രിയോരുമാവ്.

യും ചെയ്യുന്ന ഒരാളിന്റെ ജീവിതം ഒരു മഹനീയമായ പ്രാൎത്ഥനയാകുന്നു. പ്രിയോരച്ചന്റെ പ്രാൎത്ഥന സ്ഥലകാലപരിഗണനകൾക്കു വിധേയമായിരുന്നില്ല. അദ്ദേഹം എവിടെവച്ചും, ഏതുസമയത്തും പ്രാൎത്ഥിച്ചിരുന്നു. ആശ്രമത്തിലെ ജീവിതക്രമത്തിൽ ദിവസവും വൈകിട്ട് ഒരു മണിക്കൂർനേരത്തെ ധ്യാനമുണ്ടായിരുന്നു. ഈ സമയം മുഴുവൻ പ്രിയോരച്ചൻ കണ്ണുനീർ ഒഴുക്കിക്കൊണ്ട് മുട്ടിന്മേൽത്തന്നെ ധ്യാനപരവശനായി കഴിച്ചിരുന്നു എന്ന് അദ്ദേഹത്തോടൊരുമിച്ചു ദീൎഘകാലം ആശ്രമജീവിതം നയിച്ചിരുന്ന ലൂയീസച്ചൻ തന്റെ കത്തുകളിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇങ്ങനെ ധ്യാനനിമഗ്നനായി നില്ക്കുന്ന സമയത്ത് പ്രിയോരച്ചനോട് അനുവാദം വാങ്ങുവാനായി ചെല്ലുന്നവർ ധ്യാനത്തിനു ഭംഗം വരുത്താതെ അദ്ദേഹത്തിന്റെ സ്കാപ്പുലർ മുത്തിക്കൊണ്ടു പോവുകയായിരുന്നു പതിവ്. ധ്യാനത്തിലുള്ള ഏകാഗ്രതനിമിത്തം പ്രിയോരച്ചന് സ്ഥലകാലബോധംതന്നെയും ഇല്ലാതായിരുന്നു. അദ്ദേഹത്തിന്റെ ഹൃദയവും മനസ്സും അപ്പോൾ പൂൎണ്ണമായി ദൈവത്തിൽ ലയിച്ചിരുന്നു. ധ്യാനത്തിനു നിശ്ചയിക്കപ്പെട്ടിരുന്ന സമയം കഴിയുമ്പോൾ സമീപമുള്ള ആരെങ്കിലുംചെന്ന് അദ്ദേഹത്തെ വിളിച്ചറിയിക്കും. അപ്പോൾ പാരവശ്യത്തിൽ നിന്നു വിമുക്തനായി അദ്ദേഹം ഒരു ജപം ചൊല്ലിക്കൊണ്ട് ധ്യാനം അവസാനിപ്പിക്കും.

കത്തോലിക്കാസഭയുടെ പരമാധികാരിയും ക്രിസ്തുവിന്റെ പ്രതിപുരുഷനുമായിരുന്ന മാർപ്പാപ്പായോടും പ്രിയോരച്ചൻ സവിശേഷമായ ഭക്ത്യാദരങ്ങൾ പ്രകടിപ്പിച്ചിരുന്നു. അദ്ദേഹത്തിൽ കുടികൊണ്ടിരുന്ന അന്യാദൃശമായ ദൈവവിശ്വാസത്തിന്റെ പ്രതിഫലനമായിരുന്നു ഇതു്. ചരിത്രപ്രസിദ്ധമായ ഫ്രെഞ്ചു വിപ്ലവത്തി

ന്റെ പ്രത്യാഘാതങ്ങൾമൂലം അന്ന് തിരുസ്സിംഹാസനം ഗുരുതരമായ ഒരു പ്രതിസന്ധിഘട്ടത്തെ നേരിട്ടുകൊണ്ടിരിക്കുകയായിരുന്നു. യൂറോപ്പിൽ നടന്നുകൊണ്ടിരുന്ന പരിവത്തനങ്ങളെ വലിയ ഉൽകണ്ഠയോടുകൂടിയാണ് പ്രിയോരച്ചൻ വീക്ഷിച്ചുകൊണ്ടിരുന്നതു്. തിരുസ്സഭയുടെ സുസ്ഥിതിക്കുവേണ്ടി അദ്ദേഹം കണ്ണീരോടുകൂടി പ്രാത്ഥിച്ചിരുന്നു. തന്നോടുകൂടി പ്രാത്ഥനയിൽ പങ്കുകൊള്ളുവാൻ സന്യാസികളെയും കന്യാസ്ത്രീകളെയും അദ്ദേഹം ഉൽബോധിപ്പിച്ചിരുന്നു. ഏതദ്‌വിഷയകമായി അദ്ദേഹം അയച്ചിരുന്ന കത്തുകൾ ഇന്നും മാന്നാനം ആശ്രമത്തിൽ സൂക്ഷിക്കപ്പെട്ടുന്നുണ്ട്. തിരുസ്സഭാപീഡനത്തെ സംബന്ധിച്ചുള്ള എന്തെങ്കിലും വാത്ത ലഭിക്കുവാനിടയായാൽ അവാച്യമായ ഖേദംനമിത്തം അദ്ദേഹം കരഞ്ഞിരുന്നു. അതുപോലെ തിരുസ്സഭയ്ക്കു് എന്തെങ്കിലും വിജയം സിദ്ധിച്ചു എന്നു കേട്ടാൽ സന്തോഷംകൊണ്ടും അദ്ദേഹം കരഞ്ഞുപോകുമായിരുന്നു. ഇങ്ങനെ സഭാമാതാവിന്റെ ആ വത്സലസന്താനം അവളുടെ സുഖദുഃഖങ്ങളിൽ ആവേശപൂവ്വം പങ്കുകൊണ്ടിരുന്നു.

പ്രിയോരച്ചന് ദൈവപരിപാലനയിലുണ്ടായിരുന്ന ആശ്രയീഭാവം വിസ്മയാവഹമായിരുന്നു. ദൈവകരങ്ങൾ തന്റെ സംരംഭങ്ങൾക്കു താങ്ങായിനിൽക്കുന്നു എന്ന ആഴമായ ബോദ്ധ്യം എല്ലായ്പ്പോഴും അദ്ദേഹത്തിനുണ്ടായിരുന്നു. പ്രത്യക്ഷത്തിൽ അസാദ്ധ്യമെന്നു തോന്നിയിരുന്ന പല മഹൽകാൎയ്യങ്ങളും വിജയപൂവ്വം നിവ്വഹിക്കുവാൻ അദ്ദേഹത്തിനു സാധിച്ചതു് ഇതുകൊണ്ടാണ്. ദൈവം ഒരിക്കലെങ്കിലും അദ്ദേഹത്തെ നിരാശനാക്കിയതുമില്ല. സഭയ്ക്കും സമുദായത്തിനും ഗുണകരമെന്ന് തോന്നിയ ഒരു പ്രസ്ഥാനമെങ്കിലും അദ്ദേഹം നടപ്പിൽ വരുത്താതിരുന്നിട്ടില്ല. കണ്ണുമടച്ചുകൊണ്ടു് അദ്ദേ

ഹം അതിലേക്ക പ്രവേശിക്കകയായി. അതിനുവേണ്ടി വരുന്ന പണത്തിൻെറ ഒരംശംപോലും കൈവശമില്ലെന്നുള്ളതുകൊണ്ടു് അദ്ദേഹം ക്ഷണനേരം സംശയിച്ചുനിന്നില്ല. 'ദൈവം നടത്തുമെന്നുള്ള' ദൃഢമായ വിശ്വാസം എപ്പോഴും അദ്ദേഹത്തെ നയിച്ചിരുന്നു. കേവലം 18 രൂപയോടുകൂടി സമാരംഭിച്ച കൂനമ്മാവുങ്കലെ മഠംപണി എട്ടുമാസംകൊണ്ടു് 8000 രൂപായോളം ചെലവുചെയ്തു അദ്ദേഹം പൂർത്തിയാക്കിയതായി നാം കണ്ടുവല്ലോ. മാന്നാനംകുന്നിൽ ആശ്രമം, ദേവാലയം, മുദ്രണാലയം മുതലായവ പണിതുകൊണ്ടിരുന്നകാലത്തു് ഒരുദിവസം അന്നത്തെ കൂലികൊടുക്കുവാനുള്ള വകപോലും പ്രിയോരച്ചൻെറ കൈവശമില്ലാതെവന്നു. പതിവുപോലെ അദ്ദേഹം ദിവ്യകാരുണ്യസന്നിധിയിൽ പ്രവേശിച്ചു് പരമകാരുണികനായ സർവ്വവല്ലഭനോടു കാര്യമുണർത്തിച്ചു. പ്രാർത്ഥനകഴിഞ്ഞു് അദ്ദേഹം പുറത്തേക്കു വന്നപ്പോൾ ഒരു മാന്യൻ 500 ചക്രം പ്രിയോരച്ചനു് സംഭാവന നൾകുവാനായി അവിടെ കാത്തുനിൽക്കുന്നു. ഒരാളെ അയച്ചാൽ 500 ചക്രംകൂടി കൊടുത്തയയ്ക്കാമെന്നുള്ള വാഗ്ദാനം നൾകിയശേഷമാണു് അയാൾ മടങ്ങിപ്പോയതു്.

ദൈവത്തിൽ പരിപൂർണ്ണമായി ആശ്രയിക്കുന്ന ആളുകൾ സദ്കൃത്യമങ്ങളിൽ അപകടശങ്കകൂടാതെ പ്രവേശിക്കുന്നു. ദൈവത്തെ അവരുടെ രക്ഷാകവചമായി കരുതുന്നതിനാൽ പല ഘട്ടങ്ങളിലും അവർ അത്ഭുതകരമായ ധീരത പ്രദർശിപ്പിക്കുന്നതായും കാണാം. റോക്കോസ് ശീശ്മയുടെ കാലത്തു് അപകടങ്ങൾ പ്രിയോരച്ചനെ വലയംചെയ്തിരുന്നു. എന്നാൽ അദ്ദേഹമാകട്ടെ അത്ഭുതാവഹമായ ആത്മധൈര്യത്തോടുകൂടി അവയെ നേരിടുകതന്നെ ചെയ്തു. പള്ളിപ്പുറത്തു വികാരിയായിരുന്ന

കാലത്തു് കഠിനമായ മസൂരി പിടിപെട്ട ഒരു രോഗിക്കു് അന്ത്യകൂദാശകൾ നൾകുവാനായി പ്രിയോരച്ചൻ പുറപ്പെട്ടപ്പോൾ ആളുകൾ അദ്ദേഹത്തെ സ്നേഹപൂർവ്വം വിലക്കി. എന്നാൽ 'ഇതെൻെറ കർത്തവ്യമാകുന്നു. ദൈവം എന്നെ കാത്തുകൊള്ളും' എന്നു പറഞ്ഞുകൊണ്ടു് അദ്ദേഹം രോഗിയുടെ പക്കലേക്കു പോവുകയാണു ചെയ്തതു്.

മററൊരവസരത്തിൽ ആശ്രമപ്പണിക്കുവേണ്ട തടികൾ ശേഖരിക്കുവാനായി അദ്ദേഹം പ്ലാശനാൽ അടുത്തുള്ള ഒരു വനപ്രദേശത്തേയ്ക്കു പോയി. കൂടെ ഒരു ഭൃത്യനുമുണ്ടായിരുന്നു. അവിടം ഭയങ്കരനായ ഒരു കരിങ്കോളിസർപ്പത്തിൻെറ വിഹാരരംഗമാണെന്നറിഞ്ഞിരുന്ന തദ്ദേശവാസികൾ പ്രിയോരച്ചൻെറ രക്ഷയെക്കരുതി തോക്കുകളും മററായുധങ്ങളുമായി പിന്നാലെ ചെന്നു. ഒടുവിൽ പ്രിയോരച്ചനെ അവർ കണ്ടുമുട്ടി. പക്ഷേ അവർ ദർശിച്ചരംഗം അവരെ അത്ഭുതസ്തബ്ധരാക്കിത്തീർത്തു. കരിങ്കോളി ഒരുഭാഗത്തു് ചീററിക്കൊണ്ടു ഫണം ഉയർത്തിനില്ക്കുന്നു. അടുത്തുതന്നെ പ്രിയോരച്ചനും ഭൃത്യനും പ്രാർത്ഥനാനിമഗ്നരായി മുട്ടിന്മേൽ നിൽക്കുന്നു. സഹായാർത്ഥം ചെന്ന ആളുകൾ ആ ഘോരസർപ്പത്തെ വെടിവച്ചു വീഴ്ത്തുന്നതുവരെ പ്രിയോരച്ചൻ ആ നിലയിൽ തന്നെ നിന്നിരുന്നു. ഈ സംഭവം അദ്ദേഹംതന്നെ ഒരു ധ്യാനപ്രസംഗമദ്ധ്യേ പറഞ്ഞതായി വിശ്വസ്തന്മാർ സാക്ഷ്യംവഹിക്കുന്നു.

പ്രിയോരച്ചൻെറ ആത്മാവു നിത്യവും ദൈവസ്നേഹത്താൽ ഉജ്ജ്വലിച്ചിരുന്നു. അദ്ദേഹത്തിൻെറ പ്രസംഗങ്ങളും, സംഭാഷണങ്ങളും, പ്രവൃത്തികളും അഗാധമായ ദൈവസ്നേഹത്തെ ദ്യോതിപ്പിക്കുന്നവയായിരുന്നു. അദ്ദേഹത്തിൻെറ അധരങ്ങളിൽ നിന്നോ തൂലികയിൽ നിന്നോ പുറപ്പെട്ടിരുന്ന ഓരോ വാക്കും ദൈവസ്നേ

ഹത്തെ ആവഹിച്ചിരുന്നു. ദൈവധ്യാനത്തിൽ ലയിച്ചിരുന്നപ്പോഴെല്ലാം അദ്ദേഹം സ്നേഹപരവശനായിത്തീന്നിരുന്നു. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ തൻെറ മനസ്സിൽക്കൂടി കടന്നുപോയിരുന്ന സ്നേഹാത്മകമായ ചിന്തകളെ അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്. ഈ ധ്യാനചിന്തകൾ ആത്മാവിൽനിന്നു നിർഗ്ഗമിക്കുന്ന രൂപത്തിൽത്തന്നെ അദ്ദേഹം കടലാസിലേക്കു പകൎത്തിയിരിക്കുകയാണ്. അവയെല്ലാംതന്നെ അകൃത്രിമവും, ആത്മാൎത്ഥത നിറഞ്ഞതും പരിശുദ്ധവുമായ സ്നേഹസല്ലാപങ്ങളാണ്. തന്നോടൊന്നിച്ചിരിക്കുന്ന ഒരു ആത്മസുഹൃത്തിനോടെന്നപോലെയാണ് ഈ സല്ലാപങ്ങളിൽ അദ്ദേഹം ദൈവത്തോടും വിശുദ്ധന്മാരോടും സംസാരിക്കുന്നതു്. ആവിലായിലെ വി. ത്രേസ്യയുമായി അദ്ദേഹംനടത്തിയിരുന്ന സ്നേഹസല്ലാപങ്ങൾ അത്യന്തം ഹൃദയാവൎജ്ജകങ്ങളാണ്. അവ വായിക്കുമ്പോൾ രണ്ടു പരിശുദ്ധഹൃദയങ്ങൾ ദൈവസ്നേഹത്തിൽ പരസ്പരം അലിഞ്ഞുചേൎന്ന് ഒന്നായിത്തീരുന്ന ഒരു പ്രതീതിയാണ് നമ്മിൽ ഉളവാകുന്നതു്.

ദൈവസ്നേഹത്തിൻെറ സമൃദ്ധിയിൽനിന്നു നിൎഗ്ഗമിക്കുന്ന വചസ്സുകൾക്കു മാത്രമേ പരഹൃദയങ്ങളിൽ തദനുരൂപമായ വികാരങ്ങളെ ഉൽപ്പാദിപ്പിക്കുവാൻ കഴിയൂ. പ്രിയോരച്ചൻെറ വാക്കുകൾ ദൈവസ്നേഹാഗ്നിയുടെ സ്ഫുലിംഗങ്ങളായിരുന്നു. ഹൃദയത്തിൻെറ സമ്പൂൎണ്ണതയിൽനിന്ന് അധരങ്ങൾ സംസാരിക്കുന്നു എന്ന തത്വം പ്രിയോരച്ചൻെറപ്രസംഗങ്ങളെ സംബന്ധിച്ചിടത്തോളം അക്ഷരംപ്രതി ശരിയായിരുന്നു. ദൈവികകാൎയ്യങ്ങളെപ്പററി പ്രസംഗിച്ചുകൊണ്ടു നിൽക്കവേ പലപ്പൊഴും അദ്ദേഹത്തിൻെറ ഭാവം പകരുകയും നയനങ്ങളിൽനിന്ന് അശ്രുധാര പൊട്ടിപ്പുറപ്പെടുകയും ചെയ്തി

രുന്നു. ശ്രോതാക്കളും പ്രസംഗകനോടൊപ്പം വികാര പരവശരായിത്തീരുകയും കരയുകയും ചെയ്തിരുന്നു എന്നു ദൃക്സാക്ഷികൾ പ്രസ്താവിക്കുന്നു. സ്വപാപങ്ങളെപ്പററിയുള്ള അനുതാപത്തിൻെറ സ്പന്ദനങ്ങൾ കൂടാതെ അദ്ദേഹത്തിൻെറ പ്രസംഗങ്ങൾ ശ്രവിക്കുവാൻ ആക്കം കഴിഞ്ഞിരുന്നില്ല.

ദിവ്യകാരുണ്യവും ദിവ്യാംബികയും അദ്ദേഹത്തിൻെറ സവിശേഷമായ ഭക്തിക്ക് വിഷയങ്ങളായിരുന്നു. ബാല്യംമുതൽക്കേ ദിവ്യകാരുണ്യത്തിൽ അദ്ദേഹത്തിൻെറ ഹൃദയവും ആത്മാവും ആകൃഷ്ടമായിരുന്നു. ചേന്നങ്കരിപ്പള്ളിയിൽ ബലിപീഠശുശ്രൂഷിയായിരുന്നപ്പോൾ മുതൽ ആരംഭിച്ച ദിവ്യകാരുണ്യഭക്തി നാൾക്കുനാൾ പ്രവൃദ്ധമായിത്തീരുകയും ഒടുവിൽ അതു ആ ദൈവോപാസകൻെറ ജീവസർവ്വസ്വമായിത്തീരുകയുംചെയ്തു. പള്ളിപ്പുറം സെമ്മിനാരിയിൽവച്ച് സതീത്ഥ്യരുടെ ഇടയിൽ ദിവ്യകാരുണ്യത്തിൻെറ പ്രേഷിതനായിട്ടാണ് അദ്ദേഹം വത്തിച്ചിരുന്നതു്. വൈദികനായതിനുശേഷം ദിവ്യകാരുണ്യത്തോടുള്ള ഭക്തി ദൃഢവും തീക്ഷ്ണവുമായ ഒരു ആത്മവ്യാപാരമായിത്തീൎന്നു. ദിവ്യബലി അപ്പിക്കുമ്പോൾ അദ്ദേഹത്തിൽ പ്രകടമായിരുന്ന ഭക്തിപ്രകഷം അവണ്ണനീയമായിരുന്നു. ദിവ്യകാരുണ്യസന്നിധിയിൽ പ്രവേശിച്ചുകഴിഞ്ഞാൽ ഉടൻ അദ്ദേഹം സ്നേഹപാരവശ്യത്തിൽ മുഴുകിപ്പോവുകയായി. ധ്യാനനിമഗ്നമായ ആ നില അക്കാലത്തു് എല്ലാവക്കും സുപരിചിതമായ ഒരു കാഴ്ചയായിരുന്നു. ദിവ്യകാരുണ്യഭക്തി ഈ നാട്ടിൽ പ്രചരിപ്പിക്കുന്നതിനായി അദ്ദേഹം നാല്പതുമണി ആരാധനക്രമം നടപ്പിലാക്കിയതും മററും മുൻ പ്രസ്താവിച്ചിട്ടുണ്ടല്ലോ.

ജനിച്ചനാൾ മുതൽ ദിവ്യജനനിയുടെ പ്രത്യേക

സംരക്ഷണത്തിനു പാത്രമായിരിക്കുവാനുള്ള ഭാഗ്യം അദ്ദേഹത്തിനു ലഭിച്ചു. വെച്ചൂർ പള്ളിയിലെ അടിമ വയ്പു മുതൽ ആരംഭിച്ച ആദ്ധ്യാത്മികമായ മാതൃ പുത്രബന്ധം ആജീവനാന്തം നിലനിൽക്കുകതന്നെ ചെയ്തു. പരിശുദ്ധ കന്യകയോടു പുത്രനിർവ്വിശേഷമായ സ്നേഹം അദ്ദേഹം മരണംവരെ അന്യൂനമായി പുലർത്തി ക്കൊണ്ടുപോന്നു. ദിവ്യാംബികയെ 'അമ്മ'യെന്നാണു പ്രിയോരച്ചൻ നിത്യേന സംബോധന ചെയ്തിരുന്നതു് എന്നു് ലെപ്പോൾഡ് മിഷ്യനറി രേഖപ്പെടുത്തുന്നു. 'അമ്മ' യുടെ അപദാനങ്ങൾ പ്രകീർത്തിക്കാത്ത ഒരു പ്രസംഗം പോലും അദ്ദേഹം ചെയ്തിട്ടില്ലെന്നു പറയാം. ആത്മാ നുതാപം എന്ന കൃതിയിൽ 'അമ്മ'യെപ്പററിയുള്ള ഭക്തിസംവർദ്ധകങ്ങളായ വർണ്ണനകൾ ഉടനീളം കാണാ വുന്നതാണു്.

കേരളത്തിൽ സ്ഥാപിതമായ പ്രഥമ സന്യാസ സഭ 'അമലോത്ഭവദാസസംഘ'മായിത്തീരുവാൻ ഹേതു ഭൂതൻ കുര്യാക്കോസച്ചനാണു്. പുതിയ സന്യാസസഭ ദോമിനിക്കൻ സഭയുടെ മാതൃകയിലായിരിക്കണമെന്നാ യിരുന്നു പാലയ്ക്കൽ മല്പാൻെറയും പോരൂക്കര മല്പാ ൻെറയും ആഗ്രഹം. മാന്നാനത്തു് ആദ്യമായി അവർ നടപ്പിലാക്കിയതും ദോമിനിക്കൻ രീതിയിലുള്ള ജീവി തക്രമമാണു്. എന്നാൽ ദൈവജനനിയുടെ പ്രത്യേക ഭക്തനായിരുന്ന കുര്യാക്കോസച്ചൻെറ പ്രേരണമൂലമാ ണു് അതു് അമലോത്ഭവദാസന്മാരുടെ സംഘമായി രൂപംപ്രാപിച്ചതു്. കാലാന്തരത്തിൽ അതു കർമ്മലീ ത്താ നിഷ്പാദുക മൂന്നാംസഭയായി പരിവർത്തനം പ്രാപി ക്കയുംചെയ്തു. ഈ സഭമുഖേന ദൈവമാതൃഭക്തി കേര ളത്തിൽ പ്രചരിപ്പിക്കണമെന്നുള്ളതായിരുന്നു കുര്യാ ക്കോസച്ചൻെറ തീക്ഷ്ണമായ ആഗ്രഹം. അദ്ദേഹ

ത്തിൻെറ പ്രതീക്ഷകൾ അഭിനന്ദനീയമാംവണ്ണം നിറ വേററിയിട്ടുണ്ടെന്നുള്ള ചാരിതാൎത്ഥ്യത്തിന് കൎമ്മലീത്താ സഭയ്ക്കു് തികച്ചും അവകാശമുണ്ടു്.

## II

## സുകൃതാഭ്യസനം

ഭക്തിയുടെ പ്രതിഫലനമാണു സുകൃതങ്ങൾ. തീക്ഷ്ണമായ ദൈവസ്നേഹം ഒരു വ്യക്തിയുടെ ആത്മാവിന് അനവദ്യമായ ഒരു പ്രത്യേക ഭാവത്തെ പ്രദാനംചെയ്യുന്നു. ഈ ഭാവവൈശിഷ്ട്യം അയാളുടെ ചിന്തയിലും, വാക്കിലും, പ്രവൃത്തിയിലും പ്രതിഫലിക്കുന്നു. ഇങ്ങനെ ദൈവസ്നേഹമാകുന്ന ശക്തികേന്ദ്രത്തിൽനിന്നു് ഉൽഭൂതമാകുന്ന ആത്മവ്യാപാരങ്ങളാണു് സുകൃതങ്ങൾ.

പുണ്യാത്മാക്കളുടെ ജീവിതം സുകൃതസുരഭിലമാണു്. ദൈവസ്നേഹത്തിൽ ദൃഢബദ്ധനായിരുന്ന ചാവറ അച്ചൻെറ ജീവിതവും സുകൃതങ്ങൾ നിറഞ്ഞതായിരുന്നു. ക്രിസ്തീയപരസ്നേഹത്താൽ പ്രചോദിതനായിരുന്ന അദ്ദേഹം മററു മനുഷ്യൎക്കു് നന്മചെയ്യുന്നതിൽ നിത്യവും വ്യാപൃതനായിരുന്നു. ദൈവസ്നേഹത്തിൻെറ പ്രതിഫലനമായിരുന്നു ഈ മനുഷ്യസ്നേഹം. 'അന്യന്മാൎക്കു വല്ല ഉപകാരവും ചെയ്യാത്ത ദിവസം നിൻെറ ആയുസ്സിൻെറ കണക്കിൽ കൂട്ടുന്നതല്ല' എന്നു് കുര്യാക്കോസച്ചൻതന്നെ 'ചാവരുളിൽ' നൽകിയിരിക്കുന്ന

ഉൽബോധനം സ്വജീവിതത്തിൽ അദ്ദേഹം അക്ഷ രംപ്രതി നിറവേററുകയുണ്ടായി. സാധുജനസംരക്ഷ ണത്തിനായി അദ്ദേഹം സമാരംഭിച്ച പദ്ധതികളെ പ്പററി ഇതിനുമുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലൊ. ആശ്രമ ങ്ങൾ സാധുക്കൾക്കു യഥാശക്തി ധർമ്മസഹായം ചെയ്യു ന്നതിൽ മററുള്ളവക്കു മാതൃകയായിരിക്കണമെന്നു് അ ദ്ദേഹം ഉൽബോധിപ്പിച്ചിരുന്നു. ഒരിക്കൽ കൂനമ്മാവി ൽനിന്നു മാന്നാനത്തു വന്നശേഷം 1000 ചക്രത്തിനു വസ്ത്രംവാങ്ങി പാവപ്പെട്ട സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കു മായി വിതരണംചെയ്യുവാൻ പ്രിയോരച്ചൻ കല്പിക്കുക യുണ്ടായി. ഭിക്ഷക്കാർ ഒരിക്കലും വെറുംകയ്യോടെ പോ കുവാൻ ഇടയാക്കരുതെന്നും, വേലക്കാക്കു് ന്യായമായ കൂലികൊടുക്കണമെന്നും, അതു കൊടുക്കുന്നതിൽ കാല താമസത്തിനിടയാകരുതെന്നു് അദ്ദേഹം ധനവാന്മാരെ അനുസ്മരിപ്പിച്ചിരുന്നു.

ശത്രുവിനെ സ്നേഹിക്കുക എന്ന ക്രിസ്തുനാഥൻെറ ധർമ്മോപദേശം അദ്ദേഹം പ്രത്യക്ഷരം നിറവേററി യിരുന്നു. തനിക്കു് ഉപദ്രവംചെയ്യുന്നവരോടു ക്ഷമി ക്കുക മാത്രമല്ല അവക്കു് ഉപകാരം ചെയ്യുന്നതിലും അ ദ്ദേഹം നിഷ്ഠയുള്ളവനായിരുന്നു. മുട്ടുചിറ ഇടവകക്കാ രനായ ഒരു ക്രിസ്ത്യാനി /മാന്നാനം ആശ്രമംവക കുറേ വസ്തുക്കൾ പാട്ടമായി അനുഭവിച്ചിരുന്നു. പാട്ടകുടിശ്ശിഖ ഈടാക്കുവാൻ അയാളുടെപേരിൽ വ്യവഹാരപ്പെടേണ്ടി വന്നു. അതിനു പ്രതിക്രിയയെന്നോണം അയാൾ പ്രി യോരച്ചനെ കക്ഷിചേത്തു് ഒരു കള്ളക്കേസ് കൊടുത്തു. കേസ് തള്ളപ്പെട്ടുപോയി എന്നുമാത്രമല്ല പ്രിയോരച്ചൻ ന്യായാധിപൻെറ സ്നേഹാദരങ്ങൾക്കു പാത്രീഭവിക്കുക കൂടിചെയ്തു. എന്നാൽ കേസുകൊടുത്തയാൾ ജനങ്ങളുടെ കഠിനമായ അവജ്ഞയ്ക്കു വിഷയമായിത്തീൎന്നു. പ്രി

യോരച്ചനാകട്ടെ തൻെറ മരണശാസനത്തിൽ അയാളെ പ്രത്യേകം അനുസ്മരിക്കുകയും 'മാന്നാനം കൊവേന്തക്കാർ അയാളുടെ കുടുംബത്തിനു കഴിയുന്ന ഉപകാരസഹായം ചെയ്യണം. ഇതിനാൽ കർത്താവിൻെറ ശിഷ്യക്കടുത്ത ഒന്നാമത്തെ മാതൃകയാകും' എന്ന് ആജ്ഞാപിക്കുകയുമാണ് ചെയ്തത്. 'നീരസങ്ങളെക്കുറിച്ച് പ്രകരം വീഴ്ചചെയ്‌വാൻ മൃഗങ്ങൾക്കുകൂടെയും ശക്തിയുണ്ട്. എന്നാൽ അവയെ സാരംവെയ്ക്കാതെ പൊറുക്കുന്നതു മഹാശക്തിയും വിവേകവും അവസ്ഥയും ഉള്ള ആളിനുമാത്രം കഴിയുന്നതാകുന്നു' എന്നാണ് അദ്ദേഹം ഉപദേശിച്ചിരുന്നത്.

സ്വസഹോദരങ്ങളുടെ ആത്മരക്ഷയിൽ പ്രിയോരച്ചനുണ്ടായിരുന്ന തീക്ഷ്ണമായ അഭിനിവേശവും അതിനുവേണ്ടി അദ്ദേഹം സഹിച്ച ത്യാഗങ്ങളും ക്രിസ്തീയ പരസ്നേഹത്തിൻെറ അത്യുൽകൃഷ്ടവും അതിസ്വാഭാവികവുമായ പ്രകടനമായിരുന്നു. ഒരു സഹോദരൻെറ ശാരീരികമായ ക്ലേശങ്ങൾ പരിഹരിക്കുന്നതിനേക്കാൾ മഹനീയമായ സേവനമാണ് അയാളുടെ ആത്മരക്ഷാമാർഗ്ഗം സുഗമമാക്കുന്നത്. റോക്കോസ്ശീശ്മമൂലം സംജാതമായ ആത്മീയവിപത്തിൽനിന്നും സ്വസമുദായത്തെ രക്ഷിക്കുവാൻവേണ്ടി അദ്ദേഹംചെയ്ത ധീരസേവനങ്ങൾ ക്രിസ്തീയസ്നേഹത്തിൻെറ അത്യുൽകൃഷ്ട മാതൃകയാണ്.

സഭയുടെ ഐക്യത്തിൽനിന്നു വ്യതിചലിച്ചുപോയ ഛിദ്മകാരികളോടു അദ്ദേഹം വൈരാഗ്യം പുലർത്തിയിരുന്നില്ല. അവരുടെ അപഥസഞ്ചരണത്തെ അദ്ദേഹം അനുകമ്പാപുരസ്സരം വീക്ഷിച്ചിരുന്നു. അനുതാപഗ്രസ്തരായി തിരിച്ചുവരുന്നവരെ അദ്ദേഹം പൈതൃകമായ സ്നേഹത്തോടുകൂടി സ്വീകരിച്ചിരുന്നു. നെസ്തോ

റിയൻ പാത്രിയക്കീസിൽനിന്ന മെത്രാൻപട്ടം സ്വീക രിച്ചു കുറേനാറം അലഞ്ഞുതിരിഞ്ഞശേഷം പശ്ചാത്ത പിച്ചു മടങ്ങിവന്ന തൊണ്ടനാട്ട് അന്തോനിക്കത്തനാരെ പ്രിയോരച്ചൻ എത്ര സ്നേഹപുരസ്സരമാണ് മാന്നാനം ആശ്രമത്തിൽ സ്വീകരിക്കുന്നത്. മെത്രാപ്പോലീത്താ യുടെ പക്കൽ പ്രിയോരച്ചൻ ചെയ്ത നിവേദനങ്ങളുടെ യും ശുപാൾകളുടെയും ഫലമായിട്ടാണ് ആ ധൂർത്തപു ത്രന് മാന്നാനം കൊവേന്തയിൽ അഭയം പ്രാപിക്ക വാൻ അനുവാദം ലഭിച്ചത്. ശീശ്മയുടെ അന്ത്യഘട്ട ത്തിൽ റോക്കോസിനോട്ട പ്രിയോരച്ചൻ പ്രദർശിപ്പിച്ച അനുകമ്പയേയും, ശീശ്മയിൽനിന്ന് അയാളെ പിന്തി രിപ്പിക്കുവാൻ ചെയ്ത പരിശ്രമങ്ങളെയുംപററി ഇതിന മുമ്പ് പ്രസ്താവിച്ചിട്ടുണ്ടല്ലോ.

പ്രിയോരച്ചൻ അഭ്യസിച്ചിരുന്ന മറെറാരു സുകൃ തമാണ് എളിമ. അധികാരശ്രേണിയിൽ എത്രമാത്രം ഉയന്നോ അത്രമാത്രം അദ്ദേഹം വിനയമനസ്കനമാ യിരുന്നു. അധികാരം അനുസരണത്തിൻെറ പര്യായ മായിട്ടാണ് ആ വിനയസമ്പന്നൻ പരിഗണിച്ചിരുന്നത്. സുറിയാനി വിഭാഗത്തിൻെറമേൽ എല്ലാ അധികാരങ്ങ ളും അദ്ദേഹത്തിന നൽകപ്പെട്ടിരുന്ന എങ്കിലും വരാപ്പു ഴയിലെ വൈദിക മേലദ്ധ്യക്ഷൻെറ ആജ്ഞകളെ അ ക്ഷരംപ്രതി അനുഷ്ഠിക്കുന്നതിൽ അദ്ദേഹം ബദ്ധശ്രദ്ധ നായിരുന്നു. മരണഹേതുകമായിത്തീന്ന രോഗം മൂർദ്ധ ന്യാവസ്ഥയിൽ എത്തിയപ്പോറം കൂനമ്മാവിൽനിന്ന മാന്നാനത്തേക്ക അദ്ദേഹത്തെ മാററിയാൽ രോഗത്തിന കുറേ ശമനംകിട്ടിയേക്കാമെന്ന് വിചാരിച്ചു പലരും അ ദ്ദേഹത്തോട്ട് ഔത്സുക്യപൂർവ്വം അഭ്യർത്ഥിച്ചു. അ പ്പോറം മെത്രാപ്പോലീത്തായും ലെയൊപ്പോൾഡ് മിഷ്യന റിയും യൂറോപ്പിന പോയിരിക്കയായിരുന്നു. തൻെറ

ഗുണകാംക്ഷികളോടു പ്രിയോരച്ചൻ ഇപ്രകാരമാണു പറഞ്ഞതു്. 'മെത്രാനച്ചനും, ലെപ്പോംദച്ചനും ഞാൻ ഇവിടെ താമസിക്കണമെന്നു് താല്പര്യമായി എന്നെ ചുമതലപ്പെടുത്തിയിരിക്കകൊണ്ടു് അവരിവിടെയില്ലാത്ത സമയം ഞാൻ അങ്ങോട്ടു പോരുന്നതിനു് എൻെറ മനഃസാക്ഷി സമ്മതിക്കുന്നില്ല'. മററുള്ളവരുടെ ആഗ്രഹങ്ങളെപ്പോലും ആജ്ഞകളായി കരുതി ആദരിച്ചിരുന്ന അദ്ദേഹത്തിൻെറ വിനയം അന്യാദൃശംതന്നെ.

ഹൃദയത്തിൻെറ എളിമ അദ്ദേഹത്തെ സംബന്ധിക്കുന്ന എല്ലാക്കാര്യങ്ങളിലും പ്രകടമായിരുന്നു. താമസിച്ചിരുന്ന മുറി തികച്ചും അനാഡംബരമായിരുന്നു. ലൂയീസച്ചൻെറ കത്തുകളിൽ ഈ മുറിയിലുണ്ടായിരുന്ന സജ്ജീകരണങ്ങളെ ഇപ്രകാരം വിവരിക്കുന്നു. "മുറിക്കകത്തു നിത്യപെരുമാററത്തിനുള്ള ക്രൂശും വെള്ളവും, നാലഞ്ചു പുസ്തകം മേശപ്പുറത്തു്, കട്ടിലും, മേശയും, ഒരു കസേരയും, കട്ടില സാധാരണ, മേക്കട്ടിയില്ല, വിരിയില്ല, ഒരു തലയിണ . . . ."

പ്രിയോരച്ചൻ നയിച്ചിരുന്ന സന്യാസജീവിതംതന്നെ നിരവധി സുകൃതങ്ങളുടെ ഒരു സമാഹാരമായിരുന്നു. അതേപ്പററി കൂടുതലായി അടുത്ത അദ്ധ്യായത്തിൽ. ഇങ്ങനെ ആത്മാവിനു തേജസ്സും, സൗന്ദര്യവും പ്രദാനംചെയ്യുന്ന അനവധി സുകൃതങ്ങളെ നമ്മുടെ കഥാനായകൻ സ്ഥിരനിഷ്ഠയോടുകൂടി അഭ്യസിച്ചുപോന്നു.

# III

## മാതൃകായോഗ്യനായ സന്യാസശ്രേഷ്ഠൻ

ചാവറ കുര്യാക്കോസച്ചൻ അനുഷ്ഠിച്ച കർമ്മയോഗത്തിലെ ഏററവും പ്രധാനമായ അംശം അദ്ദേഹത്തിൻെറ സന്യാസയജ്ഞമായിരുന്നു. സന്യാസസഭാസ്ഥാപനമായിരുന്നു അദ്ദേഹത്തിൻെറ ജീവിതദൗത്യം. തൻെറ ബഹുവിധമായ കർമ്മപരിപാടികളെല്ലാം സംവിധാനം ചെയ്തതും നടപ്പിൽ വരുത്തിയതും കേരളസുറിയാനി കർമ്മലീത്താസഭയുടെ പശ്ചാത്തലത്തിലും ആഭിമുഖ്യത്തിലുമാണ്. ആ പദ്ധതികളുടെ പുരോഗതിയും നിലനില്പും ആ സന്യാസസഭയിൽ അധിഷ്ഠിതമായിരുന്നു. കൂടാതെ വ്രതവാഗ്ദാനം ചെയ്തു സന്യാസജീവിതം കൈവരിക്കുന്ന ഒരു യതിക്ക് വ്രതാനുഷ്ഠാനം പരമപ്രധാനവും അലംഘനീയവുമായ ഒരു ആത്മീയകർത്തവ്യവുമാകുന്നു. അതിനാൽ ചാവറ കുര്യാക്കോസച്ചൻ ദൈവഹിതത്താൽ തൻെറ സംരക്ഷണത്തിൽ ഏല്പ്പിക്കപ്പെട്ടിരുന്ന സന്യാസസഭയുടെ ആദർശനിഷ്ഠമായ പുരോഗതിയിലാണ് സർവ്വപ്രധാനമായ ശ്രദ്ധപതിച്ചിരുന്നത്. അസംഖ്യങ്ങളായ കൃത്യാന്തരങ്ങളുടെ മദ്ധ്യേയും തൻെറ സന്യാസസഭയെയും തൻെറ ആത്മീയസന്താനങ്ങളെയും അദ്ദേഹം ഒരിക്കലും വിസ്മരിച്ചിരുന്നില്ല.

സന്യാസജീവിതം ക്രമാനുഷ്ഠാനത്തിൽ അധിഷ്ഠിതമായിരിക്കുന്നു. അംഗീകൃതമായ നിയമാവലിയും സഭാ

ശ്രേഷ്ഠന്മാരുടെ ആജ്ഞകളുമാണ് സന്യാസജീവിതത്തിന്റെ രക്ഷാകവചം. ഈ നിയമങ്ങൾ അന്യൂനമായി പാലിക്കുന്ന സഭകൾ അഭിവൃദ്ധിപ്പെടുന്നു. അല്ലാത്തവ കാലക്രമേണ ക്ഷയിക്കുകയും ചെയ്യുന്നു. അതിനാൽ ആരംഭംമുതൽക്കേ പ്രിയോരച്ചൻ തന്റെ സഭയിലെ ക്രമാനുഷ്ഠാനത്തിൽ വ്യഗ്രനിഷ്ഠനായിരുന്നു. പ്രിയോരച്ചൻ തന്റെ സഭാംഗങ്ങൾക്കായി അയച്ച ഒരു ലേഖനത്തിൽ ക്രമാനുഷ്ഠാനത്തേപ്പററിപ്പറയുന്ന ഭാഗം അതിശ്രദ്ധേയമാണ് "കൊവേന്തകളുടെ ഉറപ്പ് ചുമരുകളുടെ കനമല്ല. പിന്നെയോ അതിൽ പാക്കുന്നവരുടെ എരിവും പുണ്യവുമായിരിക്കുന്നു. എത്രയോ ദിക്കുകളിൽ ഇതിൽ അധികവും വലിയതുമായ കൊവേന്തകൾ ഉണ്ടായിരുന്നു. എങ്ങനെയെന്നു തിരിയുന്നില്ല, ഇപ്പോൾ ആ സ്ഥലങ്ങൾ കാടും ദുഷ്ടമൃഗങ്ങളുടെ വാസവുമായിരിക്കുന്നു."

ഏതദ്വിഷയകമായ മറെറാരു ലേഖനത്തിൽ പ്രിയോരച്ചൻ ഇപ്രകാരം ഉൽബോധിപ്പിക്കുന്നു. "നമ്മിൽ ഒരുത്തരും പട്ടിണികൊണ്ടും ലോകത്തിൽ പൊറുതിയില്ലാഞ്ഞിട്ടുമല്ല കൊവേന്തയിൽ കൂടിയതു്. നാം എല്ലാവരും ലോകത്തിൽ നിന്നിരുന്നെങ്കിൽ ലോകസുഖങ്ങളെ അനുഭവിപ്പാൻ വശമുണ്ടായിരുന്നു. തമ്പുരാനെക്കുറിച്ചു് നമ്മുടെ സമ്പത്തുക്കളും കാരണവന്മാരെയും ഉപേക്ഷിച്ചു. ഇനി നമ്മുടെ മടി ഉപേക്ഷയാലെ നാം തമ്പുരാനെയും ഉപേക്ഷിക്കുമെങ്കിൽ എത്രയോ അബദ്ധം എത്രയോ ഭ്രാന്തു്". ക്രമാനുഷ്ഠാനത്തിലുള്ള അനാസ്ഥയെ അദ്ദേഹം ഗൗരവമായി വീക്ഷിച്ചിരുന്നു എന്ന് ഈ ലേഖനങ്ങൾ വ്യക്തമാക്കുന്നു.

സഭാംഗങ്ങളെ ക്രമാനുഷ്ഠാന നിരതരാക്കുന്നതിന് ഉപദേശത്തേക്കാൾ മാതൃകയാണു കൂടുതൽ ഫലപ്രദ

മെന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നു. സഭാനിയമ ങ്ങൾ നിഷ്കൃഷ്ടമായി പാലിക്കുന്നതിൽ അദ്ദേഹം എല്ലാ വരിലും മുമ്പനായിരുന്നു. ളൂയിസച്ചൻെറ കത്തുകളിൽ പ്രിയോരച്ചൻെറ ക്രമാനുഷ്ഠാനനിഷ്ഠയെ താഴെക്കാണും പ്രകാരം ശ്ലാഘിച്ചിരിക്കുന്നു. "സഭയുടെ ക്രമാനുഷ്ഠാ നത്തിൽ എന്നും ഒരു നവസന്യാസിയായിരുന്നു. സഭ യെ സ്വന്തം അമ്മയെപ്പോലെ സ്നേഹിച്ചിരുന്നു. സ ഭ ദൈവം നമുക്കു തന്നിരിക്കുന്ന ഭൗമ്യപറുദീസാ ആ ണ് എന്നു കരുതി, ആ ഒരു ബോധം സഭാംഗങ്ങൾ എല്ലാവരിലും സ്ഥിരപ്പെട്ടിരിപ്പാൻ ശ്രമിച്ചിരുന്നു. ക്ലു ട്ട്ക്രമം ഒരിക്കലും ഒരു നേരമെങ്കിലും മുടക്കിയിട്ടില്ല."

പ്രിയോരച്ചൻ വാർദ്ധക്യത്തിലും രോഗാവസ്ഥ യിലും ക്രമാനുഷ്ഠാനത്തിന് ഒട്ടും ഭംഗം വരുത്തിയിരു ന്നില്ല. സഭയുടെ തപശ്ചര്യയിൽ അംഗങ്ങൾ ആഴ്ചയിൽ മൂന്നു പ്രാവശ്യം പരസ്യമായ ദണ്ഡനമേൽക്കണമെന്നു നിയമമുണ്ടായിരുന്നു. അവസാനംവരെയും പ്രിയോരച്ചൻ അതിനു മുടക്കം വരുത്തിയിരുന്നില്ല. മാത്രമല്ല 'അതി ന് ഈ കിഴവൻ ഒന്നാമനായിരുന്നു' എന്ന് ളൂയീസ ച്ചൻ രേഖപ്പെടുത്തിയിരിക്കുന്നു. സഭയിലെ പൊതു ഭക്ഷണക്രമം എല്ലാവൎക്കും എല്ലാപ്രായത്തിലും ഒരുപോ ലെ തൃപ്തികരമായി എന്നു വരുന്നതല്ല. എങ്കിലും എ ല്ലാവരും ഒരേ ഭക്ഷണം തന്നെ കഴിച്ചുകൊള്ളണമെന്നാ യിരുന്നു വ്യവസ്ഥ. വൃദ്ധസന്യാസികളുടെ കാൎയ്യത്തിൽ ചില വ്യത്യസ്തപരിഗണനകൾ അനുവദിച്ചിരുന്നു. എ ന്നാൽ പ്രിയോരച്ചനാകട്ടെ പ്രായാധിക്യത്തിലും പൊ തുഭക്ഷണശാലയിലെ വിഭവങ്ങൾകൊണ്ടു തൃപ്തി അടയു കയാണു ചെയ്തിരുന്നത്. അദ്ദേഹം വസിച്ചിരുന്ന മു റിയിലെ ലഘുവായ സജ്ജീകരണങ്ങളെപ്പററിയും മുൻ അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ടല്ലോ.

രോഗംനിമിത്തം അവശനായിരുന്നപ്പൊഴും അദ്ദേഹം ക്രമാനുഷ്ഠാനത്തിന് അല്പംപോലും അയവു വരുത്തിയില്ല. കഠിനമായ രോഗംമൂലം അദ്ദേഹത്തിന് ക്ഷീണവും തളച്ചയും വർദ്ധിച്ചുകൊണ്ടിരുന്നു. കട്ടിലിൽ കയറി കിടക്കുകയല്ലാതെ നിവൃത്തിയില്ലെന്നുവന്നു. എങ്കിലും ',വളരെ പ്രയാസപ്പെട്ട് അട്ടത്തമുറിവരെ നടന്നുചെന്ന് മൂപ്പച്ചനോട് അനുവാദം ചോദിച്ചുകൊണ്ടു മാത്രമെ കിടക്കുന്നതിനു മനസ്സായുള്ളു" എന്നു് കുനമ്മാവ് ആശ്രമത്തിലുണ്ടായിരുന്ന സന്യാസികൾ രേഖപ്പെടുത്തിയിരിക്കുന്നു. രോഗംമൂലം ശയ്യാവലംബിയായിരുന്നപ്പൊഴും ധ്യാനം മുതലായ അനുദിനകമ്മങ്ങൾക്ക് മുടക്കം വരുത്തിയില്ല. കാനോനനമസ്കാരം പുസ്തകത്തിൽ നോക്കി ചൊല്ലുവാൻ നിവൃത്തിയില്ലാതിരുന്നു എങ്കിലും മററുള്ളവരുടെ സഹായത്തോടുകൂടി അതും നിറവേററിയിരുന്നു.

ഇങ്ങനെ അവസാനനിമിഷംവരെയും അദ്ദേഹം ആശ്രമക്രമാനുഷ്ഠാനത്തിൽ മററുള്ളവക്ക് ഏററവും വിശിഷ്ടമായ മാതൃകയായിരുന്നു. മാത്രമല്ല, തൻെറ കീഴുള്ള സന്യാസിമാരെക്കൊണ്ട് ഈ ക്രമങ്ങൾ അനുസരിപ്പിക്കുന്നതിലും അദ്ദേഹം സദാ ശ്രദ്ധാലുവായിരുന്നു. സഭാശ്രേഷ്ഠന്മാരുടെ ദയവു നിമിത്തം ജീവിതക്രമത്തിനു നേരിട്ടേയ്ക്കാവുന്ന കോട്ടങ്ങളെയും :സഭയ്ക്കു വരാവുന്ന നാശങ്ങളെയുംപററി അദ്ദേഹം ബോധവാനായിരുന്നു. അങ്ങിനെ ശ്രേഷ്ഠന്മാരുടെ വിവേചനാരഹിതമായ നയം മൂലം സഭയ്ക്കു നാശം സംഭവിക്കാതിരിക്കുവാൻ പ്രത്യേകം സൂക്ഷിക്കണമെന്നും സഭാനിയമങ്ങളെ ലംഘിക്കുന്നവരെ 'ക്രമംപോലെയും കടം പോലെയും ശിക്ഷിപ്പാൻ' നിശ്ചയിച്ചിരിക്കുന്നു എന്നും അദ്ദേഹം ഗൗരവമായ മുന്നറിയിപ്പ് സഭാംഗങ്ങൾക്കു നൽകിയിരുന്നു.

ഒരു സന്യാസസഭയിലെ ശ്രേഷ്ഠന്റെ സ്ഥാനം ഒട്ടും അസൂയാർഹമായ ഒന്നല്ല. സഭയോടും ദൈവത്തോടും അദ്ദേഹത്തിനുള്ള ഉത്തരവാദിത്വങ്ങൾ ഘനമേറിയവയാണ്. സഭയിലെ അന്യൂനമായ ക്രമപാലനവും അംഗങ്ങളുടെ സുകൃതാഭിവൃദ്ധിയും, സർവ്വോപരി ശ്രേഷ്ഠന്റെ ഭരണനൈപുണ്യത്തെയും ജീവിതമാതൃകയേയും ആശ്രയിച്ചിരിക്കുന്നു. ക്രമാനുഷ്ഠാനമാർഗ്ഗം വളരെ ദുഷ്കരമായ ഒന്നാണ്. അതുകൊണ്ട് ശ്രേഷ്ഠൻ വളരെ കരുതലോടും ദൈവാശ്രയബോധത്തോടുംകൂടിവേണം ഈ മാർഗ്ഗത്തിൽകൂടി സഭയെ നയിക്കുവാൻ. അദ്ദേഹത്തിന്റെ ആജ്ഞകൾ സഭാംഗങ്ങളെ സംബന്ധിച്ചിടത്തോളം ദൈവഹിതത്തെ ആവഹിക്കുന്നവയാണ്. അവ അലംഘനീയങ്ങളുമാണ്. അതിനാൽ സഭാനാഥൻ ഓരോ കല്പനകൾ നൽകുമ്പൊഴും അത് ദൈവഹിതത്തിനു ചേർന്നതാണോ എന്ന് സശ്രദ്ധം പരിചിന്തിക്കേണ്ടിയിരിക്കുന്നു.

ഇക്കാര്യങ്ങളെല്ലാം മുൻനിറുത്തിക്കൊണ്ടാണ് കുര്യാക്കോസച്ചൻ തന്റെ സഭയെ ഭരിച്ചതു്. മററു് എല്ലാ കാര്യങ്ങളിലുമെന്നപോലെ സഭാസംബന്ധമായ കർത്തവ്യനിർവ്വഹണത്തിലും അദ്ദേഹം പൂർണ്ണമായി ദൈവത്തെയാണ് ആശ്രയിച്ചിരുന്നതു്. അദ്ദേഹത്തിന്റെ ജീവിതംതന്നെ ഒരു പ്രാർത്ഥനയായിരുന്നു എന്നു മേൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ദിവ്യകാരുണ്യ സന്നിധിയിൽ അദ്ദേഹം എല്ലായ്പ്പൊഴും അഭയംതേടിയിരുന്നു. സുകൃതാഭ്യസനത്തിലും, ക്രമാനുഷ്ഠാനത്തിലും അദ്ദേഹം ഏവർക്കും മാർഗ്ഗദർശിയുമായിരുന്നു.

സഭാംഗങ്ങളോടുള്ള അദ്ദേഹത്തിന്റെ സമീപനരീതി ശ്രദ്ധാർഹമാണ്. എല്ലാവരോടും അദ്ദേഹം ഒരു സ്നേഹസമ്പന്നയായ അമ്മയെപ്പോലെയാണ വർത്തിച്ചി

രുന്നതു്. മററുള്ളവരുടെ ആത്മീയവും ശാരീരികവുമായ ആവശ്യങ്ങഠം അവർ ചോദിക്കുന്നതിനായി കാത്തിരിക്കാതെ അദ്ദേഹംതന്നെ അന്വേഷിച്ചറിഞ്ഞു നിറവേററിക്കൊടുത്തിരുന്ന എന്നു് ലെയൊപ്പോൾഡ് മിഷ്യനറി പ്രസ്താവിക്കുന്നു. സഭയിലെ എല്ലാ നിലകളിലുമുള്ളവരുടെയും ദുഃഖത്തിലും സന്തോഷത്തിലും അദ്ദേഹം പങ്കാളിയായിരുന്നു. സന്യാസാത്ഥികളുടെ ആമോദത്തിൽ ഭാഗഭാക്കാകുവാനായി അദ്ദേഹം അവരോടൊരുമിച്ചു പലപ്പോഴും കളികളിൽ ഏപ്പെട്ടിരുന്നു. പ്രിയോരച്ചൻ വന്നു എന്നു കേഠംക്കുമ്പോഠം ആശ്രമവാസികളിൽ ഭയമല്ല, പിന്നയോ സ്നേഹവും ബഹുമാനവും സന്തോഷവുമാണു സംജാതമായിരുന്നതു്. അദ്ദേഹത്തിൻെറ കല്പനകളിൽ അധികാരഭാവം ലേശവും സ്ഫുരിച്ചിരുന്നില്ല. എല്ലാവരെയും തന്നിലേക്കാകഷിക്കത്തക്ക സൗമനസ്യവും, ശാന്തഭാവവും അദ്ദേഹത്തിൽ സദാ പ്രകടമായിരുന്നു.

മററു സ്ഥലങ്ങളിൽ ജോലിചെയ്തിരുന്ന സഭാംഗങ്ങളെ പലപ്പോഴും സന്ദശിക്കുകയും അവരുടെ ക്ഷേമം ഔൽസുക്യപൂവ്വം അന്വേഷിച്ചു പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. സ്വഭാവ വൈകല്യമുള്ളവരെ സ്നേഹമസൃണമായ സമീപനംകൊണ്ടു് അദ്ദേഹം നേർവഴിക്കു നടത്തിയിരുന്നു. എല്ലാവരെയും സഹായിക്കുന്നതിനും അവരുടെ ഭാരങ്ങഠം ലഘൂകരിക്കുന്നതിനും അദ്ദേഹം സദാ സന്നദ്ധനായിരുന്നു. ആരുടെയും ശക്തിയിൽ കവിഞ്ഞൊന്നും ആവശ്യപ്പെട്ടിരുന്നില്ല. ന്യായമായ കാര്യങ്ങഠം അദ്ദേഹം സസന്തോഷം അനുവദിച്ചിരുന്നു. അനിവാൎയ്യമായവയെ മധുരതരമാക്കുവാൻ അദ്ദേഹം ശ്രമിച്ചിരുന്നു.

മനസ്സാക്ഷിക്കു വിരുദ്ധമല്ലാത്തതും ക്രമാനുഷ്ഠാന

ത്തിന്നു ഹാനികരമല്ലാത്തതുമായ കാര്യങ്ങൾ എല്ലാം സ ന്തോഷപൂർവ്വം അനുവദിച്ചിരുന്നു. മററുള്ളവരുടെ വിഷ മതകളിൽ അദ്ദേഹം അനുകമ്പ പ്രദർശിപ്പിച്ചിരുന്നു. അദ്ദേഹത്തിൻെറ സ്നേഹവും, ദയയും, ശാന്തതയും, ക്ഷമ യും നിസ്സീമമായിരുന്നു. എന്നാൽ സന്യാസ ജീവിതാ ദർശങ്ങളും ക്രമാനുഷ്ഠാനവും പാലിക്കുന്നതിൽ അദ്ദേഹം സ്ഥിരനിഷ്ഠനമായിരുന്നു.

ഇങ്ങനെ 16 സംവത്സരക്കാലം കുര്യാക്കോസച്ചൻ കേരള സുറിയാനി കർമ്മലീത്താ സഭയെ ശ്രേയസ്കരമാം വണ്ണം ഭരിച്ചു. സഭയുടെ സുദീർഘമായ ചരിത്രത്തിലെ ഏററവും ഭാസുരമായ ഒരു സുവർണ്ണഘട്ടമായിരുന്നു അതു്.

# IV

## അന്തിമവത്സരങ്ങൾ

ചാവറ കുര്യാക്കോസ് ഏലിയാസച്ചൻെറ മഹ ത്തായ ജീവിതയജ്ഞം അതിൻെറ അനിവാര്യമായ അ ന്ത്യത്തിലേക്കു നീങ്ങിക്കൊണ്ടിരുന്നു. തൻെറ അനുദിന കർത്തവ്യങ്ങളിൽ അദ്ദേഹം ഊർജ്ജസ്വലനായി വ്യാപരി ച്ചിരുന്നു എങ്കിലും പ്രായാധിക്യംമൂലം ശാരീരികമായ ക്ഷീണം അദ്ദേഹത്തെ ബാധിച്ചുതുടങ്ങി.

1869 ആഗസ്റ്റ് മാസത്തിൽ അന്നു വരാപ്പുഴ മെ ത്രാനായിരുന്ന ലെയോനാർദ് ളൂയീസ് വത്തിക്കാൻ

സൂനഹദോസിൽ സംബന്ധിക്കുവാനായി റോമ്മയിലേക്കു യാത്രയായി. സുറിയാനി കമ്മലിത്താസഭയുടെ ഡെലഗാദായിരുന്ന ലെയോപ്പോൾഡ് മിഷ്യനറിയും അദ്ദേഹത്തെ അനുയാത്രചെയ്തിരുന്നു. തദവസരത്തിൽ വികാരിജനാളായ പീലിപ്പോസ് മിഷ്യനറിയെ പ്രൊ. വികാരി അപ്പസ്തോലിക്കാ ആയും ലെയോപ്പോൾഡ് പാദ്രിയുടെ ഇളയ സഹോദരനായ ജരാർദ് പാദ്രിയെ കൊവേന്തകളുടെ കാര്യാന്വേഷകനായും നിയമിക്കുകയുണ്ടായി. എന്നാൽ എല്ലാ കാര്യങ്ങളും പ്രിയോരച്ചന്റെ അഭിപ്രായംപോലെ നടത്തിക്കൊള്ളണമെന്നു മെത്രാൻ അവരോടു പ്രത്യേകം കല്പിക്കുകയുണ്ടായി.

യൂറോപ്പിലേക്കു പുറപ്പെടുന്നതിനുമുമ്പ് കൂനമ്മാവു് ആശ്രമം സന്ദർശിക്കണമെന്ന് പ്രിയോരച്ചൻ താല്പയ്യപൂർവ്വം അപേക്ഷിച്ചതനുസരിച്ച് ലെയോനാർദ് മെത്രാൻ അവിടെവന്നു. തദവസരത്തിൽ ആശ്രമംവകയായി അദ്ദേഹത്തിനു യാത്രാക്ഷേമം നേൎന്നുകൊണ്ടുള്ള ഒരു മംഗളപത്രം സമൎപ്പിക്കുകയുണ്ടായി. വൈദികമേലദ്ധ്യക്ഷന്റെ മറുപടി പ്രസംഗത്തിൽ എല്ലാ കാര്യങ്ങളും പ്രിയോരച്ചൻ ഭംഗിയായി നടത്തിക്കൊള്ളുമെന്നു പറഞ്ഞു് ആശ്രമസ്ഥന്മാരെ അദ്ദേഹം സമാശ്വസിപ്പിച്ചു. പ്രസംഗം കഴിഞ്ഞ ഉടനെ പ്രിയോരച്ചൻ തന്റെ ളോഹയുടെ പോക്കററിൽനിന്ന് ഒരു കടലാസ് വലിച്ചെടുത്തു വായിക്കുവാൻ തുടങ്ങി. 'അമ്മകന്നി' എന്ന താളത്തിൽ അദ്ദേഹം രചിച്ച ഒരു കവിതയായിരുന്നു അതു്. സ്വന്തം കാര്യങ്ങൾ നോക്കുന്നതിനുപോലും അശക്തനായ തന്റെമേൽ ഇത്രവലിയ ഭാരങ്ങൾ ചുമത്തുന്നതു സങ്കടമാണെന്നും, തന്റെ മരണസമയത്തു് തനിക്കു ആശ്രയമായിരിക്കുമെന്നു കരുതിയിരുന്ന തന്റെ ആത്മീയപിതാവായ ലെയോപ്പോൾഡ് പാദ്രിയെക്കൂടി

കൊണ്ടുപോകുന്നതു ഏററവും ദുഃഖഹേതുകമാണെന്നുമായിരുന്നു കവിതയുടെ സാരം. അതു വായിച്ചുകൊണ്ടിരുന്നപ്പോൾ പ്രിയോരച്ചൻെറ മുഖം പകന്നു, സ്വരം ഇടറി, കണ്ണുകൾ നിറയുകയുംചെയ്തു. അല്പനേരത്തേയ്ക്കു എല്ലാവരും ദുഃഖമൂകരായി ഇരുന്നു. മെത്രാൻ വീണ്ടും എല്ലാവരെയും ദൈവപരിപാലനയിൽ ഏല്പിച്ചു സമാശ്വസിപ്പിച്ചശേഷം യാത്രയായി.

ഏതാനും ദിവസം കഴിഞ്ഞപ്പോൾ ജരാർദച്ചൻ കൂനമ്മാവിലെ നവസന്യാസികളെ ചില ഇററാലിയൻ ചരിത്രപുസ്തകങ്ങൾ വായിച്ചുകേൾപ്പിക്കുവാൻ തുടങ്ങി. പ്രിയോരച്ചനും ഈ ചരിത്രകഥനം കേൾക്കുന്നതിൽ ഉത്സുകനായിരുന്നു. ഇതോടുകൂടി ഇററാലിയൻ ഭാഷ പഠിക്കുന്നതിൽ അദ്ദേഹത്തിന് അതിയായ താല്പര്യം ജനിക്കയാൽ, ആ ഭാഷ അറിയാമായിരുന്ന ഒരു ശെമ്മാശനെ സ്വന്തം മുറിയിൽ വരുത്തി പഠനം ആരംഭിച്ചു. അപ്പോൾ പ്രിയോരച്ചന് 64 വയസ്സ് പ്രായമായിരുന്നു.

ആയിടയ്ക്കു ലെയോനാർദ് മെത്രാനെ മെത്രാപ്പോലീത്താ ആയി ഉയർത്തിയതായും പരിശുദ്ധ കന്യകയുടെ അമലോത്ഭവം വിശ്വാസസത്യമായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നതായുമുള്ള സന്തോഷവാർത്തകൾ റോമ്മയിൽനിന്നു വന്നുചേർന്നു. പ്രിയോരച്ചൻെറ സന്തോഷം അവർണ്ണനീയമായിരുന്നു. അദ്വിതീയനായ ആ മരിയഭക്തന് അമലോത്ഭവപ്രഖ്യാപനവാർത്ത എത്ര ആമോദകരമായിരുന്നു എന്നു പറയേണ്ടതില്ലല്ലോ. ആ വർഷത്തെ അമലോത്ഭവത്തിരുനാൾ അഭൂതപൂർവ്വമായ ആഡംബരങ്ങളോടുകൂടി കൂനമ്മാവിൽ കൊണ്ടാടി. തിരുനാൾ ദിവസം പ്രിയോരച്ചൻ അമലോത്ഭവത്തിൻെറ വൈശിഷ്ട്യത്തെ അധികരിച്ച് സുദീർഘമായ ഒരു പ്രസംഗവും ചെയ്തു.

ഇതിനിടയ്ക്കു് ആനക്കല്ലുങ്കൽ (ഭരണങ്ങാനം) പള്ളിക്കാർ ശീശ്മയിൽനിന്നു വിട്ടുപിരിയുന്നതിനു സന്നദ്ധരായി പ്രിയോരച്ചൻെറ സാന്നിദ്ധ്യം അപേക്ഷിക്കുകയാൽ, പീലിപ്പോസ്, ജരാർദ് എന്നീ മിഷ്യനറിമാരാൽ അനുഗതനായി അദ്ദേഹം അങ്ങോട്ടേയ്ക്കുപോയി.

കിഴക്കൻദിക്കിൽ നിന്നു മടങ്ങി വന്നശേഷം വാതപ്പനി പിടിപെട്ട് അദ്ദേഹം കുറേദിവസം ശയ്യയിൽത്തന്നെ കഴിച്ചുകൂട്ടി. പനി ഒരുവിധം ശമിച്ചപ്പോൾ ചില വിശുദ്ധന്മാരുടെ ജീവചരിത്രം വായിക്കുന്നതിനുള്ള താല്പര്യംമൂലം വീണ്ടും ഇററാലിയൻ ഭാഷാപഠനം തുടങ്ങി. എന്നാൽ പ്രായാധിക്യത്തെ അവഗണിച്ചുകൊണ്ടുള്ള ഈ വായനയും പഠനവും മൂലം പ്രിയോരച്ചന് നേത്രരോഗം പിടിപെട്ടു. ശരീരത്തിന് അസാധാരണമായ ക്ഷീണവും തോന്നിയിരുന്നു. രോഗം ക്രമേണ വദ്ധിച്ച് കണ്ണിൻെറ കാഴ്ചയും നഷ്ടപ്പെട്ടു. വിവരം ഉടനെ മാന്നാനത്തറിയിച്ചു. അവിടെനിന്നു പ്രിയോരച്ചൻെറ അനന്തരവനായ ചാവറ യൗസേപ്പച്ചനും, കണ്ണുവൈദ്യം അറിയാമായിരുന്ന ഒരു ശമ്മാശനുംകൂടി കൂനമ്മാവിൽ എത്തി. ശമ്മാശൻെറ ചികിത്സകൊണ്ടു നേത്രരോഗത്തിനു യാതൊരു കുറവും ഉണ്ടായില്ല. ഈ അവസരത്തിലാണ് പ്രിയോരച്ചനെ മാന്നാനത്തേക്കു മാററുന്നതിനുള്ള നിർബ്ബന്ധമുണ്ടായതു്. എന്നാൽ ഈ സ്ഥലം മാററം ലെയോനാർദ് മെത്രാപ്പോലീത്തായുടെ ആഗ്രഹത്തിനു വിരുദ്ധമാകയാൽ അദ്ദേഹം അതിനു വിസമ്മതിച്ചു. മാന്നാനത്തുനിന്ന് ഒരു വിദഗ്ദ്ധനായ കണ്ണുവൈദ്യനും എറണാകുളത്തുനിന്നു ഒരു ഡോക്ടരുംവന്ന് ചില ചികിത്സകൾചെയ്തു. അതിൻെറ ഫലമായി കണ്ണിൻെറ കാഴ്ച വീണ്ടും ലഭിച്ചു. എങ്കിലും ശരീരക്ഷീണം

മൂലം പ്രിയോരച്ചൻ ശയ്യാവലംബിയായിത്തന്നെ കഴിഞ്ഞു.

രോഗശയ്യയിലും അദ്ദേഹം സന്ന്യാസക്രമാനുഷ്ഠാനത്തിനു യാതൊരു ലോപവും വരുത്തിയിരുന്നില്ല. കാനോനാനമസ്കാരവും മററും ആശ്രമവാസികളുടെ സഹായത്തോടുകൂടി മുടക്കംകൂടാതെ ചൊല്ലിയിരുന്നു. ആദ്ധ്യാത്മികഗ്രന്ഥങ്ങളും വിശുദ്ധന്മാരുടെ ജീവചരിത്രങ്ങളും അദ്ദേഹം തൻെറ വാത്സല്യഭാജനങ്ങളായ സന്ന്യാസിമാരെക്കൊണ്ടു വായിപ്പിച്ചു കേട്ടിരുന്നു. അടുത്തടുത്തുള്ള ദിവ്യകാരുണ്യസ്വീകരണം മുഖേന ആസന്നമായ അന്തിമസമരത്തിനുവേണ്ടി തൻെറ ആത്മാവിനെ അദ്ദേഹം സജ്ജമാക്കി. കാണാൻ ചെല്ലുന്നവരോടെല്ലാം സന്തോഷപൂർവ്വം സംസാരിക്കുകയും അവക്ക് ആവശ്യമായ സദുപദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. കണ്ണുകൾക്ക് അസഹ്യമായ വേദനയുണ്ടായിരുന്നു എങ്കിലും രോഗത്തെക്കുറിച്ചോ ശുശ്രൂഷാരീതിയെക്കുറിച്ചോ അദ്ദേഹം ഒരിക്കലും സങ്കടം പറഞ്ഞിരുന്നില്ല.

1870 നവംബർ 8-ാം തീയതി ലെയോനാർദ് മെത്രാപ്പോലീത്തായും ലെയോപ്പോൾദ് പാദ്രിയും മടങ്ങിയെത്തി. അപ്പോഴും പ്രിയോരച്ചൻ രോഗശയ്യയിലായിരുന്നു. ലെയോപ്പോൾദ് പാദ്രിയും കുര്യാക്കോസച്ചനുമായുള്ള കൂടിക്കാഴ്ച ഏററവും ഹൃദയസ്പൃക്കമായിരുന്നു. ആനന്ദാതിരേകത്താൽ ഇരുവരും അശ്രുധാര ഒഴുക്കിക്കൊണ്ട് പരസ്പരം ഗാഢമായി ആശ്ലേഷിച്ചു. അനന്തരം മറെറല്ലാവരെയും ആ മുറിയിൽനിന്നു പുറത്താക്കിയുംവച്ച് ആ പുണ്യാത്മാക്കൾ ഏകദേശം രണ്ടു മണിക്കൂറോളം രഹസ്യസംഭാഷണത്തിൽ കഴിച്ചുകൂട്ടി.

ഈ കാലത്ത് പ്രിയോരച്ചൻ താമസിച്ചിരുന്നത് കൂനമ്മാവു കൊവേന്തയുടെ കിഴക്കുവശത്തുള്ള ഒരു ബം

ഗ്ലാവിലായിരുന്നു. രോഗിയുടെ സുഖത്തെ ഉദ്ദേശിച്ച പ്രോ. വികാരി അപ്പസ്തോലിക്കായും മററും നിർബ്ബന്ധി ച്ചതിനാലാണു് പ്രിയോരച്ചൻ അതിനു സമ്മതിച്ചതു്. എന്നാൽ ആശ്രമക്കെട്ടിടത്തിൽനിന്നു മാറിയുള്ള താമ സം പ്രിയോരച്ചനു് ഉചിതമായും ഹിതകരമായും തോ ന്നുന്നില്ലെന്നുള്ള വിവരം അദ്ദേഹം ലെയോപ്പോൾഡ് മിഷ്യനറിയെ അറിയിച്ചപ്പോൾ രോഗിയെ ആശ്രമ ത്തിലേക്കു മാററുവാൻ അദ്ദേഹം ഏർപ്പാടുചെയ്തു. പ്രി യോരച്ചനെ ഒരു കസേരയിൽ ഇരുത്തി ആശ്രമത്തിലേ ക്കു എടുത്തുകൊണ്ടു പോരുന്നവഴിക്കു് ഒരു മുറിയിൽ ലെയോപ്പോൾഡ് മിഷ്യനറി യൂറോപ്പിൽനിന്നു കൊണ്ടു വന്നിരുന്ന വിശേഷസാധനങ്ങൾ എല്ലാം നിരത്തിവച്ചി രിക്കുന്നതായി കണ്ടു. അവയെ കാണിച്ചുകൊണ്ടു് പ്രി യോരച്ചനു് അതിൽ എന്തെല്ലാം വേണമെന്നു മിഷ്യ നറി സ്നേഹപൂർവ്വം ചോദിച്ചു. തൻെറ ആത്മമിത്രമാ യ ലെയോപ്പോൾഡച്ചൻ മടങ്ങിയെത്തി തമ്മിൽ കണ്ട തുകൊണ്ടു താൻ തൃപ്തിയടഞ്ഞിരിക്കുന്നു എന്നായിരുന്നു പ്രിയോരച്ചൻെറ മറുപടി. ഒടുവിൽ ഒരു കുല മുന്തിരി പ്പഴം മാത്രം സ്വീകരിക്കുവാൻ അദ്ദേഹം സമ്മതിച്ചു.

അടുത്ത ദിവസം ലെയോണാർദ് മെത്രാപ്പോലീ ത്താ പുതിയതായിവന്ന മൂന്നു മിഷ്യനറിമാരോടുകൂടി കൂനമ്മാവിൽ വന്നു് പ്രിയോരച്ചനെ സന്ദർശിച്ചു. തമ്മിൽ വീണ്ടും കാണാനിടയായതിൽ രോഗി ദൈവ ത്തോടു നന്ദി പ്രകാശിപ്പിച്ചു. മെത്രാപ്പോലീത്തായുടെ യും ലെയോപ്പോൾഡ് അച്ചൻെറയും പ്രത്യാഗമനത്തോടു കൂടി മനസ്സിൽനിന്നു് ഒരു വലിയ ഭാരം നീങ്ങിയതായി പ്രിയോരച്ചനു് അനുഭവപ്പെട്ടു. തൻെറ അന്ത്യം അത്ര വിദൂരമല്ലെന്നു മനസ്സിലാക്കിയ ആ പുണ്യാത്മാവു് പ്രാ ർത്ഥനധ്യാനാദികളിൽ ആത്മാവിനെ ആമഗ്നമാക്കിക്കൊ

ണ്ട് തൻെറ അന്ത്യയാത്രയ്ക്കുള്ള ഒരുക്കങ്ങൾ പൂർവ്വാധികം തീക്ഷ്ണതയോടുകൂടിചെയ്തു. തന്നെ സന്ദർശിക്കുവാൻ വരുന്നവർ ആദ്ധ്യാത്മിക കാര്യങ്ങളെപ്പററി മാത്രമെ സംസാരിക്കാവൂ എന്ന് പ്രിയോരച്ചൻെറതായ ഒരു വിജ്ഞാപനം മുറിയുടെ വാതിലിൽ പതിച്ചിരുന്നു.

## V

## നിത്യതയിലേയ്ക്കു്

1871 ജനുവരി 2-ാം തീയതി രാവിലെ പതിവുപോലെ അദ്ദേഹം പാപസങ്കീർത്തനം ചെയ്തശേഷം ദിവ്യകാരുണ്യം സ്വീകരിച്ചു. അന്ന് ഉച്ചകഴിഞ്ഞു പതിവില്ലാതെ ഒരു ഓക്കാനവും ഛർദ്ദിയും തുടങ്ങി. ബ്രദർ നിക്ലാവൂസ് അതിനുചെയ്ത പ്രതിവിധികളെല്ലാം നിഷ്ഫലമായതേയുള്ളു.

മരണം ആസന്നമായിരിക്കുന്നു എന്നു മനസ്സിലാക്കി തനിക്കു് അന്ത്യകൂദാശകൾ തരണമെന്നു പ്രിയോരച്ചൻ ആവശ്യപ്പെട്ടു. ആത്മീയപിതാവായ ലെയൊപ്പോൾദച്ചൻതന്നെ നൽകണമെന്ന അഭിലാഷവും പ്രിയോരച്ചൻ പ്രകടിപ്പിച്ചു. തൻെറ ആത്മബന്ധുവിൻെറ മരണം സുനിശ്ചിതമായിക്കഴിഞ്ഞു എന്നു ബോദ്ധ്യമായപ്പോൾ മുതൽ ആ സ്നേഹസമ്പന്നനായ മിഷ്യനറി ദുഃഖാർത്തനായി അടുത്ത മുറിയിൽ ഒരു കട്ടിലിന്മേൽ കിടന്നു കരയുകയായിരുന്നു. അന്ത്യകൂദാശകൾ

നൽകുവാൻ തനിക്കു കഴിവില്ല എന്നു അദ്ദേഹം പറഞ്ഞു. ഒടുവിൽ കൂനമ്മാവു കൊവേന്തയുടെ അന്നത്തെ വികാരിയായിരുന്ന വി. യോഹന്നാൻ ക്രൂസിൻെറ യൗസേപ്പച്ചൻ അന്ത്യകൂദാശകൾ നൽകണമെന്നു നിശ്ചയിച്ചു. ആ സമയത്തു മരണാസന്നനായ തങ്ങളുടെ പിതാവിൻെറ അന്ത്യശാസനം ശ്രവിക്കുന്നതിനും അനുഗ്രഹങ്ങൾ സ്വീകരിക്കുന്നതിനുമായി ആശ്രമസ്ഥരായ വത്സല സന്താനങ്ങൾ എല്ലാവരും ദുഃഖപരവശരായി രോഗശയ്യക്കു ചുററും മുട്ടുകുത്തിനിന്നിരുന്നു. താങ്ങാനാവാത്ത ഹൃദയവ്യഥമൂലം ചിലർപൊട്ടിക്കരഞ്ഞിരുന്നു. താൻ 16 സംവത്സരത്തോളം സ്നേഹിച്ചും ഉപദേശിച്ചും ആത്മീയപോഷണം നൽകിയും വളൎത്തിയിരുന്ന ആ സന്യാസഗണം അന്ത്യയാത്രപറയുവാനായി തൻെറ ചുററും കൂടിനിൽക്കുന്നതുകണ്ടു് ആർദ്രചിത്തനായിത്തീൎന്ന ആ കൎമ്മയോഗി തലനിവൎത്തി ശയ്യയിൽ ചാരി ഇരുന്നുകൊണ്ടു് അവരോടായി ഭക്തിപ്രചുരവും സ്നേഹനിർഭരവുമായ കുറേ വചസ്സുകൾ ഉച്ചരിച്ചു: "നിങ്ങൾ എന്തിനു ദുഃഖിക്കുന്നു. മാനുഷൻ ആരുതന്നെ ആയാലും എപ്പോഴെങ്കിലും മരിക്കണം. എനിക്കായിട്ടുള്ള സമയം ഇപ്പോൾ ആകുന്നു. ദൈവാനുഗ്രഹത്താൽ ഈ സമയം ഓൎത്തു എന്നാൽ പാടുള്ള ഒരുക്കങ്ങൾ കുറേനാൾ മുമ്പുതുടങ്ങി ഞാൻ ചെയ്യുവന്നു. ഭക്തിയുള്ള എൻെറ മാതാപിതാക്കന്മാർ ഈശോമറിയം യൗസേപ്പ് എന്ന മഹാകുടുംബത്തെ പലവിധത്തിൽ എന്നെ ഒപ്പിക്കുകയും ഇതുപോലെ (കട്ടിലിൻെറ അരികിൽ ഇരുന്നിരുന്നതും എപ്പോഴും കാണത്തക്കവിധം തൻെറ മേശയിൽ വച്ചിരുന്നതുമായ രൂപത്തെ കാണിച്ചുകൊണ്ടു്) എപ്പോഴും എൻെറ ഹൃദയത്തിൽ ഞാൻ കാക്കയും ഓൎക്കുകയും വണങ്ങുകയും ചെയ്യിരുന്നതിനാൽ അവരുടെ അനുഗ്രഹം എപ്പൊഴും എ

ന്നെ സംരക്ഷിക്കകൊണ്ട് മാമ്മോദീസായിൽ എനിക്കു കിട്ടിയ ദൈവഇഷ്ടപ്രസാദത്തെ നശിപ്പിക്കുന്നതിനിട യായിട്ടില്ല എന്ന് പറയുന്നതിന് ദൈവാനുഗ്രഹത്താൽ എനിക്കു ധൈര്യമുണ്ട്. നമ്മുടെ പാവപ്പെട്ട സഭയേയും അംഗങ്ങളായ നിങ്ങളെല്ലാവരെയും ഈ തിരുക്കുടുംബ ത്തിനു ഞാൻ പ്രതിഷ്ഠിക്കുന്നു..... ഞാൻ മരിക്കുന്നതി നെക്കുറിച്ചു നിങ്ങൾ ദുഃഖിച്ചു കലങ്ങേണ്ട. ദൈവതിരു മനസ്സിനു സന്തോഷത്തോടുകൂടി കീഴ്‌വഴങ്ങുവിൻ.'' തുടന്ന് ദിവ്യകാരുണ്യ ഭക്തിയിൽ നിഷ്ഠയുള്ളവരായി രിക്കണമെന്നും, എല്ലാവരും തമ്മിൽ തമ്മിൽ ദൃഢമാ യ സ്നേഹം പുലത്തണമെന്നും, സഭയിലെ ജീവിതക്രമ വും ശ്രേഷ്ഠന്മാരുടെ ആജ്ഞകളും അനുസരിക്കുന്നതിൽ ദൃഢവ്രതരായിരിക്കണമെന്നും അദ്ദേഹം ഹൃദയസ്പൃക്ക മാംവിധം ഉദ്ബോധിപ്പിച്ചു.

തന്റെ അന്ത്യോപദേശം അവസാനിപ്പിച്ച ഉട നെ 'ഒപ്പ്റൂശ്രുമാ' എന്നു അദ്ദേഹം പറഞ്ഞു. അപ്പോ ൾ ആശ്രമവികാരി 'പിതാവിന്റെ വാഴ്‌വ് ഇവിടെ നിൽക്കുന്ന ഞങ്ങൾക്കും സഭയിലുള്ള എല്ലാവക്കും തര ണ'മെന്നു അപേക്ഷിക്കയും പ്രിയോരച്ചൻ മുറപ്രകാര മുള്ള വാക്കുകൾ ഉച്ചരിച്ചുകൊണ്ട് കൈ ഉയത്തി എ ല്ലാവരെയും ആശീവ്വദിക്കയും ചെയ്തു. അതിന്റെശേ ഷം നിവന്നുകിടന്ന് സുബോധത്തോടുകൂടി അന്ത്യകൂദാ ശകൾ സ്വീകരിച്ചു.

പിന്നീട് അധികമൊന്നും സംസാരിച്ചിരുന്നില്ല. ഇടയ്ക്കിടെ ഓക്കാനവും ഛർദ്ദിയും ഉണ്ടായിക്കൊണ്ടിരു ന്നു. രാത്രി എട്ടുമണിക്ക് ചില ഔഷധങ്ങൾ കഴിച്ച തോടുകൂടി അതു നീങ്ങി. കുറേക്കഴിഞ്ഞപ്പോൾ മയ ക്കം വദ്ധിച്ചു വലിവുതുടങ്ങി. രാത്രി 12 മണിക്കുശേ ഷം യാതൊന്നും സംസാരിച്ചിട്ടില്ല.

ജനുവരി 3-ാംനു- രാവിലെ രോഗിക്കു കുറെ ആശ്വാസമുണ്ടെന്നു തോന്നുകയാൽ അച്ചന്മാരിൽ ചിലർ ദിവ്യബലി അപ്പിക്കുന്നതിനും നവസന്യാസികളും മററും ദിവ്യബലിയിൽ സംബന്ധിക്കുന്നതിനുമായി ദേവാലയത്തിലേക്കു പോയി. ഏഴരമണിയോടടുത്തു് ഒരു ഭാവപ്പകൎച്ച കണ്ടു. അല്പനേരത്തിനുള്ളിൽ അന്ത്യശ്വാസം വലിക്കയും ചെയ്തു.

പ്രിയോരച്ചൻ മരണമടഞ്ഞതു് 1871 ജനുവരി 3-ാം തീയതി ആണ്. അന്നു് അദ്ദേഹത്തിന് 65 വയസ്സും 10 മാസവും 25 ദിവസവും പ്രായമുണ്ടായിരുന്നു.

ഭക്തി, നന്മ, സ്നേഹം, ത്യാഗം എന്നിവയുടെ പരമമായ സിദ്ധികളാൽ സൎവ്വജനാരാദ്ധ്യനായിരുന്ന ചാവറ കുര്യാക്കോസച്ചൻെറ ചരമവൃത്താന്തം നാടെങ്ങും വ്യാപിച്ചതോടെ കേരളത്തിൻെറ നാനാഭാഗങ്ങളിൽനിന്നും ജനങ്ങൾ കൂനമ്മാവിലേക്കു പ്രവഹിച്ചുകൊണ്ടിരുന്നു. ജനുവരി 4-ാം തീയതിയാണ് ശവസംസ്കാരം നടത്തപ്പെട്ടതു്. അന്നു രാവിലെമുതൽ പരേതൻെറ ആത്മശാന്തിക്കായുള്ള കൎമ്മങ്ങൾ ഇടവിടാതെ നടന്നുകൊണ്ടിരുന്നു. കൂനമ്മാവു കൊവേന്തയുടെ പരിസരങ്ങളും സമീപസ്ഥലങ്ങളും ഒരു മനുഷ്യമഹാസാഗരമായി രൂപാന്തരപ്പെട്ടു എന്നു് ദൃക്സാക്ഷികൾ പറയുന്നു. പോരൂക്കര കുര്യാക്കോസച്ചൻെറയും ചാവറ യൗസേപ്പച്ചൻെറയും പ്രധാന കാൎമ്മികത്വത്തിൽ ഉച്ചയ്ക്കു മുൻപുതന്നെ സംസ്കാരച്ചടങ്ങുകൾ സമാരംഭിച്ചു. പ്രസിദ്ധ വാഗ്മിയായ തത്തമ്പള്ളി കാപ്പിൽ മത്തായിമറിയം അച്ചനാണ് ചരമപ്രസംഗം നടത്തിയതു്. "ഇന്നു മലയാളത്തിൻെറ കൊടി വീണിരിക്കുന്നു" എന്ന പ്രസംഗകൻെറ അൎത്ഥഗൎഭമായ വാക്കുകളും ദേവാലയത്തിൽനിന്നു പൊന്തിയ 'ദീനമണിസ്വനവും' കൂടി ശ്രോതാക്കളുടെ കണ്ണു



മാന്നാനം ആശ്രമവും ദേവാലയവും

ങ്ങളിൽ പതിച്ചതോടെ എല്ലാവരും പൊട്ടിക്കരഞ്ഞു പോയി. ഉച്ചയോടുകൂടി നമ്മുടെ കഥാനായകൻെറ ഭൗതികാവശിഷ്ടങ്ങൾ കൂനമ്മാവിൽ വി. ഫിലോമിനായുടെ ദേവാലയത്തിൻെറ വലിയ മദ്ബഹായ്ക്കു താഴെ സംസ്കരിക്കപ്പെട്ടു.

പരേതനെ ഒരു പുണ്യാത്മാവായി കരുതി ബഹുമാനിച്ചിരുന്ന ജനങ്ങൾ ശവകുടീരത്തിൽ അനുസ്യൂതം പ്രാൎത്ഥനകൾ അൎപ്പിക്കുകയും ചെയ്തിരുന്നു.

1889-മേയ് 24-ാം തീയതി കുര്യാക്കോസച്ചൻെറ പൂജ്യാവശിഷ്ടങ്ങൾ മാന്നാനം ആശ്രമദേവാലയത്തിൽ മദ്ബഹായുടെ മുൻവശത്ത് അഴിക്കു താഴെയായി മുറപ്രകാരമുള്ള ശേഷക്രിയകളോടുകൂടി സാഘോഷം നിക്ഷേപിക്കപ്പെട്ടു.

1871 ഫെബ്രുവരി 22-ാംനു- പോരൂക്കര കുര്യാക്കോസ് ഏലീശാ അച്ചൻ കേരള കൎമ്മലീത്താസഭയുടെ ദ്വിതീയ മേലദ്ധ്യക്ഷനായി നിയമിക്കപ്പെട്ടു. "ഏലീശാ ദീൎഘദൎശി ഏലിയാ ദീൎഘദൎശിക്കെന്നതുപോലെ ഏലീശാ കുര്യാക്കോസ് ഏലിയായ്ക്കു് അനുരൂപനായ അനന്തരീയനായിരുന്നു" എന്നതു് ചരിത്രകാരന്മാരുടെ ഏകകണ്ഠമായ അഭിപ്രായമാകുന്നു.

# VI

## ആദരോപഹാരം

സമുദായോദ്ധാരകൻ, വിശ്വാസസംരക്ഷകൻ, മാതൃകാവൈദികൻ, സന്യാസസഭാസ്ഥാപകൻ, സാഹിത്യോപാസകൻ, എന്നീ നിലകളിൽ ചാവറ കുര്യാക്കോസച്ചൻ ഏവരുടെയും സ്നേഹാദരങ്ങൾ സമാർജ്ജിച്ചിരുന്നു. എന്നാൽ സമകാലികന്മാരുടെയും അനന്തരതലമുറകളുടെയും ദൃഷ്ടിയിൽ അദ്ദേഹത്തെ ആരാധ്യനാക്കിത്തീർത്തു് അദ്ദേഹം അന്യാദൃശനായ ഒരു പുണ്യാത്മാവായിരുന്നു എന്ന സാർവ്വജനീനമായ വിശ്വാസമാണ്. ജാതിമതഭേദമോ സ്ഥാനഭേദമൊ കൂടാതെ എല്ലാവരും ഈ വിശ്വാസത്തിൽ ഭാഗഭാക്കുകളായിരുന്നു. അദ്ദേഹത്തോട് അടുത്തു പെരുമാറേണ്ടിവന്നിട്ടുള്ള വിവിധനിലകളിലുള്ള ആളുകൾ ഒരു പുണ്യാത്മാവെന്നനിലയിൽ അദ്ദേഹത്തിൽ അർപ്പിച്ച ആദരോപഹാരങ്ങളാണ് ഈ അദ്ധ്യായത്തിലെ പ്രതിപാദ്യം.

പ്രിയോരച്ചനോട് സഭാഭരണസംബന്ധമായും മററും അനുദിനമെന്നവണ്ണം അടുത്തബന്ധം പുലത്തുകയും അദ്ദേഹത്തിൻെറ മഹത്വത്തിൻെറ മാററ് സൂക്ഷ്മമായി അറിയുകയും ചെയ്തിട്ടുള്ള ഒരു ദേഹമാണ് ബെർണ്ണർദീനോസ് മെത്രാപ്പോലീത്താ. അദ്ദേഹം പ്രിയോരച്ചനെ ഒരു പരിശുദ്ധനായി പരിഗണിക്കുകയും തദനുയോജ്യമായ ആദരവ് അദ്ദേഹത്തോട് പ്രദശിപ്പിക്കുകയും

ചെയ്തിരുന്നതായി സമകാലികന്മാർ പ്രസ്താവിക്കുന്നു. മിഷ്യനറിമാരും ഈ വിധത്തിൽ പ്രിയോരച്ചനോടു പെരുമാറണമെന്ന് അദ്ദേഹം നിഷ്കൃഷിച്ചിരുന്നു. യൂറോപ്പിൽനിന്നു പുതുതായി വന്നുചേരുന്ന മിഷ്യനറിമാരോട് പ്രിയോരച്ചനെപ്പററി മെത്രാപ്പോലീത്താ ഇപ്രകാരം പറഞ്ഞിരുന്നു. 'നിങ്ങൾ അവനെക്കണ്ടോ? അവനാണ് ഇന്ന് മലയാളം ഭരിക്കുന്നത്.' അവർ പ്രിയോരച്ചനെ ചെന്നുകണ്ടു് ആദരങ്ങൾ പ്രകടിപ്പിക്കണമെന്നു അദ്ദേഹത്തിനു നിർബ്ബന്ധമായിരുന്നു.

ഒരിക്കൽ മെത്രാപ്പോലീത്താ പ്രിയോരച്ചനെ കാണ്മാനായി അദ്ദേഹത്തിന്റെ മുറിയിൽ ചെന്നു. അവിടെ ഒരു കസേരമാത്രമെ ഉണ്ടായിരുന്നുള്ളു. പ്രിയോരച്ചനെ ആ കസേരയിൽ ആസനസ്ഥനാക്കിയിട്ടു് മെത്രാപ്പോലീത്താ ഒരു പെട്ടിപ്പുറത്ത് ഇരിക്കുകയാണു ചെയ്തതു്. തോപ്പിൽ അമ്പ്രോസീസ് അച്ചൻ ഈ സംഭവത്തിനു ദൃക്സാക്ഷിയാണ്. അധികാരംകൊണ്ടു് പ്രിയോരച്ചനെക്കാൾ സമുന്നതനായ ബർണ്ണർദീനോസ് മെത്രാപ്പോലീത്തായ്ക്കു് വ്യക്തിപരമായി അദ്ദേഹത്തോടുണ്ടായിരുന്ന അതിരററ ആദരവിനെ ഈ സംഭവം തെളിയിക്കുന്നു.

ഏതദ്ദേശീയ സന്ന്യാസസഭയുടെ കാനോനികസ്ഥാപനം നടന്ന അവസരത്തിൽ മെത്രാപ്പോലീത്തായുടെ പ്രതിപുരുഷൻ എന്ന നിലയിൽ പ്രധാന കാർമ്മികനായിരിക്കയും പിന്നീടു് സുറിയാനിക്കാരുടെ മെത്രാനായി നിയമിക്കപ്പെടുകയും ചെയ്ത മർസ്ലീനോസ് മെത്രാൻ പ്രിയോരച്ചന്റെ സുകൃതാഭിവൃദ്ധിയെ അഭിനന്ദിച്ചുകൊണ്ടു് ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു "ഈ ദേഹം (കുര്യാക്കോസച്ചൻ) മാത്രം മാന്നാനത്തിലുണ്ടായ പുഷ്പമാകുന്നു എന്നുവെച്ചാലും തോമ്മാമല്പാന്റെയും പോരൂ

ക്കരെ വലിയ അച്ചന്റെയും വേലകൾക്ക് തക്കഫലം കിട്ടി എന്ന് ന്യായമായിട്ടു പറയുകയുമാം." 'മാന്നാന ത്തെ പുഷ്പം' എന്ന അലങ്കാരപ്രയോഗം അദ്ദേഹത്തി ന്ന പ്രിയോരച്ചന്റെ ആത്മപരിശുദ്ധിയെപ്പററി എത്ര മതിപ്പുണ്ടായിരുന്നു എന്നു സ്പഷ്ടമാക്കുന്നു.

ലെയൊപ്പോൾഡ് മിഷ്യനറി പ്രിയോരച്ചന്ന സമ ർപ്പിക്കുന്ന ഉപഹാരങ്ങൾ ഏററവും വിലയേറിയവയാ ണ്. പ്രിയോരച്ചന്റെ ആത്മീയപിതാവും, ചിരകാ ലമിത്രവും, പുണ്യാത്മാവുമായിരുന്ന ലെയൊപ്പോൾഡ് മിഷ്യനറിക്ക് പ്രിയോരച്ചന്റെ വിശുദ്ധിയെപ്പററി മ ററാരെയുംകാൾ സൂക്ഷ്മമായി അറിയാമായിരുന്നു. കൂനമ്മാവിലെ നവസന്യാസികൾക്ക് ഏററവും വിശിഷ്ട മാതൃകയായി അദ്ദേഹം ചൂണ്ടിക്കാണിച്ചിരുന്നതു പ്രി യോരച്ചനെയാണ്.

പ്രിയോരച്ചനെ സംസ്കരിച്ച് കുറെ ദിവസം ക ഴിഞ്ഞപ്പോൾ മൃതശരീരം അഴിയുകയില്ല എന്ന വി ശ്വാസത്താൽ പ്രേരിതനായി ലെയൊപ്പോൾഡ് മിഷ്യ നറി കവറിടം തുറപ്പിച്ചുനോക്കുകയുണ്ടായി. എന്നാൽ ശരീരം അഴിഞ്ഞു പോയതായിട്ടാണു കണ്ടതു്. പ്രിയോ രച്ചന്റെ ആത്മസ്ഥിതിയെപ്പററി സൂക്ഷ്മജ്ഞാനമുള്ള അദ്ദേഹത്തിന്റെ 'കുമ്പസാരക്കാരനാ'യിരുന്ന ലെ യൊപ്പോൾഡ് മിഷനറി എന്ന വസ്തുതയും പ്രത്യേകം പരിഗണനാർഹമാണ്.

കൂടാതെ പ്രിയോരച്ചന്റെ മരണശേഷം അദ്ദേഹ ത്തിന്റെ മരണശാസനത്തിന്റെ ഓരോ പകപ്പും അ ദ്ദേഹം ഉപയോഗിച്ചിരുന്ന ഉടുപ്പുകളുടെയും മററു സാ ധനങ്ങളുടെയും ഓരോ അംശവും ലെയൊപ്പോൾഡ് മി ഷ്യനറി എല്ലാ ആശ്രമങ്ങളിലേക്കും അയച്ചുകൊടുക്കുക യുണ്ടായി. ഒരു പുണ്യാത്മാവിന്റെ വിശുദ്ധാവശിഷ്ട

ങ്ങളെന്നവണ്ണം അവ ആശ്രമങ്ങളിൽ ഭദ്രമായി സൂക്ഷിക്കപ്പെട്ടുകയും ചെയ്തു.

പ്രിയോരച്ചൻെറ ശിഷ്യന്മാരായ ഇടവകവൈദികർ അദ്ദേഹത്തെ എത്ര ആരാദ്ധ്യനായിക്കരുതിയിരുന്നു എന്ന് ളൂയീസച്ചൻെറ കത്തുകളിൽനിന്നു വിശദമാകുന്നു. "പട്ടക്കാർക്ക് അദ്ദേഹത്തിൻെറനേരെ ദേവനെപ്പോലെ വണക്കമായിരുന്നു. മാന്നാനം സെമ്മിനാരിയിൽ ചെന്നാൽ പിന്നെ അവർക്കു മിണ്ടാട്ടമില്ല." പാലാക്കുന്നേൽ വലിയ യാക്കോബ് അച്ചൻ പറയുന്നതു് 'പ്രിയോരച്ചനെ കണ്ടാൽ ഒരു മാലാഖയെന്നേ'തോന്നുകയുള്ളു എന്നാണ്.

പ്രിയോരച്ചൻ ജീവിച്ചിരുന്ന കാലത്തുതന്നെ അദ്ദേഹത്തെ ഒരു വിശുദ്ധനായി കരുതിയിരുന്ന ചില വത്സലശിഷ്യന്മാർ ഭാവിയിൽ വണക്കത്തിനു വിഷയമാകുമെന്നുള്ള ദൃഢമായ വിശ്വാസത്തോടുകൂടി അദ്ദേഹത്തിൻെറ ചില പൂജ്യാവശിഷ്ടങ്ങൾ എടുത്തു സൂക്ഷിച്ചിരുന്നു. ഒരു ദിവസം പ്രിയോരച്ചൻ പട്ടംവെട്ടിച്ചുകൊണ്ടിരുന്നപ്പോൾ ശിഷ്യനായ മുട്ടത്തുപാടത്തു വർക്കി അച്ചൻ "തിരുശ്ശേഷിപ്പായി വണങ്ങുന്നതിനു ദൈവം അനുവദിക്കുന്ന കാലത്തു് ഉണ്ടായിരിപ്പാൻവേണ്ടി ഞാൻ ഇതു സൂക്ഷിക്കുന്നു" എന്നു പറഞ്ഞു കുറെ മുടി എടുത്തു് ഒരു അരുളിക്കയിൽ അടക്കംചെയ്തു ഭദ്രമായി സൂക്ഷിച്ചിരുന്നു. പ്രിയോരച്ചൻ അതിനു് 'വിരോധം പറഞ്ഞു' എങ്കിലും ഭക്ത്യാതിരേകംകൊണ്ടു് ശിഷ്യൻ തൻെറ ഉദ്യമത്തിൽനിന്നു പിന്മാറിയില്ല. പിന്നീടു് വർക്കി അച്ചൻ ഈ പൂജ്യവസ്തുവിനെ തൻെറ അനന്തരവനായ യൗസേപ്പച്ചൻെറ സൂക്ഷത്തിൽ ഏല്പിച്ചു. അദ്ദേഹം അതു് 1937 ജൂൺ മാസത്തിൽ കേരള കർമ്മലീത്താസഭയ്ക്കായി ദാനം ചെയ്യുകയും ചെയ്തു.

ജനസാമാന്യം പ്രിയോരച്ചനെ ഒരു പുണ്യവാനായിട്ടാണ് പരിഗണിച്ചുപോന്നത്. അദ്ദേഹം എവിടെ ചെന്നാലും ആ പുണ്യപുരുഷനെ ഒരു നോക്കു കാണുവാനും അദ്ദേഹത്തിൻെറ പ്രസംഗം കേൾക്കുവാനുമായി അസംഖ്യം ആളുകൾ കൂടുക സാധാരണയായിരുന്നു. ആനക്കല്ലുങ്കൽ ഇടവകയിൽ 'പട്ടവാദൊ'സംബന്ധിച്ചുണ്ടായ ഛിദ്രം ദീർഘകാലത്തേക്കു തുടൎന്നുകൊണ്ടിരുന്നു. സമാധാനം പുനസ്ഥാപിക്കുവാനുള്ള എല്ലാ ശ്രമങ്ങളും പരാജയമടഞ്ഞപ്പോൾ ഇടവക പ്രമാണികൾ പ്രിയോരച്ചൻെറ മാദ്ധ്യസ്ഥംതേടി. "പ്രിയോരച്ചൻ ഒന്നു വരികമാത്രം ചെയ്യട്ടെ, എല്ലാം സമാധാനമാകും" എന്നായിരുന്നു അവരുടെ ദൃഢമായ വിശ്വാസം. അദ്ദേഹംചെന്നു, എല്ലാം ശാന്തമാവുകയും ചെയ്തു.

ഒരു ഇടവകപ്പള്ളിയിലെ തിരുനാളാഘോഷത്തിൽ പ്രിയോരച്ചനും സംബന്ധിച്ചിരുന്നു. രാത്രി അത്താഴം കഴിഞ്ഞപ്പോൾ പ്രിയോരച്ചനോട് തിരുനാൾ പ്രസംഗം ചെയ്യണമെന്നഭ്യൎത്ഥിക്കുവാനായി ഭാരവാഹികൾ അദ്ദേഹത്തെ അന്വേഷണം തുടങ്ങി. ഒരിടത്തും അദ്ദേഹത്തെ കാണുവാനില്ലായിരുന്നു. അപ്പോൾ അദ്ദേഹത്തിൻെറ ഭക്തിനിഷ്ഠകളെപ്പററി അറിയാവുന്ന ചിലർ പറഞ്ഞു. "കുർബ്ബാനയുടെ മുമ്പിൽ അന്വേഷിക്കുക. അല്ലെങ്കിൽ സിമിത്തേരിയിൽ." ഒടുവിൽ സിമിത്തേരിയിൽ പ്രാൎത്ഥിച്ചുകൊണ്ടു നിൽക്കുന്നതായിട്ടാണ് അദ്ദേഹത്തെ കണ്ടെത്തിയത്.

മീനച്ചിൽ നടന്ന ശീശ്മ സംബന്ധമായ ഛിദ്രങ്ങൾക്കിടയിൽ ശീശ്മപക്ഷക്കാരിൽ ചിലർ പ്രിയോരച്ചനെതിരായി തഹശീൽദാരുടെ പക്കൽ ഒരു ഹർജി ബോധിപ്പിച്ചു. ഹൈന്ദവനായ ആ ഉദ്യോഗസ്ഥൻ പ്രിയോരച്ചനെ പരിചയപ്പെട്ടശേഷം പ്രസ്താവിച്ചത് ഇ

പ്രകാരമാണ്. "അദ്ദേഹം ഒരു ദിവ്യപുരുഷനാകുന്നു. ഇത്ര മഹാനും ഈശ്വരപ്രസാദമുള്ളവനുമായ ഇദ്ദേഹത്തെപ്പററി പരാതി ബോധിപ്പിച്ചവർ മഹാ ദുഷ്ടന്മാരും ഈശ്വരകോപത്തിന് അർഹന്മാരുമത്രെ."

ഇങ്ങനെ ചാവറ പ്രിയോരച്ചൻ ജീവിച്ചിരുന്ന കാലത്ത് അദ്ദേഹത്തോടു വളരെ അടുത്തു സദാ പെരുമാറിക്കൊണ്ടിരുന്നവരിലും, അതുപോലെതന്നെ അകലെ നിന്നുമാത്രം അദ്ദേഹത്തിന്റെ വ്യക്തിവൈശിഷ്ട്യത്തെ ആസ്വദിച്ചിരുന്ന ബഹുജനങ്ങളിലും അദ്ദേഹം ഒരു വിശുദ്ധനായിരുന്നു എന്ന വിശ്വാസം എത്ര ദൃഢമൂലമായിരുന്നു എന്ന് വിശദമാകുന്നു.

*Printed at the Little Flower Press, Thevara, Edited and Published by Secretary, Book-A-Month Club, Ernakulam*

**KOTTAYAM PUBLIC LIBRARY**

KOTTAYAM.

Cl. No. M08 E.K Acc. No. 81849

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 28 NOV 1985 | | |
| 11 JAN 1989 | | |
| 24 AUG 2002 | | |
| 20 DEC 2009 | | |

If the book is not returned on due date a fine of 5 Ps. (Five) per day will be charged.

**KOTTAYAM PUBLIC LIBRARY**

Call No. M 08
E

Acc. No. 51842

Author. [illegible]

Title [illegible]

KOTTAYAM PUBLIC LIBRARY

Call No. M08 E.K Acc. No. 81842

Author [illegible]

Title [illegible]